

...where the earth meet
the sky..



Aldous Glare is setting a new pace in the field of computers with several hot features to make all your computing fast. If, once you get to know us, you'll realize there's no end to the possibilities and solutions we can provide. In fact, our 10,000 odd customers really know it better.

Aldous Glare

# Aldous Glare Systems

IInd Floor, City Memorial Buildings
T.A. Beerankunju Road, Cochin - 18
Ph : 371778, 383315. E-mail : aldous@satyam.net.in

EYE-CATCH AG 99

TOTAL COMPUTER SOLUTION

UC 99

UNION CHRISTIAN COLLEGE ALUVA

പത്രാധിപസമിതി

•

പ്രിൻസിപ്പാൾ

ഡോ. രാജൻ വർഗ്ഗീസ്

സ്റ്റാഫ് എഡിറ്റേഴ്സ്

പ്രൊഫ. എ. എം. ഗീവർഗീസ്
ശ്രീ വി. പി. മാർക്കോസ്

സ്റ്റുഡന്റ് എഡിറ്റർ

ജിനി കെ. ഗോപിനാഥ്

കമ്മിറ്റിയംഗങ്ങൾ

ഷിബു ജോസഫ്
പി. ഇ. ഇസ്മയിൽ
മാത്യു എ. വർഗീസ്
ശ്യാംനാഥ്

ഇല്ലസ്ട്രേഷൻ

ഗോപീകൃഷ്ണ
സിബ സി.ആർ.

കവർ ഡിസൈൻ

ഷിബു ജോസഫ്

കവർ പെയിന്റിംഗ്, ഗ്രാഫിക്സ്

പ്രദീപ് ഗോപി

ലേ-ഔട്ട്

വി. പി. മാർക്കോസ്

ടൈപ്പ്സെറ്റിങ്

ക്രിയേഷൻസ് ഗ്രാഫിക്സ്, എറണാകുളം

പ്രിന്റിങ്

വിശ്വഭാരത്, പുത്തൻകുരിശ്



The uniqueness of Union Christian college has never been in question. This is known to anyone who has come into even a casual acquaintance with the college. This has now been recognized as a public fact. Prestige has come to us in a manner that calls for celebrabtion. The National Assessment and Accreditation Council (NAAC) has accredited the College at the highest level (Five Stars). Recognition came at the end of an yearlong self study and a spot visit by the NAAC Peer Team. The Peer Team, in their report, singled out for praise the inner strength and the spirit of faith that has made the College realize its many dreams, even in the face of material dearth.



I congratulate the students, the teachers, the administrative staff and all friends of the college for the fine collective effort that has placed Union Christian College among the handful of nationally recognized institutions.

New honours bring new responsibilities. We cannot afford to climb down or stagnate. National Accreditation must be the spring board for a dynamic future. With collective will, commitment and deep faith, I am confident that Union Christian College will soon be an internationally respected institution.

I greet you all with love.

**Dr. Rajan Varughese**

...എനിക്ക് ഈ കഥ കേൾക്കണ്ട...

...എന്തേ?

...എല്ലാ കഥേം ഒരുപോലെ. രാജകുമാരൻ, രാജകുമാരി, രാക്ഷസൻ, തട്ടിയെടുക്കൽ, തിരിച്ചുപിടിക്കൽ, ഒടുവിലോ... അവർ ഒരുപാടുകാലം സുഖമായി ജീവിച്ചു... ഇതു കേട്ടുകേട്ട് എനിക്ക് ഉറക്കം വരുന്നു.

–എല്ലാ ഉണ്ണികൾക്കും ഒരുദിവസം മുത്തശ്ശിയുടെ കഥകൾ മടുക്കുന്നത് ഇങ്ങനെയാണല്ലോ. ഇനി ഉണ്ണിയെ കഥ പറഞ്ഞ് ഉറക്കാൻ പറ്റില്ലെന്ന് മുത്തശ്ശിക്ക് അപ്പോൾ മനസ്സിലാവും. രാജകുമാരനെയും രാജകുമാരിയെയും സുഖമായിട്ടങ്ങ് ജീവിക്കാൻ ഇവൻ ഇനി സമ്മതിക്കില്ല. അതിനാൽ മുത്തശ്ശിയ്ക്ക് ഇങ്ങനെ പറയാം.

...മോനേ കുമാരാ, അല്ലെങ്കിൽ ബാലഗോപാലാ, നീയീ ചെക്കന് ഒരു ബാലരമയോ അമർ ചിത്രകഥയോ എന്താന്നുവച്ചാ വാങ്ങിക്കൊട്. അതു പോരാന്നൊണ്ടെങ്കിൽ, ആ ടീവി ഓൺ ചെയ്ത് ഒരു സീരിയലിന്റെ മുമ്പിക്കൊണ്ടിരുത്ത്.

നമ്മുടെ ഉണ്ണിയ്ക്കു പക്ഷേ, മുത്തശ്ശിയുടെ കഥകൾ മടുത്തില്ല. അതുകൊണ്ട് ഒരു ദിവസം, ('മുത്തശ്ശിക്കഥകളുടെ രേഖീയമായ ചരിത്രഗതിയിൽനിന്നും മുത്തശ്ശി കുതറിമാറി' എന്നോ മറ്റോ ബൗദ്ധികമായി വ്യാഖ്യാനിക്കാവുന്ന വിധം) മുത്തശ്ശി ക്ഷോഭിച്ചു.

...നിനക്കു കഥ മടുത്തില്ലെങ്കിൽ വേണ്ട, ആ രാജകുമാരന്റെയും രാജകുമാരിയുടെയും കാര്യമോർത്തുനോക്ക്. പ്രേമിച്ചും പോരാടിയും ഒടുവിൽ ഒരുപാടുകാലം ചുമ്മാതെയങ്ങു ജീവിച്ചും അവർക്ക് എത്രമാത്രം മടുത്തു കാണും...? നിനക്കു നാണമില്ലേ, അവരുടെയീ വിരസമായ ജീവിതം കേട്ട് കൊട്ടുവായിടാൻ? അതുകൊണ്ട് മേലാൽ കഥ കേൾക്കണമെന്നും പറഞ്ഞുകൊണ്ട് എന്റെയടുത്തു വന്നേക്കരുത്. അടിച്ചു നിന്റെ തുട ഞാൻ പൊട്ടിയ്ക്കും. ദാ, ഈ ചൂരലു കണ്ടോ...

–കേട്ട കഥകളെല്ലാം ജീവിതം പോലെ വിരസമാണെന്ന് ഉണ്ണിയ്ക്ക് തിരിച്ചറിവുണ്ടായത് അങ്ങനെയാണ്. അയാൾ പിന്നീട് ഗുരുക്കൻമാരെ നിഷേധിച്ചു. ഗുരുത്വക്കേട് സ്വയം അഭ്യസിച്ചു. പിൽക്കാലത്ത് ഉണ്ണി ഒരു മുഴുവൻ സമയ കഥയെഴുത്തുകാരനായി മാറിയപ്പോൾ, അയാളുടെ ജീവചരിത്രമെഴുതാൻ വന്ന പത്രപ്രവർത്തകവിദ്യാർത്ഥികളാരും മേൽപ്പറഞ്ഞ സംഭവത്തിന്റെ ചരിത്രപരമായ പ്രാധാന്യത്തെപ്പറ്റി അറിഞ്ഞതേയില്ല.

# മുഖക്കുറിപ്പ്

രൂപവും വേഷവും മാറുമ്പോഴും ഒരേ കഥ തന്നെയാണ് നാം കെട്ടിയാടിക്കൊണ്ടിരുന്നത്. പാരമ്പര്യത്തെയും പൈതൃകത്തെയും പുകഴ്ത്തി നാം മുത്തശ്ശിയുടെ തണലിൽ പറ്റിക്കൂടാൻ ശ്രമിച്ചു. പഴമയുടെ കഥകൾ കേട്ട് അദ്ഭുതം കൂറിയും മടുക്കുമ്പോൾ ഉറക്കംതൂങ്ങിയും നാം കാലം കഴിച്ചു. മുകളിൽ ലോകം പറന്നു പോകുന്നതറിയാതെ സ്വന്തം നിഴലു നോക്കിയിരുന്നു.

എസ്റ്റാബ്ലിഷ്മെന്റുകൾ വേരുറപ്പിക്കുന്നത് ഇങ്ങനെയാണ് – കാഴ്ചയെ ചുരുക്കിയെടുക്കുന്നതിലൂടെ. പാരമ്പര്യത്തിന്റെ ഭാരം തലയിലേറ്റിക്കൊടുത്ത് ബുദ്ധിയെ അലസമാക്കുന്നതിലൂടെ.

അതുകൊണ്ട് ഈ വേരുകളിൽനിന്ന് ഊർജ്ജമുൾക്കൊള്ളുമ്പോൾത്തന്നെ അറിവിന്റെ ഒരു മഹാകാശം നമുക്കു നിഷേധിച്ച വൻതണലുകളെ ഇനി നാം നിരസിക്കുക. എങ്കിൽ മാത്രമേ പുതിയ കാഴ്ചകളിലേക്ക് നമ്മുടെ കണ്ണുതുറക്കൂ. എളിയതെങ്കിലും സ്വതന്ത്രമായ വാക്കുകളിൽ പുതിയ കഥകളുണ്ടാവൂ.

നമ്മുടെ ഈ നിസ്സാരമായ വാക്കുകൾ കാലത്തിന്റെ ഭയങ്കരമായ പ്രളയത്തിൽ മുങ്ങിപ്പോയേക്കാമെങ്കിലും നമുക്ക് എഴുതാതെവയ്യ.

കാരണം, നമ്മുടെ കാഴ്ചകൾ നമുക്കു മാത്രമാണ് കാണാൻ കഴിയുക. നമ്മുടെ കഥകൾ നമുക്കു മാത്രമാണ് പറയാൻ കഴിയുക.

അടിവേരുകളിലൂന്നി ആകാശം കാണുന്നവന്റെ ധൈര്യം നമ്മുടെ ദർശനമാവുമ്പോൾ ഓരോ പ്രളയത്തിനുശേഷവും പുതിയ വാക്കുകൾ പുൽനാമ്പുകളെപ്പോലെ പൊടിച്ചുവരും.

പക്ഷേ, ഓരോ പിറവിയെയും മുൻഗമിക്കുന്ന ഒരു മഹാവേദനയുണ്ട് എന്നതിനാൽ, പുതിയ വാക്കിന്റെ വിളഭൂമിയാകുന്നതിനുവേണ്ടി,
നാം സ്വയം തകർക്കുക.
– ഓരോ നിമിഷവും നമ്മുടെ പൂർവ്വപക്ഷങ്ങൾ മാറട്ടെ. ഞാൻ എന്ന ശുദ്ധപാഠം തകരട്ടെ. ഞാൻ മിശ്രപാഠമാകട്ടെ.

പറഞ്ഞുകേട്ട കഥകളെല്ലാം പൊളിയാണെന്നു മനസ്സിലാകുമ്പോൾ അവശേഷിക്കുന്ന പോംവഴി ഇതുമാത്രമാണ്.

എഡിറ്റർ
ജിനി കെ. ഗോപിനാഥ്

## ആദരാഞ്ജലികൾ



ജോസ്ജിൻ ജോസ്

## Statement of ownership of this Magazine


Statement of ownership and other partculars:

Place of publication: Aluva • Periodicity of publication: Annually
Printer's Name: Dr. Rajan Varughese • Nationality: Indian
Address: Principal, U.C. College, Aluva • Publisher's Name: Dr. Rajan Varughese
Nationality: Indian • Adress: Principal, U.C. College, Aluva
Editor's Name: Jini K. Gopinath
Nationality: Indian • Address: Editor, U.C. College, Aluva

I, Rajan Varughese hereby declare that the particulars given above are true to the best of my knowledge and belief.

Sd./-

Principal



'യൂണിയൻ ക്രിസ്ത്യൻ കോളേജിന്റെ സുവർണ്ണകാലത്തായിരുന്നു ഞാനവിടെ പഠിച്ചിരുന്നത്. ലോകോത്തരൻമാർ എന്നു വിളിച്ച് പ്രശംസിക്കേണ്ടുന്ന മഹാന്മാരായിരുന്നു അന്നവിടെ ഉണ്ടായിരുന്ന പല അധ്യാപകരും. ഇവരോടോരോരുത്തരോടും തോന്നിയിട്ടുള്ള സ്നേഹാദരങ്ങളും അവർ എന്നിൽ ചൊരിഞ്ഞിരുന്ന വാത്സല്യവും ഓർക്കുമ്പോൾ ആ കാലഘട്ടത്തിൽ യൂണിയൻ ക്രിസ്ത്യൻ കോളേജിൽ പഠിക്കാൻ ഇടയായത് ഒരു മഹാഭാഗ്യമായിത്തന്നെ ഞാൻ കരുതുന്നു. ഇംഗ്ലീഷ് പ്രൊഫസറായിരുന്ന ജോണച്ചന്റെ അഹേതുകമായ കാരുണ്യം അപ്രതീക്ഷിതമായി തമ്പാനൂർ തീവണ്ടിസ്റ്റേഷനിൽവച്ച് എന്നിൽ പതിഞ്ഞില്ലായിരുന്നു എങ്കിൽ ഞാൻ ഇന്നും ആരുമാകുമായിരുന്നില്ല...'

...യു.സി. കോളേജിന്റെ പ്ലാറ്റിനം ജൂബിലി സമയത്ത് നന്ദിസൂചകമായി സ്വന്തം പുസ്തകങ്ങളുടെയെല്ലാം ഓരോകോപ്പി അയച്ചുതന്ന് യതി എഴുതി. ജയചന്ദ്രനെന്ന വിദ്യാർത്ഥിയിൽനിന്ന് നിത്യചൈതന്യയതിയിലേക്കുള്ള പരിണാമത്തിൽ ഒരു നാഴികക്കല്ലാവാൻ യു.സി. യ്ക്കും ഭാഗ്യം ലഭിച്ചു.

സ്നേഹത്തിന്റെ ഗുരോ, യാത്ര...

# മൃത്യോ, നീ അതും കൊണ്ടുപോയി...

എൽ. ആർ. ജയകൃഷ്ണൻ, രണ്ടാം വർഷ ഇംഗ്ലീഷ് ബിരുദം

...ലോകസൗന്ദര്യത്തിന്റെ അപ്രമേയലക്ഷണമായിരുന്നല്ലോ ഞങ്ങളുടെ ആ സങ്കല്പലോകം. ഇത്ര പെട്ടന്ന് ഊതിയണയ്ക്കാൻ പാകത്തിലുള്ള ധാർഷ്ട്യം നിനക്കുണ്ടായല്ലോ. അല്പകാലം കൂടി ക്ഷമിച്ചാലെന്തായിരുന്നു? മഞ്ഞുപെയ്തു വീഴുന്ന ഊട്ടിയിലെ ഓരോ നിമിഷങ്ങൾകൂടിയും നിന്നോട് പരിഭവിക്കുന്നുണ്ട്. ഇപ്പോൾ അവിടത്തെ പൂക്കൾക്ക് ചിരി അന്യമായിത്തീർന്നിരിയ്ക്കാം. പ്രത്യേകിച്ച് ഓർക്കിഡുകൾക്കും മറ്റും. അത്രയേറെ മധുരമായ ജന്മവിസ്മൃതിയിലല്ലേ അവ കഴിഞ്ഞിരുന്നത്. എന്നും തൊട്ടുലാളിക്കാൻ സ്നേഹനിർവൃതിയുടെ ആ നിമിഷങ്ങൾ കൊടുക്കുവാൻ ഇടപെടലുകളുടെ ആ സന്യാസി ഇന്ന് ഇല്ലാതെയായിരിക്കുന്നു. നീ എന്തിനാണ് ഇത്രപെട്ടെന്ന് അദ്ദേഹത്തെ അങ്ങോട്ട് കൂട്ടിക്കൊണ്ടുപോയത്? തിരക്കുകൾ കുത്തിനിറച്ച ഈ ലോകത്ത് ഇനി ആരാണ് ഞങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി തരിക? സ്നേഹവിശ്വാസങ്ങളുടെ ചെടി ആരാണിനി നട്ടുവളർത്തുക? ഞങ്ങളയയ്ക്കുന്ന കത്തുകൾക്ക് വിശ്വസ്തതയോടെ മറുപടിയെഴുതുവാനിനിയാരുണ്ട്? നിനക്ക് ഇത് ഒരു പക്ഷേ ഒരു നഷ്ടവുമല്ലായിരിക്കാം. പക്ഷേ കേൾവിക്കാരായ ഞങ്ങൾക്കോ? സമ്പൂർണ്ണമായ കർമ്മപ്രപഞ്ചത്തിൽനിന്ന് മറ്റൊരു ജന്മപ്രപഞ്ചത്തിലേയ്ക്കുള്ള പ്രയാണമായിരുന്നിരിയ്ക്കാം ഈ തിരോധാനമെന്ന് ഞങ്ങൾ ആശ്വസിച്ചുകൊള്ളാം--എങ്കിലും മൃത്യോ, നീ എന്തിനിത് ചെയ്തു? അതും നിന്നോട് വിരോധത്തിന്റെ ഒരു തെളിമ കൂടി കാണിക്കാതെ നിന്നെ ജീവിതത്തിലുടനീളം ആത്മമിത്രമെന്ന നിലയിൽ മാത്രം കണ്ടുകൊണ്ട് നിന്നെ മനസ്സാ സൗന്ദര്യമായി ദർശിച്ച ആ മനുഷ്യനോടുതന്നെ. അതുകൊണ്ടല്ലേ നിന്നെ ദൈവമഹത്വത്തിൽ താരതമ്യം ചെയ്ത്, സുന്ദരമായ ഒന്നായി നിന്നെ ദർശിച്ച് അദ്ദേഹം ഇങ്ങനെ പാടിയത് -

"ദൈവത്തിന്റെ തോട്ടത്തിൽ ഞാനുമൊരു ചെടി
എന്നെയും കൊയ്യുവാൻ കാലം കുറിപ്പിടും
പിന്നെ ഞാൻ ദൈവത്തിൻ പൊന്നറ പൂകിടും
വീണ്ടും പ്രഭവം വിളിച്ചുണർത്തും വരെ"

മഹാകവി ജി. എഴുതിയ

"മുരളീരാഗമധുരമുഖ-
നാമൊരു യാത്രികൻ
വരും, വിളിക്കും ഞാൻ പോകും
വാതിൽ പൂട്ടാതെയക്ഷമം"

എന്ന വരികൾക്ക് മറ്റൊരു പാഠഭേദമായിരുന്നല്ലോ ഗുരുവിന്റെ ആ വരികൾ.

അറിവും അനുഭവവും പങ്കുവെച്ച അതിരുകളില്ലാത്ത ആ ആകാശങ്ങളിൽ, ലോകഹിതമായ്, വെളിച്ചമായ്, ആനന്ദമായ് നിറഞ്ഞുനിന്ന ആ മൗനങ്ങളിൽ നീ പോലും ചിലപ്പോൾ മിഴിച്ചിരുന്നിട്ടില്ലേ? തോല്പിക്കപ്പെടാത്ത ഒഴുക്കോടെ മുന്നിലേക്ക് പടരുന്ന വെളിച്ചങ്ങളുടെ നദിയിൽ നീയും ചിലപ്പോൾ ഒഴുകിപ്പോയിട്ടില്ലേ? സ്നേഹസാന്ത്വനം വചസ്സായ്, മൗനമായ് വിരിയുന്നുവെന്ന് കാണിച്ചുതന്ന അവിടത്തെ ആരാമങ്ങളിൽ നീ ഒളിഞ്ഞിരുന്നൊന്ന് ആ വിശുദ്ധിയെ ദർശിച്ചിട്ടില്ലേ? പിന്നെന്തിന് ഞങ്ങളിൽ നിന്ന് ആ മൗനങ്ങളുടെ ആകാശത്തെ അടർത്തിയെടുത്തു?

Death, be not proud......
one short sleep past, we wake eternally,
And death shall be no more; death, thou shalt die.

## ഗുരു നമ്മിൽ പലർക്കും സ്നേഹത്തിന്റെ സ്വകാര്യമായ വിശുദ്ധാനുഭവമായത് ഇങ്ങനെയാണ്.

1993-ലെ ഡിസംബർ മാസം 7-ാം തീയതി വൈകുന്നേരം അപ്രതീക്ഷിതമായ ഒരറിയിപ്പുപോലെ അമ്മ പറയുന്നു -'മോനേ, ദേ നിനക്കൊരു കത്തുണ്ട്. ഒന്നു വായിച്ചു നോക്ക്യേ.' ഞാൻ ആഹ്ലാദം കൊണ്ട് തുള്ളിച്ചാടി. മുന്നാലുദിവസം മുമ്പ് ഞാൻ അയച്ച കത്തിനുള്ള ഗുരുവിന്റെ മറുപടിയായിരിയ്ക്കാമെന്ന്, അമ്മ പറഞ്ഞുതീരുന്നതിനുമുമ്പേ ഊഹിച്ചു. അതുകൊണ്ടാണ് സന്തോഷം അത്രയ്ക്കധികം തോന്നിയത്. എനിക്ക് അടക്കി നിർത്താനാവാത്ത തിടുക്കവും വെമ്പലും ആഹ്ലാദവും. ഞാൻ അമ്മയെ കെട്ടിപ്പിടിച്ചു. നന്ദി പറഞ്ഞുകൊണ്ട് മേശപ്പുറത്തു കിടന്നിരുന്ന, ഗുരു പലർക്കായി എഴുതിയ കത്തുകളുടെ സമാഹാരമായ 'ജീവിതത്തിലെ വസന്താരാമം' എന്ന പുസ്തകവും എനിക്കു വന്ന കത്തുമായി നേരെ ടെറസ്സിലേക്കോടി. ഗുരുവിന്റെ ആ ഒരൊറ്റ പുസ്തകം മാത്രമേ എന്റെ കൈയിൽ അന്ന് ഉണ്ടായിരുന്നുള്ളു. ഞാൻ ടെറസ്സിലിരുന്ന് ദൂരെ ആകാശവും ഒഴുകിയൊഴുകി എങ്ങോ മറയുന്ന മേഘങ്ങളും സാക്ഷികളായി കത്ത് ഉറക്കെ വായിച്ചുതീർത്തു. വൃക്ഷത്തലപ്പുകൾ എന്നെ എത്തിനോക്കി എന്റെ വായന സംശയഗ്രസ്തമായ മുഖഭാവത്തോടെ കേട്ടുകൊണ്ടിരുന്നു. പിന്നെ മലർന്ന് കിടന്ന് കത്ത് ഒരിക്കൽകൂടി വീണ്ടും വീണ്ടും വായിച്ചു. അടക്കാനാവാത്ത ആവേശത്തോടെ, ആർത്തിയോടെ. എനിയ്ക്കാകെ വിറയ്ക്കുന്നതായി തോന്നി. ഭൂമിപോലും. കൊല്ലത്തു നടന്ന ഏതോ ക്യാമ്പിലിരുന്നുകൊണ്ട് 5-12-'93-ൽ ഗുരു എനിയ്ക്കായി മറുപടി എഴുതിയിരിക്കുകയാണ്.

ക്യാമ്പ്, കൊല്ലം
5-12-'93

പ്രിയ ജയകൃഷ്ണൻ,

നല്ല മാതിരി ജയിയ്ക്കണമെങ്കിൽ നല്ല മാതിരി പഠിക്കണം. കുറച്ച് ഉറങ്ങിയാൽ മതി. ഉറങ്ങാതിരിക്കുകയും ചെയ്യരുത്. നല്ല ചിട്ട വേണം. ജയിയ്ക്കും.

സ്നേഹത്തോടെ
നിത്യ (ഒപ്പ്)

അത്രയേറെ വിഭ്രമങ്ങൾ തന്നുകൊണ്ട് ആ നിമിഷം സന്തോഷം എനിയ്ക്കായി പങ്കുവെച്ചു. കൂടെക്കരുതിയ 'വസന്താരാമങ്ങളിലെ' താളുകൾ പലതായി വെറുതെ മറിച്ചുനോക്കി. മൗനമുദ്രിതമായ ചിരികളോടെ ഗുരു പലതും മൊഴിയുന്നപോലെ തോന്നി. അതിലെ ഒരു വരി ഹൃദയത്തിൽ വേരുറച്ചു നിന്നു.

'This world is not that real to deserve our tears'

എങ്കിലും പെയ്യാൻ കാത്തുകിടക്കുന്ന മേഘങ്ങളെപ്പോലെ ഒരു തുള്ളി കണ്ണുനീർ എന്റെ മിഴികൾക്കുള്ളിൽ ഒളിഞ്ഞിരിക്കുന്നതായി തോന്നി. ഞാൻ തേങ്ങൽ അടക്കിപ്പിടിച്ചു.

നേരം വളരെ ഇരുണ്ടു തുടങ്ങിയിരിക്കുന്നു. എങ്കിലും നിലാവുണ്ട്. മഴയ്ക്കു പുതിയ കോളുണ്ട്. ആകാശത്ത് നിറയെ ചാറാൻ കാത്ത് കിടക്കുന്ന മേഘങ്ങൾ. ഞാൻ കണ്ണു പൊത്തി. മഴ കൊള്ളണമെന്ന് തോന്നിയാലോ? അമ്മ അകത്തുണ്ട്. വേണ്ട. ഞാൻ താഴേയ്ക്കിറങ്ങിപ്പോന്നു. എന്റെ മുറിയിൽ വന്നിരുന്നു. എനിയ്ക്കു ചുറ്റും നിമിഷങ്ങളെണ്ണിക്കൊണ്ട് കൂട്ടുകാരായ പുസ്തകങ്ങൾ. നിയന്ത്രണവിധേയമായ കോട്ടമതിലുകൾ പോലെ. ചിലവ എന്നോട് മന്ത്രിക്കുന്നതായി തോന്നി. അടുക്കിവച്ച അലമാരയുടെ സമീപത്തുടെ വെറുതെ നടന്നു നോക്കി. അവിടെ പലരുമുണ്ട്. സ്വദേശികളായ ആശാൻ, ചങ്ങമ്പുഴ, ടാഗോർ, കാളിദാസൻ, ഒ.എൻ.വി. അങ്ങനെ പലരും. കൂട്ടത്തിൽ വിദേശികളായ നെരൂദയടക്കം ചിലരും. അത് കവിതയുടെ ആരാമമായിരുന്നു. ഞാൻ തിരിച്ച് എന്റെ കസേരയിൽ വന്നിരുന്നപ്പോൾ അലമാരയിൽനിന്ന് ടാഗോർ എന്നോട് വിളിച്ചു പറയുന്നതായെനിക്കു തോന്നി. -"എന്നെയൊന്ന് തൊട്ടുനോക്ക്. എത്ര ആസ്വാദ്യഹൃദ്യമായ ഒരു ലോകമാണ് ഞാനെന്ന് നിനക്ക് അപ്പോൾ മനസ്സിലാകും." ഞാൻ വിലക്കുകൾ വിധിച്ച നിഷേധസ്വരത്തിൽ പറഞ്ഞു - 'കല്കത്തായിലെ എന്റെ മുത്തച്ഛാ, ഇപ്പോൾ എനിയ്ക്ക് തല്ക്കാലം താങ്കളെ വേണ്ട. വേറൊരവസരത്തിലാകാം. താങ്കളെ വായിച്ചെടുക്കാൻ പറ്റിയ നേരവുമല്ലിത്. സ്നേഹഗായകൻ പ്രിയ വയലാർ പോരട്ടെ.' ഞാൻ വയലാർ കൃതികൾ അടർത്തിയെടുത്തു. എന്നിട്ട് 'കറുത്തമരണം' വായിച്ചു പോയി.

നേരം വളരെ ഇരുട്ടുപിടിക്കുന്നു. അമ്മയെവിടെ? അടുത്ത മുറിയിലുണ്ട്. നാമം ജപിക്കുകയാണ്. അഗസ്ത്യമന്ത്രം ഉറക്കെ ചൊല്ലുന്നുണ്ട്. ഞാനെവിടെയായിരുന്നു ഇത്രനേരം? ഞാൻ ജീവിക്കുക തന്നെയായിരുന്നോ? ഭക്ഷണം കഴിയ്ക്കാൻ അമ്മ വിളിച്ചു. വിശപ്പ് തീരെ തോന്നിയില്ല. അന്നത്തെ ആ രാത്രി ഉറങ്ങാതെ കാത്തിരുന്നു. അന്ന് അച്ഛൻ വരാൻ ഏറെ വൈകി. എനിക്കാണെങ്കിൽ അച്ഛനെ കത്ത് കാണിക്കാതെ ഉറക്കവും സമാധാനവും തീരെയില്ല. പുറത്ത് ചെറിയ തണുപ്പുണ്ട്. ജനൽക്കതകുകളെല്ലാം തുറന്നിട്ടിരിക്കുന്നതുകൊണ്ട് ഇരുട്ട് മറ്റെല്ലാ ദൃശ്യങ്ങളെയും അവ്യക്തമാക്കിക്കൊണ്ട് മുന്നിൽ ഉറഞ്ഞു കിടക്കുന്നത് കാണാം. എന്നെ പേടിപ്പിക്കാനായി രാത്രിഭൂതങ്ങൾ പോലെ വൃക്ഷത്തലപ്പുകൾ ഭീകരരാക്ഷസരുടെ വേഷം ധരിച്ച് എന്റെ കണ്ണുകൾക്കും മനസ്സിനും മുന്നിൽ വീഴുന്നു. ആകാശംമുട്ടെ തോന്നിക്കുന്ന അവയുടെ തലയെടുപ്പ് കണ്ട് ഞാൻ പേടികൊണ്ട് കണ്ണുപൊത്തുന്നു. പിന്നെ എല്ലാം സ്വയം മറന്നിട്ട് ദൈവദശകം എടുത്ത് വായിച്ചു തുടങ്ങി.

ദൈവമേ കാത്തുകൊൾകങ്ങ്
കൈവിടാതിങ്ങു ഞങ്ങളെ
നാവികൻ നീ ഭവാബ്ധിയ്ക്കൊ-
രാവിവൻ തോണി നിൻപദം............

..................................................

.... നീ സത്യം ജ്ഞാനം ആനന്ദം...
ആഴമേറും നിൻ മഹസ്സാമാഴിയിൽ
ഞങ്ങളാകവേ

ആഴണം വാഴണം നിത്യം
വാഴണം വാഴണം സുഖം

സമയം ഏറെ നീണ്ടുപോകുന്നു. അച്ഛൻ ഇനിയും വന്നിട്ടില്ല. കത്ത് കാണിക്കൽ നാളെയാവാമെന്നു കരുതി വെറുതെ കമിഴ്ന്ന് കിടന്നു. എനിയ്ക്ക് കരച്ചിൽ വന്നു. അമ്മ അടുത്ത് വന്നുകിടന്ന് തലയുഴിഞ്ഞുകൊണ്ടു ചോദിച്ചു–മോനെന്തിനാ കരയണേ?

ഇല്ലമ്മേ. ഒന്നുമില്ല, വെറുതെ...കരഞ്ഞുപോയി

ഗുരുവിന്റെ കത്ത്......

ഒട്ടും പ്രതീക്ഷിക്കാതെ വന്ന ആ കത്ത്...

എനിയ്ക്ക് സന്തോഷത്തിന്റെ തികഞ്ഞ വേദന തരുന്നു. ഇത്ര വലിയ ഒരു മനുഷ്യന്റെ മറുപടി. അതും താൻ പ്രതീക്ഷിക്കാതെ എഴുതിയയച്ച കത്തിന്.....

ഞാൻ സന്തോഷം കൊണ്ട് വീണ്ടും വീണ്ടും വിതുമ്പി. അമ്മ എന്റെ പുറത്ത് വീണ്ടും വീണ്ടും തലോടിക്കൊണ്ടുമിരുന്നു.

അപ്പോഴേയ്ക്കും അച്ഛൻ വന്നു.

അച്ഛനോട് അല്പം അഭിമാനത്തോടുകൂടിത്തന്നെ കത്തു കാട്ടി പറഞ്ഞു–

'അച്ഛാ എനിയ്ക്ക് ഗുരുവിന്റെ മറുപടി വന്നിട്ടുണ്ട്' അച്ഛൻ അല്പം ജിജ്ഞാസയോടെ എന്നോട് ചോദിച്ചു 'നീയെന്താ ഗുരുവിന് എഴുതിയിരുന്നേ?'

എനിക്കു തന്നെ തീരെ നിശ്ചയം വന്നില്ല്യ, ഞാനെന്താ എഴുത്യേ എന്നതിനെപ്പറ്റി. ഏതായാലും ഒന്നുറപ്പാണ്. വിഭ്രമങ്ങൾ നിറഞ്ഞ ആ രാത്രി കത്ത് വീണ്ടും വായിച്ചുനോക്കിയൊന്നുമില്ല; പരിഭ്രമം തികഞ്ഞ മനസ്സുമായി പിറ്റേന്നാൾ കത്തയയ്ക്കാൻ പോസ്റ്റാഫീസിലേയ്ക്കോടുന്നതുവരെക്കൂടി. പരീക്ഷാഭൂതത്തെപ്പേടിച്ച് ഉറക്കമില്ലാതെ കരഞ്ഞിരുന്ന ചില രാത്രികളിൽ അച്ഛൻ അടുത്തു വന്നുകിടന്ന് ആശ്വസിപ്പിക്കും. "അപ്പൂ, നീയെന്തിനാ കരയണേ നിനക്ക് ഞാനില്ലേടാ. പരീക്ഷയോടു പോയി തുലയാൻ പറ. വേണമെങ്കിൽ ഒരു Fight തന്നെ നടത്തിക്കോ. നീ ഒരിക്കലും വെറുതെയിരിക്കരുതെന്നേ അച്ഛനുള്ളൂ." ഇത് പറയുമ്പോഴെല്ലാം അച്ഛന്റെ കണ്ണുകളിലും പെരുമാറ്റത്തിലും ഒരു കമ്മ്യൂണിസ്റ്റുകാരന്റെ യഥാർത്ഥധൈര്യം ഞാൻ കണ്ടിരുന്നു. അനുഭവിച്ചിരുന്നു. ഞാൻ വല്ല വിഡ്ഢിത്തവും എഴുതിയിട്ടുണ്ടാവുമോ എന്ന് അച്ഛൻ ശങ്കിച്ചിരിയ്ക്കാം. അങ്ങനെയെങ്കിൽ ഗുരുവിന്റെ മറുപടിയിൽ തെളിയേണ്ടതല്ലേ. ഇല്ല. അങ്ങനെയൊന്നുമില്ല. മനസ്സാക്ഷിയെ തൃപ്തിപ്പെടുത്താൻ ഞാൻ ആവും വിധം ശ്രമിച്ചു. അന്നത്തെ ആ രാത്രി ഏറെനേരം ഞാൻ ഉറങ്ങാതെ കിടന്നു. ഉറക്കം വന്നിട്ടും ഉറങ്ങാതെ സ്വപ്നം കാണാൻവേണ്ടി ഉണർന്നുകൊണ്ട് വെറുതെയങ്ങനെ കിടന്നു.



രാത്രി ഇരുട്ട് മാറി കൂടുതൽ നിലാവ് തെളിയുന്നു. ആകാശവും ഭൂമിയും ചന്ദ്രനും നക്ഷത്രങ്ങളും ഇരുട്ടും നിലാവും കുറേ സ്വപ്നങ്ങളും പിന്നെ ഞാനും മാത്രം....

തുറന്നിട്ട ജനാലയ്ക്കപ്പുറം ഒരു മിന്നാമിനുങ്ങ് ഒരു ഇലയിൽ പതിയിരിയ്ക്കുന്നു. കോടികോടി നൂറ്റാണ്ടുകളുടെ – കോടികോടി മന്വന്തരികളുടെ – അനന്ത ബ്രഹ്മാണ്ഡത്തിന്റെ–അവ്യക്തവ്യാപനത്വത്തിന്റെ – ചെറുതിരിയായ് പടരുന്ന ആത്മപ്രകാശനത്തിന്റെ അനുഭവസത്തപോലെ

1994-ലെ ഫെബ്രുവരി മാസം 21-ാം തീയതി ഗുരുവിന്റെ മറ്റൊരു കത്തെനിക്കു വന്നു. ഗുരുവിന്റെ മനസ്സിന്റെ മറ്റൊരു ലോകം. ഒരേ ഒരു കത്തിന്റേയും പുസ്തകത്തിന്റേയും അടുപ്പവും അനുഭവവും മാത്രമായിരുന്നല്ലോ ഞാനും ഗുരുവും തമ്മിലുണ്ടായിരുന്നത്. അതുകൊണ്ടുതന്നെ ഞാൻ പരിചയിച്ചറിഞ്ഞ മറ്റൊരു ലോകമായി ഗുരുവിന്റെ ആ രണ്ടാമത്തെ കത്ത് എനിയ്ക്കനുഭവപ്പെട്ടു. തിളച്ചുനിൽക്കുന്ന സ്നേഹപാരവശ്യത്തിന്റെ മറ്റൊരു പാരസ്പര്യം. സർഗ്ഗാത്മകതയെക്കുറിച്ചും കൊഴിഞ്ഞുപോകുന്ന സ്വന്തം സമയങ്ങളെക്കുറിച്ചും അതിൽ ഗുരു എനിയ്ക്കെഴുതി.....



തുടർന്നും ഞാൻ ധാരാളം കത്തുകൾ ഗുരുവിന് എഴുതി.

അവയിൽ ചിലതിനെല്ലാം കൃത്യമായ മറുപടി വന്നു.

ചിലപ്പോൾ മാർക്കാപ്പുറത്ത് ഞാനെഴുതിയില്ലെങ്കിലും.

അങ്ങനെയുമുണ്ട് രണ്ട് കത്തുകൾ.

സ്നേഹത്തോടെ.... കൃത്യമായ സൂക്ഷിപ്പോടെ കരുതിവെയ്ക്കാൻ...

നിമിത്തങ്ങൾ തന്നുകൊണ്ട്, എന്റെ വേദനകൾക്കും സന്തോഷങ്ങൾക്കും അനുഭവങ്ങൾക്കും സാക്ഷിയായിനിന്നുകൊണ്ട് ചുമരുകൾ എന്റെ മുന്നിൽ കണ്ണാടിയായിത്തീരുന്നു. മുൻവിധിയുടെ ഒരുക്കമാർന്ന കണ്ണാടി.... ഞാൻ എല്ലാം തിരിച്ചറിയുന്നു....

വരുന്ന കാലത്തെ.

കഴിഞ്ഞ കാലത്തെ.

നടന്നുപോകുന്ന വഴിയോരക്കാലത്തെ.....

അസ്വാതന്ത്ര്യത്തിന്റെ അനിഷേധ്യമായ വിലക്കുകളിൽ കുഴഞ്ഞുമറിഞ്ഞ മനസ്സുമായി വീർപ്പുമുട്ടി പ്രീഡിഗ്രിപഠനം കഴിച്ചുകൂട്ടിയശേഷം നല്ല നിമിത്തങ്ങൾ ജീവിതത്തിലേയ്ക്ക് കടന്നുവരാൻ തുടങ്ങി. അതിലൊന്നായിരുന്നു എന്റെ ഗുരുദർശനം.

97-ലെ മാർച്ചുമാസത്തിൽ ഗുരുവിൽ നിന്ന് എനിക്ക് ഒരു കത്തു വന്നു – '22-ാം തീയതി മുതൽ ഇവിടെ എട്ടുദിവസത്തേയ്ക്കായി ഗുരുപൂജയും സെമിനാറും നടക്കുകയാണ്. പലരും പങ്കെടുക്കുന്നുണ്ട്. നിനക്ക് വളരെ ഉപകാരപ്പെടും. നീയും കാണണം. കൂടെ ആരെയെങ്കിലും കൂട്ടിക്കോ.

സ്നേഹത്തോടെ നിത്യ'.

കത്ത് കിട്ടിയ ഉടനെ തന്നെ ഞാൻ ഇപ്പോൾ തിരുവനന്തപുരത്തുള്ള എന്റെ സുഹൃത്ത് മാർട്ടിനെ വിളിച്ചു. മാർട്ടിൻ കൂടെപ്പോരാമെന്ന് സമ്മതിച്ചു. അങ്ങനെ ഞാനും മാർട്ടിനും കൂടി 20-ാം തീയതി രാത്രി ഏറെ വൈകിയാണെങ്കിലും ഊട്ടിയിലെത്തി. ഫേൺഹില്ലിലേയ്ക്ക് ഓട്ടോ വിളിച്ചു. ഫേൺഹില്ലിലുള്ള ഗുരുകുലത്തിൽ ഓട്ടോയിൽ വന്നിറങ്ങുമ്പോൾ തണുപ്പ് ഏറെ അസഹ്യമായി തോന്നി. പ്രത്യേകിച്ച് ആദ്യമായാണ് അത്ര വലിയ ഒരു തണുപ്പ് അനുഭവിക്കുന്നത്. രാത്രിയായതുകൊണ്ട് വായിച്ചും കേട്ടുമറിഞ്ഞ ആശ്രമദൃശ്യങ്ങൾ എനിക്ക് ആ നിമിഷം അനുഭവിയ്ക്കാനായില്ല. പുറത്ത് ആളുകളുടെ ബഹളം. ലോകത്തിന്റെ പലഭാഗത്തുനിന്നും വന്ന പലതരം ആളുകൾ. എല്ലാവരുടേയും ഹൃദയവും മനസ്സും മന്ത്രപരിശുദ്ധികൊണ്ട് തെളിഞ്ഞുനിൽക്കുന്നു. ഞങ്ങളെ സ്വീകരിക്കാനായി വന്ന ഗുരുകുല അന്തേവാസികളിൽ ചിലർ ഞങ്ങളുടെ പെട്ടിയും ബാഗും സുരക്ഷിതമായ ഒരു സ്ഥലത്ത് വച്ചിട്ട് ഞങ്ങളെ അടുക്കളയിലേയ്ക്ക് കൊണ്ടുപോയി. തണുത്തുറഞ്ഞ ഊട്ടിയിലെ ഭക്ഷണം ഞങ്ങൾ ആർത്തിയോടെ വാരിക്കഴിച്ചു. എന്നിട്ട് ഉറങ്ങാനായി ഞങ്ങൾക്കു കിട്ടിയ ലൈബ്രറി ഹാളിലേയ്ക്ക് നടന്നു. ഹാൾ നിറയെ തിങ്ങിനിറഞ്ഞിരുന്നു; എങ്കിലും ഒരു മൂലയിൽ ഉറങ്ങാൻ സ്ഥാനം കിട്ടി. സ്വസ്ഥതയോടെ ഉറങ്ങാൻ ശ്രമിച്ചെങ്കിലും എനിയ്ക്ക് ഉറങ്ങാനായില്ല. മനസ്സ് ആരെയോ തേടുന്നപോലെ? ഞാൻ മനസ്സാക്ഷിയെ സ്വയം അടക്കി – 'അല്പം ക്ഷമിക്ക്, നാളെയാവട്ടെ.' എങ്കിലും ഞാനെന്തിനാണ് ഇവിടേയ്ക്ക് വന്നത്? മാർട്ടിനെ വിളിച്ചുനോക്കി. അവൻ ഉണർന്നില്ല. ഹാളിനുള്ളിൽ സർവ്വത്ര ഇരുട്ട്. എങ്കിലും തപ്പിത്തടഞ്ഞ് ബാഗിൽ കരുതിയിരുന്ന വാക്മാനും രണ്ട് കാസറ്റും എടുത്ത് ഹാളിന്റെ വാതിൽ തുറന്ന് പുറത്തിറങ്ങി. പുറത്ത് നല്ല നിലാവുണ്ട്. പോരാത്തതിന് മഞ്ഞും. അതുകൊണ്ടുതന്നെ ഊട്ടിയുടെ ചിരി എനിയ്ക്ക് കാണാം. ദൂരസമയങ്ങൾ കൊയ്തളന്നുകൊണ്ട് എന്റെ മുന്നിൽ ചിതറിക്കിടക്കുന്ന വെളിച്ചങ്ങൾ എനിയ്ക്ക് ലഹരിയാവുന്നു. ഊട്ടിമുഴുവൻ നീന്തിക്കാണണമെന്ന തോന്നൽ – അതും ആ രാത്രിതന്നെ. ഞാൻ സമയത്തെ വകവയ്ക്കാതെ മുന്നോട്ടുതന്നെ നടന്നു. മലപ്രദേശമായതുകൊണ്ട് കയറ്റിറക്കങ്ങൾ സ്വാഭാവികം. ഇരുട്ടിലൂടെ മുകളിലേയ്ക്ക് നടന്നു. കുറച്ചുകൂടി മുകളിലായി കുറേ വൃക്ഷങ്ങളുടെ താഴെയായി കുറേ ധ്യാനക്കല്ലുകൾ കണ്ടു അവയിലൊന്നിൽക്കേറി ഇരിപ്പുറപ്പിച്ചു. എന്നിട്ട് സമസ്തവും മറന്ന് 'ചിദംബരാഷ്ടകം' വെറുതെ മനസ്സിൽ ഉരുവിട്ടുനോക്കി.

"ബ്രഹ്മമുഖാമരവന്ദിതലിങ്ഗം
ജന്മജരാമരണാന്തകലിങ്ഗം
കർമ്മനിവാരണകൗശലലിങ്ഗം
തൻമൃദുപാതുചിദംബരലിങ്ഗം"

ഹൃദയതാളം പകർന്നുകൊണ്ട് മരങ്ങൾ ഇലകൾ കുലുക്കി ഇടയ്ക്കയുടെ ശൂന്യത നികത്തി. ഞാൻ മന്ത്രം മണക്കുന്ന കാറ്റിന്റെ കൈകളെ തിരിച്ചറിഞ്ഞു. അപ്പോഴാണ് പുറകിൽ നിന്നൊരു വിളി – 'അപ്പോൾ നീ പോവ്വാണോ?' 'ആരാവോ' എന്റെ മനസ്സ് കൂടുതൽ ഉത്കണ്ഠാപ്പെട്ടു. രാത്രിയായതുകൊണ്ട് നിലാവിന്റെ അരണ്ട വെളിച്ചത്തിൽ അവ്യക്തമായ ആ മുഖം പിടിച്ചെടുക്കാൻ ഞാൻ പരമാവധി ശ്രമിച്ചുനോക്കി. കഴിഞ്ഞില്ല. നേരത്തെയാരോ പറഞ്ഞുകേട്ടതുകൊണ്ട് മാത്രം ഗുരുസ്വാമികളുടെ പ്രതിമയാവാമെന്ന് ഊഹിച്ചു. ഞാൻ

പറഞ്ഞു - "ക്ഷമിക്കണം. അറിഞ്ഞില്ല. വന്ന വഴിതന്നെ തെളിഞ്ഞില്ലല്ലോ-മുന്നിലൊരുപാട് നിലാവുണ്ടായിട്ടും."

ഞാൻ കാറ്റിന്റെ കൈ പിടിച്ച് മെല്ലെ മെല്ലെ നടന്നു....

തോന്നിയിടങ്ങളിലൂടെ...... അലയാനായ്...... വഴി പോലെ....

അറിയാതെ രണ്ടുവരി കവിതചൊല്ലിപ്പോയ്-അതും സ്വന്തം കവിയുടെ തന്നെ.

ഇനി നമ്മൾ മാത്രം! നമുക്കൊരുൾച്ചൂടിന്റെ
കനിവുറവു മാത്രം.
ഇരുളിലുരുൾപൊട്ടാൻ കിതയ്ക്കുമീ മൺതിട്ടി-
ലിറുകെപ്പിടിച്ചേയിരിയ്ക്കണം
തരിവെളിച്ചം കാൺകിലവിടെ നങ്കൂരമായ്
മിഴിയാഴ്ത്തിയുച്ചം വിളിക്കണം.
നിത്യമിരുൾമാത്രമാ,മൊട്ടിട തെളിഞ്ഞിട്ടു
വിട്ടുപോയേക്കാം വെളിച്ചത്തുരുത്തുകൾ
കൂട്ടുകാരി! നമ്മൾ കോർത്ത കൈയഴിയാതെ,
ചേർന്ന ഹൃത്താളഗതിയുർന്നു പോകാതെ
മിഴിവഴുതി വീഴാതിരുൾക്കയം ചൂഴാതെ
പാർത്തിരിക്കേണ,മിനി നാം തനിച്ചല്ലോ.

പെട്ടെന്ന് സ്പാർട്ടക്കസിന്റെ സചിവൻ ഡാബ്രയെപ്പോലെ വിറളിപിടിച്ചൊരു കാറ്റ് എന്നെ തട്ടിയിട്ട് അവളേയും കൊണ്ട് ദൂരെയെങ്ങോ... പറന്നുപോയി.

അവിടെ ആ നിമിഷങ്ങളിൽ ഞാൻ അനാഥനായ് മണ്ണിനെക്കുമ്പിട്ട് കെട്ടിപ്പിടിച്ച് കരഞ്ഞു.

എങ്കിലും അവളുടെ ചിറകുകൾ എന്റെ കണ്ണുകൾക്കന്യമാകുന്നതുവരെ ഞാനവളെത്തന്നെ നോക്കി നിന്നു. അവൾ എന്നോട് വിളിച്ചു പറയുന്നതായ് തോന്നി-'നാളേയും നീയിവിടെക്കാണില്ലേ?'

'ഊട്ടിയിലെ എന്റെ സഹോദരി, തീർച്ചയായും.... നിന്റെ വരവും കാത്ത്....

നാളത്തെ പൂവുകൾ ചിരിക്കുന്നത് ചിലപ്പോൾ നമുക്ക്-എനിക്കും നിനക്കും-വേണ്ടിയാണെങ്കിലോ..."

എനിയ്ക്ക് സ്ഥലബോധം തിരിച്ചുകിട്ടുന്നു.

ഞാൻ നിലത്തുനിന്ന് പിടഞ്ഞെണീക്കാൻ നോക്കി. കഴിഞ്ഞില്ല. ഞാൻ കരഞ്ഞുകൊണ്ട് മറ്റാരുടേയോ സഹായം തിരക്കി ഇല്ല... ആരുമില്ല.... മാർട്ടിൻ പോലും.

നിലാവിൽ യൂക്കാലിപ്സ് മരങ്ങളുടെ നിഴലുകൾ തെളിയുന്നു. ഞാൻ തളർന്നു വീഴുന്നു. ആരുടേയോ ആർദ്രമായ കൈകൾ എന്നെ തഴുകിയുറക്കുന്നു....

പിറ്റേന്ന് രാവിലെ ഗുരുവിന്റെ പൂന്തോട്ടം കാണാനായിറങ്ങി. അവിടെ ഗുരുവിനെ കാണാമല്ലോയെന്ന ആഹ്ലാദത്തിൽ.

ഗുരു അവിടെ ഉണ്ടാവേണ്ടതാണ്.

ഉണ്ട്.... എന്നത്തേയും പോലെ.....

നിത്യം വന്നുപോകുന്ന ആ തോട്ടത്തിൽ തന്റെ പ്രിയപ്പെട്ട കൂട്ടുകാരികളുമൊത്ത്....

"അടുത്തു ചെല്ലണ്ടേ.... എന്തു പറഞ്ഞ് പരിചയപ്പെടും? കത്തിലൂടെ മാത്രമല്ലേ ആ മനസ്സുമായി എനിയ്ക്കടുപ്പമുള്ളൂ."

ഞാൻ എന്റെ ആവലാതി മാർട്ടിനോട് പറഞ്ഞു.

ഞങ്ങളുടെ അമ്പരപ്പു കണ്ടിട്ടാവണം തലേദിവസം രാത്രി പരിചയപ്പെട്ട ഫോട്ടോഗ്രാഫർ ഡിസ്നിച്ചേട്ടൻ ഞങ്ങളെ ഗുരുവിന്റെയടുത്തേയ്ക്ക് കൊണ്ടുപോയി.

ഞാൻ ഡിസ്നിച്ചേട്ടനോട് പറഞ്ഞു.

"വേണ്ട... പരിചയപ്പെടുത്തണ്ട പിന്നീടാവാം... ഔപചാരികത ഗുരുവിനിഷ്ടമല്ലല്ലോ...."

ഞങ്ങൾ ഗുരുവിനടുത്തേയ്ക്ക് നീങ്ങിനിന്നു.'

ഗുരു ഞങ്ങളോടായ് പറഞ്ഞു - "നിങ്ങളീ പൂക്കളെ നോക്ക്. എത്ര ഭംഗിയായി ചിരിക്കുന്നു. മക്കളേ നിങ്ങൾക്കും ഇതുപോലെയായിക്കൂടേ.?"

ഞങ്ങളുടെ മുഖത്തെ കറുത്ത മൗനം ഗുരു ശ്രദ്ധിച്ചു കാണുമോ? അതേ ലില്ലിപ്പൂക്കൾ തന്നെയല്ലേ തോട്ടത്തിലേയ്ക്ക് കടന്നുവന്നപ്പോൾ ഞങ്ങളെ എതിരേറ്റത്?

ഞാൻ മനസ്സിൽ വേറൊരു വരിയോർത്തുപോയ്...

"..... Gorgeous - Look at the
lillies of the Field.
They are adorned better
than Solomon"

ഗുരു തന്റെ പ്രിയപ്പെട്ട ഓർക്കിഡുകളിലൊന്നിനെ കാണിച്ചു തന്നുകൊണ്ട് പറഞ്ഞു. 'ഞാനിവൾക്ക് ഇട്ടിരിക്കുന്ന പേര് സുന്ദരി.' (പൂവിനോട്) 'മോളേ നീ ഇവരെയൊക്കെ അറിയുമോ?....

കണ്ടില്ലേ അവളുടെ നാണം. പേരുപോലെ തന്നെ സുന്ദരിയല്ലേ, പക്ഷേ ഞാനിവിടെ വരുമ്പോഴെല്ലാം അവൾ ഈ ഇലയുടെ പിന്നിലൊളിയ്ക്കും. ഞാനവളെ വീണ്ടും ഇലയ്ക്കു മുകളിലിരുത്തും.'

അതേ സത്യമായിട്ടും അങ്ങനെതന്നെയായിരുന്നു.

പകുതി മറച്ച മുഖവുമായി ഇലയ്ക്കടിയിൽ വാടാതെ നിൽക്കുന്ന നാണംകുണുങ്ങിപ്പൂവ്....

പോരുന്നതിന്റന്ന് ഞങ്ങൾ ഗുരുവിനെക്കാണാനായ് മുറിയിലെത്തി-

ഗുരു കമ്പ്യൂട്ടറിൽ ബിഥോവന്റേയോ മറ്റോ സംഗീതം കാര്യമായ് ആസ്വദിച്ചിരിക്കുകയാണ്.

ഞാൻ പറഞ്ഞു - 'ഗുരോ, പോയ് വരട്ടെ'

ഗുരു ഒന്നു ചിരിച്ചിട്ട് ഇത്രമാത്രം ചോദിച്ചു:- 'ഇനിയും വരില്ലേ?'

വരാം ഗുരോ... സമയം കിട്ടുമ്പോഴെല്ലാം.

ഞങ്ങൾ തികഞ്ഞ മൗനത്തിൽ ബസ് സ്റ്റോപ്പിലേയ്ക്ക് നടന്നു.

തെളിഞ്ഞു വരുന്ന സൂര്യപ്രകാശത്തിൽ മഞ്ഞ് അല്പാല്പമായി ഉരുകി വീഴുന്നു. ഞാൻ ഗുരുകുലത്തെ നോക്കി അറിയാതെ കൈകൂപ്പിപ്പോകുന്നു.

പിന്നെ...
ഹൃദയം കൊണ്ട് മഹാകാശം, മിഴി
യുദയം പൂണ്ടു തെളിഞ്ഞ പ്രകാശം
സുകൃതം നിൻ പാദമൂന്നിയ മണ്ണും
മനവും ഞങ്ങൾക്കെഴുമോർമ്മകളും
മിഴിയൊഴുകുന്നു, ശൂന്യതയിൽ,നിൻ
മുന്നിലൊരഞ്ജലിയാവുന്നു
മൊഴി കുറുകുന്നു മൂകതയിൽ, നിൻ
മുന്നിലൊരർച്ചനയാവുന്നു.....

●



# നിഗമനങ്ങൾ

കാലത്തെക്കുറിച്ച്
വിശുദ്ധൻ[1] പറഞ്ഞത് സത്യം;
'കാലമെന്നൊന്നില്ല.'
ലോകത്തെക്കുറിച്ച്
അശുദ്ധൻ[2] പറഞ്ഞതസത്യം;
ലോകത്തിനപ്പുറമൊന്നുമില്ല.
മാനത്തെക്കുറിച്ച്
മത്സ്യം പറഞ്ഞത് മൗഢ്യം;
മാനം സമുദ്രത്തിനാവരണമെന്ന്.
ആഴിയെക്കുറിച്ച്
പക്ഷി പറഞ്ഞതജ്ഞത,
അതിനടിത്തട്ടില്ലത്രെ.
എന്നെക്കുറിച്ച്
നീ പറഞ്ഞതവിശ്വാസ്യം;
എന്റെ മനസ്സ് നിനക്കറിയാമെന്ന്.
മനസ്സിനെക്കുറിച്ച്
ഞാൻ ചിന്തിച്ചപ്പോളവാച്യം;
ആഴിക്കും മാനത്തിനും
ലോകത്തിനും കാലത്തിനും
അതീതമാണതെന്ന്.

---

*1. സെന്റ് അഗസ്റ്റിൻ*
*2. ഭൗതികവാദി*

**സണ്ണിപരതേപതിക്കൽ**, അവസാനവർഷ മലയാള ബിരുദം

# *The Sky takes me in*

I 'feel' not the sinking saw
Tearing my life layers,
Boring my bark to pieces
Of insignificant saw dust
To be compressed into chairs
And tables you write upon.
The leaves on my arms of silver
Bloom no beauty now, no birds
Nest on my endless vastness,
Like rivers in the sky,
My feeble branches,
Now to descend on the touch
Of man's menacing mania
To shut out his very own legacy
Springing from amidst
The undergrowth.

Goodbye o sky unsevere your
Totality towering throughout
My vision,
Goodbye o patient squirrel
Your energies wasted on my surface,
Goodbye o grasses settled
At the tip of my brownness,
So shiny and wet with dew



**Neelima Ravi Kumar,** II BA English

You fail to escape my admiration,
Farewell birds of all song
I take your shelter away from you
And to all crawling insects, clouds and dust,
Pleasant boys who climb agile, uncaring
And sweaty wonders who smoke
And think by me, adieu.
The saw electric may perhaps
Sever my centuries reign
But not the thought-
The solemn mind of a living, breathing
Expensive wisdom from too much
Rootedness and stillness.

I know all the seasons,
The smell of the air I know,
Sound of the dusk and red dawn,
Cry of the injured sparrow
Settled on my arm.
I know my moods
In summer and rain.
I know hardsship and joy
As the sun lightly creeps
Upon my face.

Cut me down, I care not
Grow you buildings
Where I stand
But will they know

What I have understood
From tireless standing?
Will they feed and be
A part of the vision of the sky?
Or stand starkly
Like heartless monsters
In white never becoming.
Always there, killing the cloud
And gentle sight yearning
For my untoward presence-
Silent, soothing natural
Deliverance of the sublime.

The spirit ebbs out,
My blood invisible flows
Out a heart unseen
And the sky takes me in.
I soar and below
The screeching saw their ears
Grind and grow their goary
Dreams of progress.



ചക്രവർത്തിയുടെ മേൽമീശയും യുദ്ധമുദ്രകളുമായിട്ടല്ല മുതലാളിത്തം രണ്ടാംവട്ടം വന്നത്. പതുക്കെ, നിശ്ശബ്ദമായി, എന്നാൽ മാരകമായി അതു നമ്മുടെ മനസ്സുകളിലേക്ക് നുഴഞ്ഞുകയറി. മറ്റെല്ലാ നുഴഞ്ഞുകയറ്റങ്ങളെയും പോലെ ഇതും നാമറിയാതെ പോയി. നമ്മുടെ അറിവില്ലായ്മകളെപ്പറ്റി നാം ഇനിയും ബോധവാൻമാരാകുന്നില്ലെങ്കിൽ അതിനു നല്കേണ്ടി വരുന്ന വില അതിഭീമമായിരിക്കും. കാരണം വശ്യമാരകമായ മോഹിനീരൂപം കൊണ്ട് അതിന്റെ തന്നെ ജീർണ്ണതകളെ അതിജീവിക്കാനാവില്ലെന്നു കണ്ട് നവീനമുതലാളിത്തം വീണ്ടും താടകരൂപം ധരിച്ചിരിക്കുന്ന ചരിത്രസന്ധിയാണിത്. പുതിയ തന്ത്രങ്ങൾ കൂടുതൽ സംഹാരാത്മകങ്ങളാണ്. ആഗോളവല്കരണം, ഉദാരവല്കരണം, സ്വകാര്യവല്കരണം, കമ്പോളവല്കരണം തുടങ്ങി മുതലാളിത്തം നമുക്ക് സമർപ്പിച്ചിരിക്കുന്ന പുതിയ മന്ത്രങ്ങളുടെ ഫലം എന്നത് ലോകം ഗ്ലോബൽ വില്ലേജ് എന്ന ഒരൊറ്റ ഗ്രാമമായും ഗ്ലോബൽ മാർക്കറ്റ് എന്ന ഒരൊറ്റ ചന്തയായും മാറുന്നതാണെന്ന് മാധ്യമങ്ങൾ നമ്മെ പഠിപ്പിക്കുന്നു. അങ്ങനെ, 'യത്ര വിശ്വം ഭവത്യേക നീഡം' പോലുള്ള പ്രാചീന ഭാരതീയാദർശങ്ങളിലേക്ക് ലോകം മുഴുവൻ എത്തിച്ചേർന്നിരിക്കുന്നു എന്നും അവ നമ്മെ പഠിപ്പിക്കുന്നു. എന്നാൽ സത്യം അതാണോ?

രഞ്ജിനികൃഷ്ണൻ
ഒന്നാം വർഷ മനശ്ശാസ്ത്രബിരുദം

# നവകൊളോണിയലിസം

# അറിവും ആശങ്കകളും

ഈ ലോകം ബലാൽക്കാരേണ ഏകോപിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. സംസ്കാരത്തിന്റെ വ്യാപാരവും വ്യാപാരത്തിന്റെ സംസ്കാരവും അടിച്ചേല്പിക്കുന്നതു വഴി, അന്താരാഷ്ട്ര കരാറുകളിൽ ഒപ്പു വയ്പിക്കുന്നതു വഴി, സഹായധനങ്ങൾ വഴി, ഉപരോധങ്ങൾ വഴി, സൂപ്പർ 301കൾ വഴി, ഭീഷണി വഴി, നാറ്റോഇടപെടൽ പോലുള്ള മാന്യമായ തെമ്മാടിത്തം വഴി ഈ ലോകം ഏകോപിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഓരോ രാജ്യത്തിന്റെയും ചരിത്രവും സംസ്കാരവുമായും സാമൂഹ്യരാഷ്ട്രീയ വൈവിധ്യങ്ങളുമായും സങ്കീർണ്ണമായ രീതിയിൽ ബന്ധപ്പെട്ടുകിടക്കുന്ന അലിഖിതമായ നിയമങ്ങൾക്കു പകരം അന്താരാഷ്ട്രനിയമങ്ങൾ അടിച്ചേല്പിച്ചുകൊണ്ടും പ്രതിരോധത്തിന്റെ ശബ്ദങ്ങൾക്ക് വളർന്നു വരാൻ അവസരം കൊടുക്കാതെയും ജീവിതത്തിന്റെ സമസ്തതലങ്ങളെയും ലാഭത്തിന്റെയും അതിജീവനത്തിന്റെയും വൃത്തികെട്ട ചൊല്ലുകളിലേക്ക് ഒതുക്കിക്കൊണ്ടും പുത്തൻകൊളോണിയലിസത്തിന്റെ മൂല്യങ്ങൾ അരങ്ങു തകർക്കുന്നു.

### അറിവിന്റെ കുത്തകവല്കരണം

പുത്തൻ കൊളോണിയലിസത്തിന്റെ ഏറ്റവും ശക്തമായ ആയുധങ്ങളിലൊന്നാണ് അറിവ്. വിവരസാങ്കേതികവിദ്യ (Information Technology) യുടെ അത്ഭുതലോകത്ത് അറിവിന്റെ കുത്തകവല്കരണവും കമ്പോളവല്കരണവുമാണ് നടക്കുന്നത്. വിശകലനങ്ങൾ പോലും അസാധ്യമാക്കുന്ന വിധത്തിൽ അറിവുകൾ നമ്മെ വന്ന് ചൂഴുമ്പോൾ അറിയേണ്ട പലതും ഈ അറിവുകളിൽ മുങ്ങിപ്പോകുന്നു. അതുകൊണ്ടുതന്നെ മൂന്നാംലോകരാജ്യവാസികളായ നമ്മൾ നമ്മുടെ തനത് അറിവുകളും ജീവിതവും എന്നന്നേക്കുമായി നഷ്ടപ്പെടുന്നത് അറിയാതെ പോകുന്നു. അവ ബഹുരാഷ്ട്രഭീമൻമാരുടെ കോട്ടിന്റെ പോക്കറ്റിൽ ഡോളറുകളായി പതിക്കുന്നതും അറിയാതെ പോകുന്നു. ലോകത്തിലെ മൂലധന ശക്തികൾക്ക് താല്പര്യവും ലാഭവും ഉള്ള കാര്യങ്ങൾ മാത്രം അറിയുന്നു. മനുഷ്യരാശി കാലാകാലങ്ങളിലായി ആർജ്ജിച്ച അറിവ് ഇന്ന് സ്വതന്ത്രമല്ല. അവ മനുഷ്യരാശിയുടെ പൊതുസ്വത്തുമല്ല. അവ ഇന്ന് സ്വകാര്യകമ്പനികളുടെ ബൗദ്ധിക സ്വത്താണ് (Intellectual Property). ഇന്ന് ഈ ലോകത്ത് നടക്കുന്ന സ്വതന്ത്രഗവേഷണങ്ങളുടെ എണ്ണം വളരെ കുറവാണ്. കൂടുതലും സ്വകാര്യകുത്തകകളുടെ ഗവേഷണ പ്രൊജക്ടുകളാണ്. അറിവിന്റെ ഈ സ്വകാര്യവല്കരണം കാലാകാലങ്ങളിലായി നടന്നു വരുന്ന ചൂഷണത്തിന്റെ ആഴവും ആക്കവും വർദ്ധിപ്പിക്കാൻ മാത്രമേ ഉപകരിക്കൂ. അറിവ് എങ്ങനെ ശക്തമായ ചൂഷണോപാധി ആയി മാറുന്നു എന്നതിന് ഉദാഹരണമാണ് TRIPS ഉം പേറ്റന്റ് നിയമങ്ങളും.

### പേറ്റന്റ് നിയമങ്ങൾ

ഡങ്കൽ നിർദ്ദേശങ്ങളിലെ 'വ്യാപാരവുമായി ബന്ധപ്പെട്ട ബൗദ്ധികസ്വത്തവകാശം' (Trade Related Intellectual Property Rights- TRIPS) അനുശാസിക്കുന്നതു പ്രകാരം പ്രകിയാപേറ്റന്റ് - ഒരു വസ്തു ഉല്പാദിപ്പിക്കപ്പെടുന്ന പ്രക്രിയ (Process)ക്ക് പേറ്റന്റ് നല്കുന്ന രീതി- അവസാനിപ്പിച്ച് ഉത്പന്ന പേറ്റന്റ് -പ്രക്രിയയെ കണക്കിലെടുക്കാതെ ഉല്പന്നത്തിന് പേറ്റന്റ് നല്ക്കുന്ന രീതി- പിന്തുടരേണ്ടി വരുന്നു. ഈ നിർദ്ദേശം ഏറ്റവും പ്രതികൂലമായി ബാധിക്കുക നമ്മുടെ ഔഷധ മേഖലയെ ആണ്. ഒരു ബഹുരാഷ്ട്രകുത്തകക്ക് ഒരൗഷധത്തിന് ഉല്പന്ന പേറ്റന്റ് ലഭിച്ചു കഴിഞ്ഞാൽ ദേശീയ ഗവൺമെന്റിന് അതിന്റെ വിപണനാവകാശത്തിനുമേൽ യാതൊരു നിയന്ത്ര

ണവും ഉണ്ടായിരിക്കില്ലെന്നു മാത്രമല്ല അവയ്ക്ക് പേറ്റന്റ് അനുശാസിക്കുന്നിടത്തോളം കാലം പൂർണ്ണ സംരക്ഷണം ഉറപ്പുവരുത്തേണ്ട ബാധ്യത കൂടി വരികയും ചെയ്യും. തത്ഫലമായി മറ്റൊരു പ്രക്രിയവഴി ഇതേ ഔഷധം കുറഞ്ഞ ചെലവിൽ ഉത്പാദിപ്പിച്ചാലും അത് വിപണിയിൽ എത്തിക്കാൻ കഴിയാതെ വരുന്നു. അതുകൊണ്ടുതന്നെ മരുന്നുകമ്പനികൾ മരുന്നുകൾക്ക് വില അതിഭീമമായി വർദ്ധിപ്പിക്കുന്നു. ഇപ്പോൾത്തന്നെ ഇന്ത്യയിൽ വെറും ഇരുപത്തിയഞ്ചു ശതമാനത്തിനു മാത്രമേ ഔഷധങ്ങൾ കാശു കൊടുത്ത് വാങ്ങാൻ കഴിവുള്ളൂ. പുതിയ പേറ്റന്റ് ഭേദഗതി നടപ്പിലാക്കപ്പെടുന്നതോടെ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ചികിത്സ എന്നത് ഒരു സ്വപ്നമായിത്തീരുകയും ചെയ്യുന്നു. അതോടൊപ്പം തന്നെ താങ്ങാനാകാത്ത ചികിത്സാ ചെലവുകൾ ഹെൽത്ത് ഇൻഷുറൻസ് എന്ന പുതിയൊരു വ്യവസായത്തിന് വഴിമരുന്നിടുകയും ചെയ്യുന്നു.

മറ്റൊരു നിർദ്ദേശം പേറ്റന്റ് കാലാവധി 20 വർഷമാക്കി വർധിപ്പിക്കണമെന്നതാണ്. ശാസ്ത്ര–സാങ്കേതിക രംഗത്ത് ഇന്ന് അതിവേഗത്തിലുള്ള മാറ്റങ്ങളാണ് നടക്കുന്നത്. പ്രത്യേകിച്ചും കമ്പ്യൂട്ടർ മേഖലയിൽ. പല പുതിയ കണ്ടുപിടുത്തങ്ങൾക്കും മാസങ്ങളുടെ ആയുസ്സേ ഉള്ളൂ എന്നിരിക്കെ 20 വർഷം പോലുള്ള ഒരു നീണ്ട കാലത്തേക്ക് പേറ്റന്റ് നല്കുന്നത് ഈ രംഗങ്ങളിലെ വികസന സാധ്യതകളെ തകർത്തുകളയുമെന്നതിൽ സംശയമില്ല. കൂടുതൽ ആപൽക്കരമായ മറ്റൊരു നിർദ്ദേശം കൃഷി, ഭക്ഷ്യവസ്തുക്കൾ, സൂക്ഷ്മജീവികൾ, വിത്ത്, സസ്യങ്ങൾ എന്നിവയെ പേറ്റന്റ് പരിധിക്കുള്ളിൽ വരുത്താനുള്ളതാണ്. നമ്മുടെ മണ്ണിനെയും മരങ്ങളെയും അക്ഷരാർത്ഥത്തിൽ തീറെഴുതുന്ന ഒരു നടപടിയാണിത്.

### ബൗദ്ധികസ്വത്തവകാശം

കൊളോണിയലിസം അതിന്റെ അഞ്ഞൂറുവർഷത്തെ ചൂഷണം കൊണ്ടു നേടിയതിനേക്കാൾ കൂടുതൽ സമ്പത്ത് മൂന്നാംലോകരാജ്യങ്ങളിൽ നിന്നും ഒറ്റയടിക്ക് കടത്തിക്കൊണ്ടുപോകാൻ സഹായിക്കുന്നതാണ് ബൗദ്ധികസ്വത്തവകാശനിയമങ്ങൾ. മൂന്നാം ലോകരാജ്യങ്ങളിലെ ദാരിദ്ര്യത്തിന് കാരണം ബൗദ്ധിക സ്വത്തവകാശസംരക്ഷണത്തിന്റെ അഭാവത്തിൽ അവിടങ്ങളിലെ ബൗദ്ധികസർഗാത്മകത (Intellctual Creativity) ഉപയോഗിക്കപ്പെടാതെ കിടക്കുന്നതാണത്രെ! ഇതുകൊണ്ട് അമേരിക്കൻ വ്യവസായത്തിന് പ്രതിവർഷം നഷ്ടമാകുന്നത് 100 മില്ല്യനും 300 മില്ല്യനും ഇടയ്ക്കുള്ള ഏതോ ഒരു വലിയ സംഖ്യയാണത്രെ!! എന്തിനെയും ലാഭനഷ്ടങ്ങളുടെ കച്ചവടക്കണ്ണുകൊണ്ട് കാണുന്നവർ ഇങ്ങനെ ചില കണക്കുകളിൽ എത്തിച്ചേർന്നില്ലെങ്കിലേ അത്ഭുതമുള്ളൂ. ഒരു ജനതയുടെ ചരിത്രത്തിൽ നിന്നും സംസ്കാരത്തിൽ നിന്നും വിജ്ഞാനത്തെ അടർത്തിയെടുത്ത് ലാഭത്തിന്റെ ഇടുങ്ങിയ ഇരുണ്ട സ്ഥലങ്ങളിൽ അവയെ തളച്ചിടുകയാണ് ബൗദ്ധികസ്വത്തവകാശനിയമങ്ങൾ ചെയ്യുന്നത്.

ചൂഷണം എളുപ്പമാക്കുന്നതിനുവേണ്ടി സാമ്രാജ്യത്വശക്തികൾ ആദ്യം ചെയ്തത് ഉഷ്ണമേഖലാരാജ്യങ്ങളായ ഏഷ്യ, ആഫ്രിക്ക, ലാറ്റിനമേരിക്ക എന്നിവിടങ്ങളിലെ അമ്പരപ്പിക്കുന്ന ജൈവവൈവിധ്യത്തെ (bio diversity) ലോകത്തിന്റെ പൊതുപൈതൃകമായി വ്യാഖ്യാനിക്കുകയായിരുന്നു. എന്നാൽ ശാസ്ത്രസാങ്കേതികരംഗങ്ങളിലെ കണ്ടുപിടുത്തങ്ങളൊന്നും തന്നെ ഇത്തരത്തിൽ പൊതുപൈതൃകമാക്കാൻ അവർ തയ്യാറല്ല എന്നതു തന്നെ ഈ വ്യാഖ്യാനത്തിൽ അന്തർലീനമായിരിക്കുന്ന ഇരട്ടത്താപ്പ് വ്യക്തമാക്കുന്നു 'പാലകരുടെ അവകാശങ്ങൾ' (Breeders Rights) വഴി ജനിതക സാങ്കേതികവിദ്യ കൊണ്ട് പരിഷ്കരിക്കപ്പെടുകയോ രൂപമാറ്റത്തിന് വിധേയമാക്കപ്പെടുകയോ ചെയ്യുന്ന എല്ലാ ജീവജാലങ്ങളുടെയും മേൽ വ്യവ

ഒരു ജനതയുടെ ചരിത്രത്തിൽ നിന്നും സംസ്കാരത്തിൽ നിന്നും വിജ്ഞാനത്തെ അടർത്തിയെടുത്ത് ലാഭത്തിന്റെ ഇടുങ്ങിയ ഇരുണ്ട സ്ഥലങ്ങളിൽ അവയെ തളച്ചിടുകയാണ് ബൗദ്ധികസ്വത്തവകാശ നിയമങ്ങൾ ചെയ്യുന്നത്.

സായപേറ്റന്റ് പോലുള്ള കുത്തകാവകാശം ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

കൃഷി ഇന്ന് മൂലധനസാന്ദ്രവും സാങ്കേതികവിദ്യാനിബിഡവും ആയ ഒരു ബിസിനസ്സ് ആണ്. അതിന്റെ ഓമനപ്പേർ അഗ്രിബിസിനസ്സ് എന്നും. 1988ൽ 'പുതിയ വിത്തുനയം' (New seed Policy) കൂടി നിലവിൽ വന്നപ്പോൾ നമുക്ക് സങ്കല്പിക്കാൻ പോലും കഴിയാത്ത വിധത്തിലുള്ള ജനിതകക്കൊള്ളയാണിന്നു നടക്കുന്നത്. ഇനി മുതൽ നമ്മുടെ കൃഷി നിയന്ത്രിക്കുന്നത് സീബാഗീഗി, മൊൺസാന്റൊ, WC ഗ്രേയ്സ് തുടങ്ങിയ കുത്തകകൾ ആയിരിക്കും. ഹരിതവിപ്ലവകാലത്ത് ഉഷ്ണമേഖലാരാജ്യങ്ങളിൽ നിന്നും കടത്തിക്കൊണ്ടുപോയ ജനിതകദ്രവ്യം (gemplasm) തന്നെയാണ് അവരുടെ ഗവേഷണത്തിന്റെ മുഖ്യ അസംസ്കൃതവസ്തു. ജനിതക എഞ്ചിനീയറിംഗ് മുഖേന പരിഷ്കരിച്ച് കൂടുതൽ മാരകമാക്കി നമ്മുടെ തന്നെ വിത്തിനങ്ങളെ നമുക്കു നല്കുന്നു. മൊൺസാന്റൊ കമ്പനിയുടെ ഉല്പന്നമായ ടെർമിനേറ്റർ എന്ന അന്തകവിത്തുതന്നെ ഉദാഹരണം. ഈ വിത്ത് കൃഷി ചെയ്യപ്പെടുന്ന സ്ഥലത്തെ മാത്രമല്ല പരിസര പ്രദേശങ്ങളിലെ വിത്തുകളുടെ പോലും പ്രത്യുല്പാദനശേഷി നശിക്കുമെന്നതിനാൽ ഇതിനെ നിരോധിക്കണമെന്ന് ഡോ. എം.എസ്. സ്വാമിനാഥൻ തലവനായുള്ള ലോകത്തിലെ തന്നെ ഏറ്റവും വലിയ കാർഷിക ഗവേഷണ ശൃംഖലയായ C.G.I.A.R ആവശ്യപ്പെട്ടിട്ടും കേന്ദ്രഗവൺമെന്റ് പരീക്ഷണകൃഷിക്ക് അനുമതി നല്കുകയും കേന്ദ്ര ബയോ-ടെക്നോളജി വകുപ്പ് വിദേശകുത്തകകൾക്ക് നല്കിയ അനുവാദം പ്രസിദ്ധപ്പെടുത്താതെ പരമരഹസ്യമാക്കി സൂക്ഷിക്കുകയും ചെയ്യുന്നതിൽ നിന്ന്, ഇവർ യഥാർത്ഥത്തിൽ ആരെയാണ് സേവിക്കുന്നതെന്ന് വ്യക്തമാകുന്നു. ആയിരക്കണക്കിന് വർഷങ്ങൾ കൊണ്ട് ഇവിടെ രൂപംകൊണ്ടുവന്ന നൈസർഗ്ഗിക കൃഷിരീതികളെ പാടേ തകർത്തുകൊണ്ടും നമ്മുടെ മണ്ണിനെ ഊഷരമാക്കുന്ന പുതിയ വിത്തിനങ്ങളും രാസവളങ്ങളും കീടനാശിനികളും ഇവിടേക്ക് ഒഴുക്കിക്കൊണ്ടും ഇന്ത്യൻ കർഷകരേയും മണ്ണിനേയും ഗിനിപ്പന്നികളാക്കുന്നതിനുള്ള നീചമായ ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.

## ജൈവവൈവിധ്യവും ഗോത്രവർഗ്ഗവിജ്ഞാനവും

ജൈവവൈവിധ്യസമ്പന്നമായ രാജ്യമാണ് ഇന്ത്യ. ഇവിടുത്തെ ചെടികൾ, മൃഗങ്ങൾ, ബാക്ടീരിയകൾ, ഫംഗസുകൾ എന്നിവയുടെ കൃത്യമായ കണക്കുകൾ ഇന്നും നമ്മുടെ കയ്യിലില്ല. നമ്മൾ കണ്ടുപിടിച്ചതുമാത്രം 1,08,276 സ്പീഷീസുകൾ വരും. ലോകത്തുള്ള 18 'ഹോട്ട്സ്പോട്ടു'കളിൽ (ജൈവവൈവിധ്യം ഏറ്റവുമധികം കാണപ്പെടുന്ന സ്ഥലങ്ങൾ) രണ്ടെണ്ണം - കിഴക്കൻ ഹിമാലയവും പശ്ചിമഘട്ടവും-ഇന്ത്യയിലാണ്. ഇന്ത്യൻ ആദിവാസി സമൂഹങ്ങൾ ഉപയോഗിച്ചു വരുന്ന 7000ത്തോളം സസ്യങ്ങളിൽ 50% ഉം പുറംലോകത്തിന് അജ്ഞാതമായിരുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളിലായി ആഴത്തിലുള്ള പഠനങ്ങളാണ് ഈ രംഗത്ത് നടന്നുകൊണ്ടിരിക്കുന്നത്. ഈ വിജ്ഞാനത്തെ മാനവരാശിക്ക് മുഴുവൻ ഉപയുക്തമാക്കുന്ന വിധത്തിൽ കണ്ടെത്തുന്നതിലല്ല, മറിച്ച് അവയെ ബൗദ്ധികസ്വത്താക്കി മാറ്റുന്നതിലാണ് കുത്തകകളുടെ ശ്രദ്ധ മുഴുവൻ. നമുക്കെല്ലാവർക്കും അറിയാവുന്ന പോലെ വേപ്പ് ഇന്നൊരു സ്വതന്ത്രവൃക്ഷമല്ല. അമേരിക്ക, ജപ്പാൻ, ജർമ്മനി എന്നിവിടങ്ങളിലായി വേപ്പിന് 13 പേറ്റന്റുകൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്. അതുപോലെ നമ്മുടെ രക്തചന്ദനത്തിൽ നിന്നും അണുപ്രസരണത്തെപ്പോലും ചെറുക്കാൻ കഴിയുന്ന ഒരു ഹെർബൽ കോസ്മെറ്റിക്ക് വികസിപ്പിച്ച് ജപ്പാൻ പേറ്റന്റ് ചെയ്തുകഴിഞ്ഞു. ഇന്ത്യയുടെ മാത്രം കഥയല്ലിത്. കൊളമ്പിയ, ചിലി, കോസ്റ്ററിക്ക, പെറു തുടങ്ങി എല്ലാ മൂന്നാം ലോകരാജ്യങ്ങളുടെയും പൊതുവായ ദുരന്തകഥയാണിത്. തങ്ങളുടെ പ്രപിതാമഹൻമാരുടെ അറിവ് കൈവെള്ളയിലൂടെ ചോർന്നുപോകുന്നതും അവ വിദേശകമ്പനികളുടെ സ്വകാര്യസ്വത്തായി മാറുന്നതും കണ്ട് പകച്ചു നില്ക്കാൻ വിധിക്കപ്പെട്ടവർ.

## സൂക്ഷ്മാണു വൈവിധ്യം

ഭാരതത്തിന്റെ ഒരു തരി മണ്ണുപോലും ആർക്കും വിട്ടുകൊടുക്കില്ലെന്നു നമ്മുടെ ഭരണാധികാരികളെല്ലാം വികാരാധീനരായി പറയാറില്ലേ. എന്നാൽ നമ്മുടെ മണ്ണുപോലും നമ്മുടെ ദേശീയ പരമാധികാരത്തിലല്ല, അത് അമേരിക്കയുടേതാണ്. അമേരിക്കയിലെ ബ്രിസ്റ്റൾ-മെയേഴ്സ് എന്ന കമ്പനിയെ ഏറ്റവും വലിയ ആബ്സെന്റി ഭൂവുടമ ആയി (Absentee landlord-ഭൂമിയുടെ അവകാശം ബിനാമിയായി കൈവശം വക്കുന്ന ആൾ) കണക്കാക്കാവുന്നതാണത്രെ. അവർ കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ഇവിടെ നിന്നും കടത്തിക്കൊണ്ടു പോയ മണ്ണിൽ നിന്നും സൂക്ഷ്മാണുജീവികളെ വേർതിരിച്ചെടുത്ത് പേറ്റന്റ് ചെയ്തിരിക്കുന്നു. അവ അമേരിക്കയിലെ മേരീലാൻറിലുള്ള ടൈപ്പ് കൾചർ കളക്ഷനിൽ സുരക്ഷിതമാണത്രെ. കല്പവൃക്ഷ എന്ന പരിസ്ഥിതിസംഘടനയ്ക്കും ജനിതകച്ചേർച്ചയേക്കുറിച്ചു ഗവേഷണം നടത്തുന്ന പാറ്റ്റോയിമുണി എന്ന ഗവേഷകനും ഇനിയും ഞെട്ടിപ്പിക്കുന്ന പലവിവരങ്ങളും നമുക്ക് നല്കാൻ കഴിയും. എന്നാൽ നമുക്ക് ഇതിനെപ്പറ്റി ആശങ്കകളൊന്നുംതന്നെയില്ല. നമ്മുടെ ഗവൺമെന്റിന് ഈ ജീവികളുടെ എണ്ണം, വൈവിധ്യം, വിശദാംശങ്ങൾ, സാധ്യതകൾ എന്നിവയെപ്പറ്റി

യാതൊരു രൂപവുമില്ല. വരും നൂറ്റാണ്ട് ജനിതക എഞ്ചിനീയറിംഗിന്റേതായിരിക്കും എന്നു വ്യക്തമായിരിക്കുന്ന അവസരത്തിൽ നമ്മുടെ അനുഗൃഹീതമായ അജ്ഞതയ്ക്കും അലസതയ്ക്കും വലിയ വില കൊടുക്കേണ്ടിവരും.

**കമ്പ്യൂട്ടർസോഫ്റ്റ്‌വെയർരംഗം**

ഈ രംഗത്തെ ഗവേഷണങ്ങൾ ലോകത്തെ സാമ്പത്തികാസമത്വം ഭ്രാന്തമായ വേഗത്തിൽ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യ മസ്തിഷ്കം യഥേഷ്ടം ഉപയോഗിക്കാൻ കഴിയുമായിരുന്ന ഈ രംഗത്തെ മൂന്നാം ലോകത്തിന്റെ സാധ്യതകളെ കുടിലമായ പേറ്റന്റ് നിയമങ്ങളുപയോഗിച്ച് തകർത്തിരിക്കുന്നു. കമ്പ്യൂട്ടറിന്റെ തലതൊട്ടപ്പനായ ബിൽഗേറ്റ്സിന്റെ നാടെന്ന നിലയിലും താരതമ്യേന പുതിയ രംഗമായതുകൊണ്ട് ധാരാളം ആശയക്കുഴപ്പങ്ങൾ നിലനില്ക്കുന്നു എന്നതു കൊണ്ടും ലോകം മുഴുവൻ അമേരിക്കയിലേക്കാണുറ്റുനോക്കുന്നത്. കുറഞ്ഞ അളവിലെങ്കിലും ഇത്തരം പ്രശ്നങ്ങൾ കോടതി കയറുന്നത് അവിടെയാണ്. ശക്തമായ മത്സരം നിലനില്ക്കുന്ന ഈ രംഗത്ത് ആദ്യം സോഫ്ട്‌വെയർ പാക്കേജുകളാണ് പേറ്റന്റ് ലൈസൻസിനായി രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നത് എങ്കിൽ ഇന്ന് സോഫ്ട് വെയർ നിർമ്മിക്കാനുപയോഗിക്കുന്ന അടിസ്ഥാന ഗണിതശാസ്ത്രപ്രോഗ്രാമുകൾ (അൽഗോരിഥമുകൾ) വരെ പേറ്റന്റ് ചെയ്യപ്പെടുന്നു. ഈ അൽഗോരിഥമുകൾ ലോകത്ത് എവിടെ, ആര്, എപ്പോൾ ഉപയോഗിച്ചാലും കമ്പനിക്ക് പണം കൊടുക്കേണ്ടി വരുന്നു, ഇതു മൂലം. ഇങ്ങനെ ഈ രംഗത്തെ അടിസ്ഥാന ഗവേഷണങ്ങളെല്ലാം കയ്യടക്കിക്കൊണ്ട് ദരിദ്രരാജ്യങ്ങൾക്ക് പ്രാപ്യമല്ലാത്ത തലത്തിൽ ഇവയെ എത്തിച്ചിരിക്കുന്നു.

ലാഭമുണ്ടാക്കാനുള്ള വ്യഗ്രതയിൽ സൃഷ്ടിക്കപ്പെടുന്ന ഇത്തരം ആസുരമായ നിയമങ്ങൾക്കെതിരെ അമേരിക്കയിൽ നിന്നു തന്നെ അതിശക്തമായ എതിർപ്പുയരുന്നുണ്ട്. ഡേവിഡ് കനൂത്ത് എന്ന പ്രശസ്ത അമേരിക്കൻ കമ്പ്യൂട്ടർ വിദഗ്ദ്ധൻ പറഞ്ഞത് "പൈതഗോറസ് തിയറം ഉപയോഗിക്കുമ്പോഴെല്ലാം പണം നല്കണം എന്നതായിരുന്നു സ്ഥിതിയെങ്കിൽ ആർക്കും ഗണിതശാസ്ത്രം ഉപയോഗിക്കാൻ കഴിയുമായിരുന്നില്ല" എന്നാണ്. പരിമിതമായ സാഹചര്യങ്ങളിൽ നിന്ന് വികസിപ്പിച്ചെടുക്കുന്ന സോഫ്ട്‌വെയറുകൾക്ക് പേറ്റന്റ് സംരക്ഷണം ഉറപ്പുവരുത്തുക എന്നതു തന്നെ ഇന്ത്യയെപ്പോലൊരു രാജ്യത്തിന് വൻ സാമ്പത്തികബാദ്ധ്യത വരുത്തും. ഇനി സംരക്ഷണം നല്കിയില്ലെങ്കിലോ നമ്മുടെ തന്നെ ഗവേഷണഫലങ്ങൾ അന്യർക്കു കാശുകൊടുത്തുപയോഗിക്കേണ്ട ഗതികേടിലുമാകും.

പ്രതിരോധങ്ങളൊന്നുമില്ലാത്ത അവസ്ഥയിലാണ് ഇന്ന് ഇന്ത്യൻ പൗരൻ. എന്നാൽ പുതിയ സഹസ്രാബ്ദത്തിലേക്ക് നമ്മെ നയിക്കേണ്ട ഭരണാധികാരികളോ?



പ്രതിരോധങ്ങളൊന്നുമില്ലാത്ത അവസ്ഥയിലാണ് ഇന്ന് ഇന്ത്യൻ പൗരൻ. എന്നാൽ പുതിയ സഹസ്രാബ്ദത്തിലേക്ക് നമ്മെ നയിക്കേണ്ട ഭരണാധികാരികളോ? "ദൈവത്തെക്കാണുവാൻ പോയവർ മരുഭൂമിയിൽ ചെകുത്താനുമായി സന്ധിചെയ്തിരിക്കുന്നു" എന്ന വചനത്തെ ഓർമ്മിപ്പിക്കുന്നു അവരുടെ പ്രവൃത്തികൾ. ആഗോളമൂലധനത്തിന്റെ ചലനനിയമങ്ങൾക്കപ്പുറത്തേക്ക് ഒരു ചുവട് ആടാൻ കഴിയാത്ത അവർ ചെകുത്താന്റെ രഹസ്യസന്ധികളിൽ ഒപ്പുവച്ചതിനുശേഷം നമ്മുടെ മുൻപിൽ വന്ന് ഗിരിപ്രഭാഷണങ്ങൾ നടത്തുന്നു. എന്താണ് സത്യം, ആരുടേതാണ് അഭിനയം, എന്താണ് നമ്മുടെ ജീവിതങ്ങളിൽ സംഭവിക്കുന്നത് എന്ന് മനസ്സിലാകാത്ത നമ്മൾ 'ക്രിക്കറ്റ് എന്ന മത'ത്തിലേക്കും 'സച്ചിൻ എന്ന ദൈവ'ത്തിലേക്കും കൂട്ടപലായനങ്ങൾ നടത്തുന്നു. എന്നാൽ കാലം നമ്മോടാവശ്യപ്പെടുന്നത് അതാണോ? ●



# ദേവുവിന്റെ ഘടികാരത്തിലെ അക്കങ്ങളും ഈയിടെ കാണാതായി

**1**

എന്നു പറയുമ്പോൾ തന്നെ ആ ഘടികാരത്തിലെ സൂചികളും നഷ്ടപ്പെട്ടിട്ടുണ്ടായിരുന്നു. അതു മനസ്സിലാക്കിയപ്പോൾ ദേവുവിന് ദുഃഖത്തേക്കാളേറെ ആശ്വാസമായിരുന്നു. മാസം തികയാതെ പ്രസവിച്ച കുഞ്ഞാടിന്റെ കാലുകൾ പോലെ ഏറ്റിറക്കത്തോടെ ചലിക്കുന്ന ആ സൂചികൾ ഓർമ്മവെച്ച നാൾ മുതൽ ദേവുവിനെ വിഷമിപ്പിക്കുന്നതായിരുന്നു. അതു രണ്ടും തന്റെ ചുമലിൽ നിന്നു കുടഞ്ഞെറിഞ്ഞപ്പോൾ മുതൽ ദേവു സ്വപ്നം കാണാൻ തുടങ്ങി. സമയനിഷ്ഠ ഇല്ലാത്തതു കൊണ്ടാകാം സ്വപ്നങ്ങളൊന്നും പക്ഷേ, പൂർത്തിയായില്ല. ഉറക്കവും സ്വപ്നവും ബാക്കിയാക്കി രാത്രിയിൽ ഉണരുന്നതും സ്വപ്നത്തിന്റെ നിറം കെട്ട നീരൊഴുക്ക് കണ്ണുകളിൽ ഊറിക്കൂടുന്നതും അതോടെ ഒരു പതിവായി.

**2**

ചൂടുള്ള ഇഡ്ഢലിയുടേയും സാമ്പാറിന്റേയും മുന്നിൽ ഓഹരി വിലയുടെ കാണാക്കയത്തിൽ മുങ്ങിത്താഴുന്ന സുധാകരനെ നോക്കി നിൽക്കെ അവളിൽ മരവിപ്പ് പടർന്നു കയറി. അതാകെ ഉറഞ്ഞുകൂടി ഡിസ്സെക്ഷൻ ടേബിളിലെ തവളയെ ഓർമ്മിപ്പിച്ചു. വലിച്ചു കുത്തിയ കൂർത്ത മൊട്ടുസൂചികൾക്കിടയിലും മിടിക്കുന്ന ഹൃദയത്തോടെ, തുറിച്ച കണ്ണോടെ അതു കിടന്നു. ആ കണ്ണുകളിലെ തീയും പുകയും അവളെ പൊള്ളിച്ചു.

കൗമാരത്തിന്റെ വഴുവഴുത്ത ഏതോ ചവിട്ടു പടിയിൽ വച്ച് തന്റെ അമ്മയുടെ മുഖത്തിനും ഈ ഛായ തോന്നിയിട്ടുണ്ട് ദേവുവിന്, വൈധവ്യത്തിന്റെ കറുത്ത നിഴൽവിരിയിട്ട ആ കണ്ണുകളിലെ പ്രകാശം അവൾക്കന്യമായിരുന്നു. പക്ഷേ, സുധാകരന്റെ കണ്ണിലെ അനപത്യതയുടെ തിരിനാളവും അവളെ തളച്ചിട്ടപ്പോൾ ദേവുവിന് ജീവിതം അനാഥമായി. അതോടെ, രാവിലത്തെ പിത്തവെള്ളത്തിൽ ഗർഭലക്ഷണം തേടുന്നത് അപ്പന്റെ ഫോട്ടോയ്ക്കു മുന്നിൽ പൂ വയ്ക്കുന്നതിന്റെ തുടർച്ചയായി. അതു രണ്ടും ഒരനാഥശവം പേറാനുള്ള ദേവുവിന്റെ ഉന്തുവണ്ടിയായിത്തീർന്നു.

**3**

ചിട്ടകളും പതിവുകളും കൂടു തുറന്ന കിളികളെപ്പോലെ ആയതോടെ ദേവു അവളുടെ ലോകത്തിലേയ്ക്കു ചുരുണ്ടുകൂടി. പൊടിയടിഞ്ഞ മുറിയിലെ നാറ്റം പിടിച്ച തുണികളോ ഊണുമേശയിലെ

**ഷാഫിയ സി.കെ.**
രണ്ടാം വർഷ രസതന്ത്രബിരുദം




മീൻമുള്ളോ പാത്രത്തിന്റെ വക്കിലെ മെഴുക്കോ ഒന്നും ദേവുവിനെ അലോസരപ്പെടുത്താതെയായി. പക്ഷേ, സുധാകരനുമായി താദാത്മ്യം പ്രാപിക്കാതിരിക്കാൻ വേണ്ടി മാത്രം അവൾ സുധാകരനെ മറന്നില്ല. കുഴഞ്ഞുമറിഞ്ഞ അലമാരയ്ക്കും കടലാസുകൾ നീന്തുന്ന മേശയ്ക്കുമപ്പുറം ദേവുവിന്റെ അഴുക്കു നിറഞ്ഞ അടിപ്പാവാടയുടെ വിളുമ്പും ചളി പറ്റിയ ഉപ്പൂറ്റികളും സുധാകരൻ കണ്ടു പിടിച്ചു. അത് അയാളുടെ കണ്ണുകളിലെ സ്ഥിരം വന്യതയ്ക്കു പകരം ഉറക്കം നിറച്ചത് ദേവുവിനെ രസം കൊള്ളിച്ചു. അതുകൊണ്ട്, സ്വപ്നങ്ങൾ പൊട്ടിച്ചിതറുന്നതുവരെയെങ്കിലും ദേവു ഉറങ്ങി.

4

ലാഭനഷ്ടങ്ങളിലൂടെയുള്ള സുധാകരന്റെ തേരോട്ടം ദേവുവിനെ കടിച്ചു കുടഞ്ഞു. രാത്രിയുടെ കരിമ്പനക്കെട്ടിലേയ്ക്കു തുറിച്ചു നോക്കി ഒന്നു കണ്ണു ചിമ്മാൻ പോലുമാകാതെ ദേവു ഇരുന്നു. ഇപ്പോൾ ഉറക്കവും സ്വപ്നവും ദേവുവിനെ കൈവിട്ടു. തനിച്ചായ അവളുടെ ഇന്ദ്രിയങ്ങളിൽ ചീവീടുകളുടെ മുരൾച്ച നിറഞ്ഞു. മനസ്സിലെന്തൊക്കെയോ തട്ടിത്തടഞ്ഞു വീഴുന്നതും മനസ്സിലെ മയിൽപ്പീലികൾ പെറ്റു പെരുകുന്നതും ദേവു അറിഞ്ഞില്ല. സുധാകരനെ പ്രതീക്ഷിച്ചിരിക്കുന്നതിലെ സമയനഷ്ടം അവളെ സ്പർശിക്കാതെയായി. നുകത്തിനു മുന്നിൽ പുല്ലു കെട്ടിയിട്ട കാളയായിത്തീർന്നിരുന്നു സുധാകരൻ. ഒടുവിൽ പുല്ലു കടിച്ചെടുത്ത സന്തോഷത്തിൽ ഇടങ്കയ്യിൽ വിസ്കിക്കുപ്പിയും പൊക്കിയെത്തിയ സുധാകരൻ വളരെക്കാലത്തിനു ശേഷം 'ദേവകീ' എന്നു നീട്ടി വിളിച്ചു.

പക്ഷേ, സുധാകരന്റെ വിളി ദേവു ഗൗനിച്ചില്ല. നാലു വയസ്സുകാരന്റെ ബുദ്ധിയുള്ള അയൽപക്കത്തെ മുപ്പതുകാരന്റെ കഴുത്തിൽ കൈ പിണച്ച് മൂന്നാമതൊരു കളിവാച്ചിനായി വാശി പിടിക്കുകയായിരുന്നു ദേവു. ●

സുനിൽ ജോസ്
അവസാന വർഷ മലയാളബിരുദം

# പടിയിറങ്ങുമ്പോൾ ഹൃദയം പറഞ്ഞത്

"വിടപറയും വരെ സ്നേഹം അതിന്റെ ആഴമറിയുന്നില്ല"- ഏറെ പ്രിയപ്പെട്ട കലാലയത്തിന്റെ പഴയ പടവുകൾ പതിയെ ഇറങ്ങുമ്പോൾ ലെബനാനിലെ പ്രവാചകൻ ഖലീൽ ജിബ്രാന്റെ വരികളാണ് ഓർമ്മകളിൽ. ആത്മാവിൽ ഒരു മുറിവുമില്ലാതെ നാമെങ്ങനെയാണ് കാമ്പസിന്റെ നല്ല ദിനങ്ങളോട് വിടപറയുന്നത്? പിന്നിൽ ഉപേക്ഷിക്കുന്നത് ചില മധുരിക്കുന്ന ഓർമ്മകളല്ല, മോഹിച്ചും സ്നേഹിച്ചും സ്വന്തമാക്കിയ ദിനങ്ങളാണ്. മുഖങ്ങൾ പങ്കിട്ട സൗഹൃദത്തിന്റെ കുന്നുകളിലേയ്ക്ക് കൈകോർത്ത് കയറിപ്പോയവർ. (Memory is indeed a sad privilege)

ഓർമ്മകളിൽ പച്ചകെടാത്തതെന്നി കലാലയം. കൗമാരത്തിന്റെ കളിവഞ്ചി തുഴഞ്ഞെത്തിയ തീരം. അറിവിന്റെയും, ആദർശങ്ങളുടെയും സ്വപ്നങ്ങളുടെയും ആകാശം. അക്ഷരങ്ങളുടെ ആത്മാവിനെ തൊട്ടറിയുന്ന പകലുകൾ. മഹാഗണികൾ തണൽ വിരിച്ച ആദ്യത്തെ കാമ്പസ്ദിനം... ശാന്തിമന്ത്രവുമായി നിൽക്കുന്ന 'ഗാന്ധി മാവി'നെ ആരുമറിയാതെ ആദരവോടെ തൊട്ടുനോക്കിയത്... ക്ലാസ്സ് മുറികളുടെ ജാലകത്തിലൂടെ നോക്കിക്കണ്ട നീലാകാശം. പച്ചത്തലപ്പുകൾക്കിടയിൽ തലയുയർത്തുന്ന ദേവാലയഗോപുരങ്ങൾ. നിറസുകൃതവുമായി ഒഴുകുന്ന പെരിയാർ. അകലെയല്ലാതെ ആലുവാ മണൽപ്പുറം. ഓർമ്മകളുടെ കുന്നിറങ്ങി നാമെത്തുന്നത് വർണ്ണങ്ങളും ഒരു വസന്തകാലത്തിലേയ്ക്കാണ്... തണൽമരങ്ങൾ നിറഞ്ഞ കാമ്പസ് പച്ചപിടിച്ച കളിസ്ഥലങ്ങൾ, തുടുത്ത സ്നേഹവുമായി മഞ്ചാടി മരങ്ങൾ... മഹാഗണികളുടെ മൗനപ്രാർത്ഥനകൾ പലയിടത്തായി ചിതറിക്കിടക്കുന്ന ഏറെ പ്രായമുള്ള കോളേജ് കെട്ടിടങ്ങൾ... നിറങ്ങളുടെ സമൃദ്ധിയെയും, നിഴലിനെയും സ്നേഹിക്കുന്ന യുവഹൃദയങ്ങൾ... മരത്തണലുകൾ, പൊട്ടിച്ചിരിച്ചും, ഇണങ്ങിയും പിണങ്ങിയും പ്രണയികൾ സ്വപ്നങ്ങളുടെ താഴ്വരയാക്കി മാറ്റിയ C.C.യും (Cricket Court) B.B.C.യും (Basket Ball Court). ചില കൂട്ടുകാരുടെ സ്വപ്ന വ്യാഖ്യാനങ്ങൾ, സ്നേഹത്തെയും പ്രണയത്തെക്കുറിച്ചുള്ള ചില സംശയങ്ങൾ... ചർച്ചകൾ, ചൂടുപിടിച്ച സംവാദങ്ങൾ... ചാപ്പലിന് മുകളിലെ പ്രാവിൻപറ്റങ്ങളുടെ കുറുകൽ... ബോറൻ ക്ലാസ്സുകളിൽ ചിലപ്പോഴെങ്കിലും ഉയർന്നുകേട്ട ചില കൂർക്കം വലികൾ... കാമ്പസ് മഴ മൗനംപോലെ മെല്ലെ കനത്ത്, കറുത്ത് ആകാശത്തുനിന്ന്... ആകെ കുളിരണിയിച്ച് ക്ലാസ് മുറികളിലേയ്ക്ക് പാളിനോക്കി, നിറഞ്ഞ് പെയ്ത... മുദ്രവാക്യപ്രളയവുമായി ഒരു ജാഥ. തിരഞ്ഞെടുപ്പിന്റെ വേനൽക്കാലം. ചിരി നിറച്ച മുഖവും വിഹ്വലമായ മനസ്സുകളുമായി ഓടി നടക്കുന്ന തിരക്കുള്ള ദിനങ്ങൾ... പല വർണ്ണങ്ങളുടെ സജീവത. വിജയാഹ്ലാദങ്ങൾക്കിടയിൽ പതിയെ നടന്നുപോയ പരാജിതർ... പുസ്തകങ്ങളിലൂടെ മലർക്കെ തുറന്നിട്ട ജാലകത്തിൽ കണ്ടെത്തിയ മുഖങ്ങൾ... ഷേക്സ്പിയർ, ഷെല്ലി, കീറ്റ്സ്, യുങ്, റസ്സൽ, കീർക്കെഗാർഡ്, സാർത്ര്, പിക്കാസ്സോ, ബർണാഡ് ഷാ, എഴുത്തച്ഛൻ, ആശാൻ, ചങ്ങമ്പുഴ, ജി, പി, ടാഗോർ... നീണ്ടുപോകുന്ന കവിതയുടെ, കഥയുടെ, ലേഖനങ്ങളുടെ നിര. അനുഭവത്തിന്റെ 'മുന്തിരിവള്ളികൾ' ഓർമ്മകളുടെ ആൽബം നിറയെ. എത്രപെട്ടന്നാണ് ഓർമ്മകളിലെ വസന്തം മുറിപ്പെടുത്തി മറയുന്നത്... ക്ലാസ് മുറിയുടെ ചുവരുകൾ കാലത്തിന്റേതാവുന്നത്... കവിതയും കഥകളും പകുത്ത് കാമ്പസ് ലൈബ്രറിയിലെ വിശപ്പ് മറന്നുപോയ ഉച്ചകൾ നഷ്ടമാവുകയാണ്... മഹാഗണികൾക്ക് ഇത് ഇല പൊഴിയും കാലം... നമ്മുടെ ഓർമ്മകൾപോലെ... ഒരു വട്ടം കൂടി തനിയെ പടവുകൾ കയറി വിടപറഞ്ഞുപോയ ക്ലാസ്സുമുറികളിൽ, സൗഹൃദത്തിന്റെ പൂമരച്ചോട്ടുകളിൽ വെറുതെയിരിക്കാൻ കഴിഞ്ഞെങ്കിൽ! ജാലകത്തിലൂടെ ഒരിക്കൽകൂടി ആഹ്ലാദാരവങ്ങൾക്കിടയിൽ ഇന്നലെ കണ്ടെത്തിയ മേഘങ്ങളില്ലാത്ത നീലാകാശത്തേയ്ക്ക് ഒന്നു പാളിനോക്കാനായെങ്കിൽ! autograph-ൽ ആരോ കുറിച്ചിട്ട വാക്കുകളാണ് മനസ്സിൽ:

*"I and you are mountains of grief...*
*You and I will never meet*
*Only try at midnight to send me*
*A greeting through the star"*

— Anna Akhmatova (1888-1968)

വിടപറയലിന്റെ ഈ ദിനങ്ങളിൽ കാമ്പസ് കൂടുതൽ സുന്ദരിയാണ്... ഇല കൊഴിച്ച മഹാഗണികളിൽ ഇളം പച്ചതളിർപ്പുകളുടെ പുതുമ... ജീവിതത്തിൽ ഒരിക്കൽ മാത്രം സ്വന്തമാകുന്ന ഈ നല്ല വസന്തകാലത്തിന്റെ നിറവിൽ. ഗാലറികളിലും സ്റ്റേജുകളിലും ഒക്കെ സ്വയം മറന്നാടിത്തിമിർത്തപ്പോൾ നാമറിഞ്ഞില്ലല്ലോ ഇത്രവേഗം ആ ദിനങ്ങൾ കടന്നുവരുമെന്ന്... വിടപറയൽ അനിവാര്യതകളിലൊന്നാണെന്ന് കരുതുമ്പോഴും, വെറും മിഥ്യയെന്ന് അതിനെ വിളിക്കാനാവുന്നില്ല... കാലം കടന്നുപോകുമ്പോഴും കാമ്പസിന്റെ സാന്നിധ്യം കൂടെയുണ്ടാവും... എന്ന് മനസ്സ് പറയുന്നു. ഹൃദയത്തിലിപ്പോൾ സ്നേഹത്തിന്റെ സമൃദ്ധിയാണ്. കൊടുത്തുതീർക്കാനാവാത്ത നന്ദിയുടെ നിറവാണ്. വിടപറയലിന്റെ ഈ അവസാനദിവസം വരെയും നാമറിഞ്ഞില്ലല്ലോ ഈ കോളേജിനെ, ഇവിടുത്തെ ജീവിതത്തെ നാമിത്രമേൽ സ്നേഹിച്ചിരുന്നെന്ന്... വേർപാടിന്റെ ഈ നിമിഷങ്ങളാണല്ലോ നമ്മുടെ സ്നേഹത്തിന്റെ ആഴം കാട്ടിത്തരുന്ന വെളിപാട് പുസ്തകം. ●

രണ്ടു കവിതകൾ

# മൃതിസഞ്ചാരം

നീണ്ട മൗനങ്ങൾക്കും ഒറ്റപ്പെട്ട വാക്കുകൾക്കുമിടയിൽ
നെടുവീർപ്പിട്ട്, പ്രാഞ്ചിക്കിതച്ച്,
ഒരു വയസ്സൻ പല്ലി
ഒരു സ്പർശത്താൽ പിഞ്ഞിക്കീറുമെന്ന്
ആവർത്തിച്ചു സങ്കടപ്പെടുന്ന ദേഹം
വിളറിയ വട്ടക്കണ്ണുകളിൽ
പോയ്മറഞ്ഞ കാലങ്ങളുടെ പ്രേതാത്മാക്കൾ
നൂറ്റാണ്ടുകളായ് മടുപ്പോടെ മിടിക്കും
ഒരു പഴയ ക്ലോക്കുപോലെ - ഹൃദയം
ഉണങ്ങിയ ഇല പോലെ
വീണ്ടുമൊരു ദിവസം
വയസ്സൻ പല്ലിയുടെമേൽ
മൃതിയുടെ, ചിരപുരാതനമായ
വരണ്ട സ്പർശം
യുഗങ്ങളായ് അലഞ്ഞുതളർന്ന
ഒരു സഞ്ചാരിയുടെ ഭാവത്തോടെ
ജര ബാധിച്ച വിരലുപോലെ
അത് ചത്തുകിടന്നു.
മണ്ണിന്റെ പ്രാചീനതയിലേക്ക്
ഞാനതിനെ ഇറക്കിക്കിടത്തി.

അപർണ്ണ എസ്.
രണ്ടാം വർഷ ചരിത്രബിരുദം

# സൂര്യപ്രണയം



മഴയുടെ
കണ്ണീർമുഖവും
വിരൽത്തുമ്പുകളിലെ
വരിഞ്ഞുമുറുക്കും തണുപ്പും
ഈറൻ നെടുവീർപ്പും
എന്നെ മടുപ്പിക്കുന്നു.
വാക്കുകൾ തുരുമ്പെടുത്താൽ പോലും
മഴവർണ്ണനകൾക്കായ് ഞാനവ പുറത്തെടുക്കില്ല.
വെള്ളത്തിൽ വീണ ഒരു പായക്കടലാസുപോലെ
ലോകം നനഞ്ഞുകുതിരുമ്പോൾ
എന്നിൽ ജ്വലിക്കും സൂര്യൻ
ഉണർത്തും ഉൾച്ചൂടിൽ
കത്തുന്ന ഹൃദയം - എന്റെ നെരിപ്പോട്
തീനാമ്പുകളുടെ നിറമുള്ള സ്വപ്നങ്ങളിൽ
ഞാൻ--
വെയിൽച്ചീളുകൾ പെറുക്കിയെടുത്ത്
ഉന്മാദത്തിന്റെ ഭാണ്ഡത്തിലെറിയുന്ന
ഒരേകാന്തസഞ്ചാരിണി.
സൂര്യന്റെ ചുടുവിരലുകൾ
തവിട്ടുനിറമുള്ള എന്റെ തൊലിയിൽ
അഗാധമായി സ്പർശിക്കുമ്പോൾ
വെയിൽ പൂക്കൾ ചൂടി
കണ്ണുകളിൽ, വെയിൽത്തിളക്കവും
ചിരിയിൽ, വെയിൽ നുരയുമായി
വെയിൽ പുഴകൾ കടന്ന്
വെയിൽ ഗോവണികൾ ചവിട്ടി
പൊള്ളുന്ന സൂര്യഹൃദയം
സ്വന്തമാക്കും.

# PROTECTION OF THE ENVIRONMENT

***More than anything else the greatest threat to humanity comes from the destruction of earth's environment. And as policy makers increasingly understand, no longer can the earth's ecological ills be treated as separate from issues such as debt, trade, unemployment and inequality.***

Environmental protection will remain a debatable issue as long as man wrestles with the problem of development. This perhaps is a subject that we can not afford to ignore. The survival of our species is a function of the protection of the environment.

In 1971, when Edgar Mitchell landed on the moon aboard Apollo 14, his first glimpse of earth from space sent him into a rhapsody. It looks like a sparkling blue and white jewel... laced with slowly swirling veils of white... like a small pearl in a thick black sea of mystery -- he radioed back effusively to Houston. Twenty-eight years later, if Mitchell were to be sent back into space, and allowed to see the earth, a vastly different sight would greet him. He would see giant punctures in the protective ozone shields over Antarctica and North America. Instead of sparkling blue and white jewels he would see a dull, dirty earth filled with dark, swirling clouds of carbon and sulphur. Mitchell's telescopes and cameras, lifeless as they are, would be stunned to see the 'falling forests,' ribbons of poison criss-crossing the land,' and 'dark balls of tar lining much of the ocean floor.' "Houston!" - he would radio back, "What on earth have we done?"

We don't need to go 36000 Km. into space to witness what we have done. It is all around us. We drink, breathe, smell and see pollution. By spitting excessive quantum of heat trappers, we gradually annihilate the earth; our refrigerators and air-conditioners deplete ozone, exposing us to skin cancer, and the smaller animals to genetic alteration. Rivers turn into graveyards of fishes, and seas become tanks of toxic chemicals.

**ALARM!**

More than anything else the greatest threat to humanity comes from the destruction of earth's environment. And as policy makers increasingly understand, no longer can the earth's ecological ills be treated as separate from issues such as debt, trade, unemployment and inequality.



**Mathew A. Varghese,**
I BA Psychology.

## PROTECTION

The issue here is 'environmental protection'. The dictionary meaning of the word 'protection' as Webster gives it is 'to cover or shield from injury or destruction'. But, when we talk about environment, conservation covers more ground. Conservation as philosophy is 'the policy of managing the environment to assure adequate supples of natural resources for future as well as for the present generation. In this context 'protection' can be inevitable for conservation

Conservationists recognize that human activities can bring about profound environmental changes and can irreparably damage or destroy the natural resources on which human well-being and the very survival of man depends. Thus conservation' and 'survival' are mutually complementary. Now if a path of 'logical deduction' is adopted: protection sets stage for conservation which in turn assures survival.

Recent studies and observations bring before our eyes the disturbing fact that we are yet to protect our environment! Now the question is: 'HOW?'

## PARTICIPATORY MOVEMENTS

The steps taken towards protection deserve criticism. These are sectoral, rather than people-participatory. The steps might be optimistic, but fail half way because people do not yet comprehend the emergency. This results in a weakening of the whole process. The link between nature, people and their livelihood is not adequately understood. Once people place a value on natural resources they will protect them and use them judiciously. 'Participatory management' is the breath of optimism for environmental protection.

## THINKING LONG

The benefits of conservation and protection are often long term and more to the future generation than the present one. Many of the benefits of conservation do not neatly fit into conventional cost-benefit economic calculations. An increasing awareness of the long-term benefits may help people not to leap into the more luring, short term options.

For example the lumber industry can make a rapid progress by an indiscriminate 'mining' of trees than it can from a careful selective felling and replantation which assures a sustained yield.

## AGAINST UNPLANNED DEVELOPMENT

Grave situations arise when development and protection collide head on. On the contrary, these two inevitable factors should shake hands for a wholesome New World. A transition of industrial outlook towards material and energy efficient systems and environmentally compatible technologies is needed to achieve balanced industrial development.

## POLITICAL INTERVENTION

To avoid a mockery of serious concerns the feasibility of resource taxes should be brought under discussion and environmental costs should be internationalized through 'taxation of wastes'.

## REGIONAL PRIORITIES

Though the ultimate need is the common good, the political and social reality causes regional priorities to take over.

When environmental issues are brought to the international table, priorities are often set by the more industrialized-more powerful nations with different things to worry about.

The approach of nations like India is based on the environmental movements in places like the U.S. This is not a system that can be easily transplanted in our highly inequitable society dominated by rural people who subsist on resources of the natural world. Instead of 'blind adoption' we have to solve problems at the grassroots level of our society. Only that can make us stand at the level of those nations whose people are 'well-fed'. A booming population coupled with unchanging 'surface area of land' can be cited as a major roadblock to a healthy environment and planned development.

## WE NEED ACTION!

What we all need is action. There are things which are to be proud of, but that never curtains the disgrace we have brought to us. Human beings with their supremacy and a brain, which can turn the world upside down, are sadly incapable of retaliating the 'ignominious treatment' of nature. We have debates, we have media and we have international summits. But 'Kyoto & Rio' can be productive only if nations act and people feel disturbed about their earth turning into a 'fiend' under their tutelage. When the global environmental degradation has assumed a menacing proportion, It is no longer enough for the media to report yet another instance of violation of the environment. The challenge now is to focus attention on what we can do. Or else we may witness the media giving weather reports like this: "There would be some sunshine before nitrogen dioxide fumes bring an end to daylight. *The morning* temperature was 47 degree celsius cool for Delhi in early December!"

കവർ
സ്റ്റോറി

ഇതെഴുതിക്കൊണ്ടിരിക്കുമ്പോൾ, കാർഗിൽകുന്നുകളിൽ യുദ്ധം കൊടിയിറങ്ങുകയാണ്. കൊടിയിറങ്ങുക എന്ന 'ഉത്സവപ്രയോഗം' മനഃപൂർവ്വം തന്നെയാണ്. നമ്മുടെ രാഷ്ട്രീയക്കാർക്കും മാധ്യമങ്ങൾക്കും സാധാരണക്കാർക്കുമെല്ലാം യുദ്ധം ദേശാഭിമാനത്തിന്റെ ഒരു ആഘോഷം തന്നെയായിരുന്നല്ലോ. നമ്മൾ യുദ്ധം ജയിച്ചെന്നാണ് ഭരണവർഗ്ഗവും പത്രക്കാരുമെല്ലാം പറയുന്നത്. രാജ്യം മുഴുവൻ വിജയാലസ്യത്തിലാണെന്നതു സത്യം. വിജയത്തിന്റെ സംതൃപ്തിയിൽ ചോദ്യങ്ങൾ പാടില്ലെന്നാണ് നാട്ടുനടപ്പ്. പക്ഷേ, ചിലതെല്ലാം ചോദിക്കാതെ വയ്യ.

മാഗസിൻ കമ്മറ്റി നടത്തുന്ന വിശകലനം

# കാർഗിലിന്റെ

അയൽവാസികളും ദരിദ്രവാസികളുമായ സഹോദരന്മാർ – ഇന്ത്യയും പാക്കിസ്ഥാനും – അരനൂറ്റാണ്ടിനിടയ്ക്ക് മൂന്നു യുദ്ധങ്ങൾ നടത്തി. നേരാംവണ്ണം രണ്ടു നേരം കഞ്ഞികുടിച്ചു കഴിയാനുള്ള വകയില്ലെങ്കിലും ദുരഭിമാനത്തിന് യാതൊരു കുറവുമില്ലാത്തിനാലാണ് അയൽക്കാരന്റെ വേലി പൊളിക്കാനും അതിർത്തി കയ്യേറാനും പോകുന്നതും അടിപിടികൂടുന്നതുമൊക്കെ. ഈയിടെ ഒരാൾ എഴുതിയതുപോലെ, നമ്മുടെ സർക്കാരുകൾ ജീവിക്കാനായി കഷ്ടപ്പെടുന്നതു കണ്ടാൽ കണ്ണുനിറയും. ബസ്സ്റ്റാൻഡിൽ ബങ്കു പിടിച്ചിട്ട് ജനങ്ങളെ മൂത്രമൊഴിപ്പിച്ച് പൈസവാങ്ങിയാണ് പാവം സർക്കാർ ദൈനംദിന കാര്യങ്ങൾ നടത്തുന്നത്. അത്രയ്ക്ക് കഷ്ടപ്പെട്ടു ജീവിക്കുന്ന നമ്മുടെ ഗവൺമെന്റുകൾ അതിർത്തിയിൽ പൊട്ടിച്ചു തീർക്കുന്നത് വലിയ വലിയ കോടികളാണ്. ഇപ്പോഴുള്ള ആയുധമൊന്നും പോരാഞ്ഞിട്ട്, ദാരിദ്ര്യരേഖയിൽ നിന്നൊക്കെ ഞുപാടു താഴെ പാതാളത്തിൽ കഴിഞ്ഞുകൂടുന്ന പട്ടിണിപ്പാവങ്ങളായ ജനങ്ങളുടെ പിച്ചച്ചട്ടിയിൽ കൈയിട്ടുവാരി കുറെ ആറ്റംബോംബുകളുണ്ടാക്കി സൂക്ഷിച്ചിട്ടുണ്ട് ശത്രുസംഹാരത്തിനായി. മെയ്ക്കിട്ടു കയറാൻ ഓരോ ശത്രുവുള്ളത് രണ്ടു രാജ്യങ്ങളിലെയും ഭരണാധിപന്മാർക്ക് സന്തോഷമുള്ള കാര്യമാണ്. സ്വന്തം നാട്ടിൽ നില്ക്കക്കള്ളിയില്ലാതാകുമ്പോൾ അതിർത്തി കയ്യേറിയോ ബോംബ് പൊട്ടിച്ചോ, പൊതുശത്രുവിനെ ചൂണ്ടിക്കാണിച്ച് ദേശാഭിമാനമുണർത്തി രക്ഷപ്പെടാമല്ലോ. തരപ്പെട്ടാൽ നാട്ടുകാരുടെ മുന്നിൽ ഒരു ധീരനുമാകാം.

ധീരദേശാഭിമാനികളും ശത്രുരാജ്യത്തോട് കഠിനവിരോധമുള്ളവരും എന്നാൽ സമാധാനകാംക്ഷികളുമായ നമ്മുടെ ഭരണാധികാരികൾ അസുലഭമായ ചില സിദ്ധികളുള്ളവരാണ്. ഇന്ത്യൻ പ്രധാനമന്ത്രി വാജ്പേയി അണുബോംബുണ്ടാക്കുന്ന ശാസ്ത്രജ്ഞന്മാർക്കെതിരെ കവിതയെഴുതി പുസ്തകമാക്കാനും കാസറ്റിലാക്കാനും തരംകിട്ടുമ്പോൾ പാക്കിസ്ഥാനെ പേടിപ്പിക്കാനായി അഞ്ചാറു ബോംബുകൾ മാലപ്പടക്കം പോലെ പൊട്ടിക്കാനും ഒരേസമയം കഴിവുള്ള മനുഷ്യനാണ്. രാമജന്മഭൂമിയും ഹിന്ദുത്വവും ഉപയോഗിച്ചു തീർന്നപ്പോൾ പുതിയ തെരഞ്ഞെടുപ്പിനെ നേരിടാൻ അദ്ദേഹത്തിനു വീണുകിട്ടിയ വരമാകുന്നു കാർഗിൽ.



സ്റ്റോറി

# നാനാർത്ഥങ്ങൾ



എന്താണ് കാർഗിലിൽ സംഭവിച്ചത്? കാശ്മീരിലെ ഏതാനും കുന്നുകളിൽ മൂവായിരത്തോളം കൂലിപ്പടയാളികൾ നുഴഞ്ഞു കയറി. ഇന്ത്യൻ പട്ടാളം അവരെ തിരിച്ചോടിക്കുകയോ കൊന്നുകളയുകയോ ചെയ്തു. ശത്രുപക്ഷത്തെ ആൾനാശം 800; നമ്മുടേത് 600. (പാക്കിസ്ഥാനികൾ 'കൊല്ലപ്പെടുക'യും ഇന്ത്യൻ സൈനികർ 'വീരമൃത്യു വരിയ്ക്കുക'യുമാണുണ്ടായത്.) അതായത്, ഇന്ത്യയുടെ കൈവശമുണ്ടായിരുന്ന ഭൂമി പാക് അനുകൂലികൾ കയ്യേറി. ഇന്ത്യ അതു തിരിച്ചു പിടിച്ചു. അതിനുവേണ്ടി ഇന്ത്യക്കാർ സഹിക്കേണ്ടിവന്ന നഷ്ടം പണത്തിലാണെങ്കിൽ 3000 കോടി രൂപയാണ്. പാക്കിസ്ഥാനാകട്ടെ, അവരുടെ പ്രതിരോധ ബജറ്റായ 1400 കോടി രൂപ മുഴുവൻ ചെലവാക്കി. കൈയിലുണ്ടായിരുന്ന കാശ് മുഴുവൻ തീർന്നപ്പോൾ യുദ്ധം നിർത്തി സ്വസ്ഥരാവുകയും ചെയ്തു.

നുഴഞ്ഞുകയറ്റം മാസങ്ങൾക്കുമുമ്പേ കണ്ടുപിടിക്കാമായിരുന്നെന്നും യുദ്ധം ഒഴിവാക്കാമായിരുന്നെന്നും ഒരുപാടുപേർ ഒളിഞ്ഞും തെളിഞ്ഞും പറയുന്നുണ്ട്. കാർഗിലിൽനിന്ന് കുറേ മാസങ്ങൾക്കുമുമ്പ് കാവൽപട്ടാളത്തെ പിൻവലിച്ചതിന്റെ പ്രേരണ എന്തായിരുന്നെന്ന് ഇതുവരെ വെളിവായിട്ടില്ല. ആറ്റം ബോംബുകൾ ധാരാളം ഉണ്ടാക്കി വച്ചിരിക്കുന്നതുകൊണ്ട് അതിർത്തിയിൽ ജാഗ്രത പുലർത്തേണ്ട കാര്യമില്ലെന്ന് ഭരണാധികാരികൾ കരുതിയിരിക്കുമോ? പാക്കിസ്ഥാൻകാരനെ കൊല്ലാനായി ബോംബുണ്ടാക്കി പെട്ടിയിൽ വച്ചിട്ട് സൗഹൃദം വളർത്താനായി നമ്മൾ ബസ് യാത്രകൾ ഒരുപാട് നടത്തി. ഇങ്ങനെയുണ്ടോ കാപട്യം! എന്തായാലും യുദ്ധം തുടങ്ങിയതിനുശേഷം നമ്മുടെ പ്രതിരോധമന്ത്രിയുടെ പ്രസ്താവനകൾ അതിലും രസകരമായിരുന്നു. No one takes him seriously എന്നാണ് B.B.C അദ്ദേഹത്തെക്കുറിച്ച് പറഞ്ഞത്.

ലോകത്തിലെ ഏറ്റവും ദുർഗ്ഗമയുദ്ധഭൂമിയായ കാർഗിലിൽ കാര്യമായ പരിശീലനമൊന്നും കൂടാതെതന്നെ ആക്രമിച്ചു മുന്നേറാനാണ് സൈന്യത്തിന് ആജ്ഞ ലഭിച്ചത്. കുറച്ചുകൂടി സമയം കിട്ടിയിരുന്നെങ്കിൽ ആൾനാശം ഗണ്യമായി കുറയ്ക്കാമായിരുന്നു എന്നു സമ്മതിച്ച പട്ടാളമേധാവികൾക്കും ഭരണാധികാരികളുടെ തിടുക്കത്തിനു മുന്നിൽ വെറും ഉപകരണങ്ങളാകേണ്ടിവന്നു എന്നതാണ് സത്യം. യുദ്ധഭൂമിയിലെ സൈനികന്റെ ജീവന് ഒരു വിലയും കല്പിക്കാതെ ദേശസ്നേഹം വളർത്തേണ്ടത് ആരുടെ ആവശ്യമായിരുന്നു? ചിന്തിച്ചുനോക്കുക. തെരഞ്ഞെടുപ്പാണ് വരുന്നത്.

പാക്കിസ്ഥാൻ പ്രധാനമന്ത്രി നവാസ് ഷെരീഫിന്റെ കാര്യമെടുക്കാം. ദേശീയരാഷ്ട്രീയമാകുന്ന കളിക്കളത്തിനു പുറത്താകുമെന്ന അവസ്ഥയിൽ നിന്നു കരകയറാൻ, എല്ലാ പാക്കിസ്ഥാൻ പ്രധാനമന്ത്രിമാരും എന്നും ചെയ്തുകൊണ്ടിരുന്നതുപോലെ, പൊതുശത്രുവായ ഇന്ത്യക്കെതിരെ പാക്കിസ്ഥാനിയുടെ രക്തം തിളപ്പിക്കാൻ ഷെരീഫ് തീരുമാനിച്ചു. ആ ശ്രമം പൊളിഞ്ഞെങ്കിലെന്ത്, കാശ്മീർ പ്രശ്നം ഇമ്മിണി ബല്യ ഒരു പ്രശ്നം തന്നെയാണെന്ന് എല്ലാരും വീണ്ടും മനസ്സിലാക്കിയല്ലോ- പ്രത്യേകിച്ചും നാട്ടിലെ പ്രമാണിയായ അമേരിക്ക. പക്ഷേ, യുദ്ധം നടക്കുമ്പോഴും ഷെരീഫ് ഒരു കാര്യത്തിൽ ശ്രദ്ധാലുവായിരുന്നു. തന്റെ പേരിലുള്ള പഞ്ചസാര ഫാക്ടറികളിൽനിന്ന് ഇന്ത്യയിലേക്കുള്ള കയറ്റുമതി മുടങ്ങാൻ പാടില്ല. ഇന്ത്യാക്കാർ ഉപയോഗിക്കുന്ന പഞ്ചസാരയുടെ മുക്കാൽ പങ്കും ഷെരീഫിന്റെ സ്വന്തം ഫാക്ടറികളിൽ നിന്നാണ് വരുന്നത്. യുദ്ധത്തിന്റെ പേരിൽ അതെങ്ങാനും മുടങ്ങിയാൽ ഇന്ത്യാക്കാർ പഞ്ചസാരയിടാതെ കാപ്പികുടിക്കേണ്ടിവരില്ലേ? സ്നേഹമുള്ള ഷെരീഫ്, അല്ലേ?

നാട്ടുപ്രമാണിയായ അമേരിക്കയുടെ കാര്യമോ? പണ്ട്, അഫ്ഗാനിസ്ഥാനിലെ കമ്മ്യൂണിസ്റ്റ് സ്വാധീനം അവസാനിപ്പിക്കാൻ വേണ്ടി അമേരിക്ക പണവും ആയുധവും കൊടുത്തു വളർത്തിയെടുത്ത വിഭാഗമാണ് മുജാഹിദിനുകൾ. അമേരിക്ക ലക്ഷ്യം സാധിച്ചിട്ടും അവർ വളർന്നുകൊണ്ടിരുന്നു. ഇപ്പോൾ കുടം തുറന്ന മുക്കുവനെപ്പോലെ നില്ക്കുന്ന അമേരിക്കയുടെ മുന്നിലൂടെ ബിൻലാദനും ഭൂതഗണങ്ങളും ചേർന്ന് ഒപ്പിച്ച പല പരിപാടികളിലൊന്നത്രേ കാർഗിൽ നുഴഞ്ഞുകയറ്റം. എന്നിട്ട്, പ്രശ്നം മുറുകി യുദ്ധമായപ്പോൾ പാമ്പിനെ പാലൂട്ടിയ കൈയും നീട്ടി സഹായ വാഗ്ദാനവുമായി വരാൻ അമേരിക്കയ്ക്ക് സന്തോഷം തന്നെ. അതു സ്വീകരിക്കാൻ നമുക്ക് അതിലേറെ സന്തോഷം.

കാശ്മീരിൽ ഒരു മൂന്നാം കക്ഷിയുടെ ഇടപെടൽ ഒരിക്കലും അനുവദിക്കില്ലെന്നായിരുന്നല്ലോ നമ്മുടെ ഭരണാധികാരികൾ നാഴികയ്ക്ക് നാല്പതുവട്ടം ആണയിട്ടുകൊണ്ടിരുന്നത്. എന്നിട്ടോ? മാധ്യസ്ഥം വഹിക്കാമെന്നു പറഞ്ഞുവന്ന യു.എൻ. തലവൻ കോഫി അന്നന്റെ സഹായം നിരസിച്ച നമുക്ക് അമേരിക്കയുടെ പിന്തുണയെപ്പറ്റി എന്ത് ആകാംക്ഷയായിരുന്നു! ഒടുവിൽ ക്ലിന്റൺ രക്ഷകനെപ്പോലെ അവതരിച്ചപ്പോൾ നമ്മുടെ ഭരണാധികാരികളും മാധ്യമങ്ങളും അത് ആഘോഷിച്ച വിധം ഒന്നു കാണേണ്ടതായിരുന്നു. യുദ്ധം വിജയിച്ചു കഴിഞ്ഞ പ്രതീതി!

അമേരിക്ക- ഹാ എത്ര ഡീസന്റായ രാജ്യം! ആ ക്ലിന്റൺ- എത്ര നല്ല മനുഷ്യനാ! (പെമ്പിള്ളാരുടെ പിറകെ പോകുമെന്നൊരു കുഴപ്പമല്ലേയുള്ളു എന്ന് ഇന്നാട്ടിലെ കാരണവന്മാർ വരെ തലയാട്ടി.) അല്ലെങ്കിലും കവാത്തു മറക്കുന്ന ഇന്ത്യൻ ശീലം അത്ര പുതിയതൊന്നുമല്ലല്ലോ.

അതെന്തായാലും, ഇപ്പോൾ അമേരിക്കയ്ക്ക് മുന്നിൽ ഭയഭക്തി ബഹുമാനങ്ങളോടെ നില്ക്കുന്ന നമ്മൾ വരാൻ പോകുന്ന അപകടം അറിയുന്നില്ല എന്നുണ്ടോ? പ്രശ്നങ്ങളെല്ലാം ഒന്നൊതുങ്ങിക്കഴിയുമ്പോൾ, 'യുദ്ധം ഒത്തുതീർപ്പാക്കിയ അമേരിക്ക' ഇരു രാജ്യങ്ങളേയും ഒരു ചർച്ചയ്ക്ക് വിളിക്കുകയും പ്രശ്നപരിഹാരത്തിന് ചില നിർദ്ദേശങ്ങൾ വയ്ക്കുകയും ചെയ്താൽ നമുക്ക് വഴങ്ങാതിരിക്കാൻ പറ്റുമോ? അമേരിക്ക അഭ്യർത്ഥിച്ചപ്പോൾ ഒന്നും മിണ്ടാതെ പിന്മാറിക്കൊടുത്ത നല്ല കുട്ടിയായ പാക്കിസ്ഥാൻ, അമേരിക്ക സംഘടിപ്പിക്കുന്ന ചർച്ചയിൽ കാശ്മീർ പ്രശ്നത്തെ കൂടുതൽ ആവശ്യങ്ങളുടെ അകമ്പടിയോടെ ഉന്നയിക്കാനല്ലേ ശ്രമിക്കുക?

യഥാർത്ഥത്തിൽ ഇവിടെ നടന്ന നുഴഞ്ഞുകയറ്റം ഇന്ത്യൻ അതിർത്തിയിലേക്ക് പാക്കിസ്ഥാനികൾ നടത്തിയതല്ല, ഇന്ത്യയുടെ വിദേശനയത്തിലേക്ക് അമേരിക്ക നടത്തിയ നുഴഞ്ഞുകയറ്റമാണ്. ഇനിയിപ്പോൾ സി.ടി.ബി.ടി, മനുഷ്യാവകാശം, പേറ്റന്റ്, വാണിജ്യനിയമങ്ങൾ എന്നുതുടങ്ങി അമേരിക്കയ്ക്ക് നാലുകാശുണ്ടാക്കാൻ പറ്റിയ എല്ലാ വിചിത്രനിയമങ്ങളും ഇന്ത്യയുടെ മേൽ ഇറക്കിവയ്ക്കാൻ പറ്റുന്ന വിധത്തിലേക്ക് കാര്യങ്ങൾ നീക്കാം. ഒരേ സമയം ഒരുപാടു ലക്ഷ്യങ്ങളാണ് അമേരിക്കയ്ക്കുള്ളത്. കമ്യൂണിസത്തിനുശേഷം തങ്ങൾക്കു ഭീഷണിയായേക്കാവുന്ന ഇസ്ലാമിക ഭീകരവാദത്തെ ഒതുക്കുക, ഒപ്പം ഇത്തിരി അഹങ്കാരമൊക്കെ കാണിച്ചുനടക്കുന്ന ഇന്ത്യയെ ചൊൽപ്പടിയിലാക്കുകയും ചെയ്യുക. എത്ര അനായാസവും 'നിഷ്കളങ്ക'വുമായാണ് നമ്മൾ ഈ കെണിയിലേക്ക് തലവച്ചുകൊടുത്തത്!

ഇവിടെ ജയിച്ചതാരാണ്?

വാജ്പേയി? ഷെരീഫ്? ക്ലിന്റൺ?

-എല്ലാവർക്കും വ്യക്തമായ ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു. അതിൽ പലതും അവർ നേടുകയും ചെയ്തു.

യുദ്ധമൊടുങ്ങുമ്പോഴും ചോദ്യങ്ങൾ പുകയുകയാണ്. ഇവയെ ശ്രദ്ധിക്കുമ്പോൾ ഒരു ചോദ്യത്തിനു കൂടി ന്യായം കാണുന്നുണ്ട്-

ഈ യുദ്ധം ആരുടെ ആവശ്യമായിരുന്നു?

അഥവാ,

ഈ യുദ്ധം ഉണ്ടാക്കിയെടുത്ത ഒന്നാണോ?

..............

ഇതെല്ലാം ഒരു വലിയ വിഡ്ഢിത്തംപോലെ തോന്നുന്നുണ്ടെങ്കിൽ സ്നേഹിതാ, നിങ്ങൾക്കു തെറ്റിയിട്ടില്ല. ഒരു വിഡ്ഢിത്തത്തിലേക്കു ലളിതവത്കരിക്കാവുന്ന സംഗതികളാണ് സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ചരിത്രമെന്നു പറയുന്നത്. മേലാളൻമാരുടെ ചരിത്രമെഴുതാനായി അവൻ കൊടുക്കേണ്ടിവരുന്ന വിലയോ, സ്വന്തം ജീവരക്തവും! ഇതെല്ലാമോർക്കുമ്പോൾ ഒരു മൂഢദേശാഭിമാനിയാകാൻ, സത്യം പറഞ്ഞാൽ തോന്നുന്നില്ല. ●





# ദേശാഭിമാനത്തെപ്പറ്റി ചില 'പിന്തിരിപ്പൻ' ചിന്തകൾ

*ദേശദുരഭിമാനം പ്രസംഗിക്കുന്ന കൂട്ടുകാരാ, ഇന്ത്യക്കാരനോ പാക്കിസ്ഥാൻകാരനോ ആകാൻ എളുപ്പമാണ്. മനുഷ്യനാകാനാണ് ബുദ്ധിമുട്ട്.*

തൊട്ടാൽ കൈപൊള്ളുന്ന വിഷയമാണ് ദേശസ്നേഹം, ദേശാഭിമാനം എന്നൊക്കെ പറയുന്നത്. ദേശസ്നേഹമെന്ന് സാധാരണ വിവക്ഷിക്കപ്പെടുന്ന സംഗതിയെ നമ്മൾ മനസ്സിലാക്കുന്നത് ചില ലക്ഷണങ്ങളിലൂടെയാണല്ലോ. വന്ദേമാതരത്തിന്റെ പോപ് ആൽബവും ക്രിക്കറ്റും ഇടവിട്ട് ടി.വിയിൽ കാണിക്കുന്നത് ദേശസ്നേഹമാണ്. പാക്കിസ്ഥാൻ ഗവൺമെന്റ് തന്ന അവാർഡ് ഒരു യുദ്ധം വന്നാൽ ഉടനെ തിരിച്ചുകൊടുക്കാത്ത കലാകാരൻ ദേശദ്രോഹിയാണ്. ദേശസ്നേഹമെന്നാൽ, മൂന്നു നിറങ്ങളിലുള്ള ഒരു പതാകയോ ദേശീയ ഗാനമോ കാശ്മീരിലെ മഞ്ഞുകട്ടകളും കരിങ്കല്ലും നിറഞ്ഞ കുറേ തരിശുഭൂമിയോ ഒക്കെയാണെന്ന് നാം ധരിച്ചുവശായിരിക്കുന്നു. ദേശസ്നേഹികളായ എല്ലാവരും ഇതിനെയൊക്കെച്ചൊല്ലി വികാരം കൊള്ളണമെന്ന് നാം വാശിപിടിക്കുന്നു. മറ്റെല്ലാ കുറ്റങ്ങളും നാം പൊറുക്കും. പക്ഷേ, രാജ്യത്തോടുള്ള സ്നേഹമില്ലായ്മ മാത്രം ജനങ്ങൾ പൊറുക്കില്ല. അതുകൊണ്ടാണല്ലോ, കന്നുകാലിയുടെ തീറ്റയിൽ പോലും കയ്യിട്ടുവാരി കോടികളുണ്ടാക്കിയവനും രാജ്യസ്നേഹത്തെപ്പറ്റിയും രാജ്യത്തോടുള്ള ഉത്തരവാദിത്തത്തെപ്പറ്റിയും മനസ്സാക്ഷിക്കുത്തില്ലാതെ പ്രസംഗിക്കുന്നത്. മുംബെയിലെ തോന്നിവാസിയായ ഏകാധിപതിയെപ്പോലെ മനോവൈകല്യം ബാധിച്ച ഭരണാധികാരികൾ അധികാരം പിടിച്ചെടുത്തതും ജനങ്ങളെ കുരങ്ങുകളിപ്പിക്കുന്നതും കാൽക്കാശിനു വിലയില്ലാത്ത ദേശസ്നേഹം പ്രസംഗിച്ചാണ്. ദേശത്തെ കട്ടുമുടിക്കുന്നത് ദേശദ്രോഹമല്ല, യുദ്ധത്തെ എതിർക്കുന്നതാണ് ദേശദ്രോഹം! ഇത്തരമൊരു അസംബന്ധത്തിലേക്ക് നമ്മൾ അനായാസം എത്തിച്ചേർന്നിരിക്കുന്നു. അത്തരമൊരു നാട്ടിൽ ദേശീയതയെ മതഭ്രാന്തിലേക്ക് വിവർത്തനം ചെയ്യുന്ന ഫാസിസ്റ്റുകൾ ദേശസ്നേഹികളായി വാഴ്ത്തപ്പെടുന്നത് സ്വാഭാവികം.

യുദ്ധം വന്നപ്പോൾ നമ്മുടെ രാഷ്ട്രീയക്കാർ അതിനോടു പ്രതികരിച്ച വിധം ശ്രദ്ധിക്കുക. രാജ്യം ഒറ്റക്കെട്ടാവുക, ഞങ്ങൾ ചെയ്ത

ഇന്ത്യയും പാക്കിസ്ഥാനും ഏറ്റുമുട്ടുമ്പോൾ മാനവരാശിക്കുമേൽ മഹാഭീതിയുടെ ഒരു കുട നിവരുന്നുണ്ട്. അന്തിമനാശത്തിന്റെ ആണവായുധം ഒരു കൂട്ടർ പ്രയോഗിച്ചേക്കുമോ എന്ന് നാം ഭയന്നുപോകുന്നു. അന്യോന്യമുള്ള ഉടമ്പടികളിലൊന്നും നാം തന്നെ വിശ്വസിക്കുന്നില്ല. ഭ്രാന്തോളമെത്തുന്ന ദേശാഭിമാനം ബാധിച്ച രണ്ട് ജനതകളും അവർക്കു യോജിച്ച അവിവേകികളായ ഭരണകർത്താക്കളും ചേർന്ന് വലിയൊരു ഭൂവിഭാഗത്തെ നിത്യവിസ്മൃതിയിലാഴ്ത്തില്ലെന്നാരുകണ്ടു? ഇല്ലം ചുടാൻ മടിയുള്ള കൂട്ടരല്ലല്ലോ നമ്മൾ.

ഇന്നാട്ടിലെ ദരിദ്രകോടികളുടെ ചെലവിൽ നടത്തുന്ന ഈ ആത്മഹത്യാശ്രമത്തെപ്പറ്റിയായിരുന്നു നമ്മുടെ കഴിഞ്ഞലക്കത്തിലെ മാഗസിൻ സംസാരിച്ചത്. വൈകാരികതയുടെ കേവലമായൊരു പ്രകടനമായിരുന്നില്ല അതെന്ന് കഴിഞ്ഞുപോയ ഒരു വർഷം തെളിയിച്ചിരിക്കുന്നു. ഭാവിയുദ്ധങ്ങൾ ഒഴിവാക്കാനെന്നുപറഞ്ഞ് നിർമ്മിച്ച അണുവായുധങ്ങൾ കേവലം ഒരു വർഷത്തിനുള്ളിൽ പുതിയൊരു യുദ്ധത്തിനു വഴിമരുന്നിടുകയാണല്ലോ ചെയ്തത്.

യുദ്ധം ഒഴിവാക്കാനോ യുദ്ധത്തിൽ പ്രയോഗിക്കാനോ വേണ്ടിയല്ലായിരുന്നു ആറ്റംബോംബുകൾ നിർമ്മിച്ചതെങ്കിൽ, ഇന്ത്യയിലെയും പാക്കിസ്ഥാനിലെയും ദരിദ്രനാരായണൻമാരോട് വാജ്പേയിയും ശരീഫും മാപ്പു പറയണം- അവരുടെ പിച്ചച്ചട്ടിയിൽ കയ്യിട്ടുവാരിയുണ്ടാക്കിയ ചില്ലറ പാഴ്ചെലവാക്കിയതിന്റെ പേരിൽ. മറിച്ച്, യുദ്ധത്തിൽ പ്രയോഗിക്കാനായിരുന്നു ബോംബുണ്ടാക്കിയതെങ്കിൽ, മാനവരാശിയോടു മൊത്തം ചെയ്യുന്ന അതിഭീകരമായ തെറ്റിന്റെ പേരിൽ, ഇവർ മാപ്പർഹിക്കുന്നില്ല.

*മനുഷ്യനിലെ പ്രാകൃതമായ അക്രമവാസനയുടെ പ്രകാശനമാണ് ഏതു യുദ്ധവും. അതിനെ അമിതമായി മഹത്വവൽക്കരിക്കുന്നത് കാടത്തമാണ്.*



സ്റ്റോറി

അബദ്ധങ്ങളെയോ അസംബന്ധങ്ങളെയോ വിമർശിക്കരുത് എന്ന മട്ടിൽ ഗവൺമെന്റ് ചെയ്ത ആഹ്വാനം ചെവിക്കൊണ്ട് എല്ലാവരും- പ്രതിപക്ഷമടക്കം-രാജ്യത്തോടുള്ള ഉത്തരവാദിത്തം നിറവേറ്റാൻ ബദ്ധശ്രദ്ധരായി. സംഗതി യുദ്ധമാണ്, രാജ്യസ്നേഹമാണ് പ്രശ്നം. സൂക്ഷിച്ചു കളിച്ചില്ലെങ്കിൽ വോട്ട് പോവും. അതിനുവേണ്ടി ജനങ്ങളെ മയക്കത്തിലും മറവിയിലും ആഴ്ത്തുന്നതിൽ ഭരണപ്രതിപക്ഷവ്യത്യാസമില്ല.

ജനങ്ങളുടെ കാര്യമോ? അവർക്ക് വെള്ളമോ വൈദ്യുതിയോ ജീവിതസുരക്ഷയോ വിദ്യാഭ്യാസമോ ഒന്നും കൊടുക്കാത്ത ഗവൺമെന്റ് അതിനു ചെലവാക്കേണ്ട പണമെടുത്ത്, മിഥ്യാഭിമാനത്തിന്റെ പേരിൽ കാശ്മീരിലെ ഒരു തുണ്ട് ഭൂമിക്കുവേണ്ടി ചെലവാക്കിയിട്ട് ദേശസ്നേഹം പ്രസംഗിക്കുന്നതു നോക്കി പുളകിതരായി, നമ്മൾ ജനങ്ങൾ. നമ്മുടെ ആവശ്യങ്ങൾ നടന്നില്ലെങ്കിലെന്ത്? കാശ്മീരിൽ നമുക്ക് കുറേ മഞ്ഞുണ്ടല്ലോ.

കാശ്മീരിലെ കുറേ മഞ്ഞാണോ നമ്മുടെ പ്രശ്നം? ചിന്തിക്കുന്നവരെന്നവകാശപ്പെടുന്ന നമ്മുടെ ജനം പറയട്ടെ. ദേശസ്നേഹത്തെ നമ്മളെന്തിനാണ് ഒരു മൗലികവാദമാക്കുന്നത്? ശരിയാണ്, സ്വരാജ്യമെന്നത് ഏതൊരു പൗരനെ സംബന്ധിച്ചും മൃദുലമായൊരു വൈകാരികതയാണ്. അതുകൊണ്ടാണല്ലോ വർഷാവർഷം തെരഞ്ഞെടുപ്പിന്റെ പേരിൽ പൊറാട്ടുനാടകമാടുന്ന രാഷ്ട്രീയത്തൊഴിലാളികൾ ദേശസ്നേഹം പ്രസംഗിക്കുമ്പോൾ നമ്മൾ അവരോട് ക്ഷമിച്ചുകളയുന്നത്. നമ്മുടെ അടുപ്പിൽ തീ പുകഞ്ഞില്ലെങ്കിലും കാർഗിലിലും ക്രിക്കറ്റിലും ഇന്ത്യ ജയിച്ചാൽ മതി എന്നു നാം നിഷ്കളങ്കരായി ആഗ്രഹിക്കുന്നതും അതുകൊണ്ടാണല്ലോ. പ്രിയപ്പെട്ട ഇന്ത്യാക്കാരാ, ദേശസ്നേഹം ഒരു തെമ്മാടിയുടെ അവസാനത്തെ കച്ചിത്തുരുമ്പാണ് എന്ന പഴഞ്ചൊല്ല് നമ്മുടെ ഭരണവർഗ്ഗം ഒരുപാടുമുമ്പേ മനസ്സിലാക്കിയിട്ടുണ്ട്. നമ്മുടെ ദേശസ്നേഹം അകിടുവറ്റാത്തൊരു കറവപ്പശുവാണെന്നും അവർ മനസ്സിലാക്കിയിരിക്കുന്നു.

ദേശസ്നേഹത്തെ നമ്മൾ ചില ചതുരവടിവുകളിൽ നിർവ്വചിച്ചു വച്ചിരിക്കുകയാണ്. മന്ത്രിമാരും പട്ടാളക്കാരും മാത്രമാണ് രാഷ്ട്രനിർമ്മാണം നടത്തുന്നതെന്നും നാം ധരിച്ചിട്ടുണ്ടെന്നു തോന്നുന്നു. സർദാർ സരോവർ പ്രൊജക്ടുമൂലം തെരുവിലേക്കോ മരണത്തിലേക്കോ നിർദാക്ഷിണ്യം വലിച്ചെറിയപ്പെടുന്ന ആയിരങ്ങൾക്കുവേണ്ടി ജീവത്യാഗത്തിനൊരുങ്ങുന്ന മേധാപട്കർ വികസനം മുടക്കുന്ന ദേശദ്രോഹിയായി ചിത്രീകരിക്കപ്പെടുന്നത് അതുകൊണ്ടല്ലേ? എന്നാൽ പതിനായിരം പേരെ പിച്ചക്കാശിനു തുല്യമായ നഷ്ടപരിഹാരം മാത്രം കൊടുത്ത് സ്വന്തം ഭൂമിയിൽനിന്നും ഇറക്കിവിട്ടിട്ട് ദേശസ്നേഹവും യുദ്ധവും പ്രസംഗിക്കുന്ന നമ്മുടെ സർക്കാരുകളേക്കാൾ വലിയ ദേശദ്രോഹികൾ വേറെയാരുണ്ട്? നർമ്മദാവാലിയിലെ പാവങ്ങൾ ജീവിച്ചുപോന്ന അവരുടെ സ്വന്തം ഭൂമി മുങ്ങിപ്പോയാലെന്ത്, കാശ്മീരിലെ മഞ്ഞും ചോരയും ഉറഞ്ഞുകിടക്കുന്ന തരിശുഭൂമിയുണ്ടല്ലോ എന്ന ചിന്ത ദേശസ്നേഹത്തിൽനിന്നല്ല, മനസ്സിന്റെ വൈകല്യത്തിൽനിന്നാണ് ഉണ്ടാവുക.ദേശസ്നേഹമെന്നാൽ ദേശത്തിലെ ജനങ്ങളോടുള്ള സ്നേഹമായിരിക്കണം എന്ന ലളിതമായ തിരിച്ചറിവ് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. കാർഗിൽ റിപ്പോർട്ടുകളിൽ അതിവൈകാരികത കോരിയൊഴിക്കുന്ന പത്രമാധ്യമങ്ങളും ഇതുതന്നെയാണ് ചെയ്യുന്നത്. ഒരു ജനതയുടെ മൊത്തം അതിജീവനത്തിന്റെ സങ്കീർണ്ണപ്രശ്നമായ നർമ്മദയിലെ പ്രതിഷേധം മാധ്യമങ്ങളിൽ നിസ്സാരവാർത്തകളായി ഒതുങ്ങുന്നത് അത് വിറ്റഴിക്കാൻ എളുപ്പമല്ലാത്ത ചരക്കായതുകൊണ്ടാണല്ലോ.

കാർഗിലിലെ യുദ്ധത്തിനു സമാന്തരമായി ക്രിക്കറ്റിന്റെ ലോകകപ്പ് നടന്നുകൊണ്ടിരിക്കവേ നമ്മുടെ മാധ്യമങ്ങൾ മറ്റൊരു യുദ്ധം ആഘോഷിക്കുകയായിരുന്നു. 'ഇന്ത്യ പാക്കിസ്ഥാന്റെ കഥ കഴിച്ചു'. 'പാക്കിസ്ഥാനെ ഇന്ത്യ നാണംകെടുത്തി', 'സച്ചിൻ ഇന്ത്യയുടെ രക്ഷകനായി' എന്നൊക്കെയുള്ള തലക്കെട്ടുകൾ കാണുമ്പോൾ ഒരു ശരാശരി ഇന്ത്യക്കാരന് എന്താണ് തോന്നുക? ദേശീയബോധത്തെ ക്രിക്കറ്റിലേക്കു പരാവർത്തനം ചെയ്യുമ്പോൾ ഒരു കൂട്ടം കളിക്കാരുടെ വിജയപരാജയങ്ങൾ രാജ്യത്തിന്റെ മൊത്തം വിജയപരാജയങ്ങളായിമാറുന്നു. കളിക്കാർക്ക് പരസ്യക്കമ്പനികളോടുള്ള ഉത്തരവാദിത്തം രാജ്യത്തോടുള്ള ഉത്തരവാദിത്തമാണെന്ന് നാം വിശ്വസിച്ചുപോകുന്നു. രാജ്യത്തെ രക്ഷിക്കേണ്ടത് ഭരണകർത്താക്കളല്ല സച്ചിൻ ടെണ്ടുൽക്കറാണെന്നു തോന്നും, മാധ്യമങ്ങളുടെ റിപ്പോർട്ടും നമ്മുടെ ആവേശവും കണ്ടാൽ. ലോകകപ്പിൽ ഇന്ത്യ പാക്കിസ്ഥാനെ പരാജയപ്പെടുത്തിയ ദിവസം വിദ്യാസമ്പന്നരായ നമ്മുടെ യുവജനങ്ങൾ പാതിരാത്രിക്ക് പടക്കം പൊട്ടിച്ചും ഘോഷയാത്ര നടത്തിയും പാക്കിസ്ഥാന്റെ പതാക കത്തിച്ചുമാണ് വിജയമാഘോഷിച്ചത്. പാക്കിസ്ഥാനിൽ ചിലരാകട്ടെ നാണക്കേട് സഹിക്കാനാവാതെ ആത്മഹത്യചെയ്തു. ദേശാഭിമാനം ജനങ്ങളെ ഭ്രാന്തൻമാരാക്കുന്നത് ഇങ്ങനെയാണ്. ഈ നാട്ടിൽ നടക്കുന്ന എണ്ണിയാലൊടുങ്ങാത്ത വൃത്തികേടുകളും ഹീനകൃ





ത്യങ്ങളും ചൂഷണവുമൊക്കെ സൗകര്യപൂർവ്വം മറന്നിട്ട് ക്രിക്കറ്റിലെ ജയപരാജയങ്ങൾക്കനുസരിച്ച് നാണക്കേടിനെ നിർവ്വചിക്കാനാണ് മാധ്യമങ്ങൾ ജനതയെ ശീലിപ്പിക്കുന്നത്.

ഒരു രാഷ്ട്രത്തെ മുഴുവൻ കുറ്റകരമായ മറവിയിലാഴ്ത്തുന്ന ഈ നിരുത്തരവാദിത്തം തന്നെയാണ് കാർഗിൽഫണ്ടുകൾ എന്ന യുദ്ധകാലപ്രതിഭാസത്തിന്റെ പിന്നിലും. അതിർത്തിയിൽ ജീവൻ വെടിഞ്ഞും നമ്മുടെ മണ്ണു കാത്തുസൂക്ഷിക്കുന്ന പട്ടാളക്കാരനോടുള്ള നമ്മുടെ ഉത്തരവാദിത്തം തീർക്കാനാണ് നാം കുറ്റബോധത്തോടെ കാർഗിൽ ദുരിതാശ്വാസഫണ്ട് രൂപീകരിക്കുന്നത്, കള്ളൻമാരും കരിഞ്ചന്തക്കാരും ശ്രദ്ധിക്കുക-ഇൻകംടാക്സ് ഇളവുണ്ട് എന്നു പ്രഖ്യാപിക്കുന്നത്. രാജ്യത്തോടുള്ള കടമ നിർവഹിക്കാൻ എല്ലാവർക്കും ഇതാ ഒരവസരം. യുദ്ധത്തിൽ മരിച്ച പട്ടാളക്കാരന്റെ വിധവയ്ക്ക് പണം കൊടുത്ത് നമ്മളും ധീരദേശാഭിമാനികളാകുന്നു. എത്രയെളുപ്പത്തിൽ കഴിഞ്ഞു, ദേശാഭിമാനത്തിന്റെ പ്രകടനങ്ങൾ. പക്ഷേ, ദുരിതാശ്വാസത്തിന്റെ ചോര മണക്കുന്ന പണക്കെട്ട് നല്കി നമ്മൾ ഉപേക്ഷിച്ചു പോരുന്നവരുടെ കാര്യമോ?



ലീവിൽ വന്ന സൈനികൻ വിവാഹം കഴിയ്ക്കുന്നതായും യുദ്ധം കൊടുമ്പിരിക്കൊൾകെ ദേശാഭിമാനത്താൽ പ്രചോദിതനായി ലീവും മധുവിധുവും റദ്ദാക്കി അയാൾ യുദ്ധഭൂമിയിലേക്ക് പോയതായും പത്രത്തിൽ വായിച്ച നാം ഒരു മാസം കഴിഞ്ഞ് അയാളുടെ വിധവയുടെ കരഞ്ഞുവീർത്ത മുഖമാണ് കാണുന്നത്. സൈനികൻ ചെയ്തതിലെ ശരിതെറ്റുകൾ എന്തുമാകട്ടെ. രണ്ടാഴ്ചക്കാലത്തെ ദാമ്പത്യം വിധവയാക്കി മാറ്റിയ പെൺകുട്ടിയെ സമാധാനിപ്പിക്കാൻ ദേശാഭിമാനത്തിന്റെ ഏതു നിർവ്വചനങ്ങൾക്കാണ് സാധിക്കുക?

നിങ്ങളുടെ ഭർത്താവ് രാജ്യത്തിനുവേണ്ടിയാണ് ജീവൻവെടിഞ്ഞതെന്നോർത്ത് സമാധാനിക്കാൻ പറയുന്ന രാഷ്ട്രീയക്കാരന്റെ മുമ്പിൽ അവൾക്ക് കരയാൻ കഴിയുന്നില്ല. ഒടുവിൽ, പത്രക്കാർക്കുവേണ്ടി, ആരോ പഠിപ്പിച്ചുകൊടുത്തതു പറയും വിധം അവളും ഇങ്ങനെ ചിലതു പറയുന്നു. 'രാജ്യസംരക്ഷണത്തിനുവേണ്ടിയാണല്ലോ എന്റെ ഭർത്താവ് മരിച്ചതെന്നോർക്കുമ്പോൾ ഈ ദുഃഖത്തിലും എനിക്കഭിമാനമുണ്ട്...' ഒന്നു മാറിനിന്നു കരയാൻ പോലും സമ്മതിക്കാത്ത പത്രക്കാരുടെയും ടി.വി.ക്കാരുടെയും മുന്നിൽ അവളപ്പോൾ തേങ്ങിപ്പോകുന്നു.

ആർക്കുവേണ്ടിയാണ് നാം അവളെക്കൊണ്ട് ഈ വലിയ നുണ പറയിക്കുന്നത്?

### തോറ്റുപോയ പട്ടാളക്കാരന്....

അവൻ ഇന്ത്യക്കാരനോ പാക്കിസ്ഥാനിയോ ആവട്ടെ, ലോകമെങ്ങും പട്ടാളക്കാരന്റെ ഗതി ഇതുതന്നെയാണ്.

പുല്ലുപോലും മുളയ്ക്കാത്ത കാർഗിൽ കുന്നുകളിൽ പിടഞ്ഞുവീണ ഇന്ത്യൻപടയാളികളും പാക്കിസ്ഥാൻ ഗവൺമെന്റ് താത്പര്യം കാണിക്കാത്തതുമൂലം ഇന്ത്യൻമണ്ണിൽ കൂട്ടത്തോടെ മറവുചെയ്യപ്പെട്ട പാക്കിസ്ഥാൻ സൈനികരുമെല്ലാം നമ്മുടെ വ്യാജദേശാഭിമാനത്തിന്റെ ഇരകളാണ്.

ടി.യു. വിനോദ്
രണ്ടാം വർഷ സാമ്പത്തികശാസ്ത്രബിരുദം

# സൈക്കിൾ

ടൈംപീസിന്റെ ശബ്ദം കേട്ട് ഞാൻ ഞെട്ടിയുണർന്നു. സമയം 4.45. അടുക്കളയിൽ സ്റ്റൗ കത്തുന്ന ശബ്ദം കേൾക്കുന്നുണ്ട്. പനി ബാധിച്ചിരുന്നിട്ടും അമ്മ നേരത്തേ എഴുന്നേറ്റിരിക്കുന്നു. എന്നെ കണ്ടയുടനെ അമ്മ പറഞ്ഞു.

"ഇന്ന് നല്ല മഞ്ഞുണ്ട്. കുറച്ചു കഴിഞ്ഞു പോകാം. വെറുതെ പനിപിടിക്കണ്ട."

ഗ്ലാസ്സിൽ പകർന്നു തന്ന ചൂടൻചായ ഊതിക്കുടിച്ച് ഞാൻ അമ്മയുടെ നിർദ്ദേശം വകവെയ്ക്കാതെ സൈക്കിളുമെടുത്ത് പുറപ്പെട്ടു.

ചെളികുഴഞ്ഞ റോഡുകൾ. തെരുവുകളിൽ ഇരുളിന്റെ സാമീപ്യം. മിന്നാമിനുങ്ങിനെ ഇളിഭ്യരാക്കാൻ ഇടയ്ക്കിടെ ബൾബിന്റെ പ്രകാശം. അതിനു ചുറ്റും ഈയലുകൾ വട്ടമിട്ടു നടക്കുന്നു. ആകാശത്തെ നക്ഷത്രങ്ങൾ എല്ലാം മറഞ്ഞിരുന്നു. ചില ദിവസങ്ങളിൽ പൂർണ്ണചന്ദ്രൻ തെളിഞ്ഞുനിൽപ്പുണ്ടായിരിക്കും. അന്നേദിവസങ്ങളിൽ പകൽ സമയത്ത് സഞ്ചരിക്കുന്നതുപോലെ തോന്നും.

ആകാശത്ത് നക്ഷത്രങ്ങളുണ്ടെങ്കിൽ ഞാൻ കുടയെടുക്കാറില്ല. കാരണം അന്നു മഴപെയ്യുകയില്ലെന്നുറപ്പാണ്. പക്ഷെ ഇന്ന് നക്ഷത്രങ്ങൾ മഴമേഘങ്ങൾക്കിടയിൽ മറഞ്ഞിരുന്നു. കൊള്ളിയാനുകളെ കാണുമ്പോൾ ഞാൻ കാര്യമായി ഒന്നും ആലോചിക്കാറുമില്ല. ബണ്ടിലൂടെ വെള്ളം ഒഴുകുന്നുണ്ട്. അതിനുമുകളിലൂടെ ആവി പറക്കുന്നതു പോലെ പുകയുയരുന്നു. വയലുകളുടെ പച്ച നിറം ഇരുട്ടത്തു കാണുവാൻ നല്ല രസമാണ്.

വളരെ പതുക്കെയാണ് ഞാൻ സൈക്കിൾ ചവിട്ടാറ്. വേഗത വായിച്ചു മറന്ന പുസ്തകത്തെപ്പോലെയാണ്. സൈക്കിളിൽ നിന്നു കേൾക്കുന്ന ചെറിയ ചെറിയ ശബ്ദങ്ങൾ എന്നെ അലോസരപ്പെടുത്താറില്ല. വല്ലപ്പോഴുമാണ് ഞാനതിൽ എണ്ണയൊഴിക്കാറ്. അത്രയും കാലം അത് ചെളിപിടിച്ചിരിക്കും. അതുകാരണം അച്ഛന്റെ കൈയിൽ നിന്ന് ചീത്ത കേൾക്കുക പതിവാണ്.

എനിക്കുള്ള പത്രക്കെട്ട് അവിടെ ഒരുക്കിവെച്ചിരുന്നു. ചേവുക്ക അങ്ങനെയാണ്. എല്ലാറ്റിനും ഒരു അടുക്കും ചിട്ടയും. അഞ്ഞൂറോളം പത്രങ്ങൾ അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുണ്ട്. ഇത്രയും വീടുകളുടെ ചരിത്രം പൂർണ്ണമായും അദ്ദേഹത്തിനറിയാം. അത്തരത്തിലുള്ള ഒരു ലിസ്റ്റ് അദ്ദേഹം എനിക്കു നൽകിയിട്ടുണ്ട്. അതൊക്കെ എനിക്കിന്ന് കാണാപ്പാഠമാണ്.

"ശ്രദ്ധ വേണം. ശ്രദ്ധ തെറ്റിയാൽ പത്രം ഇടാൻ മറന്നു പോകും."

ചേവുക്കയുടെ സ്ഥിരം പല്ലവിയാണിത്. "ഒരു ടൈപ്പ് റൈറ്റിംഗ് മെഷീനിലേക്ക് കൈകൾ എങ്ങിനെയാണോ ചലിക്കുന്നത് അതു പോലെയായിരിക്കണം ഓരോ വീടുകളുടെയും കാര്യത്തിൽ". -അദ്ദേഹം പുരിപ്പിക്കും.

നേരം വെളുക്കുന്നതിന്റെ ലക്ഷണങ്ങൾ പ്രകൃതിയിൽ കണ്ടുതുടങ്ങി. പള്ളികളിൽ നിന്ന് ബാങ്കുവിളികളുണർന്നു. ചേവുക്ക പത്രക്കെട്ടുകൾക്കരികിൽ കാലുകൾ നിലത്തൂന്നി നിസ്കരിക്കും. വന്യമായ ശബ്ദത്തിൽ 'അള്ളാ' എന്നു വിളിക്കും. പിന്നെ നിസ്കാരം കഴിഞ്ഞതിനുശേഷമേ എന്തെങ്കിലും സംസാരിക്കാൻ കഴിയൂ. അതുകൊണ്ട് എന്തെങ്കിലും പറയാനുണ്ടെങ്കിൽ അദ്ദേഹം കടലാസിൽ എഴുതിവെച്ചിരിക്കും.

മെയിൻ റോഡുകളിലൂടെ പത്രം കൊണ്ടുപോവുക ഏറെ ബുദ്ധിമുട്ടാണ്-പ്രത്യേകിച്ചും മഴയുള്ളപ്പോൾ. വെളുപ്പിനെ സൗകര്യം മുതലെടുത്ത് വാഹനങ്ങൾ ചീറിപ്പാഞ്ഞാണ് കടന്നു പോവുക. എങ്കിലും ഇറക്കങ്ങളിൽ എന്റെ കൈകൾ സ്വതന്ത്രമായിരിക്കും. കൈവിട്ട് സൈക്കിൾ ഓടിക്കുന്നത് ലോകത്തിൽ ഞാൻമാത്രമാണെന്നായിരിക്കും അപ്പോഴത്തെ ധാരണ. ഞാൻ തിരിച്ചു വരുന്നതുവരെ ആധി എന്റെ അമ്മയ്ക്കായിരിക്കും.

"ദേ. നിങ്ങളൊന്നു പറയുന്നേ. ഇവന് ഇതിന്റെ വല്ല ആവശ്യവുമുണ്ടോ?"

അമ്മ അച്ഛനോട് ചോദ്യഭാവത്തിൽ ചോദിക്കും. എട്ടുമണിവരെ ഉറങ്ങി സൂര്യദേവനെ വെറുപ്പിക്കുന്നതിലും ഭേദം ഇതു തന്നെയാണെന്ന് ഞാൻ പറയും. ദൈവങ്ങളെപ്പിടിച്ചു പറഞ്ഞാൽ അമ്മ മറുത്തു പറയില്ല. ഈയിടെയായി അച്ഛനും ആ പാതയിലേയ്ക്കാണെന്നു തോന്നുന്നു. അമ്മയുടെ വിജയം-അല്ലാതെന്തു പറയാൻ.

ഈയിടെയായി എന്റെ അനിയനും ഈ രംഗത്തേക്കു വരുവാൻ തയ്യാറായി. ഒരു സൈക്കിളും കൂടിയുണ്ടായിരുന്നെങ്കിൽ അവനും കൂടി പോന്നേനെ. ഇതറിഞ്ഞപ്പോൾ അമ്മ പറഞ്ഞു.

"ഇനി അതിന്റെ കുറവേയുള്ളൂ. ഇപ്പോത്തന്നെ ആളുകൾ പറയുന്നു. മക്കളെ ജോലിക്കയച്ച് അമ്മ സുഖിക്ക്യാണെന്ന്. അവരറിയുന്നുണ്ടോ, ഒരു നയാപൈസ എനിക്കു തരില്ലെന്ന്. ഈ പൈസയൊക്കെ എന്തു ചെയ്യുന്നു. ഒരു ഷർട്ടിന്റെ തുണിയെങ്കിലും വാങ്ങിച്ചിട്ടുണ്ടോ?"

വായിക്കാൻ ആ വീട്ടുകാർ എന്തു ചെയ്യും? പക്ഷേ ഞാനിതുവരെ മുടങ്ങിയിട്ടില്ല. പനിക്കിടക്കയിൽ നിന്നു വരെ എഴുന്നേറ്റു പോയിട്ടുണ്ട്, പത്രം പ്ലാസ്റ്റിക് കടലാസു കൊണ്ടുമൂടി. കുട ചൂടാൻ ഞാൻ തയ്യാറായില്ല. ആരും കാണാതെ, ആരും വഴക്കു പറയാതെ വെറുതെ ഇങ്ങനെ മഴനനയാൻ എന്തു രസമാണെന്നറിയുമോ?

ഇനിയൊരു കയറ്റമാണ്. സൈക്കിൾ തള്ളേണ്ടി വരും. ആ കയറ്റം കയറിയാൽ കോളേജ് ഗെയിറ്റിനു മുന്നിലെത്താം. അതു കഴിഞ്ഞുള്ള ഇറക്കത്തിൽ തുടങ്ങുന്നു ഞാൻ എത്തിച്ചേരേണ്ട വീടുകൾ. ചില വീടുകൾക്കു മുന്നിൽ ചിലന്തികൾ കൂടുകൂട്ടിയിരിക്കും. പട്ടികളെ അഴിച്ചു വിട്ടിരിക്കും. റബർ മരങ്ങൾക്കിടയിലൂടെ ഒരു വിമാനം വിറങ്ങലിച്ചു കടന്നു പോയി. ഞാൻ ചില വീടുകളിലേക്ക് ചുഴറ്റിയെറിയുന്ന പത്രങ്ങൾ ഒരു ചിറകൊടിഞ്ഞ പക്ഷിയെ പോലെ താഴെ വീണു മഴ നനയാറുണ്ട്.



"ആളുകൾക്കെന്താ പറഞ്ഞു കൂടാത്തത്?" ഞാൻ സൗമ്യനായി പറയും. വാസ്തവത്തിൽ എനിക്കു കിട്ടുന്ന നൂറിന്റെ നോട്ടുകൾ എങ്ങനെ ചെലവാകുന്നുവെന്ന് എനിക്കറിയില്ല. ഒന്നെനിക്കറിയാം, ആ നോട്ടുകൾ മുഴുവൻ എന്റെ വയറ്റിലേക്കല്ല പോയിരുന്നത്.

"ഈ ജോലി ഒരു സേവനമാണ്". ഒരു പൊതുപ്രവർത്തകൻ എന്നോടു പറഞ്ഞു. ഞാനത് വകവെച്ചില്ല. വേതനം ലഭിക്കുന്ന തൊഴിലെല്ലാം സേവനമാണെങ്കിൽ പിന്നെ വകതിരിവെന്തിന്?

മഴ ചാറിക്കൊണ്ടിരുന്നു. ചെവിയിൽ തണുത്ത കാറ്റടിക്കരുതെന്നാണ് ഡോക്ടർ പറഞ്ഞിരുന്നത്. ഒരു ദിവസം എനിക്കസുഖം വന്നാൽ അന്നത്തെ പത്രം

മുകുന്ദൻ സാറിന്റെ വീട്ടിൽ നിന്ന് ഭജനപ്പാട്ടുകൾ കേൾക്കാൻ ഞാൻ കാതുകൂർപ്പിച്ചു. പക്ഷേ അവിടം നിശ്ശബ്ദമായിരുന്നു. പോകുന്ന വഴിക്കുള്ള നിരവധി ദേവാലയങ്ങളിൽ എന്റെ പ്രാർത്ഥനകൾ ചെല്ലാറില്ലായിരുന്നു. പകരം പത്രങ്ങളെത്തിയിരുന്നു. ബസ്സ്റ്റോപ്പിൽ മുഖപരിചയമുള്ള അഞ്ചോ ആറോ പെൺകുട്ടികൾ നിൽക്കുന്നു. ആകെ ചമ്മലായി. ഹോസ്റ്റലിൽ നിന്ന് വെളുപ്പിനെ വണ്ടിപിടിക്കാൻ നിൽക്കുന്നവരായിരിക്കും. പക്ഷേ അവരെന്നെയോ ഞാൻ അവരെയോ വകവെച്ചില്ല. എന്റെ കള്ളിമുണ്ടും ഷർട്ടും അവർക്ക് അപരിചിതമായിരിക്കും.

ഒരു ദിവസം കാലത്ത് ഞാൻ അവളെ കണ്ടു. ക്രിസ്ത്യാനിക്കൂട്ടുകാരികളുമൊത്ത് പള്ളിയിൽ

പോകുന്നു. ഞാൻ ആകെ വിളറിപ്പോയി. എന്റെ സ്വകാര്യതകളിലും അവൾ കടന്നുവരാൻ തുടങ്ങിയോ? ഞാൻ ന്യായമായും സംശയിച്ചു. ദൂരെയേതോ നാട്ടിൽ നിന്ന് എന്തിന്? അതിനുത്തരം കണ്ടെത്തുന്നതിനിടയിൽ എനിക്ക് വിചിത്രമായ ഒരു സംഗതി പിടികിട്ടി. ഞാൻ ആഗ്രഹിക്കുമ്പോഴൊക്കെ അവളെന്റെ മുന്നിലെത്തുന്നു. പിന്നെ ഒന്നും നോക്കിയില്ല. ഞാൻ പറഞ്ഞു—

"എനിക്കു നിന്നെ ഇഷ്ടമാണ്." ഞാൻ തിരിച്ചു പോന്നു. പേരു ചോദിക്കാതിരുന്നത് മണ്ടത്തരമായിപ്പോയതിലുള്ള ദുഃഖം എന്നെ വളരെനാൾ അലട്ടി. പിന്നീടറിഞ്ഞു പൊരുത്തങ്ങൾ അനവധിയെന്ന്. ഒരു ദിവസം അവളുടെ കൂട്ടുകാരി എന്നോടു ചോദിച്ചു, അവളെ പ്രേമിക്കാനുള്ള യോഗ്യതയെന്തെന്ന്. ഞാൻ ഒന്നും പറഞ്ഞില്ല. വെറുതെ എന്റെ കൈയിലെ തഴമ്പുകളിൽ തലോടിക്കൊണ്ടിരുന്നു.

ഇപ്പോൾ അവളെവിടെയെന്നെനിക്കറിയില്ല. എനിക്കുറപ്പാണ്, അവൾ ഇനിയും എന്നെ തേടി വരും.

കോളേജിന്റെ ഇരുമ്പുകവാടത്തിനു മുന്നിലെത്തിയപ്പോഴേക്കും ഞാൻ ക്ഷീണിച്ചിരുന്നു. ഇനിയൊരു ഇറക്കമാണ്. കുറ്റാക്കൂരിരുട്ടിലേക്ക്. ഞാൻ കൈകൾ വാനിലേക്കുയർത്തി. സൈക്കിളിന്റെ വേഗതയേറി വന്നു. മഴയുടെ വേഗത കൂടി. എന്നിട്ടും ഞാൻ കുട ചൂടിയില്ല. അകലെ രണ്ട് ഹെഡ്‌ലൈറ്റുകൾ മിന്നുന്നു. ക്രൂരമായ ഇരമ്പം. 5.30ന്റെ ബസ്സാണ്. ഞാൻ ഓർത്തു. ഞാൻ പതിയെ ബ്രേക്കുപിടിച്ചു. മുൻവശത്തെ ടയർ തെന്നി. ബാലൻസു നിയന്ത്രിക്കും മുൻപ് ക്യാരിയറിലെ പത്രങ്ങൾ തെറിച്ച് റോഡിൽ വീണു നനഞ്ഞു. ബസ്സ് അടുത്തടുത്തു വന്നു കൊണ്ടിരുന്നു. സൈക്കിൾ അനുസരണയില്ലാത്ത കുട്ടിയെപ്പോലെ ഓടി. പത്രത്തിലെ ചരമക്കോളങ്ങളിലേക്ക് എന്റെ സൈക്കിൾ ഓടിക്കയറുന്നതു പോലെ എനിക്കു തോന്നി. അന്ന് ലോകമറിയും ഞാനൊരു വിദ്യാർത്ഥിയേക്കാളുപരി ഒരു പത്രവിതരണക്കാരൻ മാത്രമാണെന്ന്. എനിക്കു മടുത്തിരിക്കുന്നു, ഇങ്ങനെയുള്ള ജീവിതം. എല്ലാം ഒരാവർത്തനം പോലെ. പുതിയതായി ഒന്നുമില്ല. മനുഷ്യൻ സൃഷ്ടിക്കുന്ന വാർത്തകളല്ലാതെ, അതു വായിച്ചാസ്വദിക്കുന്നവരല്ലാതെ. പിന്നെ സൈക്കിൾ നിറുത്താൻ ശ്രമിച്ചില്ല. ബസ്സിന്റെ ഹോണടി കാതിൽ മുഴങ്ങി. ലൈറ്റ് കണ്ണിലേക്കടിച്ചതുകാരണം ഒന്നും കാണുന്നില്ല. എനിക്കെത്തേണ്ട വീടുകളെക്കുറിച്ച് ഞാൻ ഒരു നിമിഷം ഓർത്തു. അവിടെയിടേണ്ട പത്രങ്ങളെക്കുറിച്ചും. പിന്നെയെന്റെ സൈക്കിളിനെ ക്കുറിച്ചും.

HIGH SECURITY
FEDERAL DEPOSITS
GOOD RETURNS

FROM FEDERAL BANK

**The Smartest Way To Save!**

Federal Deposits from Federal Bank. With 7 high return deposit schemes to choose from, surely, there's one to match your need • Aiswarya Deposit • Fixed Deposit • Cash Certificate • Multi-Benefit Deposit • Federal Saving Fund • Super Saving Fund • Fed Flexi Deposit. For more details, contact us.

THE FEDERAL BANK LIMITED Regd. Office: Alwaye, Kerala.
YOUR PERFECT BAKING PARTNER.
Visit us at http://www.federal-bank.com

Mathew R. John, IInd PDC II group



Darkness still gives way to light
The morning never fails
The sun still greets and the flowers still bloom
But with man, time always wins the race
yes, intelligent man.
It hurst to write...
Of the darkness we've failed to see
Of the pleasing light in which we pretend to be
To write about the unkept promises
Of the unspoken words
Of the forgotten debts
about the malice in our deeds and the goodness of our words
about the double faces and the hidden meanings
In the sweetest of smiles, where we hid our ambitions,
In our 'honest cries', when sympathy was the need of the hour

In the news that we read on time,
In the water that flowed down the Ganga,
In the vows that we took with pride,
We lost our faces, brethren, we disappeared into ourselves

For all that we have claimed to be,
There stands mute witness - the princes and princesses of the disolate streets

What better reverses than we 'survivors'
'We who have seen everything and known nothing'.

# CONTRADICTIONS

A complete
ayurvedic
bath




# Medimix

The soap
that cares

# യൂണിയൻ അംഗങ്ങൾ



വൈസ് ചെയർപേഴ്സൺ
ബിന്ദ്യ ഇബ്രാഹിം



ജനറൽ സെക്രട്ടറി
ഗിരീഷ് കെ.



ചെയർമാൻ
മനോജ് ജി. കൃഷ്ണൻ



യു.യു.സി.
സുൽഫിക്കർ ഒ.എ.



യു.യു.സി.
ദിൽജിത്ത് കെ.എൻ.



ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി
വിനു എം.



മാഗസിൻ എഡിറ്റർ
ജിനി കെ. ഗോപിനാഥ്

# വനിതാ പ്രതിനിധികൾ



സീനാ ബി. നായർ



ഷീനാ വർഗ്ഗീസ്

# ക്ലാസ് പ്രതിനിധികൾ



ഒന്നാം വർഷ പ്രീഡിഗ്രി
അജീഷ് പി.ആർ.



രണ്ടാം വർഷ പ്രീഡിഗ്രി
ഷിബു എൻ.എ.



ഒന്നാം വർഷ ബിരുദം
നോബി പി.ജെ.



രണ്ടാം വർഷ ബിരുദം
വിമൽ പി.എൻ.



മൂന്നാം വർഷ ബിരുദം
സെബി തോമസ്



ഒന്നാം വർഷ പി.ജി
അജീവ് കെ.കെ.



രണ്ടാം വർഷ പി.ജി
ഷിജോ ആന്റണി

# നിർദ്ദേശിക്കപ്പെട്ടവർ



ജനറൽ ക്യാപ്റ്റൻ
വിമൽ കെ.എൻ.



പിന്നോക്കവിഭാഗപ്രതിനിധി
രൂപേഷ്കുമാർ



ഡിബേറ്റ് ക്ലബ്ബ്
റിയാസ് എ.ജെ.



സിനി ക്ലബ്ബ്
അനിൽ സി.വി.



സ്റ്റാഫ് അഡ്വൈസർ
കെ.വി. കുഞ്ഞികൃഷ്ണൻ



ക്വിസ് ക്ലബ്ബ്
വിനോദ് ടി.യു.



എസ്. എസ്. ലീഗ്
അൻവർ സാദത്ത്



പ്ലാനിങ് ഫോറം
രഞ്ജിനി കൃഷ്ണൻ



കാന്റീൻ സെക്രട്ടറി
അനിൽ ബി.വി.

# INSTITUTE OF MATHEMATICS

St. George Building, Aluva Road, ANGAMALI, ✆: 0484-455118 (Off.), 453819 (Resi.)

## ADMISSION OPEN FOR

**I PDC / CBSE / STD XI / T.H.S.LC. / Med. / Engg.**
**I, II & IIIrd BSc and BCom / CA Foundation /**
**ICWAI Diploma, BTech / MSc. Maths**

ഈ കഴിഞ്ഞ PDC പരീക്ഷയിൽ ☞ DISTINCTION 20 | FIRST CLASS 115 | SECOND CLASS 39

I PDC / CBSE XI / STD XI / THSLC ട്യൂഷൻ ക്ലാസ്സുകളും Med/Engg. Entrance Coaching ക്ലാസ്സുകളും ആരംഭിച്ചിരിക്കുന്നു. Admission തുടരുന്നു. Maths, Physics, Chemistry, Zoology, Botany, Accountancy, English, Hindi എന്നീ വിഷയങ്ങൾക്ക് പ്രഗത്ഭരും പരിചയസമ്പന്നരുമായ അദ്ധ്യാപകർ നൽകുന്ന Special Coaching. M.Sc., BSc, BCom, BA-Maths, Physics, Chemistry, Statistics, Accountancy, Costing, English എന്നീ വിഷയങ്ങൾക്ക് ട്യൂഷൻ ക്ലാസ്സുകൾ II & III BSc. & BCom. ട്യൂഷൻ ക്ലാസ്സുകൾ ആരംഭിച്ചിരിക്കുന്നു. Admission തുടരുന്നു. BSc. Maths (Parallel) ക്ലാസ്സുകൾ ഈ വർഷം ആരംഭിക്കുന്നു.

- 2nd Group വിദ്യാർത്ഥികൾക്ക് Maths Additional ആയി എഴുതുവാൻ പ്രത്യേക സൗകര്യം.
- PDC Falied Batch (Sept/March) English & Subjects.
- പ്രീഡിഗ്രിക്കാർക്ക് വിവിധ ബാച്ചുകൾ - Sat & Sunday Batch, Morning & Evening Batches.
- Pre-Degree ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ബാച്ചുകൾ.
- CBSE / Std XI & XII വിന് പ്രത്യേക ബാച്ചുകൾ Morning Batch, Evening Batch, Sat. & Sunday Batch.
- PDC Commerce Group എടുക്കാത്തവർക്ക് BCom., Accountancy ക്ക് Spceial Coaching
- I & II PDC Accoutancy, English എന്നീ വിഷയങ്ങൾക്ക് ട്യൂഷൻ ക്ലാസ്സുകൾ ആരംഭിച്ചിരിക്കുന്നു. അഡ്മിഷൻ തുടരുന്നു.
- Maths Additional ആയി പഠിക്കാത്ത II group വിദ്യാർത്ഥികൾ BSc. Maths Special Coaching.
- SSLC / CBSE, X പരീക്ഷയിൽ 60% ത്തിൽ കൂടുതൽ മാർക്കു വാങ്ങിയ വിദ്യാർത്ഥികൾക്ക് മാത്രമായി Entrance ക്ലാസ്സുകൾ (Tuition with Entrance Coaching) ഉണ്ടായിരിക്കുന്നതാണ്.



# പറവൂർ–ആലുവ ബസ്സും അനുബന്ധകഥകളും യാത്രാനുഭവങ്ങളും: ഒരു 'പെണ്ണെഴുത്ത്'

ഒമ്പതുമണിക്കുള്ള ബസ്സു കഴിഞ്ഞാൽ പിന്നെ പറവൂർ സ്റ്റാൻഡിൽ ഒരു ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി ആലുവ വരണമെങ്കിൽ ചുരുങ്ങിയത് ഇരുപത് മിനിട്ടെങ്കിലും കഴിയണം. ഈ പരമാർത്ഥം യു.സി. കോളേജിലെ പല ടീച്ചേഴ്സും അറിയുന്നില്ല. ഫലമോ കൃത്യനിഷ്ഠയുള്ള അനേകം പേർ കെ.എസ്.ആർ.ടി.സിയുടെ അനാസ്ഥമൂലം തെറ്റിദ്ധരിക്കപ്പെടുന്നു- വൈകിയെത്തുന്നവരാകുന്നു-ക്ലാസ് കട്ടു ചെയ്യുന്നവരാകുന്നു.

ഇന്നത്തെ കേരളത്തിന്റെ സുന്ദരമായ പരിച്ഛേദം ഈ യാത്രയിൽ നമുക്ക് ദർശിക്കാനാവും. ടിക്കറ്റെടുക്കാതെ ആലുവ വരെ സുഖമായി യാത്രചെയ്യുന്ന വിരുതന്മാർ മുതൽ പോക്കറ്റടിക്കാർ വരെയുള്ള ഇത്തിക്കണ്ണികൾ ആണ് ഒരു വിഭാഗം.

ഉന്തും തള്ളുമായി തിങ്ങി നിറഞ്ഞിരിക്കുന്ന യാത്രക്കാരുമായി ബസ്സ് നിരങ്ങി നീങ്ങിത്തുടങ്ങുമ്പോഴാണ് മാർഗ്ഗമേതായാലും ലക്ഷ്യം നന്നായാൽ മതി എന്നു വിശ്വസിക്കുന്ന സ്ത്രീ പീഡകന്മാരുടെ സാന്നിദ്ധ്യം നാം തിരിച്ചറിയുന്നത്. നമ്മുടെ കാല്പാദത്തിൽ ഒരു ചൊറിയൻപുഴുപോലെ ഒന്ന് ഇഴയുന്നതു

സ്മിത കെ. ആർ.
രണ്ടാംവർഷ എം. എ. ഇംഗ്ലീഷ്

പോലെ തോന്നും. അതിന്റെ ഉത്ഭവം തേടുമ്പോഴാണ് രസം. ഒരു മഹാൻ അയാളുടെ തലചെരിച്ച് ജനലിലൂടെ പുറത്തേക്ക് നോക്കിയിരിക്കും. നെല്ലിനുപകരം ഇഷ്ടിക കൃഷിചെയ്യുന്ന പാടങ്ങളും തേങ്ങക്കു പകരം കള്ളെടുക്കുന്ന തെങ്ങുകളുടെ മണ്ടയും നോക്കി ഒരു യഥാർത്ഥ പ്രകൃതിസൗന്ദര്യാസ്വാദകൻ എന്ന മട്ടിൽ ആയിരിക്കും ഇരിപ്പ്. എന്നാൽ ഇയാളുടെ കാൽ സദാ പ്രവർത്തനോന്മുഖമായിരിക്കും. ആ സമയത്ത് നമ്മുടെ കാൽ അല്പം നീക്കി വച്ചാൽ ഈ വിദ്വാന്റെ മുഖം വിവർണമാവുകയും കാലുകൾ തമ്മിലുള്ള അകലം കൃത്യമായി കണക്കുകൂട്ടി സെക്കന്റുകൾക്കകം അവ ഉദ്ദേശസ്ഥാനത്തെത്തുകയും ചെയ്യും. [എന്റെ സുഹൃത്തിന്റെ അനുഭവകഥ ഇവിടെ വിവരിക്കുന്നത് ശ്രദ്ധേയമായിരിക്കും. പ്രായം ഇരുപതു കഴിഞ്ഞതുകാരണം സ്ഥലത്തെ പ്രധാന ബ്രോക്കറും അവളുടെ അച്ഛനും കേന്ദ്രഗവൺമെന്റ് പോലെ പരസ്പരം താങ്ങിയാണ് നില്പ്. അതുകൊണ്ടുതന്നെ പെണ്ണുകാണൽ എന്ന ചടങ്ങ് മിക്ക ഞായറാഴ്ചയും അവളുടെ വീട്ടിൽ അരങ്ങേറാറുണ്ട്. അങ്ങനെ ഒരു ദിവസം ഒരച്ഛനും മകനും അവളെ കാണാനെത്തുന്നു. പരിചയം തോന്നുന്ന മുഖമാണ് എന്ന് കർട്ടനുള്ളിലൂടെ ഒളിഞ്ഞുനോക്കി അവൾ തന്റെ സഹോദരനോട് പറഞ്ഞപ്പോൾ ഒരു രസതന്ത്ര വിദ്യാർത്ഥിയായ അവൻ പറഞ്ഞത് ഇതാണ്: "കൗണ്ടമണി + കലാഭവൻമണി= ചാരിയിരിക്കുന്ന തന്തപ്പടി." തത്കാലം അതു വിശ്വസിച്ചശേഷം അവൾ പൂമുഖത്തേക്ക് ആനയിക്കപ്പെട്ടപ്പോഴാണ് വിശ്വാസം ഇളകിയത്. ഭാരതീയ പാരമ്പര്യമനുസരിച്ച് കുനിഞ്ഞു നിന്നിരുന്ന അവൾ ആ വൃദ്ധന്റെ കാലിൽ കറുത്തു കരുവാളിച്ചു കിടന്നിരുന്ന ഒരടയാളം കണ്ടു. അവളുടെ മനസ്സിലുണ്ടായിരുന്ന ഫേഡ് ഇൻ-ഫേഡ് ഔട്ട് ഫ്രെയിം ഒരു ക്ലിയർ ഫ്ളാഷ് ബാക്കായി മാറി- ദിവസങ്ങൾക്കു മുമ്പുള്ള ഒരു ബസ് യാത്ര-തന്തപ്പടി മേൽപ്പടി രീതിയിൽ വല്ലാതെ ശല്യപ്പെടുത്തുന്നു- ക്ഷമിക്കുന്നു, അവൾ കാലിന്റെ സ്ഥാനം മാറ്റുന്നു- ക്ഷമയറ്റുപോകുന്നു. പോയന്റ് ഹീലുള്ള ചെരുപ്പുകൊണ്ട് ആഞ്ഞു ചവിട്ടുന്നു- വൃദ്ധൻ അപ്രത്യക്ഷനാകുന്നു. ഫ്ളാഷ് ഫോർവേഡ്: അയാൾ അവളെയും അവൾ അയാളെയും തിരിച്ചറിയുന്നു. വരുംകാല ഭർതൃപിതാവിന്റെ സ്വഭാവദൂഷ്യം മെൻഡലിന്റെ ജനിതകനിയമത്തിന്റെ വെളിച്ചത്തിൽ അനലൈസ് ചെയ്ത് അവൾ അവളെയും F2 തലമുറയെയും രക്ഷിക്കുന്നു.]

എന്റെ ഈ സുഹൃത്തിനെപ്പോലെ പ്രതികരിക്കുന്നവർ കുറവാണ്. രൂക്ഷമായി ഒന്നു നോക്കുകയോ ഒച്ചയെടുക്കുകയോ ചെയ്യാതെ നിൽക്കുന്നവരാണധികവും. മേൽപ്പറഞ്ഞ വിഭാഗത്തിലുള്ളവരെക്കൂടാതെ, അതിനേക്കാൾ പോക്കുകൂട്ടർ വേറെയുമുണ്ട്. തോണ്ടലിൽ തുടങ്ങി ദൃശ്യപ്രധാനമായ കലാപരിപാടികൾ അവസരം കിട്ടുമ്പോൾ അവതരിപ്പിക്കുന്നു. തിരക്കുള്ള ബസ്സിൽ ക്ലോസപ്പ് ഷോട്ടിനുള്ള അവസരം ഇവർ ശരിക്കു മുതലെടുക്കുന്നു. ഇത്തരം ഭീകര ദൃശ്യങ്ങൾ കണ്ട് പേടിച്ചരണ്ടുപോകുന്ന പല പെൺകുട്ടികളും ഭാവിയിൽ ഫെമിനിസ്റ്റുകളാകുന്നു. അർദ്ധപ്രജ്ഞരാകുന്ന വേറെ ചിലർ പേക്കിനാവുകൾ കാണുന്നു.

മൂക്കറ്റം മറ്റവനെയും അടിച്ചുകൊണ്ടാണ് മറ്റുചില ആത്മാക്കളുടെ രംഗപ്രവേശം. സംസാരിക്കുന്നതിനിടയിൽ അസഭ്യങ്ങൾ ചേർത്തുകൊണ്ടും മറ്റുള്ളവരുടെ ദേഹത്തു വീണും സദാ ശല്യങ്ങൾ സൃഷ്ടിക്കുന്നതിൽ ഇവർ പ്രഗത്ഭരാണ്. [1999 ഫെബ്രുവരിയിൽ ഒരു സായാഹ്നത്തിലെ യാത്ര ഇവിടെ പരാമർശവിധേയമാക്കുന്നു. മേപ്പടി വർഗ്ഗത്തിലെ ഒരു പ്രമാണി- ആൾ എക്സ്-പട്ടാളം, ഫുൾ തണ്ണി-നാവിൽ മറ്റേത് മാത്രം. അങ്ങനെയിരിക്കുമ്പോൾ ബസ് ബ്രേക്ഡൗൺ ആകുന്നു- ഡ്രൈവറെയും കണ്ടക്ടറെയും അയാൾ തന്റെ പദസമ്പത്തുകൊണ്ട് മാറി മാറി അനുഗ്രഹിക്കുന്നത് കേട്ട് ഒരു സ്ത്രീ ബോധംകെട്ടുപോയി, സത്യം. പിന്നീടാണറിയുന്നത് അതയാളുടെ ഭാര്യയായിരുന്നു.]

ഇതു കൂടാതെ ഒരു വ്യത്യസ്താനുഭവമാണ് ലേഡീസ് ഓൺലി ചെറായി ബസ്സു തരുന്നത്. സെന്റ് സേവ്യേഴ്സിലെ പെൺപിള്ളേരുടെ സ്വന്തം ബസ്സാണിത് എന്നാണ് വയ്പ്. കണ്ടക്ടറും ഇവരുടെ ഭാഗത്താണ്. സിനിമാക്കഥയും സീരിയൽക്കഥയും ക്രിക്കറ്റും എന്നു വേണ്ട നാലാൾ കേൾക്കെ പുറത്തു പറയാൻ പറ്റാത്ത സകലകാര്യങ്ങളും ഹൈവോള്യത്തിൽ പറഞ്ഞുകൊണ്ട് സ്വയം മറന്നാണ് ഇവരുടെ നില്പ്. വയസ്സായ അമ്മച്ചിമാരെയോ ഗർഭിണികളെയോ കുഞ്ഞുങ്ങളെ ഒക്കത്തു വച്ച ചേച്ചിമാരെയോ ഇതിന്റെ ലഹരിയിൽ അവർ കാണാറില്ല; എഴുന്നേറ്റു കൊടുക്കാറുമില്ല. ഇതിലെ സ്കൂൾ പിള്ളേരുടെ ബാഗിന്റെ കുത്തും ഇടിയും കൊണ്ട് കരുമാലൂർ സ്കൂളിലെ ഒരു ടീച്ചർ നിത്യരോഗിയായിത്തീർന്നിരിക്കുകയാണ്. $CO_2$ന്റെ ആധിക്യമുള്ള ഇതിലെ വായു ശ്വസിക്കേണ്ടിവന്ന ഒരു കൊച്ചുകുട്ടി ബസ്സിൽ തലചുറ്റി വീഴുകയുണ്ടായി (വീഴാൻ സ്ഥലമില്ലാതിരുന്നതുകൊണ്ട് താഴേക്ക് എത്തിയില്ല).

സെയിന്റ് റസ്റ്റോറണ്ടിന്റെ മുൻപിൽ നിന്നാണ് പിന്നെ വീണ്ടും യാത്ര തുടങ്ങുന്നത്. എതിർദിശയിലേക്ക് പല ബസ്സുകൾ പോയാലും ഇവിടേക്ക് ബസ്സു വരുന്നത് മണിക്കൂറുകൾ കഴിഞ്ഞിട്ടായിരിക്കും. അതു വരുന്നതുവരെ റോഡിനിരുവശത്തുമായി കാവൽ നിൽക്കുന്നവന്മാരുടെ 60-കളിലെ കമന്റുകളും കേട്ടു നില്ക്കേണ്ടി വരുന്നത് മറ്റൊരു ഗതികേട്.

നിറയെ യാത്രക്കാരുമായി ഇതാ ബസ്സുവന്നു നില്ക്കുകയാണ്. ശേഷം ചിന്ത്യം...

കടപ്പാട്: എന്റെ സഹയാത്രികരോട്, ഇത് സഹിക്കേണ്ടിവരുന്ന വായനക്കാരോട്.

അറിയിപ്പ്: ഇതിലെ സംഭവങ്ങൾക്കും കഥാപാത്രങ്ങൾക്കും യാഥാർത്ഥ്യത്തിലുള്ളവയുമായുള്ള സാദൃശ്യം യാദൃച്ഛികമല്ല, മനഃപൂർവ്വമാണ്.

# Swami Vivekananda

# His Concept of Nationalism- *Some Reflections*

Prof. N. Lakshmikutty M.A.M.Phil

More than fifty years have passed since India became independent. Freedom was the logical consequence of the Indian national awakening , the philosopher of which was none other than Swami Vivekananda. The importance of his philosophy of nationalism lies in the fact that both a moderate like Gandhiji and a revolutionary like Subhash Chandra Bose were profoundly inspired by it. Here an attempt is made to analyse the nationalistic concepts of Swamiji, which acted as a catalystic force in shaping the ideology of the Indian Freedom Struggle.

The last quarter of the nineteenth century witnessed the advent of a great reformer and philosopher Swami Vivekananda (1863 -1902) whose life and thought played a crucial role in inspiring India's dormant national consciousness. His advent was a historical episode that he made the clarion call to "arise, awake and stop not till the goal is reached", which had gone a long way to awaken the country from its long slumber. He lived in an age in which the trends of nationalism were emerging as a result of various historical forces. He powerfully articulated the nationalist sentiments and aspirations of a generation with the wisdom and pragmatism of a Vedantin. He also witnessed the expression of Indian nationalism in an organized form through the Indian National Congress. Therefore it is not an exaggeration to say that he strengthened the cause of Indian nationalism through his speeches, writings and discussions.

It is a known fact that until the turn of the century, Indian nationalism had not found its expression in a mass movement. Nationalism was confined to a handful of Western educated middle class people whose demands were an admirable expression of political liberalism, but "they contained little that would stir men's hearts or move them to visions of self-sacrifice. "Nor was there much that was appealing to an ordinary Indian in them. The masses were still in deep inertia, without the energy or power to do good or commit evil. The nation needed an energising philosophy which would awaken the intelligentsia as well as the masses and enable them to manifest dynamism, strength and vigour. It was with this object in view that Swamiji made a series of stirring speeches during his tour from Colombo to Almora after his return from the West in 1897. The speeches which he made in reply to the enthusiastic welcome given to him by the people have been considered the fountainhead of national inspiration, because they throbbed with patriotism. In his speeches and writings he revealed his ideas of nationalism which demanded a new dimension of activity from the Indian nationalist leaders whose western outlook had heretofore isolated them from the vast majority of the people of their country.

To Swamiji, Nationalism meant first and foremost an ardent love for the motherland and a great pride in Indian civilization and culture. His inestimable pride in India's heritage finds expression in a speech made at Madras in which he said.

"This national ship of ours, ye Children of the immortals, My country men, has been plying for ages carrying civilization and *enriching the whole* world" [2]

In this speech he had expressed his conviction that India had a glorious past and that her future will be still greater. It also meant that the spirituality of India was no less important for the welfare of humanity than the much vaunted material greatness of the West, which had dazzled the eyes of the Indians. In fact India had still

something to teach the west. This was a new and intoxicating doctrine for a generation fed upon the criticism of Indian society which was passing through the ordeal of colonial subjectification.

To Swamiji, nationalism also meant self-reliance. In all his speeches at Madras (1897) he stressed the need of India depending upon her own strength. For that the first requirement was a reassertion of faith in herself. "Have faith in yourself before having faith in God was his famous exhortation." To quote him:

Have faith in yourself. If you have faith in all the three hundred and thirty millions of your mythological gods and in all the gods which foreigners have now introduced into your midst and still have no faith in yourselves, there is no salvation for you.[3]

This was a life giving message which came as a "tonic to the depressed Indian minds."[4]

His philosophy of nationalism had been shaped to a great extent by the experience he had during his wanderings in India as a parivrajaka before 1893.[5] The poverty of the masses, their illiteracy, their superstitions and the resultant social degradation had moved him to fierce anger at the social system that permitted a few to exploit the many. Therefore his lectures aimed at the regeneration and well being of the exploited groups in Indian Society.

Vivekanada used the term 'nationalism' in the broader sense of "internationalism". He firmly believed that India could not make any progress by remaining isolated from the rest of the world. This he made clear in his A man of prophetic vision, he urged the Indians to do away with narrow nationalism and to place and judge all the problems with an international perspective. To quote him "the solution of any problem can never be attained on racial, national or narrow grounds."[6]

By giving a wider interpretation to the concept of nationalism, he had brought home the fact that the main reason for the degeneration of India was her isolation from the rest of the world for the last few centuries. This had narrowed her views and narrowed the scope of her actions. So if India wanted to raise herself once again, it was absolutely necessary that she must assimilate the spirit of modern science, develop technical efficiency and practical skills and through these develop a healthy and progressive body politic. This, she could achieve only through her contacts with the rest of the world, and by learning many things from others. To quote him "the first sign of national revival is expansion."[7] Through this message, which contained a new and broader definition of nationalism, he was advocating a material civilization for India. A material civilization was necessary for removing poverty from which the masses suffered.

Quite distinct from the reformers of the time, Vivekananda held the view that national liberation depended upon the upliftment of the masses. In his opinion the real strength of the country lay in the masses, and unless they "were drawn into the struggle, India would never be free."[8] His concern for the poor masses was very much influenced by the ideals of his master Sri Ramakrishna and what he really saw and experienced during his wanderings in India. As an astute sociologist, he had gone indepth into historical aspect of Indian society and found in its annals that the masses had been neglected by the ruling classes and that their neglect for centuries made them downtrodden and depressed for ever. After analysing the particular situation, Swamiji came to the conclusion that the main trouble in India was the loss of her individuality and the lost individuality could be restored only by raising the masses. He strongly rebuked the nationalists who lay the blame for India's degradation at the door of others and yet chose to ignore the cause of the sunken masses. To those to whom nationalism meant safeguarding the interests of their own class Swamiji defined what true ideal of patriotism was. In one of his speeches he pointed out that true patriotism comes out of a

***"I have gone through his (Swamiji's) works thoroughly and after having gone through them, the love that I had for my country became a thousand-fold."***

**Mahatma Gandhi**

**Jawaharlal Nehru:**

***Rooted in the past and full of pride in India's heritage, Vivekananda was yet modern in his approach to life's problems and was a kind bridge between the past of India and her present... He was no politician in the ordinary sense of the term and yet he was, I think, one of the great founders of the national modern movement of India...***

"real feeling for the masses."[9] Vivekananda was the first Indian reformer to remind the nationalists that the nation meant people and patriotism meant commitment to the poor. Thus he had revolutionized the concept of patriotism by defining it in a new way. In fact he gave a new direction to the reform movements in India by pointing out that the first requirement in all noble undertaking is to 'feel' for one's fellow beings.

In his scheme of national regeneration, Vivekananda gave primary importance to the education of the masses. In fact he suggested education as the panacea for the ills of society like poverty and illiteracy. Once the light of education is given to the downtrodden masses, they will wake up, realize their problems and fight for their rights and remedies. He was also alive to the fact that poverty was a great hindrance to the path of education. But even then he was not pessimistic and suggested some practical remedies:

If the mountain does not come to Mohammed, Mohammed should go to the mountain. If the poor boy cannot come to education, education must go to him.[10]

This work of educating the poor, he hoped, would be taken up by "thousands of singleminded self sacrificing Sanyasins of our country." He suggested this practical plan for educating the poor people of India with the full conviction that "the nation lives in the cottage-"[11]

There were reformers in the 19th century who pondered over the ills of society, but no one did think of a radical and practical solution for them as Swamiji did.

In his scheme of national regeneration, upliftment of women had an important place. For several centuries, Indian women remained a depressed and backward section in society. Hence upliftment of masses meant upliftment of women also. As a bird with only one wing cannot fly, similarly, he pointed out that a nation with her women in shackles could make no progress. Stressing the need of emancipating women, Swamiji said, "Freedom elevates and servitude debases."[12] This is true in the case of individuals as well as nations. For the emancipation of women, he laid more emphasis on the growth of education and self dependency among them than specific social reforms because education will enable them to know what is good for them and what is bad. In a speech to the youth in Calcutta he said "Educate your women first and leave them to themselves, then they will tell you what reforms are necessary for them."[13] Different from other social reformers, he suggested a peculiar system of education for women which would make them truly elightened. In fact through his strong advocacy of emancipation of women, Vivekananda had initiated the movement for gender justice in this country.

Swamiji had an immense trust in the youth, who are tomorrow's citizens. A country's development, peace and prosperity depend much on the fulfillment of the aims and aspirations of its youth. Therefore there is a special need to develop an appropriate and definite plan for the proper manifestation and alround development of youth power and to see that this power is utilized properly.

In order to utilize this power for the good of the nation, Vivekananda had envisaged an educational scheme which will enable young men to stand on their own feet and earn their bread by some ways other than seeking employment under some body. To quote his words:

"What we need is to study independent of foreign control, different branches of the knowledge that is our own and with it the English language and Western Science. We need technical education and all else and that may develop industries so that men may earn enough to provide for themselves."

The educational system that existed in India under the colonial system was defective in the sense that it was a "clerk-making" rather than a "man-making" education. According to Swami Vivekananda, the chief defect of the education of the colonial period was that it was negative in its essence. "It did not impart the virtue of confidence and faith." Contrary to the system that prevailed in his time, Swamiji suggested a nationally oriented education, an education which would make men real patriots, promote national integration and make them "true men". Education should be comprehensive to embrace all aspects of human culture both secular and spiritual. Technical education was necessary for developing industries which would provide employment to the youth. In short "the very strength must come to the nation through education."

A discussion of Vivekananda's concept of nationalism will be incomplete without a reference to his ideas on social change. Actually there was an inseparable connection between Indian nationalism and Social reform movements of the 19th century. Swamiji gave serious attention to the question of Social reform particularly caste, since it was a vexed question throughout the nineteenth century. He had seen the impact of the social reform movement at first hand during his travels in India and was convinced that "the motives and methods of the movement were fundamentally wrong." Though the reformers were well-intentioned, he pointed out that "the one hundred years' Social reform has produced no permanent and valuable result."[14] The reform did not produce lasting result because the reformers were merely imitating the West. They had copied blindly the western means and methods of altering society. Mere imitation of other societies will sap the national vitality. Whereas the earlier reformers wanted only "partial and miserly reforms" Vivekananda called for "root and branch reform," which was radical in nature. More over he maintained that for any social reform to be effective and successful, the people must first be educated, i.e., a strong, healthy public opinion has to be created before any social reform is effected. A reform imposed without the co-operation and understanding of the people is bound not only to fail, but to produce adverse results.

One of the original observations of Vivekananda was that evils like caste privileges have nothing to do with religion. Religion in the true sense of the term aims at "realization of the universal unity." On that account it cannot be held responsible for multiplying caste destructions and privileges. Therefore to him it was not religion which was responsible for the sorry state of things, but the misapplication of religion to social problems.

> ***"Every who came into contact with him or his writings developed a spirit of patriotism and a political mentality... If he had been alive, I would have been at his feet. Modern Bengal is his creation - If I err not."***
>
> **Subhash Chandra Bose**

According to Vivekananda caste is a natural order, with an emphasis on the performance of one's duty in social life. Caste was necessary and desirable in its early forms, and it meant to develop individuality and freedom, but unfortunately with the passage of time it had become a monstrous degradation, the opposite of what it was meant to be and had crushed the masses."[15] Thus the modern caste distinction has come to be a barrier to India's progress.

Though convinced that the days of exclusive privileges and claims are no longer relevant, Vivekananda did not recommend the abolition of the system or the class conflict. He did not favour fighting among the castes as it will further divide, weaken and degrade the society. Instead he advocated a method of harmony between the castes. For the levelling of caste, the lower castes were to be redeemed socially. Swamiji advocated both education and industrialization for removing inequality based on caste. Moreover he believed that "liberty is the first condition of growth or progress." Social progress was possible only if the country was liberated from the foreign rule which was only perpetuating the social evils like untouchability. His new interpretation of caste

aimed at eliminating the barriers that divided man from man and it was hoped that the process would ultimately promote unity & integrity in the nation, which was necessary for the liberation of the country. Thus Vivekananda's interpretation of nationalism aimed at fostering a sense of unity and brotherhood amongst the various communities in India.

Through the stirring addresses in which Vivekananda defined and interpreted nationalism, he had given back to the Indians their long lost esteem and self-confidence. This was reflected in the national movement of the later period. The younger elements (Extremists) within the Indian National Congress began to base their activities on a sincere faith in the glory and greatness of Indian culture in the past - if India had yet something to teach the world, Indians could also govern themselves.

On a close examination of the history of freedom movement after 1900, it can be seen that all the aggressive national movements leading to the final emancipation of the country from foreign joke received their first impetus from the soul-stirring addresses of Swami Vivekakanda. He had stressed on the need of strong, active and self-reliant manhood and urged Indians to take pride in being Indians. The masses so long enslaved by the prejudice and unable to carry the weight of even the slightest of efforts, awoke for the first time to their responsibilities and aspirations. His appeal to the race-consciousness of the Indians and his stress on the glorious achievements of their ancestors changed the world-view of the young Indians. This was reflected in the movements initiated by the extremists and the revolutionaries, after the demise of Vivekananda in 1902. The French philosopher Romain Rolland has observed that if the generation that followed saw three years after Vivekananda's death, the Revolt of Bengal, the prelude to the great movement of Tilak and Gandhi, it is due to the initial shock imparted by the thunderous call of Swamiji. In fact it was the patriotic call of Swamiji which was to a great extent responsible for the intensification of the Swadeshi movement of Bengal which soon turned into an all India freedom movement. The spirit of self sacrifice, a readiness to sacrifice the very life for the cause of mother India, became the all pervading feature of this movement. In fact Vivekananda was the rock on which the New Indian Nationalism was built up.

●

> ***"If you want to know India, Study Vivekananda. In him everything is positive & nothing negative."***
>
> **Rabindranath Tagore**

***Notes and References***


1. *R.C. Majumdar, ed., Swami Vivekananda Centenary Memorial Volume (Calcutta 1963), P. 521.*
2. *Vivekananda, Complete works (Mayavati, 1960), III P.461.*
3. *Ibid., P. 190*
4. *Jawaharlal Nehru, The Discovery of India' (London, 1947), P.338.*
5. *1893 - The year in which he attracted the attention of the world by his famous Chicago Address.*
6. *Vivekananda, Lectures from Colombo to Almora (calcutta, 1992 edn), P.3.*
7. *Ibid., P. 197.*
8. *Lokeswarananda, ed., The Perennial Vivekananda (New Delhi, 1992 edn) P.XV*
9. *See details of Swamiji's speech in Complete Works, II P.P 225 -226.*
10. *C.W., IV, p.363*
11. *C.W., V.P.25*
12. *Inspired Talks (Advaita Ashram, Calcutta, 1980) p.114.*
13. *C.W., V.P.192*
14. *Selections from the Complete Works of Swami Vivekananda, (Calcutta. 1993 edn.) P.210*
15. *Nehru, n.4, P.339.*

# നിലാവിന്റെ ദുഃഖങ്ങൾ

ചന്ദ്രൻ വല്ലാതെ ചിരിക്കുന്ന രാത്രികളെ എനിക്കു ഭയമായിരുന്നു. നിലാവു പരന്നൊഴുകുന്ന ആ യാമങ്ങൾ എനിക്കായ് എന്തെങ്കിലും നോവുകൾ കരുതി വച്ചിരിക്കും. ആ രാവിന്റെ പുലർ വേളകളിൽ ദുഃസ്വപ്നങ്ങളെന്നെ തേടിയെത്തും. കാട്ടാളതാണ്ഡവത്തിന്റെ ഹുങ്കാരങ്ങൾ കേട്ടു ഞാൻ ഞെട്ടിയുണരും. വെളിച്ചം പരന്നൊഴുകുന്ന, മഞ്ഞുതുള്ളികൾ മഴവില്ലു തീർക്കുന്ന പ്രഭാതങ്ങളിൽ പോലും, എത്ര ഉല്ലാസവതിയായി ഞാനുണർന്നാലും അന്നെനിക്കു ദുഃഖിക്കേണ്ടി വരും. ഒരുപാടു മിഴിനീർപൂക്കളെ ഭൂമിദേവിക്കു പൂജിക്കേണ്ടിവരും. അതുകൊണ്ട് ഭയമാണെനിക്കീ ചന്ദ്രകിരണങ്ങളെ, പേടിയാണെനിക്കീ നിലാവു പരക്കുന്ന രാവുകളെ.

ഇതു പോലെ നിലാവു പരന്നൊരു രാത്രിയിലായിരുന്നു എന്റെ ജനനമെന്ന് അമ്മ പറഞ്ഞറിവുണ്ടെനിക്ക്. കരഞ്ഞു കൊണ്ടു ഞാൻ പിറന്ന നിലാവുതെളിഞ്ഞ ആ രാവിന്റെ ഓർമ്മയ്ക്കാവണം എന്നും നിലാവുള്ള രാവുകളിൽ ഞാൻ കരഞ്ഞിരുന്നത്.

ചീറിയടിക്കുന്ന തെന്നലിൽ എന്റെ മനസ്സ് ആടിയുലഞ്ഞു. സ്മരണകളുടെ വളച്ചീന്തുകൾ പെറുക്കി കഴിഞ്ഞകാലത്തിന്റെ കളിത്തട്ടിലേക്കതോടി കയറി. ഇതുപോലെ നിലാവു പരന്നൊഴുകുന്നൊരു രാവിലാണ് സ്ത്രീത്വത്തിന്റെ നോവെന്നെ ആദ്യമായി തേടിയെത്തിയത്. അന്നെനിക്കത് താങ്ങാവുന്നതിനപ്പുറമായിരുന്നു. നിദ്രാദേവി കൈവിട്ട കണ്ണുകളുമായി ജാലകപ്പുറത്തെ നിലാവിലേക്കു തുറിച്ചു നോക്കി ഞാൻ പകച്ചു നിന്നു. നിറഞ്ഞ മിഴികളുമായി തിരികെ കിടക്കയിലേക്കു ചായുമ്പോൾ മനസ്സിൽ പഴുത്തൊരു ഇരുമ്പു ദണ്ഡിരിക്കുന്നതു പോലെ തോന്നിയെനിക്ക്. കന്യകാത്വത്തിന്റെ മധുരം ആ വേദനയെ എനിക്കു സുഖമുള്ളൊരനുഭവമാക്കുമ്പൊഴേക്കും കാലം എന്നിൽ ബാക്കി വെച്ച കുട്ടിത്തം പടിയിറങ്ങികഴിഞ്ഞിരുന്നു.

വീണ്ടും നിലാവിനെ സ്നേഹിക്കാൻ ഞാൻ മനസ്സിനെ പഠിപ്പിച്ചു തുടങ്ങുമ്പൊഴേക്കും കൗമാരത്തിന്റെ കളിചിരികളുമായൊരു കൂട്ടുകാരൻ സ്വപ്നങ്ങളുടെ തേരിൽ എന്റെ മനസ്സിലേക്കെത്തി. പക്ഷെ തീരെ നിനയ്ക്കാതൊരു രാവിൽ അവൻ എന്റെ സ്വപ്നങ്ങളുമായി സ്വയം നിലാവിനർപ്പിച്ചപ്പോൾ വീണ്ടും ഞാൻ നിലാവിനെ പകപ്പോടെ നോക്കി. ഒന്നുമറിയാതെ ഞാനുറങ്ങിയ രാവിൽ എന്തിനെന്റെ സ്വപ്നത്തെ കട്ടെടുത്തുവെന്ന് ഞാൻ ഒരുപാടു വട്ടം ചോദിച്ചു. എന്റെ മൗനത്തിന് ഒരുത്തരവും ലഭിച്ചില്ല. നിലാവിനെതിരെ ജാലകത്തിരശ്ശീല വലിച്ചിട്ട് ഞാൻ കണ്ണുതുടച്ചു.

നിലാവു നിരപരാധിയാണെന്ന് സ്വയം ആശ്വസിപ്പിക്കാൻ ശ്രമിക്കുമ്പോൾ അമാവാസി എന്നെ കളിയാക്കി. അവളുടെ ഇരുണ്ട ചിരിയിൽ ഞാൻ സ്വയം മറന്നിരിക്കവേ ഉറച്ച കാലടികളോടെ അനുവാദം തേടാതെ എന്റെ മനസ്സിലേക്കാരോ അതിക്രമിച്ചു കടന്നു. ഇനിയുമൊരിക്കൽ കൂടി നിലാവു തെളിയും മുമ്പെ നനുത്ത കാലടികളുമായി എന്റെ അജ്ഞാതനായ അതിഥി തിരികെ പോയിരുന്നെങ്കിൽ, നിസ്സഹായയായൊരു ആതിഥേയയായി ഞാനിരിക്കേ നിലാവു പരന്നു.

വീണ്ടും അതെനിക്കു ദുഃഖങ്ങളൊരുക്കുകയാണെന്നോർമ്മയിൽ എന്റെ കണ്ണു പിടച്ചു. ചഞ്ചലമിഴികളെ ഇഷ്ടപ്പെടുന്ന എന്റെ അതിഥിയെ നിലാവിനു മുമ്പേ, ഞാൻ പുറത്താക്കി. ഇനിയുമാർക്കും കടക്കാനാവാത്ത വിധം എന്റെ പടിവാതിൽ കൊട്ടിയടച്ചു. പടിയിലാരോ പതുക്കെ തട്ടുമ്പോൾ വിജയസ്മേരവുമായി ഞാൻ ജാലക തിരശ്ശീലനീക്കി. നിസ്സംഗമായ് പരക്കുന്ന നിലാവിനെ, അരുമയായ് ചിരിക്കുന്ന തിങ്കളെ അന്നാദ്യമായി ഞാൻ ഇഷ്ടപ്പെട്ടു. ●

ടിൻസി വർഗീസ്, രണ്ടാം വർഷ ചരിത്രബിരുദം

# പ്രണയനാടകം

ബിനോയ് കെ. രാജൻ,
ഒന്നാം വർഷ സാമ്പത്തികശാസ്ത്രബിരുദം

ലൈബ്രറിക്കപ്പുറം ക്രിക്കറ്റ് കോർട്ടായിരുന്നു.
'ഫ്രീ' പിരീഡുകളിൽ പ്രണയമവിടെ
കൊഴിയുന്നുണ്ടായിരുന്നു.
കവിതകളിൽ കാണുന്ന പ്രണയമെവിടെ,
ക്രിക്കറ്റ് കോർട്ടിൽ കാണുന്ന പ്രണയമെവിടെ.
സ്പർശനത്തിന്റെ ചൂടുകളില്ലാത്ത,
ചുംബനത്തിന്റെ തീപ്പൊരികളില്ലാത്ത,
പ്രണയത്തിന്റെ വെറുമൊരു നാടകം.
എല്ലാവർക്കും മടുക്കുന്നുണ്ടായിരിക്കണം.
ആവർത്തനത്തിന്റെ വറ്റിയ ലഹരിയും
സ്പർശനത്തിന്റെ മടുപ്പും

വേറൊരു ഇണയെ തേടാൻ എല്ലാവരെയും പ്രേരി
പ്പിച്ചിരിക്കാം.
ഒരിയ്ക്കലും പിരിയാതെ നടന്നിരുന്നവർ - പിരി
യില്ലെന്ന് വാശിപിടിച്ചവർ
ഇപ്പോൾ പരസ്പരം ഒഴിഞ്ഞുമാറി നടക്കുന്നു.
മഹാഗണി മരങ്ങളുടെ ഇലകൾ പൊഴിയുമ്പോൾ
ആരോ പറഞ്ഞു: "ഇനി വിരഹത്തിന്റെ നാളുകൾ"
പക്ഷേ, എല്ലാവരും പിരിയുവാൻ
ധൃതിപിടിയ്ക്കുകയായിരുന്നു. അപ്പോൾ ലൈബ്രറി
പുസ്തകങ്ങളിൽ 'പ്രണയനാടകം' ചത്തുകിടന്നു.

# സ്നേഹാർത്ഥം

തസ്മിൻ കെ.എ.
അവസാനവർഷ മലയാള ബിരുദം



സ്നേഹമെന്നുള്ളിലെ നാദത്തിനപ്പുറം
കാറ്റിന്റെ കൈയിലെ താളത്തിനപ്പുറം
കാടും കടൽത്തിരക്കോളും വിഹായസ്സും
താണ്ടാൻ കൊതിക്കുന്ന കല്പനയ്ക്കപ്പുറം.

ഓമൽക്കിനാവിന്റെ പുഞ്ചിരിയ്ക്കപ്പുറം
കൺമുനക്കോണിലെ നൃത്തത്തിനപ്പുറം
പ്രേമം നടിക്കുന്ന വാക്കുകൾക്കപ്പുറം.

'സ്നേഹിക്കുന്നു ഞാൻ നിന്നെയെന്നോമനേ'-
യെന്നെഴുതുന്ന കരങ്ങൾക്കുമപ്പുറം
വേർപാടിന്നാഴിയിൽ ഖിന്നയായ് നീന്തുമീ-
യന്തരാത്മാവിന്റെ വേദനയ്ക്കപ്പുറം.

അമ്മതന്നുള്ളിലെ താരാട്ടിനപ്പുറം
പിഞ്ചിളംകുഞ്ഞിന്റെ കൊഞ്ചലിന്നപ്പുറം
പ്രാപഞ്ചികാന്തര നിർഗ്ഗളമോഹന
സോപാനസംഗീത മാധുരിയ്ക്കപ്പുറം.

സ്നേഹമെന്നുള്ളൊരു വാക്കിന്റെയുൾപ്പൊരുൾ
കൈപ്പെടാതാനന്ദനൃത്തം ചവിട്ടവേ
സ്നേഹത്തിനുൾപ്പൊരുൾ തേടിയനന്തമാം
ശൂന്യതയിങ്കലേയ്ക്കുറ്റു നോക്കുന്നു ഞാൻ.

ഫീച്ചർ

ആത്മഹത്യ ചെയ്യാൻ തീരുമാനിക്കുന്നവർക്കുവേണ്ടി ഒരു സ്ഥാപനം നമ്മുടെ സമൂഹത്തിൽ പ്രവർത്തിക്കുന്നുണ്ട്. അതിന്റെ പ്രവർത്തനങ്ങളെപ്പറ്റി, അത്തരമൊരു സ്ഥാപനം ആവശ്യമാക്കിത്തീർത്ത നമ്മുടെ സാമൂഹ്യസാഹചര്യങ്ങളെപ്പറ്റിയുള്ള വിശദമായ ഒരന്വേഷണം നടത്തി മാഗസിൻ കമ്മിറ്റിയ്ക്കുവേണ്ടി **ജിനി കെ. ഗോപിനാഥ്** തയ്യാറാക്കിയ റിപ്പോർട്ട്.

# പാതിവഴിയിൽ പകച്ചുനിൽക്കുന്ന യാത്രക്കാരാ, നിനക്കുവേണ്ടി...

ജീവിതത്തിന്റെ നിരന്തരമായ വേദന മരണത്തിന്റെ കഠിനമെങ്കിലും ഹ്രസ്വമായ വേദനയെക്കാൾ ചെറുതാണെന്നു തോന്നുമ്പോഴാണ് ചിലർ യാത്രകൾ ഇടയ്ക്കുവച്ച് നിറുത്തുന്നത്. ലക്ഷ്യത്തിൽ നിന്നും വഴിയിൽ നിന്നുമെല്ലാം അന്തിമവും കണിശവുമായ ഒരു കുതറൽ. ആത്മഹത്യയാണ് മനുഷ്യന്റെ ഏറ്റവും വലിയ ദാർശനിക പ്രശ്നമെന്ന് അൽബേർ കമ്യു പറഞ്ഞിട്ടുണ്ട്. ജീവിതാസക്തിയും മരണവാഞ്ഛയും തുല്യഅളവിൽ മനുഷ്യമനസ്സിനെ പിടിച്ചുവലിച്ചുകൊണ്ടിരിക്കുകയാണെന്ന് ഫ്രോയ്ഡും.

ആത്മഹത്യ ചെയ്യാൻ കഴിവുള്ള ജീവി മനുഷ്യൻ മാത്രമല്ലെന്ന് ജന്തുശാസ്ത്രജ്ഞർ പറഞ്ഞേക്കും. (കഴിവോ കഴിവുകേടോ എന്ന് ദാർശനികർ പറയട്ടെ.) പക്ഷേ, വേറൊന്നുണ്ട് – ആത്മഹത്യ ചെയ്യാനുള്ള തീരുമാനത്തിൽ നിന്ന് തിരിച്ചുവരാനുള്ള കഴിവ് മനുഷ്യർക്കു മാത്രമേ കാണൂ. മരണത്തിന്റെ വക്കിൽനിന്ന് സഹജീവിയെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാനും അവനു കഴിയും.

അത് യഥാർത്ഥത്തിൽ 'കേൾക്കാ'നുള്ള കഴിവാണ്-to listen. യാത്ര അവസാനിപ്പിക്കാൻ തീരുമാനിച്ചു എന്നു പറയുന്ന മനുഷ്യനെ കേൾക്കുക. അവനെ തിരുത്താനല്ല, അവന്റെ മനസ്സിന് പെയ്തൊഴിയാൻ ഒരവസരം കൊടുക്കുക. അത്രമാത്രം. പെയ്തൊഴിഞ്ഞ ആകാശം പുതിയ കാഴ്ചകൾ കാണിച്ചുതരുന്നതുപോലെ അവന്റെ മനസ്സ് ചിലപ്പോൾ പുതിയൊരു വഴി കണ്ടെത്തിയേക്കാം.

കേൾക്കാനുള്ള ഈ കഴിവിലാണ് 'മൈത്രി' വിശ്വസിക്കുന്നത്. അതുകൊണ്ടുതന്നെ മൈത്രി അസാധാരണമായ ഒരു പ്രസ്ഥാനമാണ്. കേരളത്തിലെ ആത്മഹത്യ നിരക്ക് കുറയ്ക്കുക എന്ന പ്രഖ്യാപിതലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന മൈത്രിയെപ്പറ്റി പറയുന്നതിനുമുമ്പ് ആത്മഹത്യ എന്ന സംഗതിയെപ്പറ്റി സാമാന്യമായി ചിലതു പറയണമല്ലോ.

### സ്ഥിതിവിവരക്കണക്കുകൾ പറയുന്നത്

എങ്ങനെയും വളച്ചൊടിക്കാവുന്നത് എന്നുള്ള സ്ഥിതിവിവരക്കണക്കുകളുടെ ദൗർബ്ബല്യം, ആത്മഹത്യാനിരക്കിന്റെ കാര്യത്തിലും ബാധകം തന്നെ. കോടതി ആത്മഹത്യയെ കുറ്റകൃത്യങ്ങളുടെ പട്ടികയിൽ നിന്ന് വിമുക്തമാക്കിയിരുന്നെങ്കിലും ഇപ്പോൾ അത് വീണ്ടും ശിക്ഷാർഹമായ കുറ്റമായി മാറിയിരിക്കുകയാണ്. അതോടൊപ്പം സമൂഹം ചാർത്തുന്ന അപമാനത്തിന്റെ ഭാരവും ചേർന്ന് പല ആത്മഹത്യകളെയും സാധാരണമരണങ്ങളോ അപകടമരണങ്ങളോ ആക്കുന്നുണ്ടാവാം. തീർച്ചയായും, മറിച്ചും സംഭവിക്കുന്നുണ്ട്. ഒരുപാട് കൊലപാതകങ്ങൾ ആത്മഹത്യയുടെ പട്ടികയിൽ കയറി വരുന്നത് ഇന്നു സാധാരണം തന്നെ.

അങ്ങനെ നോക്കുമ്പോൾ ഔദ്യോഗിക സ്ഥിതിവിവരക്കണക്കുകൾക്ക് വലിയ വിശ്വാസ്യത ഇല്ലെന്നു വരുന്നു. അതെന്തായാലും കണക്കുകളിലെ സാമാന്യപ്രവണതകൾ പരിഗണിച്ചാൽ ഭാരതത്തിൽ ഓരോ വർഷവും 10,000-ൽ ഒരാൾ വീതം ആത്മഹത്യ

ചെയ്യുന്നുണ്ട്. കേരളത്തിലെ കണക്കാകട്ടെ, 3200-ൽ ഒരാൾ എന്നാണ്. കഴിഞ്ഞ 20 വർഷങ്ങളിലെ കണക്കുകൾ കാണിക്കുന്നതാകട്ടെ, ഇത് ഓരോ വർഷവും കൂടിവരികയാണെന്നുമാണ്.

**പുരോഗതിയിലെ തലതിരിവ്**

ഇന്ത്യയിൽ സാമൂഹികമായി ഏറ്റവും പുരോഗതി നേടിയതെന്നു നാം കരുതുന്ന കേരളത്തിലെ ജനങ്ങൾക്ക് ജീവിതത്തെ ശുഭാപ്തിവിശ്വാസത്തോടെ കാണാൻ കഴിയുന്നില്ല എന്നാണല്ലോ ഇതു നല്കുന്ന സൂചന. കഴിഞ്ഞ കുറേ ദശകങ്ങളിൽ നമുക്കുണ്ടായ സാമൂഹികപുരോഗതിയുടെ മറുവശം അല്പം ഇരുണ്ടതുതന്നെ എന്നാണ് സാമൂഹികശാസ്ത്രജ്ഞരുടെ അഭിപ്രായം. പല തലങ്ങളിൽ ചലനങ്ങളുണ്ടാക്കിയ ഈ സാമൂഹികമാറ്റങ്ങളുടെ ഒരു ഉപോത്പന്നമാണ് കേരളീയന്റെ വർദ്ധിച്ചുവരുന്ന ആത്മഹത്യാഭിനിവേശം.

ആത്മഹത്യകൾ തടയുക എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന ഒരു സംഘടനയുടെ പരിമിതികൾ തുടങ്ങുന്നതും ഇവിടെത്തന്നെയാണ്. ആത്മഹത്യകളെ പ്രോത്സാഹിപ്പിക്കുന്ന സമൂഹഘടനയെ പൊളിച്ചുനിർമ്മിക്കാമെന്നോ ഓരോ മനുഷ്യനെയും ആത്മഹത്യയ്ക്കു പ്രേരിപ്പിക്കുന്ന വൈയക്തികപ്രശ്നങ്ങളെ ഇല്ലാതാക്കാമെന്നോ കരുതുന്നത് അങ്ങേയറ്റം അയുക്തികമാണ്. അതൊന്നുമല്ല മൈത്രിയുടെ ലക്ഷ്യവും. ജീവിതത്തിൽ തന്റെ വഴികൾ അടഞ്ഞുവെന്നു കരുതുന്ന ഒരു മനുഷ്യനോട് ആത്മഹത്യ ചെയ്യരുത് എന്നു പറയുകയല്ല, മൈത്രി ചെയ്യുന്നത്. ആത്മഹത്യ ചെയ്യാനുള്ള ഒരുവന്റെ തീരുമാനം തിരുത്തണമെന്നു പറയാനുള്ള അവകാശം തങ്ങൾക്കില്ലെന്ന് മൈത്രി കരുതുന്നു.

**പിന്നെന്താണ് മൈത്രി ചെയ്യുന്നത്?**

കേൾക്കുക, പങ്കുവെയ്ക്കുക. അപ്പോൾ ഒരുപക്ഷേ, പരിഹാരങ്ങൾ തനിയെ ഉരുത്തിരിഞ്ഞേക്കാം. 'നിങ്ങളുടെ തീരുമാനം ശരിയായിരിക്കാം. എങ്കിലും ചിലപ്പോൾ മറ്റെന്തെങ്കിലും വഴി കൂടിയുണ്ടാവാം എന്നു ചൂണ്ടിക്കാണിക്കാൻ, കേൾക്കാനിരിക്കുന്ന വോളണ്ടിയർക്കു കഴിഞ്ഞേക്കും,' മൈത്രിയുടെ സ്ഥാപകരിലൊരാളായ പ്രമുഖ മനോരോഗചികിത്സകൻ ഡോ. സി.ജെ. ജോൺ പറയുന്നു. 'ഞങ്ങളെ സമീപിക്കുന്നവർക്ക് അവരുടെ പ്രശ്നങ്ങളുടെ പരിഹാരം പറഞ്ഞുകൊടുക്കാൻ ഞങ്ങൾക്ക് കഴിഞ്ഞെന്നു വരില്ല. പലരും അതല്ല പ്രതീക്ഷിക്കുന്നതും. മരിക്കാനാഗ്രഹിക്കുന്ന ഓരോരുത്തനും ലോകത്തോട് ചിലതെല്ലാം പറയാനുണ്ടാവും. അത് കേൾക്കാൻ മുൻവിധികളില്ലാത്ത സഹായഹസ്തവുമായി ഒരാളിരിക്കുന്നു എന്നത് വളരെ പ്രധാനമാണ്. Befriending എന്നു പറയാം ഇതിന്.'

**'എന്നെ കേൾക്കുക'**

ഒരർത്ഥത്തിൽ, ഒരുവൻ ആത്മഹത്യചെയ്യുന്നത് അവനെ കേൾക്കാൻ ലോകത്തിന് കാതുകളില്ലാതാവുമ്പോഴാണ്; അവനു പറയാനുള്ളവയിൽ നിന്ന് ലോകം മുഖം തിരിക്കുമ്പോഴാണ്. അതിനോടെല്ലാമുള്ള പ്രതിഷേധമാണ് അവന്റെ ആത്മഹത്യ.

'ആത്മഹത്യാശ്രമങ്ങളുടെ കാര്യത്തിലാണ് ഇത് കൂടുതൽ ശരിയാവുക,' ഡോക്ടർ ജോൺ തുടരുന്നു. 'ആത്മഹത്യക്ക് ശ്രമിക്കുന്നവരെല്ലാം അത് ഉറപ്പിക്കുന്നവരല്ല. മരിക്കാൻ ശ്രമിക്കുന്നവന്റെ മനസ്സിൽ കഠിനവും ദയനീയവുമായ ഒരു സംഘട്ടനം നടക്കുന്നുണ്ട്. 95% പേരും ഈ മൽപ്പിടുത്തത്തിൽനിന്നും ഞങ്ങളെ ഒന്നു രക്ഷിക്കൂ എന്നു പറഞ്ഞു കരയുന്നവരാണ്.



With this
we can save
someone from
SUICIDE

☎ 0484 - 396272

*മൈത്രിയെപ്പറ്റി*

- *എറണാകുളത്ത് കച്ചേരിപ്പടിയിലാണ് മൈത്രി പ്രവർത്തിക്കുന്നത്. മൈത്രിക്ക് അവധിദിവസങ്ങളില്ല. തിങ്കൾ മുതൽ വ്യാഴം വരെയുള്ള ദിവസങ്ങളിൽ 1 മുതൽ 8 വരെയും മറ്റു ദിവസങ്ങളിൽ 10 മുതൽ 8 വരെയും മൈത്രി തുറന്നിരിക്കുന്നു.*
- *മൈത്രിയിലേക്ക് എപ്പോഴും കടന്നുചെല്ലാം. മുൻകൂട്ടി അപ്പോയിന്റ്മെന്റ് വാങ്ങേണ്ട കാര്യമില്ല. ഫോണിൽ സംസാരിക്കാനാണ് താത്പര്യമെങ്കിൽ അങ്ങനെയുമാവാം. മൈത്രിയുടെ വോളണ്ടിയർമാർ എപ്പോഴും സന്നദ്ധരാണ്.*
- *ശ്രദ്ധാപൂർവ്വം തെരഞ്ഞെടുത്ത, പരിശീലനം നേടിയ വോളണ്ടിയർമാരുടെ നിസ്വാർത്ഥ സേവനമാണ് മൈത്രിയുടെ മൂലധനം.*
- *Befriending മാത്രമല്ല, മൈത്രി ചെയ്യുന്നത്. മദ്യത്തിനും ആത്മഹത്യക്കുമെതിരെ ജനകീയാസൂത്രണപദ്ധതികൾ മുഖേന പ്രചാരണം നടത്താനുള്ള പരിപാടികൾ മൈത്രി നടത്തുന്നുണ്ട്. അധ്യാപകരെയും രക്ഷിതാക്കളെയും ബോധവത്കരിക്കാനും നല്ല 'കേൾവിക്കാ'രാക്കാനുമുള്ള ശ്രമമാണ് മറ്റൊന്ന്. ഇപ്രാവശ്യത്തെ SSLC പരീക്ഷാഫലത്തോടനുബന്ധിച്ച് നടത്തിയ കാമ്പയിൻ ഇത്തരത്തിലുള്ള ഒന്നായിരുന്നു.*

തക്ക സമയത്തുള്ള ഒരു ഇടപെടൽ അവരെ ജീവിതത്തിൽത്തന്നെ പിടിച്ചു നിർത്തിയേക്കാം. എന്നെയൊന്നു കേൾക്കൂ എന്നുള്ള തേങ്ങലാണ് ഓരോ ആത്മഹത്യാശ്രമവും. ആത്മഹത്യാശ്രമത്തിൽ നിന്നും തന്നെ രക്ഷിച്ചവരോട് 'എന്തിനെന്നെ രക്ഷിച്ചു?' എന്നു ചോദിക്കുന്നവർ വളരെ ചുരുക്കമാണ്-കൂടിവന്നാൽ 5% പേർ.'

വർഷം തോറും 1500-ഓളം ഫോൺകോളുകൾ കൈകാര്യം ചെയ്യുന്ന മൈത്രിയുടെ 'ഇടപെടൽ' സമൂഹത്തോടുള്ള ഒരു ഓർമ്മപ്പെടുത്തലാണ്. സാധാരണഗതിയിൽ നമ്മളൊക്കെ ശ്രദ്ധിക്കാതെ പോകുന്ന, എന്നാൽ നമ്മൾ ചെയ്യേണ്ടതായ കാര്യങ്ങളിലേക്കുള്ള ഒരു കൈചൂണ്ടി. ആത്മഹത്യ ചെയ്യാനാഗ്രഹിക്കുന്നവൻ കൊതിക്കുന്ന ഇത്തിരി സ്നേഹം നിഷേധിച്ചതിന്, അവൻ നല്കുന്ന പ്രത്യക്ഷമോ പരോക്ഷമോ ആയ സൂചനകളെ നിസ്സാരമായി അവഗണിച്ചതിന് – നമ്മൾ ചെയ്യുന്ന ഈ തെറ്റുകൾക്ക് നമുക്കുവേണ്ടി പ്രായശ്ചിത്തം ചെയ്യുകയാണ് മൈത്രി.



**വിനീതരായ രക്ഷകർ**

കുറേ വോളണ്ടിയർമാരുടെ നിസ്വാർത്ഥമായ സേവനമാണ് മൈത്രിയുടെ മൂലധനം. ഇവരാരും പ്രഫഷണലുകളല്ല. തികച്ചും സാധാരണക്കാർ. ഈ സമൂഹത്തിന്റെ ഒരു പരിച്ഛേദം തന്നെയാണവർ. അവരിൽ നല്ലൊരുപങ്ക് സ്ത്രീകളാണ്–വീട്ടമ്മമാർ. യാതൊരു ലാഭേച്ഛയുമില്ലാതെ, തങ്ങൾ ഇതെല്ലാം ചെയ്യുന്നുണ്ടെന്ന് കഴിയുമെങ്കിൽ മറ്റാരെയും അറിയിക്കാതെ, എല്ലാ ആഴ്ചയിലും നാലുമണിക്കൂർ വിനിയോഗിക്കാനായി സ്വന്തം പണം മുടക്കി അവർ മൈത്രിയിലെത്തുന്നു. നിരാശ നിറഞ്ഞ ഒരു ഫോൺകോൾ ഏതു സമയവും അവരെ തേടിയെത്താമെങ്കിലും അത് പ്രതീക്ഷിച്ചിരിക്കാൻ പാടില്ല. സ്വന്തം ചുമതലയെപ്പറ്റിയുള്ള അത്രയും ചെറിയ സ്വാർത്ഥത പോലും അനുവദനീയമല്ല. വിളിക്കുന്നയാളുടെ യാതൊരു സ്വകാര്യവിവരങ്ങളും ആരായാൻ അവർ ശ്രമിക്കാറില്ല. തങ്ങളെപ്പറ്റി യാതൊന്നും അങ്ങോട്ടു പറയാനും പാടില്ല. ഫോണിന്റെ മറുതലയ്ക്കലുള്ള ഏകാകിയായ മനുഷ്യൻ ആത്മഹത്യ ചെയ്യാൻ പലപ്പോഴും ആഗ്രഹിച്ചു പോകുന്നവനാകാം, ആത്മഹത്യ ചെയ്യാൻ ഉറപ്പിച്ചവനാകാം, ജീവിതത്തെപ്പറ്റി സംശയത്തിൽ മുഴുകി നീറുന്നവനാകാം. എങ്ങനെയായാലും അയാൾക്ക് പറയാനുള്ളത് കേൾക്കുകയും ആത്മഹത്യ ചെയ്യുന്നതിനുമുൻപ് ഒരിക്കൽകൂടി വിളിക്കാമെന്നുള്ള വാഗ്ദാനം അയാളിൽ നിന്ന് നേടുകയുമാണ് വോളണ്ടിയർ ചെയ്യുന്നത്. നിങ്ങളുടെ പോം വഴി ആത്മഹത്യ മാത്രമായിരിക്കാം, എങ്കിലും ഒരിക്കൽകൂടി ഒന്നു വിളിക്കൂ' എന്നതാണ് വോളണ്ടിയറുടെ നിലപാട്. മരണമല്ലാതെ മറ്റൊരു പോംവഴി പറയേണ്ടത് അവരല്ല. മരണത്തെ അന്വേഷിക്കുന്നവർ തന്നെ, കലങ്ങിത്തെളിഞ്ഞ സ്വന്തം മനസ്സിൽ



നിന്ന് പോംവഴികൾ കണ്ടെത്തുകയാണ് വേണ്ടത്. അങ്ങനെ ധാരാളം സംഭവിക്കാറുണ്ടെന്നതിന്റെ തെളിവ്, തങ്ങൾ തീരുമാനം മാറ്റി എന്നു പറഞ്ഞ് പിന്നീട് കിട്ടുന്ന ഫോൺകോളുകൾ തന്നെയാണ്.

**ഫലം കാണുന്ന ജാഗ്രത**

SSLC പരീക്ഷാഫലം വരുന്നതിനു തൊട്ടുമുൻപും പിൻപുമായി നടക്കുന്ന ഒരു പ്രതിഭാസമാണ് വിദ്യാർത്ഥികളുടെ ആത്മഹത്യ. കേരളത്തിലെ തലതിരിഞ്ഞ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ വിലക്ഷണമായ ഉപോത്പന്നങ്ങളിലൊന്നാണ് ഇതും. കഴിഞ്ഞവർഷം ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ആത്മഹത്യകൾ 28 എണ്ണമായിരുന്നു. ഇത്തവണ മൈത്രി ചില സംഗതികൾ ചെയ്തിരുന്നു. ആ ദിവസങ്ങളിൽ 24 മണിക്കൂറും പ്രവർത്തിച്ചു. മാധ്യമങ്ങൾ മുഖേന രക്ഷിതാക്കളെയും കുട്ടികളെയും ബോധവത്കരിക്കാൻ ശ്രമിച്ചു 'ജാഗ്രതയോടെയിരിക്കുക, നിങ്ങളുടെ കുട്ടിയെ നിരാശയിലേക്കു വീഴ്ത്തരുത്' എന്നു പറയാനുള്ള ഒരു ശ്രമം. കുട്ടിക്ക് മാർക്ക് കുറഞ്ഞോട്ടെ, അവനിൽ കുറ്റബോധവും ഭയവും ഉണ്ടാക്കി ഒരു തീരാനഷ്ടം വരുത്തിവയ്ക്കരുത് എന്നുള്ള അവബോധവും ജാഗ്രതയും സമൂഹത്തിൽ മൊത്തം ഉണ്ടായി എന്നു വേണം കരുതാൻ. മൈത്രിയിലേക്ക് ഏതാനും കുട്ടികൾ വിളിച്ചിരുന്നു. കോളുകളുടെ എണ്ണമല്ല പ്രധാനം, സമൂഹത്തിലുണ്ടായ ജാഗ്രതയാണ്. അതിന്റെ സൂചകമാണ് ഇത്തവണത്തെ SSLC ആത്മഹത്യകളുടെ എണ്ണത്തിലുണ്ടായ ഗണ്യമായ കുറവ്. അഞ്ചോ ആറോ എണ്ണത്തിൽ കൂടുതൽ ഉണ്ടായിട്ടില്ല എന്നാണ് കരുതുന്നത്.

ഇത്തരം ആത്മഹത്യകളെപ്പറ്റിയുള്ള പ്രധാനമായ ഒരു വസ്തുത ഈ കുട്ടികളിൽ ഭൂരിഭാഗവും മരിക്കാൻ തീരുമാനിക്കുന്നത് പരാജയം മൂലമല്ല എന്നതാണ്. മാർക്ക് കുറഞ്ഞുപോയി എന്നതാണ് കാരണം. ഒരുതരം ആപേക്ഷിക പരാജയം. മാതാപിതാക്കൾ പ്രതീക്ഷിച്ച മാർക്ക് തനിക്ക് കിട്ടിയില്ല എന്ന് വരുമ്പോഴാണ് അവർ മരണം തെരഞ്ഞെടുക്കുന്നത്. പഠനം നമ്മുടെ കുട്ടികളിൽ ഏല്പിക്കുന്ന സമ്മർദ്ദം മരണത്തേക്കാൾ വലുതാണ്! 'അവരെ നാം എല്ലാം പഠിപ്പിക്കുന്നു. പക്ഷേ ജീവിതം മാത്രം പഠിപ്പിക്കുന്നില്ല.' ഡോ. ജോൺ പറയുന്നു.

ഏതായാലും ആത്മഹത്യ ചെയ്യുന്നവരിൽ ചെറുപ്പക്കാരുടെ എണ്ണംകൂടിവരികയാണ്; പ്രത്യേകിച്ചും വിദ്യാർത്ഥികളുടെ. കുടുംബത്തിനു വേണ്ടാതാകുന്ന വൃദ്ധജനങ്ങൾ ആത്മഹത്യയെ തിരഞ്ഞെടുക്കുന്നതും കൂടിയിരിക്കുന്നു. പണ്ട് ആത്മഹത്യ ചെയ്യുന്നവരിലെ സ്ത്രീകളുടെ അനുപാതം വളരെ കുറവായിരുന്നെങ്കിൽ ഇന്നത് 40 %ത്തോളമായി. യാത്ര അവസാനിക്കുന്നയാൾ സ്ത്രീയോ പുരുഷനോ വൃദ്ധനോ ബാലനോ ആവട്ടെ, അയാളെ ശ്രവിക്കാൻ ഇവിടെ മൈത്രിയിൽ ഒരു കാതും മനസ്സും ഉണർന്നിരിക്കുന്നു. ഒരു ടെലഫോൺകോൾ, കുറെ വാക്കുകൾ-ഇതിനൊക്കെ പുതിയൊരു വഴിയിലേക്ക് ചൂണ്ടാനുള്ള കഴിവുണ്ട്. സമയോചിതമായ ഒരു ഇടപെടൽ-അത് നമ്മുടേതുമാവാം-ഒരു ജീവൻ രക്ഷിച്ചേക്കാം. നമ്മൾ ചെയ്യേണ്ടതായ കാര്യങ്ങളെക്കുറിച്ചുള്ള ഒരു ഓർമ്മപ്പെടുത്തലാണ് മൈത്രി എന്നു പറയുന്നതിലെ സത്യം ഇതാണ്.

## നമ്മുടെ ജനങ്ങൾ മരണത്തെ സ്നേഹിക്കുന്നത് എന്തുകൊണ്ട്?

1995-ൽ മൈത്രി തുടങ്ങിയതു മുതൽ അതിന്റെ അമരത്തുണ്ട്, **ഡോ. സി.ജെ. ജോൺ.** കേരളീയന്റെ ആത്മഹത്യാപ്രവണതയെപ്പറ്റി സാമൂഹികവും മനശ്ശാസ്ത്രപരവുമായ ഒരു വിശകലനം നടത്താൻ അദ്ദേഹം തയ്യാറാവുന്നു.

? സംസ്ഥാനത്തെ ആത്മഹത്യാനിരക്ക് കുത്തനെ ഉയർന്നുപോവുന്നതിന്റെ കാരണങ്ങളെ എങ്ങനെ വിലയിരുത്താം?

= ഒരുപാട് കാരണങ്ങളുണ്ട്. സാമൂഹികമാറ്റങ്ങളുടെ പ്രതിഫലനമായി ഇതിനെ കാണുന്നതിൽ തെറ്റില്ല. അണുകുടുംബങ്ങളിലെ ആശയവിനിമയം കുറയുന്നതും വ്യക്തിബന്ധങ്ങൾ കാര്യമാത്രപ്രസക്തമാവുന്നതും, ഒരു സംഘർഷം വരുമ്പോൾ അത് താങ്ങാനുള്ള ശേഷി വ്യക്തികളിൽ ഇല്ലാതാക്കുന്നു. പണ്ട് എല്ലാവരും സാന്ത്വനത്തിനായി ചുറ്റിലേക്കും നോക്കുമായിരുന്നു. ഇന്ന് എല്ലാം കൂടുതൽ വ്യക്തിഗതമാവുകയാണ്. സംഘർഷങ്ങളെ നേരിടാൻ സമൂഹം നല്കിക്കൊണ്ടിരുന്ന Shock absorbers ആയിരുന്നു, വ്യക്തിബന്ധങ്ങളും കുടുംബബന്ധങ്ങളുമെല്ലാം. ഇന്നത് തീരെയില്ല.

? ഈ മാറ്റത്തിന് ഒരു 'ഉപഭോഗതലം' കൂടിയില്ലേ?

= തീർച്ചയായും. വർധിച്ചുവരുന്ന കുടുംബ ആത്മഹത്യകൾ അതാണ് കാണിക്കുന്നത്. സമൂഹത്തിൽ ആധിപത്യം നേടിയ ഉപഭോഗസംസ്കാരത്തിന്റെ ഇരകളാവുകയാണ് പലരും. ധാരാളിത്തവും പൊങ്ങച്ചവും ഒരു ജീവിതശൈലിയാവുമ്പോൾ കടക്കെണിയിൽപ്പെടുന്ന ഇടത്തരക്കാരാണ് കുടുംബത്തോടെ ജീവിതം അവസാനിപ്പിക്കാൻ തീരുമാനിക്കുന്നത്.

പിന്നൊന്ന്, വളരെ പ്രധാനപ്പെട്ട ഒന്ന്, സമഗ്രവ്യക്തിത്വ വികാസത്തിനോ ജീവിതശൈലി നവീകരണത്തിനോ യാതൊരു പ്രാധാന്യവും കൊടുക്കാത്ത നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായമാണ്. Syllabus oriented- കൂടുതൽ വ്യക്തമായി പറഞ്ഞാൽ competition oriented- മാത്രമാവുകയാണ് നമ്മുടെ



വിദ്യാഭ്യാസം. തട്ടിത്തെറിപ്പിച്ചു മുന്നേറുന്നതിനിടയിൽ സമഗ്രലക്ഷ്യങ്ങൾ അന്യമാവുന്നതും മത്സരം മാത്രമാവുന്നതും സ്വാഭാവികമാണല്ലോ. ഇതിനെയാണ് ബ്രോയ്‌ലർ ചിക്കൻ സംസ്കാരമെന്നു പറയേണ്ടത്. ഒരു ഉത്പന്നത്തെ സൃഷ്ടിക്കുന്ന രീതിയിലേക്ക് അധഃപതിക്കുന്നു, വിദ്യാഭ്യാസം. ഇതിന്റെയെല്ലാം ഫലമായി കുട്ടികൾ പഠിക്കേണ്ടതായ കാര്യങ്ങളൊന്നും പഠിക്കുന്നില്ല. അമിതസംരക്ഷണം അവരെ ദൈനംദിനകാര്യങ്ങൾ ചെയ്യാൻ പോലും അറിയാത്തവരാക്കുന്നു. മാർക്കറ്റിൽ പോകാൻ അവർക്കറിയില്ല. അതും പക്ഷേ, പഠനമാണ്.എപ്പോഴും പാഠപുസ്തകം മാത്രം പഠിക്കുന്നവർ ജീവിക്കാൻ പഠിക്കുന്നില്ല. അതിനാൽത്തന്നെ ചെറിയൊരു ഇച്ഛാഭംഗം വരുമ്പോഴേക്കും സമ്മർദ്ദം അവരുടെ ജീവനെടുക്കുന്നു. നേരിയ അണുബാധ മതിയല്ലോ ബ്രോയ്‌ലർ കോഴികളെ കൊന്നൊടുക്കാൻ.

മദ്യപാനത്തിന്റെ തോത് ഉയർന്നത് മറ്റൊരു കാരണമാണ്. മദ്യത്തിന്റെ പ്രതിശീർഷ ഉപഭോഗത്തിൽ ഇന്ത്യയിൽ ഒന്നാംസ്ഥാനം കേരളത്തിനാണ്. ഇത് പുരുഷൻമാരെ മാത്രമല്ല ആത്മഹത്യയിലേക്ക് നയിക്കുന്നത്, അവരുടെ സ്ത്രീകളെക്കൂടിയാണെന്നോർക്കുക.

കാരണങ്ങൾ പറയാനാണെങ്കിൽ ഒരുപാടുണ്ട്. വ്യക്തിഗതമായി നോക്കിയാലും ഇത് ശരിയാണ്. ഒരു ആത്മഹത്യയും ഒറ്റക്കാരണം കൊണ്ട് ഉണ്ടാവുന്നില്ല. ഒരു പാട് കാരണങ്ങൾ ചേർന്ന് ഒരു impulsive moment സൃഷ്ടിക്കുകയാണ് ചെയ്യുന്നത്.

? ഇതിൽ മാധ്യമങ്ങളുടെ പങ്ക് എന്താണ്, പ്രത്യേകിച്ചും കൂട്ട ആത്മഹത്യയിൽ?

= റിപ്പോർട്ടിംഗിന്റെ സ്വഭാവം പ്രോത്സാഹജനകമായേക്കാം, പലപ്പോഴും. അമിതവൈകാരികത കലർത്തി എഴുതുന്ന റിപ്പോർട്ടുകൾ പലരെയും പ്രേരിപ്പിക്കാറുണ്ട് എന്നത് സത്യമാണ്. ഞാൻ മരിക്കും, എല്ലാവരെയും അറിയിക്കും എന്നൊരു വാശി ചിലർക്കൊക്കെ ഉണ്ടായേക്കും. റിപ്പോർട്ടിംഗ് ഒരു preventive message ആകാതെ പോകുമ്പോഴാണിത്. ഇന്ന കാരണത്തിന് ആത്മഹത്യയാണ് ഒരു പോംവഴി എന്ന ധാരണ അബോധപൂർവ്വമായെങ്കിലും ഉണ്ടാക്കുന്നതരത്തിലുള്ള റിപ്പോർട്ടിംഗ് അപകടകരമാണ്. നാട്ടുനടപ്പ് ആത്മഹത്യയായതിനാൽ ഞാനും ആത്മഹത്യചെയ്യും എന്നു വിചാരിക്കാൻ ആരെയും പ്രേരിപ്പിക്കരുത്. പക്ഷേ, ഇപ്പോൾ മാധ്യമ പ്രവർത്തകർ ഇതിനേപ്പറ്റി ബോധവാൻമാരായിട്ടുണ്ടെന്നു തോന്നുന്നു-പ്രത്യേകിച്ചും എറണാകുളത്തെ പ്രസ്. അവരുടെ റിപ്പോർട്ടിങ് ശൈലി വളരെയധികം മാറുന്നുണ്ട്.

? കേരളീയ സമൂഹത്തിൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന മതനവോത്ഥാനത്തിന് ആത്മഹത്യകളെ കുറയ്ക്കാനും സാന്ത്വനമേകാനും കഴിയേണ്ടതല്ലേ?

= പലതും വെറും താത്കാലിക സാന്ത്വനങ്ങളാണെന്നാണ് തോന്നിയിട്ടുള്ളത്. ജനക്കൂട്ടം നടത്തുന്ന ഈ 'ആദ്ധ്യാത്മിക വിനോദയാത്രകൾ' സത്യസന്ധമാണെന്നു കരുതാൻ വയ്യ. ഉപഭോഗരീതികളുടെ മറ്റൊരുവശമാണിതും. ഭൗതികലക്ഷ്യങ്ങൾക്കുവേണ്ടിത്തന്നെയാണ് ഈ യാത്രകളും. ഷോപ്പിങ്ങിനു പോകും പോലെ ധ്യാനകേന്ദ്രങ്ങളിലേക്കും പോകുമ്പോൾ നവീകരണം ഉണ്ടാകുമോ? മതങ്ങൾ പ്രതീക്ഷിക്കുന്നതും ഇത്രയൊക്കെയേ ഉള്ളൂ എന്നുതോന്നുന്നു. ജനങ്ങൾക്കു വേണ്ടതെന്താണോ അത് കൊടുക്കുകയാണ് മതങ്ങളും ചെയ്യുന്നത്. നവീകരണം ഉണ്ടായെങ്കിൽ അതിന്റെ സൂചനകൾ സമൂഹത്തിൽ കാണണം. മദ്യപാനം, കുറ്റകൃത്യങ്ങൾ, ആത്മഹത്യകൾ ഇവയൊക്കെ കുറയണം. എല്ലാം കൂടുകതന്നെയല്ലേ? എങ്കിലും തൽക്കാലത്തേക്കുള്ള ചില ആശ്വാസങ്ങൾ മനുഷ്യർക്ക് കിട്ടുന്നുണ്ട് എന്നും പറയാതെവയ്യ.

? നമ്മുടെ ഉയർന്ന സാക്ഷരതാനിരക്കിനൊന്നും ആത്മഹത്യകളെ തടുക്കാൻ കഴിയാത്തതെന്തുകൊണ്ടാണ്?

=സാക്ഷരത ഉണ്ടായതുകൊണ്ടുമാത്രം കാര്യമില്ലല്ലോ. ജീവിതദർശനമില്ലാത്ത സാക്ഷരതയാണ് നമ്മുടേത്, നമ്മുടെ വിദ്യാഭ്യാസം പോലെ തന്നെ -literacy and education without life vision.

? മൈത്രിയുടെ പ്രവർത്തനങ്ങളുടെ വിജയം എത്രത്തോളമുണ്ട്?

= ആരുടെയും കാര്യത്തിൽ ഒരു ഫോളോ-അപ് ഒന്നും നടത്താറില്ല, മൈത്രി. അതിനുള്ള അവകാശം നമുക്കില്ലല്ലോ. എങ്കിലും പിന്നീടുവിളിച്ച് നന്ദിപറയുന്നവർ ധാരാളമുണ്ട്. വലിയ കാര്യം ഇതൊന്നുമല്ല, പക്ഷേ. സമൂഹത്തിൽ ആത്മഹത്യകൾക്കെതിരെ ഒരു ജാഗ്രതയുണ്ടാക്കുകയെന്നതാണ്. അത് നടക്കുന്നുണ്ട്. ഇതിനെല്ലാം നമ്മൾ കടപ്പെട്ടിരിക്കുന്നത് ഈ വോളണ്ടിയർമാരോടാണ് എന്ന് പറയട്ടെ. അവരില്ലെങ്കിൽ മൈത്രിയില്ല. ഞാനൊക്കെ വെറും വക്താവ് മാത്രമാണ്. വക്താവല്ലല്ലോ, യാഥാർത്ഥ ഉത്തരവാദി. ●

# ആത്മഹത്യ രോഗാതുരമായ ഒരു സാമൂഹ്യ സാഹചര്യത്തിന്റെ പ്രതിഫലനം

*ആത്മഹത്യയുടെ മാനസികവും സാമൂഹ്യവുമായ പ്രേരകങ്ങളെ കാണിച്ചു തരികയാണ് **പ്രൊഫ. റവ. തോമസ് ജോൺ** (H.O.D. മനശ്ശാസ്ത്ര വിഭാഗം). സാധാരണഗതിയിൽ ആത്മഹത്യയുടെ കാരണങ്ങളും ലക്ഷണങ്ങളും എങ്ങനെയെല്ലാമായിരിക്കും എന്നദ്ദേഹം എഴുതുന്നു.*

വിഷാദരോഗം ആത്മഹത്യക്കുള്ള കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. എന്നാൽ അതുമായി ബന്ധമില്ലാത്ത മറ്റു കാരണങ്ങൾകൊണ്ടും ആത്മഹത്യ സംഭവിക്കാം. പ്രശ്നങ്ങളെ വിലയിരുത്തുന്നതിലുള്ള തകരാറും അവയ്ക്ക് പരിഹാരം ഇല്ല എന്ന ചിന്തയുമാണ് പലപ്പോഴും നിർണ്ണായക ഘടകമായിത്തീരുന്നത്. വഴിമുട്ടി നില്ക്കുന്ന (no exit) അനുഭവവും അതിൽ നിന്നും ഉത്ഭവിക്കുന്ന താല്ക്കാലികമായ മാനസികാവസ്ഥയും ആയിരിക്കും ഒരാളെ പലപ്പോഴും ആത്മഹത്യയിലേക്ക് നയിക്കുന്നത്. ആ സമയത്തെ അയാളുടെ മാനസികാവസ്ഥയെ അസാമാന്യം എന്നു തന്നെ വിശേഷിപ്പിക്കേണ്ടിയിരിക്കുന്നു. പകപോക്കൽ, തന്നിലേക്കുതന്നെ തിരിച്ചു വിടുന്ന ആക്രമണം, കുറ്റബോധം, നഷ്ടബോധം, അതിനോടു ബന്ധപ്പെട്ട നിരാശ, ഏകാന്തത – ജീവിതത്തിന്റെ നിരർത്ഥകത, ഇവയെല്ലാം ഈ മാനസികാവസ്ഥയുടെ വിവിധ ഭാവങ്ങളാണ്.

ആത്മഹത്യ ചെയ്യുന്ന പലരും തങ്ങളുടെ ജീവിതം അവസാനിപ്പിക്കണമെന്ന് ആഗ്രഹിക്കുന്നവരല്ല എന്നതാണ് ആത്മഹത്യയെ കൂടുതൽ ദുഃഖപര്യവസായിയാക്കുന്നത്. ആത്മഹത്യ ചെയ്യുന്നവരിൽ ഒരു നല്ല വിഭാഗം ജീവിക്കണം (to be) എന്നു തന്നെ ആഗ്രഹിക്കുന്നവരാണ്. ആത്മഹത്യാശ്രമം അവരെ സംബന്ധിച്ചിടത്തോളം തങ്ങളുടെ പ്രതിസന്ധിയും വേദനയും മറ്റുള്ളവരെ അറിയിക്കാനുള്ള ആശയവിനിമയമാർഗ്ഗം ആയിത്തീരുന്നു. 3%-5% മാത്രമെ ജീവിതം അവസാനിപ്പിക്കണമെന്ന നിശ്ചയദാർഢ്യത്തോടുകൂടെ (not to be) ആത്മഹത്യയെ സമീപിക്കാറുള്ളൂ. ഏതാണ്ട് 2/3 ആളുകളും ജീവിക്കണം – ജീവിക്കേണ്ട (to be or not to be) എന്ന തരത്തിലുള്ള അനിശ്ചിതത്വത്തിലാണ് ആത്മഹത്യയെ സമീപിക്കുന്നത്. ജീവിതം അവസാനിപ്പിക്കണം എന്ന പ്രേരണക്ക് നൈമിഷികമായി ഉണ്ടാകുന്ന മുൻതൂക്കം അവരെ ആത്മഹത്യയിലേക്ക് നയിക്കുന്നു. അതുകൊണ്ടുതന്നെ ഇത്തരക്കാരുടെ ജീവിതത്തിൽ ഈ നിർണ്ണായക ഘട്ടത്തിലുള്ള ഇടപെടൽ ജീവിതത്തിലേക്കുള്ള വഴിത്തിരിവായിത്തീരും എന്നതിൽ സംശയമില്ല.

ആത്മഹത്യാഭീഷണി തങ്ങളുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനു മറ്റുള്ളവരെ 'കൈകാര്യം' ചെയ്യാനുള്ള ഒരു തന്ത്രമായി ഉപയോഗിക്കപ്പെടാമെങ്കിലും ആത്മഹത്യാഭീഷണി ഉയർത്തുന്നവർ ആത്മഹത്യ ചെയ്യുകയില്ല എന്ന നിഗമനം തീർത്തും ശരിയല്ല. ആത്മഹത്യയിൽ നിന്നും ഒരാളെ പിന്തിരിപ്പിക്കണമെങ്കിൽ അയാൾ നല്കുന്ന സൂചനകൾ നമുക്ക് മനസ്സിലാക്കാൻ കഴിയണം. ചിലർ വളരെ വ്യക്തമായിത്തന്നെ തങ്ങളുടെ ഉദ്ദേശ്യം അറിയിച്ചു എന്നുവരാം. മറ്റു ചിലർ സംസാരത്തിലൂടെ തന്നെ അത് വ്യംഗ്യമായി സൂചിപ്പിച്ചേക്കാം. സാധാരണയിൽ കണ്ടുവരുന്നതിൽ നിന്നും വ്യത്യസ്തമായ പെരുമാറ്റങ്ങൾ സൂചനയായി കാണാവുന്നതാണ്. ദുഃഖിതനായി കാണപ്പെടുന്ന ആൾ പെട്ടന്ന് സന്തോഷവാനായി കാണപ്പെടുക, വളരെ ഉൾവലിഞ്ഞ് ജീവിക്കുന്ന ഒരാൾ പെട്ടന്ന് സംസർഗ്ഗശീലനാവുക, ബന്ധുമിത്രാദികളോട് കൂടുതൽ സ്നേഹം കാണിക്കുക, എല്ലാവരോടും യാത്രചോദിക്കുക, ഇനിയും കണ്ടുമുട്ടിയില്ലെങ്കിലോ എന്ന സന്ദേഹം പ്രകടിപ്പിക്കുക, വേദനിപ്പിച്ചവരോട് മാപ്പു ചോദിക്കുക, മുറിയിലെ സാധനസാമഗ്രികൾ വളരെ ക്രമമായി അടുക്കി വയ്ക്കുക, വിലപിടിപ്പുള്ള സാധനങ്ങളൊക്കെ മറ്റുള്ളവർക്ക് കൊടുക്കുക – ഇവയെല്ലാം ശ്രദ്ധിക്കപ്പെടേണ്ട സൂചനകളാണ്.

ഇവയിൽ നിന്നെല്ലാം നാം മനസ്സിലാക്കുന്നത് വളരെയധികം പരസ്പരം സംവേദനക്ഷമതയിൽ കഴിയുന്ന, കൂട്ടായ്മയുള്ള സമൂഹത്തിൽ മാത്രമേ ആത്മഹത്യയെ കാര്യക്ഷമമായി നേരിടാൻ കഴിയൂ എന്ന വസ്തുതയാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ കൂട്ടായ്മകളും കൂട്ടുകുടുംബങ്ങളും ശിഥിലമാകുകയും സുഗമമായ ആശയവിനിമയം സാധ്യമാക്കിത്തീർക്കു

## F.I.T.
## PREMIER MANUFACTURERS OF BEST AND DURABLE FURNITURE

In Teak, Rose and other quality wood
both Conventional & Deluxe type for
Furnishing your house, Office etc.
and Joinery items such as
Doors, Windows & Ventilators for
Building Construction.

## VISIT OUR SHOW ROOM AT ALWAYE

**Forest Industries (Travancore) Limited**

(A Government of Kerala Undertaking)
Thaikkattukara P.O., Alwaye - 683 106.
Kerala State.

Phone : 0484 - 623641
623642
Fax : 0484 - 623643

ന്നതിന് അനുപേക്ഷണീയമായ അടിസ്ഥാന സാഹചര്യങ്ങൾ ഇല്ലാതെയാകുകയും ചെയ്യുമ്പോഴാണ് സ്വാഭാവികമായും ആത്മഹത്യാനിരക്ക് വർദ്ധിക്കുന്നത്.

കുട്ടികളിലും കൗമാരപ്രായക്കാരിലും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആത്മഹത്യാനിരക്ക് പ്രത്യേക ശ്രദ്ധയും പഠനവും അർഹിക്കുന്നു. ഈ പ്രവണതയ്ക്ക് കാരണമായിത്തീരുന്ന മനോസാമൂഹ്യ (psycho-social) ഘടകങ്ങളെപ്പറ്റി ഇവിടെ സൂചിപ്പിക്കട്ടെ-

1. അണുകുടുംബങ്ങളിൽ, പ്രത്യേകിച്ചും മാതാപിതാക്കൾ രണ്ടുപേരും ജോലി ചെയ്യേണ്ടിവരുന്ന സാഹചര്യങ്ങളിൽ കുട്ടികൾ അനുഭവിക്കേണ്ടി വരുന്ന അനാഥത്വം, നിരാകരണം, അനുഭവാവകാശനിഷേധം (deprivation).
2. കുടുംബബന്ധങ്ങളിൽ തന്നെയുള്ള ആശയവിനിമയത്തിലെ അപാകതയും അപര്യാപ്തതയും.
3. ജീവിതസാദ്ധ്യതകളെക്കുറിച്ചുള്ള വർദ്ധിച്ചുവരുന്ന അറിവ് സൃഷ്ടിക്കുന്ന അതൃപ്തിയും കുടുംബാന്തരീക്ഷത്തിലെ സംഘർഷവും.
4. വിദ്യാഭ്യാസപരമായ നേട്ടങ്ങൾക്ക് നല്കുന്ന അമിതപ്രാധാന്യവും അതിനോടു ബന്ധപ്പെട്ട കർക്കശമായ നിർബന്ധങ്ങളും. ജീവിതത്തിന്, വിദ്യാഭ്യാസപരമായ നേട്ടങ്ങൾക്കും മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും പ്രതീക്ഷകൾക്കൊപ്പം ഉയരുന്നതിലും അപ്പുറം അർത്ഥം നല്കുന്ന ഒന്നും ഇല്ലാതെ വരുമ്പോൾ, അവ നേടിയെടുക്കാൻ കഴിയാതെ വരുമ്പോൾ, ഉള്ള ഇച്ഛാഭംഗവും നിരാശയും ജീവിതത്തിന്റെതന്നെ നിരർത്ഥകതയും.
5. ഭൗതികമായ നേട്ടങ്ങൾ ജീവിതത്തിന്റെ ലക്ഷ്യമായിത്തീരുമ്പോൾ അത് സൃഷ്ടിക്കുന്ന കടക്കെണി; അത് നേടാൻ കഴിയാതെ വരുമ്പോഴുള്ള വർദ്ധിച്ച ഇച്ഛാഭംഗവും നിരാശയും.
6. മാത്സര്യവും സ്വാർത്ഥതയും നിറഞ്ഞ ഒരു ലോകത്തിൽ അനുഭവപ്പെടുന്ന പിന്തള്ളപ്പെടലും ഏകാന്തതയും.
7. തൊഴിലില്ലായ്മയും വർദ്ധിച്ചു വരുന്ന സാമ്പത്തിക ബുദ്ധിമുട്ടുകളും.

ഡർക്ക്ഹൈം (Durkhiem) എന്ന സോഷ്യോളജിസ്റ്റ് ആത്മഹത്യയെ ഒരു സമൂഹത്തിലെ സോഷ്യൽ അനോമിയുടെയും (Social anomie) [അതായത്, ഒരു കൂട്ടത്തെ ചേർത്തു നിർത്തുന്ന പാരമ്പര്യത്തിന്റെ മൂല്യങ്ങളുടെയും മാനദണ്ഡങ്ങളുടെയും പറയപ്പെടാത്ത, വ്യക്തമാക്കപ്പെടാത്ത ധാരണകളുടെയും അഭാവത്തിൽ ആ സമൂഹത്തിൽ ഉണ്ടാകുന്ന ശിഥിലീകരണം] അതു സൃഷ്ടിക്കുന്ന വ്യക്തികളുടെ ജീവിതത്തിലെ വ്യഥയുടെയും സൂചികയായി കരുതുന്നു. ഇത്തരത്തിലുള്ള രോഗഗ്രസ്തമായ അവസ്ഥയിലേക്ക് നമ്മുടെ സമൂഹം ഇന്ന് നീങ്ങിക്കൊണ്ടിരിക്കുകയല്ലേ എന്നു നാം ഭയക്കണം. ഈ സാമൂഹ്യവിപത്തിനോട് പ്രതികരിക്കേണ്ടതെങ്ങനെ എന്നാരായുകയും വേണം. ●

Internationally recognised!

One-Year Full-Time Diploma

Fashion Designing & Management

Your passport to the high-profile, high-paying world of international haute couture. We invite you to an exciting and glamorous trade of high fashion. Our one year course in fashion designing and management includes fashio designing, pattern making, cutting, stitching, marketing, accounts, personnel management and computers.

ROYAL SCHOOL OF Fashion

100% Placement assured

Limited Seats

III Floor, Above Varkey's Bakery, Manorama Junction, Cochin - 36. Tel : 0484-323658, 319926
H.O. Bangalore. Tel: 080-5597817,
Fax: 5285338. E-mail : drthomad@blr.vsnl.net.in

# Psychological Counselling

Shijo Antony, I BA Psychology

Educational and occupational scenes are undergoing a sea change. Human life is getting more complex day by day. It is becoming a difficult task to prepare the callow youth for a life style that is rapidly changing.

We cannot ignore the fact that there are quite a few students in our colleges and universities who are on the brink of personal adjustment problems. They are tired of their humdrum routine of life. Loneliness dominates their buoyancy. Lack of motivation which results in low academic achievements is often a cause for anxiety. Besides, promiscuous friendship, sexual problems, drug abuse, etc., create emotional tension. All these factors warn us of the psychological moment to take apt steps to help them before they get trapped in the conundrum of irretrievable degeneration.

Psychological counselling and guidance have been introduced in our colleges and universities to meet the varied needs of the students but still many are unaware of the facts about counselling and how it can help them. Some aspects of psychological counselling and guidance are discussed below.

**What is counselling?**

The New Encyclopedia Britannica (1988) defines counselling as 'the process of helping an individual discover and develop his educational, vocational and psychological potentialities and thereby to achieve an optimal level of personal happiness and social usefulness'.

Keeping in mind the definition, counselling could be understood as a definite helping relationship of love, trust and understanding where through the counsellor's sensitive understanding and skilful responses the counsellee is assisted to discover himself and to find a more satisfying way of adjusting himself, enabling him at the same time to grow in freedom and self confidence so as to become strong enough to act on his own choice.

Counselling differs from psychotherapy in that it is usually applied to help 'normals' rather than patients.

**Types of Counselling**

1. Directive counselling: In a directive counselling a director is likely to lead the conversation and try to persuade the counsellee to behave in certain prescribed ways.
2. Non-directive counselling: In non-directive counselling the counsellor merely 'lends a friendly ear' to the counsellee, perhaps, reflecting his thoughts and feelings and detailing the alternative form of behaviour.
3. Eclectic: This is a synthesis of many methods. Some of the features are: It gets the counsellee to do the maximum talking and to take the final responsibilities; creates ways for self understanding etc.,

At present the technique of client-centered therapy is used in different types and approaches of counselling such as:

1. Psychological counselling: for personal growth
2. Depth counselling: aiming at psychiatric or deeper psychotherapeutic treatment
3. Marriage counselling: Marriage counselling is a method of helping the couple to become aware of the dynamics between them and to create a real dialogue.
4. Pastoral counselling: It differs from other counselling in that instead of the counsellor-counsellee approach it specifically includes God in the counselling relationship.
5. Existential counselling: This concentrates more on the whole person and what he is becoming within his own world rather than thinking in terms of his various internal bits and pieces.

**Aims of Counselling**

**Some of the Aims Specified by Carl Rogers:**

1. Greater independence and the integration of the counsellee. Its aim is not to solve particular problems but to assist the individual to grow so that he can cope with the present problems and with later problems in a better integrated way.

2. The counsellee is helped to grow from a feeling of no worth to a feeling of worth, inadequacy to adequacy, incompleteness to completeness, irresponsibility to responsibility, closeness to openness, no destiny to destiny, etc.,

3. Besides, the counsellee may be helped to develop new skills, new approach and new motives.

To achieve these objectives the counsellee must be helped to discover himself. But one cannot, says Jean Paul Sartre, know himself except through the intermediary of another person. And a counselling situation provides this other person for a personal loving encounter.

**Counselling on the Campus**

A cursory glance at the higher learning systems of our universities will obviously show us the 'darkness' of our educational system. Here a well organised programme of counselling becomes an imperative. The complex life situations and the expanding frontiers of education make it impossible for an individual student to make decisions about the courses and careers without expert guidance.

Quite a number of students on the threshold of college or university studies are faced with multifarious problems in their life situations where they battle against the vicissitudes of life.

In their closed life solitude is the only companion. Shyness and fearful behaviour are their features. They are cheerless because they lack motivation and a sense of purpose in life. Their hearts are ponderous with vacuity and meaninglessness. They lack self knowledge which is essential to set goals and plans. They are grappling in the dark amidst complex social and psychological problems. Living with peers especially in the hostels, and adjustment to heterosexual relations seem unconditionally unrealisable to handle. The onus of keeping up the nobility and expectations of their parents is often a great worry for some. Many of the problems they face upshots in impasse where anxiety permeates in their life with pernicious influence on them. Here psychological counselling can play a great role to show a ray of light to the students.

A survey was conducted by the All India Educa tional and Vocational Guidance Association (1960 61) for guiding college students. Three thousand stu dents from seventeen Indian Universities responded The survey revealed the felt needs of the students Eleven problems, were marked by more than 50 pe cent of the responders:

1. I cannot do as well in my studies as othe people expect me to do.

2. I do not know enough about the qualification needed for different kinds of work or careers.

3. I worry too much about what my future wil be after I have finished my studies.

4. Even though I force myself, my attention wil not remain on my assignment long enough to com plete it.

5. I do not know how to make friends with th opposite sex.

6. I do not have sufficient information about mat ters on sex.

7. I do not know about aptitudes and abilities fo different kinds of work and careers.

8. It is difficult for me to get the books I need fo study.

9. I cannot read fast enough to complete my stud ies in time.

10. I do not know the proper methods of study.

11. I have more difficulty in forgetting my mis takes than I believe I should have.

The eleven areas may be summarised under fou headings - Study habits and skills, Career choice Knowledge of aptitudes and abilities, Sex education The problems that exist on our own campuses ma be analysed in terms of these categories.

Provision for counselling services in the college cannot be the panacea for educational neurosis. A counsellor cannot absorb the tension and anxiety o the students. But he can be a bolsterer and an inspi ration at all times; help to resolve their stress an strain, by touching the right cord. A counsellor ca foster in them predilection for a motivated and mean ingful life through his feasible advice and help then to become the humdingers of society. All these ar possible only in an atmosphere of understanding faith and sincerity. This is what the counsellors create.

# On the Campus

*References:* The New Encyclopaedia Britanica Vol. 3, 198 Dave, Indu. The Basic Essentials of Counselling, 199 Kochhar, S.K. Guidance and Counselling in the Colleges an Universities, 1993; Pazhayattil, Harshajan. Counseling an Hospital Care, 1993.

# കോളേജ് യൂണിയൻ റിപ്പോർട്ട്

വളരെ വൈകിനടന്ന കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ് മൂലം ഈ വർഷത്തെ യൂണിയൻ പ്രവർത്തനത്തിന് ലഭിച്ച കുറച്ച് ദിനങ്ങളും യാതൊരു മുന്നറിയിപ്പുമില്ലാതെ, ഈ വർഷം ആദ്യമായി യൂണിവേഴ്സിറ്റി കലാമത്സരങ്ങൾ, മേഖലാടിസ്ഥാനത്തിൽ ആക്കിയതുമൂലം സംജാതമായ സാമ്പത്തിക പ്രതിസന്ധിയും കടുത്ത വെല്ലുവിളികൾ ഉയർത്തിയ ഒരു പ്രത്യേക സാഹചര്യത്തിൽ നിന്ന് പ്രവർത്തിക്കേണ്ടി വന്നപ്പോഴെല്ലാംതന്നെ കോളേജ് യൂണിയൻ പ്രവർത്തകരോട് സ്നേഹപൂർവ്വം സഹകരിച്ച വിദ്യാർത്ഥിനിവിദ്യാർത്ഥികൾക്കും അദ്ധ്യാപക അനദ്ധ്യാപകർക്കും, പ്രത്യേകിച്ച് ബഹു. കോളേജ് പ്രിൻസിപ്പാൾ ഡോ. രാജൻ വർഗ്ഗീസ്, സ്റ്റാഫ് അഡൈ്വ. ഡോ. കെ.വി. കുഞ്ഞികൃഷ്ണൻ, പി.ടി.എ. ഇൻ-ചാർജ് ശ്രീ രാജു കെ. ജോൺ, ശ്രീ എ.എം. ഗീവർഗ്ഗീസ്, ശ്രീ വി.പി. മാർക്കോസ്, ശ്രീ നാരായണൻ തുടങ്ങിയ അദ്ധ്യാപകർക്കും 1998-99 വർഷത്തെ കോളേജ് യൂണിയനുള്ള നിസ്സീമമായ കടപ്പാട് ഹൃദയപൂർവ്വം രേഖപ്പെടുത്തിക്കൊണ്ട് 1998-99 വർഷത്തെ കോളേജ് യൂണിയൻ റിപ്പോർട്ട് വിദ്യാർത്ഥിനിവിദ്യാർത്ഥികൾക്ക് മുന്നിൽ സമർപ്പിക്കുന്നു.

1998 ഒക്ടോബർ 16ന് നടന്ന തെരഞ്ഞെടുപ്പിൽ താഴെപ്പറയുന്നവർ കോളേജ് യൂണിയൻ മെമ്പർമാരായി തെരഞ്ഞെടുക്കപ്പെട്ടു.

**ചെയർമാൻ**

മനോജ് ജി. കൃഷ്ണൻ

**വൈസ് ചെയർപേഴ്സൺ**

ബിന്ദു ഇബ്രാഹിം

**ജന. സെക്രട്ടറി**

ഗിരീഷ്.കെ

**യു. യു. സി:**

1. സുൾഫിക്കർ കെ. എ  2. ദിൽജിത്ത് കെ.എൻ

**മാഗസിൻ എഡിറ്റർ**

ജിനി. കെ. ഗോപിനാഥ്

**ആർട്ട്സ്ക്ലബ് സെക്രട്ടറി** – വിനു.എം

**വനിതാ പ്രതിനിധികൾ**

1. സീനാ ബി. നായർ 2. ഷീനാ വർഗ്ഗീസ്

**ക്ലാസ് പ്രതിനിധികൾ**

| | | | |
|---|---|---|---|
| I | PDC | - | അജീഷ്.പി.ആർ |
| II | PDC | - | ഷിബു.എൻ.എ |
| I | DC | - | മനോജ്.പി.ജെ |
| II | DC | - | വിമൽ.പി.എൻ |
| III | DC | - | സെബിതോമസ് |
| I | P.G. | - | അജിത്.കെ.കെ |
| II | P.G. | - | ഷിജോ ആന്റണി |

**യൂണിയനിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടവർ:**

**ജനറൽ ക്യാപ്റ്റൻ:** വിമൽ IIIDC ഹിസ്റ്ററി

**സിനിക്ലബ്ബ് സെക്രട്ടറി:** അനിൽ സി.വി IIIDC ഹിസ്റ്ററി

**SC/ST പ്രതിനിധി:** രൂപേഷ്കുമാർ II DC ഹിസ്റ്ററി

**ഡിബേറ്റ് ക്ലബ്ബ്:** റിയാസ്.എ.ജെ. IIDC ഇക്കണോ.

**ക്വിസ്ക്ലബ്ബ്:** വിനോദ്. ടി.യു. IIDC ഇക്കണോമിക്സ്

**SS ലീഗ്:** അൻവർ സാദത്ത്, IIDC ഇക്കണോമിക്സ്

**കാന്റീൻ സെക്രട്ടറി:** അനിൽ. സി.വി. IIDC ഇക്കണോമിക്സ്

**പ്ലാനിങ്ഫോറം:** രഞ്ജിനികൃഷ്ണൻ, II DC മൈക്രോബയോളജി

**1. Voice of U.C. selection**

1998 ഒക്. 30ന് നടന്ന വോയ്സ് ഓഫ് യു.സി. സെലക്ഷനിൽ മികച്ച ആറു ഗായികമാരെയും ആറ് ഗായകൻമാരെയും തെരഞ്ഞെടുത്തു. 110 പേർ പങ്കെടുത്തു. സെലക്ഷൻ മികച്ച നിലവാരം പുലർത്തി.

2. **കേരളപ്പിറവിയാഘോഷം** കേരളപ്പിറവിയാഘോഷങ്ങൾക്ക് മിഴിവേകുന്ന വിദ്യാർത്ഥിനിവിദ്യാർത്ഥികളുടെ കലാപരിപാടികളുടെ നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം സാധൂകരിക്കുന്നതിനായി ഈ വർഷം ആദ്യമായി കലാപരിപാടികൾ ഡിപ്പാർട്ടുമെന്റ് അടിസ്ഥാനത്തിലുള്ള മത്സരമായാണ് നടത്തിയത്. ഇതുപ്രകാരം നടന്ന മത്സരങ്ങളിൽ ഒന്നാംസ്ഥാനം ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിനും മികച്ച പ്രകടനം കാഴ്ചവച്ച പെൺകുട്ടിക്കുള്ള സമ്മാനം മരിയ ജോർജ്ജിനും മികച്ച പ്രകടനം കാഴ്ചവച്ച പുരുഷനുള്ള സമ്മാനം സുനിൽ ജോസിനും നല്കപ്പെട്ടു. കേരളാഘോഷത്തിന്റെ ഉദ്ഘാടനം നറുക്കെടുപ്പിലൂടെ വിദ്യാർത്ഥികളിൽനിന്നും തിരഞ്ഞെടുത്ത ഒന്നാംവർഷ ഡിഗ്രി മലയാളം വിദ്യാർത്ഥി ജിജോ കടവൻ നിർവ്വഹിച്ചു.

3. **കോളേജ് യൂണിയൻ ഉദ്ഘാടനം**

1998 നവം -9ന് നടത്തി. ഉദ്ഘാടനകർമ്മം ബഹു. എം. ജി യൂണിവേഴ്സിറ്റി പരീക്ഷാ കൺട്രോളർ എൻ. രാമചന്ദ്രൻ നിർവ്വഹിച്ചു. എം.എൻ.എ. ഡോ. സെബാസ്റ്റ്യൻപോൾ മുഖ്യാതിഥിയായിരുന്നു. ചടങ്ങിൽ, ആർട്ട്സ്ക്ലബിന്റെ ഉദ്ഘാടനം നിർവ്വഹിച്ച സിനിമാതാരം ശ്രീമതി ഫിലോമിനയും, സിനിക്ലബിന്റെ ഉദ്ഘാടനം നിർവ്വഹിച്ച സിനിമാതാരം ശ്രീ. സലിംകുമാറും കേരളപ്പിറവി ആഘോഷങ്ങളോടനുബന്ധിച്ച നടന്ന കലാമത്സരങ്ങളുടെ സമ്മാനദാനം നിർവ്വഹിച്ച സിനിമാതാരം ശ്രീ മുഹ്‌സിൻവർഗ്ഗീസും സന്നിഹിതരായിരുന്നു. യൂണിയൻ ചെയർമാൻ മനോജ് ജി. കൃഷ്ണൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ ഡോ. രാജൻ വർഗ്ഗീസ്, സ്റ്റാഫ് അഡൈ്വസർ ഡോ. കെ.വി. കുഞ്ഞികൃഷ്ണൻ, വൈസ്ചെയർപേഴ്സൺ ബിന്ദു ഇബ്രാഹിം, സുൾഫിക്കർ തുടങ്ങിയവർ ആശംസകൾ നേർന്നു. ജന. സെക്രട്ടറി കെ. ഗിരീഷ് സ്വാഗതവും വിനു.എം. നന്ദിയും പറഞ്ഞു. ഉച്ചയ്ക്കുശേഷം വോയ്സ് ഓഫ് യു.സി. അവതരിപ്പിച്ച ഗാനമേള ഉണ്ടായിരുന്നു.

4. നാടകോത്സവം - ഡിസം 4

1998 ഡിസം : 4ന് നടന്ന നാടകോത്സവത്തിൽ അവതരിപ്പിക്കപ്പെട്ട പതിനൊന്നു നാടകങ്ങളിൽ ഒന്നാംസ്ഥാനം 'മമ്പര' കരസ്ഥമാക്കിയപ്പോൾ രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം 'പ്രേതൻ വനിതകൾ', 'ദൈവത്തെയാറ്റും' എന്നീ നാടകങ്ങൾ നേടി. അർജ്ജുൻ ജോൺ മികച്ച നടനായും ഗായത്രി ജയരാജ് മികച്ച നടിയായും തെരഞ്ഞെടുക്കപ്പെട്ടു. കൂടാതെ പതിനഞ്ച് അഭിനയ പ്രതിഭകളെ കണ്ടെടുക്കാൻ ഉപകരിച്ച യുവജനോത്സവത്തിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചത് ആർട്ട്സ് ക്ലബ്ബ് അഡ്വൈ: ശ്രീ നാരായണനാണ്.

5. **സാഹിത്യക്യാമ്പ്** – 15, 16, 17, (1999 ജനുവരി)

യു.സി.കോളേജ് യൂണിയന്റെ നിരന്തരമായ അഭ്യർത്ഥനയെ മാനിച്ച് ഈവർഷം M.G. യൂണിവേഴ്സിറ്റി യൂണിയൻ സംഘടിപ്പിച്ച സാഹിത്യക്യാമ്പിന് ആതിഥേയത്വം നല്കാനുള്ള അപൂർവ്വഭാഗ്യം നമുക്ക് ലഭിക്കുകയുണ്ടായി. മലയാളികളുടെ പ്രിയങ്കരനായ കവി പ്രഫ: ഓ.എൻ.വി. കുറുപ്പ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ക്യാമ്പിൽ വിവിധ കോളേജുകളിൽ നിന്നും പ്രതിനിധികളായെത്തിയ വിദ്യാർത്ഥികളോടൊപ്പം യു.സി.കോളേജിൽ നിന്നും വിദ്യാർത്ഥികൾ പങ്കെടുത്തു. കലാ സാഹിത്യമണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവരുടെ സാന്നിധ്യം കൊണ്ടും സംസാരം കൊണ്ടും ധന്യമായ ക്യാമ്പിൽ ജോസഫ് പാണാടൻ അണിയിച്ചൊരുക്കിയ 'പാപത്തറ' എന്ന നാടകം അവതരിപ്പിക്കപ്പെട്ടു.

6. **യൂണി: നാടകോത്സവം.** 1999 ജനു 29

യൂണിവേഴ്സിറ്റി മത്സരത്തിന് അവതരിപ്പിക്കപ്പെട്ട 'മുറുക്കിയടച്ച് തണുത്ത് വരണ്ട സ്ഥലത്ത് സൂക്ഷിക്കുക' എന്ന നാടകം നിർഭാഗ്യവശാൽ നാലാംസ്ഥാനത്തേയ്ക്ക് പിൻതള്ളപ്പെട്ടെങ്കിലും അവതരണത്തിലെ പുതുമകൊണ്ട് ശ്രദ്ധേയമായി.

7. **ക്യാമ്പസ്ക്ലീനിങ്ങ്**

കോളേജിലെ വിദ്യാർത്ഥികളെ ഒന്നടങ്കം പങ്കെടുപ്പിച്ചുകൊണ്ട് കോളേജ് യൂണിയനും അദ്ധ്യാപകരും ചേർന്ന് 1999 ഫെബ്രു 16ന് നടത്തിയ ക്യാമ്പസ് ശുചീകരണം വൻവിജയമായിരുന്നു.

8. ശാന്തിപ്രഭാഷണം 1999 Feb 19ന്

കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ്ചാൻസലർ പ്രൊഫ: സിറിയക് തോമസ് നടത്തിയ ശാന്തിപ്രഭാഷണം ഉജ്ജ്വലമായി. നിറഞ്ഞുകവിഞ്ഞ സദസ്സിന് സംതൃപ്തമായ നിമിഷങ്ങൾ സമ്മാനിച്ച പ്രഭാഷണം വിജ്ഞാനപ്രദമായിരുന്നു.

ലേഡീസ് വെയിറ്റിങ്ങ് ഷെഡിൽ ഈ വർഷത്തെ കോളേജ് യൂണിയൻ ഒരുലെറ്റർ ബോക്സ് സ്ഥാപിച്ചു. NAAC PEER TEAM ന്റെ യു.സി. കോളേജ് സന്ദർശനത്തോടനുബന്ധിച്ച് നടന്ന എക്സിബിഷനിൽ കോളേജ് യൂണിയന്റെ വക പ്രദർശനം ഉണ്ടായിരുന്നു. 1999 ഫെബ്രി 24 മുതൽ 27 വരെയായിരുന്നു സന്ദർശനദിനങ്ങൾ.

9. **സിനിഫെസ്റ്റ്** – ജനു: 27,28, 29,30

സിനിക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രണയവർണ്ണങ്ങൾ, കഥാനായകൻ, കരിമ്പന, ചെപ്പ്, കാരവൻ എന്നീ ചിത്രങ്ങൾ പ്രദർശിപ്പിച്ചു.

10. **കുറസോവ ചലച്ചിത്രമേളയും,സെമിനാറും**

ഫെബ്രി: 12,13, തിയ്യതികളിൽ വിശ്വപ്രസിദ്ധ ചലച്ചിത്രകാരൻ അകിര കുറസോവയുടെ റാഷമോൺ, ത്രോൺ ഓഫ് ബ്ലഡ്, സെവൻ സാമുറായ് എന്നീചിത്രങ്ങൾ പ്രദർശിപ്പിച്ചു.

11. **സ്പോർട്ട്സ് ദിനം**

1999 ഫെബ്രുവരി 17-ാംതിയ്യതി കായികമത്സരങ്ങൾ നടന്നു. പ്രാതിനിധ്യം വളരെകുറവായിരുന്നു.

12. **യൂണിവേഴ്സിറ്റി വടക്കൻ മേഖലാമത്സരം**

1999 ഫെബ്രു 18, 19, 20, 21 തിയ്യതികളിൽ കോലഞ്ചേരിയിൽ നടന്ന മത്സരങ്ങളിൽ ഗ്രൂപ്പ് ഇനങ്ങളിലും വ്യക്തിഗത ഇനങ്ങളിലുമായി മുപ്പതോളംപേർ ഇന്റർ സോൺ മത്സരങ്ങളിൽ പങ്കെടുക്കാനുള്ള അർഹതനേടി.

13. **കോളേജ്ഡേ, യൂണിയൻഡേ**

1999 മാർച്ച് ഒൻപതാം തിയ്യതി യൂണിയൻ ഡേ വിവിധ കലാപരിപാടികളോടെ ആഘോഷിച്ചു. അവതരിപ്പിക്കപ്പെട്ട ഇനങ്ങളിൽ ജഗതീഷാർജും സംഘവും അവതരിപ്പിച്ച റോക്ക്ഷോ മികച്ച നിലവാരം പുലർത്തി.

1999 മാർച്ച് 10-ാം തിയ്യതി, കോളേജ് ഡേ ആഘോഷങ്ങൾക്ക് തിരികൊളുത്തിയത് മലയാളത്തിന്റെ അഭിമാനമായ, ജ്ഞാനപീഠം പുരസ്കാരം നേടിയ ശ്രീ. എം.ടി. വാസുദേവൻ നായരാണ്. യു.സി.കോളേജിന്റെ ചരിത്രത്തിൽ സ്ഥാനം പിടിച്ച ഈ മഹനീയമുഹൂർത്തത്തിൽ M.T.യുടെ നിർമ്മലമായ പ്രഭാഷണം അനുഗ്രഹത്തിന്റെ തേൻമഴയായ് പെയ്തു. ഈ ചടങ്ങിൽ മുഖ്യ അതിഥിയായെത്തിയ അനുഗൃഹീതനായ തിരക്കഥാകൃത്ത് ലോഹിതദാസ് സമ്മാനങ്ങൾ വിതരണം ചെയ്തു. ഡോ. രാജൻ വർഗ്ഗീസ്, വൈസ്ചെയർപേഴ്സൺ ബിന്ദു ഇബ്രാഹിം, യു.യു.സി നിർമ്മിൽ, മാഗസിൻ അഡ്വൈസർ ശ്രീ വി.പി. മാർക്കോസ്, ആർട്ട്സ്ക്ലബ് അഡ്വൈസർ ശ്രീ നാരായണൻ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. ചെയർമാൻ മനോജ് ജി കൃഷ്ണൻ അദ്ധ്യക്ഷതവഹിച്ച ചടങ്ങിൽ ജന: സെക്രട്ടറി ഗിരീഷ്.കെ. സ്വാഗതവും വിനു എം. നന്ദിയും പറഞ്ഞു. തുടർന്ന് കൊച്ചിൻ വോയ്സ് അവതരിപ്പിച്ച ഗാനമേള ഉദ്ഘാടനം ചെയ്തുകൊണ്ട് കലാഭവൻ ഗാനമേളട്രൂപ്പിലൂടെയും നിരവധി കാസറ്റുകളിലൂടെയും പ്രസിദ്ധനായ ബിജി ഒരു ഗാനം ആലപിച്ചു. ഇടവേളയ്ക്ക് കലാഭവൻ താരങ്ങളായ സന്തോഷ്, വിശ്വനാഥൻ, ഷാജൻ തുടങ്ങിയവർ അവതരിപ്പിച്ച അത്യുഗ്രൻ മിമിക്സ് പരേഡും നടന്നു.

14. പ്രതിഭാനം-99

1999 മാർച്ച് 11,12,13,14, തിയ്യതികളിൽ നടന്ന ഇന്റർ സോൺ മത്സരങ്ങളിൽ വീറോടെ പങ്കെടുത്ത് മാന്യമായ ഒരുസ്ഥാനം നിലനിർത്താൻ നമുക്ക് കഴിഞ്ഞു. മായമേനോൻ, ശ്രീലക്ഷ്മി, സ്മിതാ പി. മേനോൻ തുടങ്ങിയ പ്രതിഭകൾ യു.സി. കോളേജിന്റെ അന്തസ്സുയർത്തി. മത്സരവിജയികൾക്കെല്ലാം കോളേജ് യൂണിയന്റെ അഭിനന്ദനങ്ങൾ.

യൂണിയന്റെ പ്രവർത്തനങ്ങൾ തികച്ചും കുറ്റമറ്റതാണ് എന്നുള്ള യാതൊരുവിധ അവകാശവാദങ്ങളും ഇല്ലാതെ, സംഭവിച്ച പിഴവുകളെല്ലാം സ്വയം വിമർശനാത്മകമായി ഏറ്റെടുത്തുകൊണ്ട്, അറിയാതെയെങ്കിലും ആരെയെങ്കിലും വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ മാപ്പിരന്നു കൊണ്ട്, തെറ്റുകൾ എണ്ണിപ്പറയുമ്പോൾ ശരികളുടെ എണ്ണം കൂടെ തിട്ടപ്പെടുത്താൻ മറക്കരുതേ എന്ന അഭ്യർത്ഥനയോടെ, അഭിനന്ദനങ്ങൾക്കും അപവാദങ്ങൾക്കും മീതെ സ്നേഹത്തിന്റെ കൊടി പാറിച്ചുകൊണ്ട്, വരും വർഷം ശോഭനമായിരിക്കട്ടെ എന്ന പ്രാർത്ഥനയോടെ.

**ഗിരീഷ് കെ.**
ജന: സെക്രട്ടറി

# K.G. HOSPITAL

## ANKAMALY

വികസനത്തിന്റെ വിഹായസിലേക്ക് അനുദിനം പറന്നുയരുന്ന അങ്കമാലി നഗരത്തിൽ കെ. ജി. ഹോസ്പിറ്റൽ അഭിമാനപൂർവ്വം ആതുര സേവനരംഗത്ത് പത്തുവർഷം പൂർത്തിയാക്കുന്നു.

**Dr. Gissy George Kurien, Dr. Rajasree, Dr. Philip Abraham** എന്നീ വിദഗ്ദ്ധ ഡോക്ടർമാരുടെ മേൽ നോട്ടത്തിൽ **Obstetrics & Gynaecology** വിഭാഗം വളരെ സജീവമായി പ്രവർത്തിക്കുന്നു. **Ultra Sound Scan, Laproscope, Infertility clinic** എന്നിവ ഈ വിഭാഗത്തിന്റെ പ്രത്യേകതകളാണ്.

ഇതോടൊപ്പം തന്നെ ആധുനികരീതിയിൽ സജ്ജീകരിക്കപ്പെട്ട ശിശുരോഗവിഭാഗം, E.N.T. വിഭാഗം, ത്വക്ക്രോഗവിഭാഗം, അനസ്തേഷ്യവിഭാഗം, ജനറൽ മെഡിസിൻ, ജനറൽ സർജറി എന്നിവയും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

എന്ന്

ഡയറക്ടർ

*ആശംസകൾ...*

# പറവൂർ മെഡിക്കൽസ്

**നോർത്ത് പറവൂർ**

**ഫോൺ – 442552**

*ആശംസകൾ...*

# അന്നപൂർണ്ണ

ബാങ്ക് ജംഗ്ഷൻ, ആലുവ

ഫോൺ: 624105

# '98-'99 കോളേജ് യൂണിയൻ ഉദ്ഘാടനം



ആശംസ

പ്രിൻസിപ്പാൾ

ഡോ. രാജൻ വർഗീസ്



ഉദ്ഘാടനം

പരീക്ഷാ കൺട്രോളർ

എൻ. രാമചന്ദ്രൻ



അദ്ധ്യക്ഷൻ

ചെയർമാൻ

മനോജ് ജി. കൃഷ്ണൻ



ആശംസ

വിശിഷ്ടാതിഥി

ഡോ. സെബാസ്റ്റ്യൻ പോൾ



സദസ്സ് - ഒരു ദൃശ്യം

## '98-'99 ആർട്ട്സ് ക്ലബ്ബ് ഉദ്ഘാടനം



ഉദ്ഘാടനം
സിനിമാ താരങ്ങൾ
ഫിലോമിന, മച്ചാൻ വർഗീസ്, സലിംകുമാർ

## '98-'99 കോളേജ് ദിനാഘോഷങ്ങൾ



ഉദ്ഘാടനം
ജ്ഞാനപീഠ ജേതാവ്
ശ്രീ എം. ടി. വാസുദേവൻ നായർ







ആശംസ

പ്രിൻസിപ്പാൾ

**ഡോ. രാജൻ വർഗീസ്**



*വിശിഷ്ടാതിഥി*

ചലച്ചിത്രകാരൻ

**ലോഹിതദാസ്**



*അദ്ധ്യക്ഷൻ*

ചെയർമാൻ

**മനോജ് ജി. കൃഷ്ണൻ**



*യൂണിയൻ റിപ്പോർട്ട്*

ജനറൽ സെക്രട്ടറി

**ഗിരീഷ് കെ.**

# ആർട്സ് ക്ലബ്ബ് റിപ്പോർട്ട്

കൂട്ടുകാരെ,

1998-99 കലാലയവർഷത്തിലെ ആർട്ട്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ പ്രശസ്ത നടി ഫിലോമിന ഉദ്ഘാടനം ചെയ്തു. കലാ പ്രവർത്തനങ്ങൾ മികവുറ്റതാക്കാൻ ദീപു, ബിന്ദിഷ് ചെറിയ, പ്രസന്നകുമാർ കെ.പി., ബോബൻ കെ. രാജൻ എന്നിവരടങ്ങുന്ന കമ്മറ്റിയെ തിരഞ്ഞെടുത്തു. ആർട്ട് ക്ലബ്ബിന്റെ ഉപദേശകനായി മലയാളം ഡിപ്പാർട്ടുമെന്റിലെ ശ്രീ. കെ.എസ്. നാരായണൻസാറിനെ നിയമിച്ചു.

**1998 ഒക്ടോബർ 30**

മികച്ച ഗായികാഗായകന്മാരെ തിരഞ്ഞെടുക്കുക എന്ന ലക്ഷ്യത്തോടെ 1998 ഒക്ടോബർ 30 ന് നടത്തിയ വോയ്സ് ഓഫ് യു. സി. സെലക്ഷനിൽനിന്നും 12 ഗായികാഗായകന്മാരെ തെരഞ്ഞെടുത്തു. ഈ അനുഗ്രഹീത ഗായികാഗായകന്മാരുടെ സംഗീതവിരുന്ന് കോളേജ് യൂണിയൻ ഉദ്ഘാടനത്തിന് ഉത്സവപ്രതീതി പകർന്നു.

**തെയ്യാട്ടം '98**

അപൂർവ്വ പ്രതിഭകളുടെ സംഗമസ്ഥാനമെന്ന് പുറത്തുള്ളവർ വിശേഷിപ്പിക്കുന്ന യു.സി. കോളേജിലെ ഒളിഞ്ഞിരിക്കുന്ന കലാപ്രതിഭകളെ കണ്ടെത്തുക എന്ന ശ്രമകരമായ ഉത്തരവാദിത്വം പൂർണ്ണമായി നിറവേറ്റി എന്ന അവകാശവാദങ്ങളൊന്നുമില്ലെങ്കിലും എന്റെ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് മനോഹരമായി ചെയ്തു തീർക്കുവാനും നിലവാരത്തകർച്ച തെല്ലുമില്ലാതെ മുന്നോട്ടുകൊണ്ടുപോകുവാനും കഴിഞ്ഞു എന്ന ചാരിതാർത്ഥ്യത്തോടെ എന്നെന്നും മനസ്സിൽ സൂക്ഷിക്കാൻ ഒരു വർണ്ണത്തെയ്യാട്ടം...

തെയ്യാട്ടം കലോത്സവത്തിൽ കലാപ്രതിഭയായി ഷിജു ജോസഫിനെയും കലാതിലകമായി ശ്രീലക്ഷ്മിയെയും തെരഞ്ഞെടുത്തു.

കലാമത്സരങ്ങളിൽ വിധി നിർണ്ണയിച്ച അദ്ധ്യാപകരോടും അനദ്ധ്യാപകരോടുമുള്ള ആർട്ട്സ് ക്ലബ്ബിനുള്ള നന്ദി ഹൃദയപൂർവ്വം കുറിക്കുന്നു.

**നാടകോത്സവം:**

യു.സി. കോളേജിന്റെ നാടകമത്സരവേദിക്ക് പുത്തനുണർവ്വ് നൽകിക്കൊണ്ട് ആവിഷ്ക്കരണത്തിലും രംഗാവതരണത്തിലും പുതുമ നൽകിക്കൊണ്ട് അവതരിപ്പിക്കപ്പെട്ട പരസ്പരം കിടപിടിക്കുന്ന 11 നാടകങ്ങളിൽ നിന്നും മികച്ചവ തിരഞ്ഞെടുക്കുക എന്നത് ആയാസകരമായ ജോലിയായിരുന്നു. എന്നാൽ ഒട്ടേറെ വിശകലനങ്ങൾക്കുശേഷം മന്ഥര, ട്രോജൻ സ്ത്രീകൾ, ദൈവത്തോറ്റം എന്നീ നാടകങ്ങൾ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. മികച്ച നടനായി അർജ്ജുൻ ജോണിനെയും നടിയായി ഗായത്രി ജയരാജിനെയും തെരഞ്ഞെടുത്തു.

**Close tightly keep in a cool dry place**

1999 ജനുവരി 29 ന് കോതമംഗലം എം.എ. കോളേജിൽ വച്ച് നടന്ന യൂണിവേഴ്സിറ്റി നാടകോത്സവത്തിൽ ആംഗലേയ നാടകകൃത്ത് മെഗൺടെറിയുടെ 'Close tightly keep in a cool dry place.' എന്ന ഇംഗ്ലീഷ് നാടകത്തിന്റെ സ്വതന്ത്ര വിവർത്തനമായ 'മുറുക്കിയടച്ച് തണുത്ത് വരണ്ട സ്ഥലത്ത് സൂക്ഷിക്കുക' എന്ന നാടകം തികച്ചും പരീക്ഷണാടിസ്ഥാനത്തിൽ നമ്മൾ അവതരിപ്പിക്കുകയുണ്ടായി. ശ്രദ്ധേയമായ സ്ഥാനം ലഭിച്ചു എങ്കിലും അർഹമായ അംഗീകാരം ലഭിച്ചില്ല എന്നുള്ളത് തികച്ചും നിർഭാഗ്യകരമാണ്.

**വടക്കൻമേഖലാ മത്സരങ്ങൾ 'ഉത്സവ് 99'**

1999 ഫെബ്രുവരി 18 മുതൽ 21 വരെ കോലഞ്ചേരിയിൽ നടന്ന മേഖലാ മത്സരത്തിൽ നിലനിൽക്കുന്ന കടുത്ത സാമ്പത്തിക പ്രതിബന്ധങ്ങളെ മറികടന്ന് പ്രശംസാർഹമായ വിജയം കൊയ്യാൻ കഴിഞ്ഞു എന്നുള്ളത് ഈ യൂണിയന്റെ വിജയമാണ്, തദ്വാരാ യു.സി. കോളേജിലെ ഓരോ വിദ്യാർത്ഥിനീവിദ്യാർത്ഥികളുടെയും വിജയമാണ്. മത്സരങ്ങളിൽ പങ്കെടുത്ത് മാന്യമായ സ്ഥാനം കരസ്ഥമാക്കിയ പ്രതിഭകൾക്ക് ആർട്ട്സ് ക്ലബ്ബിന്റെ അഭിനന്ദനങ്ങൾ.

**അന്തർകലാലയ മത്സരങ്ങൾ**

കണ്ണീരുണങ്ങാത്ത നിമിഷങ്ങൾ സമ്മാനിച്ചുകൊണ്ട് ഒരന്തർ കലാലയ മത്സരം നമുക്കു മുന്നിലേക്കു കടന്നുവന്നു. ദുർവ്വിധി സമ്മാനിച്ച അനിശ്ചിതത്വത്തിൽ നിന്നു കുഴഞ്ഞ ഓരോ നിമിഷങ്ങളിലും ഞങ്ങൾക്ക് കരുത്ത് പകർന്നു തന്ന ആർട്ട്സ് ക്ലബ്ബ് അഡ്വൈസർ ശ്രീ. കെ.എസ്. നാരായണൻ സാറിനോടുള്ള നിസ്സീമമായ കടപ്പാടുകൾ ഹൃദയപൂർവ്വം കുറിക്കട്ടെ...

തിരുവാതിരകളി മത്സരത്തിൽ രണ്ടു മിനിട്ട് വൈകി എന്ന പേരിൽ അയോഗ്യത കല്പിക്കപ്പെട്ടപ്പോൾ അക്ഷരാർത്ഥത്തിൽ പൊട്ടിക്കരഞ്ഞുപോയ കലാകാരികൾക്കും യൂണിയൻ ഭാരവാഹികൾക്കും സാന്ത്വനവാക്കുകൾ പകർന്നുതന്ന മാതൃഭൂമി സ്റ്റാഫ് ലേഖകൻ ആർ. അജിത്കുമാറിനേയും കെ.പി. ശ്രീകുമാറിനെയും കടപ്പാടുകളോടെയല്ലാതെ സ്മരിക്കാനാവില്ല...

കുച്ചിപ്പുടി, കഥാപ്രസംഗം എന്നിവയിൽ ഒന്നാം സ്ഥാനം നേടിയ ശ്രീലക്ഷ്മിക്കും ലളിതഗാനത്തിൽ ഒന്നാം സ്ഥാനം നേടിയ മായാ മേനോനും ഇംഗ്ലീഷ് ചെറുകഥാരചനയിൽ രണ്ടാം സ്ഥാനം നേടിയ നീലിമ രവികുമാറിനും കാവ്യകേളിയിൽ മൂന്നാം സ്ഥാനം നേടിയ സ്മിത പി. മേനോനും പാശ്ചാത്യ സംഗീതത്തിൽ മൂന്നാം സ്ഥാനം നേടിയ ജഗൻ ജോർജ്ജ്, ആരൺ മെനനാൻ, കുര്യൻ എന്നിവർക്കും ആർട്ട്സ് ക്ലബ്ബിന്റെ ഹൃദ്യമായ അഭിനന്ദനങ്ങൾ.

ഇവിടെ നീണ്ട ഒരു വർഷത്തെ ത്യാഗങ്ങളും നൊമ്പരങ്ങളും പ്രതീക്ഷകളും സാഫല്യത്തിലെത്തുകയാണ്. എനിക്കുവേണ്ടി പ്രാർത്ഥിച്ചവർക്ക്, സഹകരിച്ചവർക്ക് ഒരായിരം നന്ദികളോടെ...

*ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി*

# യൂണിവേഴ്സിറ്റി ജേതാക്കൾ



മായാ മേനോൻ
ലളിതഗാനം



ശ്രീലക്ഷ്മി
കുച്ചിപ്പുടി, കഥാപ്രസംഗം



നീലിമ രവികുമാർ
ഇംഗ്ലീഷ് ചെറുകഥ



സ്മിത പി. മേനോൻ
കാവ്യകേളി



ജഗൻ ജോർജ്, ആരൺ നൈനാൻ, കുര്യൻ
പാശ്ചാത്യസംഗീതം

LCC *Infotech Ltd.*

*latest technology*
*largest network*

MILLENNIUM TECHNOLOGY CURRICULUM

# LAUNCHING

all over India

Over 650 Centres Nation Wide

# MILLENNIUM TECHNOLOGY CURRICULUM

## *through our latest Career Program*

Lakhotia Computer Centre, one of the leading computer training network in Asia is launching the 100% futurustic and unmatched course syllabi with the millennium technology power. LCC will take you to the next millennium with MTC by turning out you to be a highly potential **M**illennium **T**echnology **P**rofessional.

Millennium
Technology
Professional

**MTP** Programs

**MSE** (Master in Software Engg.) 3 yrs.

**ADCS** (Advanced Diploma in Computer Science) 2 yrs.

**HDCS** (Honours Diploma in Computer Science) 1yr

**PGDCA** (Post Graduate Diploma in Computer Application) 1 yr

*For more details contact our Counsellor at your nearest centre*

LCC™

Lakhotia Computer Centre

| Bank Jn. | Opp. Municipal off | KMK Jn. | KSRTC Rd. |
|---|---|---|---|
| **Alwaye** | **Angamally** | **North Parur** | **Perumbavoor** |
| ✆ 626947 | ✆ 455253 | ✆ 445080 | ✆ 525203 |

# AMARTYASEN AND WELFARE ECONOMICS

The year 1998 was another occasion for India to be proud of its great sons when the Nobel Prize for economics was awarded to Prof. Amartya Sen (65) the 6th Indian to be honoured with the Nobel Prize and the first Asian to receive the Nobel Prize for Economics. Prof Sen was honoured with the award for his contributions to Welfare Economics.

Prof. Sen was born at Shantiniketan in 1933 to Ashutosh and Amita Sen and was named by the Nobel laureate Rabindranath Tagore as Amartya meaning the imperishable. He was educated at Dhaka and from 1942-51 at Shantiniketan. Then he joined the Presidency College and after 2 years went to Cambridge. On returning he became lecturer in the Delhi School of Economics and was the head of the Department of Economics. Now he is the Master of Trinity College, Cambridge.

Prof. Sen was only a child when the Bengal famine broke out. The starvation deaths of millions of people that he saw there left an indelible scar in his mind and since then he has been thinking about the real cause of famine. This might have prompted him to take Welfare Economics as his subject of specialisation.

Prof Sen says that there is massive underactivity of the govt. in the field of education, health care, land reforms and social security in general. He says citing India's case, that successive governments have virtually neglected these vital social opportunities. He says that as far as India is concerned, the problem is not that of the availability of resources but that of its efficient deployment and distribution to the concerned people. According to Prof. Sen, the creation of the vital social opportunities mentioned above depends on the actual facilities available for education, health care, social security, etc.

The Royal Swedist Academy while awarding the Nobel Prize identified three areas within Welfare Economics -social choice, distribution and poverty. The social choice theory links inequality, poverty and Welfare Economics. Prof. Sen puts the subject matter of Welfare Economics thus.

Any society would consist of many individuals of divergent interests and preferences. How can it be possible to arrive at the judgements of 'social welfare' (the welfare of the whole society taken together) given the diversity of interests and preferences within society? Even a small committee of more than one person can arrive at inconsistent decisions. Thus, given this problem any decision about aggregate social welfare or social preference for a large society must be very difficult.

This is the challenge that the subject of social choice faces and it addresses the question of systematically arriving at social decisions on the basis of the disparate interests and preferences of different members of society who come from different classes, distinct communities, dissimilar economic and social backgrounds, divergent cultural and religious beliefs and so on.

Using this theory Prof Sen has tried to address a wide range of question like when would majority decisions be consistent? How can we accommodate the rights and liberties of persons while taking adequate note of their well-being and misery? How can we judge how a society as a whole is doing? How do we measure poverty and inequality while taking note of the diverse people that make up the society - the rich and the poor the powerful and the powerless?

Prof Sen says that the first attempt at solving this problem was initiated by an economist Kenneth Arrow with the help of his Impossibility Theorem, but somehow, this theorem didn't get much importance. But Prof Sen says that now, different methods are available for solving this problem and the only thing to be done is to choose the best possible method.

Taking a holistic view of the subject matter of Welfare Economics we understand that it is the people that should matter in any government policy. The underactivity of the government in social sectors is actually detrimental to its development, for educated, healthy and energetic people automatically contribute to a country's economic development i.e. what is needed is development with a human face. Only then can we take our country, or for that matter, any country to the path of sustainable development.

**Madhavankutty G.** I BA Economics

**Pridhviraj,** 1st PDC, Group III

# A MAD THOUGHT

Oh! death, I have fallen in love with you.
Why do you look so surprised?
I was not joking, I was serious.
I hated the life of misery
I like to sleep in your icy hands,
Putting down all my foolish desires.
Are you also laughing at me like others?
They, who call me mad and foolish
Is there any one here not mad?
Yes, I am a fool; who tried to find love in all.
I dreamed a world of love and joy.
But people call me mad, and throw stones.
I can only find relief in yours hands.
Place your icy hands on me,
And take me to the world of death.
Where I can sleep without any tension.
There no one will call me mad or foolish
Noone will throw stones any more.
There I will be the king of the mad and the foolish

# ARMAGEDDON

If only we knew
Who would be
Today's dying choice
And
Tomorrow's Mythology
We hate swapping the sunny patios of
The present
For,
The uncertain mazes of the times coming
We can put up with a great deal
Provided,
The good boy gets the toy in the end,
From You and God and All.
We don't mind being crucified today,
In exchange of Canonization tomorrow.

The days to come hold
The dark secrets of our lives.
Our Truth and motives,
And decide
The side we were fighting for.
For,
It is not that God wins
Or
The Devil loses.
The WINNER is GOD.
And the LOSER,
The DEVIL.

**Chandana**

# കണ്ണുകൾ കടലിനെ വിവർത്തനം ചെയ്യുന്നു

ഷിജു ജോസഫ്, രണ്ടാംവർഷ മനഃശാസ്ത്രബിരുദം

## *1. കടലിനെപ്പറ്റി രണ്ടുപേർ*

'ഇത്ര വിശാലമായ കണ്ണുകളുണ്ടായിട്ടും നീ ഒരിക്കലും കണ്ണെഴുതാത്തതെന്തുകൊണ്ടാണ്?' അവൻ പലപ്പോഴും ചോദിക്കണമെന്നു വിചാരിച്ചിട്ടുണ്ട്. ഒരിക്കൽ ചോദിച്ചപ്പോൾ കിട്ടിയ മറുപടി അവനെ ചിരിപ്പിച്ചു. 'എനിക്ക് കൺമഷി അലർജിയാണ്....'

... കാറ്റടിക്കുമ്പോൾ എന്റെ കണ്ണുകൾ പെട്ടന്നു നിറയും. യാത്രചെയ്യുമ്പോൾ പ്രത്യേകിച്ചും. പിന്നെ കൺമഷിയെല്ലാം കലങ്ങിയൊഴുകി ആകെ...' എന്നിങ്ങനെയുള്ള അവളുടെ വിശദീകരണം അവനെ തൃപ്തനാക്കിയില്ല. കൺമഷിയിട്ടാൽ അവളുടെ കണ്ണുകൾക്ക് കടലിന്റെ ഗഹനത ലഭിക്കുമെന്ന് അവൻ വിചാരിച്ചു.

-കടൽ പണ്ടുമുതലേ അവനെ ആകർഷിച്ചിരുന്നു. കഴിഞ്ഞ ജന്മത്തിൽ താനൊരു സമുദ്രസഞ്ചാരിയായിരുന്നെന്നു വിശ്വസിക്കാനിഷ്ടമായിരുന്നു, അവന്. അപകടകരമായ കപ്പൽയാത്രകൾ അവൻ പലപ്പോഴും സ്വപ്നംകണ്ടു. പായ്ക്കപ്പലുകളിലെ അലസസഞ്ചാരം, അനിശ്ചിതമായ യാത്രാവസാനം, അപരിചിതഗന്ധങ്ങളുടെ തുറമുഖങ്ങൾ...

യാത്ര....

'നിന്റെ കണ്ണുകളുടെ സമുദ്രസൗന്ദര്യത്തെയാണ് ഞാൻ സ്നേഹിക്കുന്ന'തെന്ന് അവൻ പറയുമ്പോഴൊക്കെ അവൾ പക്ഷേ, ഭയന്നു.

-അവൾക്ക് എന്നും കടലിനെ ഭയമായിരുന്നു.

കടലിന്റെ ദുരൂഹസൗന്ദര്യം അവനെ പിടിച്ചുവലിക്കുന്നതോർത്തപ്പോഴാണ് അവൾ കടലിനെ കൂടുതൽ ഭയക്കാൻ തുടങ്ങിയത്. നീണ്ട ഒരു യാത്രക്കായി ഒരു ദിവസം അവൻ കപ്പൽ കയറിയേക്കാമെന്നും തീരങ്ങളിൽനിന്നു തീരങ്ങളിലേക്ക് അവന്റെ യാത്ര അവസാനമില്ലാതെ നീണ്ടേക്കാമെന്നും അവൾ ഭയന്നു. അല്ലെങ്കിൽ വിദൂരമായ ഒരു തുറമുഖത്തെ അപൂർവ്വഗന്ധികൾ അവനെ മയക്കി തടവിലാക്കിയേക്കാം. അതുമല്ലെങ്കിൽ മാനംമുട്ടുന്ന തിരമാലകൾ അവന്റെ പഴയ പായ്ക്കപ്പലിനെ അന്ധമായ ഒരാവേശത്തിലമർത്തിയേക്കാം... എന്നെല്ലാം.

## *2. പായ്ക്കപ്പലുകൾ മുങ്ങുന്നത് ഇങ്ങനെയാണ്*

പക്ഷേ, പെട്ടെന്നൊരു ദിവസം അവൻ അപ്രത്യക്ഷനായത് അങ്ങനെയൊന്നുമായിരുന്നില്ല. അവന്റെ ആഗ്രഹപ്രകാരം അവൾ കണ്ണെഴുതിവന്ന ദിവസം, അവൻ അവളുടെ കണ്ണുകളിലേക്കുറ്റുനോക്കിക്കൊണ്ടു പറഞ്ഞു. -'നിന്റെ കണ്ണുകളിൽ ഒരു നീലസമുദ്രം, അതിന്റെ മഹാരഹസ്യങ്ങൾ നിറഞ്ഞ ആഴക്കയങ്ങൾ എന്നിലെ കപ്പലോട്ടക്കാരനെ ഭ്രമിപ്പിക്കുന്നു.'

'എനിക്ക് ഭയം തോന്നുന്നു,' തന്റെ കണ്ണുകൾ നിറഞ്ഞതറിഞ്ഞ് അവൾ പറഞ്ഞു.

'ഞാൻ പറഞ്ഞത് ശരിയാണ്,' അവൻ പൊട്ടിച്ചിരിച്ചു. 'ദാ, തിരമാലകൾപോലെ തുളുമ്പുന്ന നിന്റെ കണ്ണുകൾ... എനിക്കു കാണാം, ഒരു വേലിയേറ്റത്തിലെന്നപോലെ ഒഴുകിപ്പായുന്ന കണ്ണീർച്ചാലുകൾ...

നോക്കൂ, എന്നെ ക്ഷണിക്കുന്ന മഹാസമുദ്രങ്ങൾ നിന്റെ കണ്ണുകളാണ്!'

അവന്റെ ചിരി അവളെ ഭയപ്പെടുത്താൻ തുടങ്ങി. നിറഞ്ഞുവരുന്ന തന്റെ കണ്ണുകളുടെ മങ്ങിയ കാഴ്ചയിലേക്ക് അവന്റെ രൂപം കയറിവരുന്നതും കണ്ണുനീരിന്റെ അലകൾക്കുമേലെ എന്തോ ഇളകാൻ തുടങ്ങുന്നതും അവൾ അറിയുന്നുണ്ടായിരുന്നു...

പിന്നീട് കൺമഷിയെല്ലാം കഴുകിക്കളഞ്ഞ് കണ്ണുകൾ തെളിഞ്ഞപ്പോൾ അവന്റെ ചിരിയുടെ അലകൾ മാത്രം അവശേഷിച്ചു. അവൾ നിശ്ശബ്ദം, തിടുക്കത്തിൽ കണ്ണാടിയ്ക്കു മുന്നിലെത്തി സ്വന്തം കണ്ണുകളിൽ പരതി. അവയുടെ ആഴങ്ങളിൽ, അവൾ ഭയന്ന വിധം, ആലിലക്കണ്ണനെന്നപോലെ...

പിന്നീട് അവനെ കാണണമെന്നു തോന്നുമ്പോഴെല്ലാം അവൾ വാതിലടച്ചിരുന്ന് കണ്ണാടിയിൽ നോക്കുകയാണ് പതിവ്. തന്റെ കണ്ണുകളുടെ നീലക്കടലിൽ ഒരു പായ്വഞ്ചി ഇളകി നീങ്ങുന്നത് അവൾ കാണും. 'സമുദ്രവിശാലമായ നിന്റെ കണ്ണുകളിലെ കൂറ്റൻതിരമാലകളിൽപ്പെട്ട് എന്റെ തോണി തകരുമോ?' എന്ന് അവൻ പണ്ടു ചോദിച്ചത് ഓർത്തതിനുശേഷം അവൾക്ക് കരയാൻ ഭയമായി.

-പായ്ക്കപ്പലുകൾ മുങ്ങുന്നതെങ്ങനെ എന്ന് അവൾ അറിഞ്ഞിരുന്നു.

ഉതിരാൻ മടിക്കുന്ന ഒരു കണ്ണുനീർത്തുള്ളി അവളുടെ കണ്ണിൽ എപ്പോഴും തങ്ങിനില്ക്കാൻ തുടങ്ങിയത് അന്നുമുതലാണ്. അവളുടെ കണ്ണിൽ നിഗൂഢമായ ഒരു തിളക്കമുണ്ടെന്നു പലരും പറയാറുണ്ടെങ്കിലും അതിന്റെ കാരണം അവർക്കാർക്കും അറിയില്ലായിരുന്നു. തന്റെ കണ്ണുകളുടെ രഹസ്യം മറ്റുള്ളവരുമായും പങ്കുവെയ്ക്കാൻ അവളും ഇഷ്ടപ്പെട്ടില്ല. ഏറ്റവും പ്രിയപ്പെട്ട കളിപ്പാട്ടം ആരും കാണാതെ ഒളിപ്പിച്ചുവയ്ക്കുന്ന വാശിക്കാരിയായ കുട്ടിയെപ്പോലെ അവൾ അതൊരു സ്വകാര്യനിധിയായി സൂക്ഷിച്ചു.

പ്രണയം കണ്ണുകളെ തിളക്കുന്നത് ഇങ്ങനെയാണ്.

# My Computer Skills Can earn me a Microsoft certification

## INTRODUCING

**The industry - relevant ACCP* program**

| | |
|---|---|
| 3 years | Aptech Certified Computer Professional -ADSE |
| 2 years | Aptech Certified Systems Analyst - HDSE (Option to appear for the Microsoft Certified Solution Developer - MCSD exams) |
| 1year | Aptech Certified Visual Programmer - DISM (Option to appear for the Microsoft Certified Professional - MCP exams) |
| 6 months | Aptech Certified Power User - CPISM |

*ACCP stands for Aptech Certified Computer Professional

Get Aptech Certified. NOW

Microsoft Aptech is Microsoft's Internet Solution Partner

**APTECH**
Computer Education

The ACCP program gives you the option to appear for the Microsoft Certifed Professional (MCP) and Microsoft Certified Solutions Developer (MCSD) exams.

**How the ACCp program is the complete computer Course:**

Multi-Modal training technology.
On-the-job Live Projects. Internet focuded training.
Course content based on extensive research amoung 398 Companies.
From Aptech, India's first ISO 9001 certified computer training institution for Education Support Services, Supported by Aptech Placements which has already got over 50,000 students job with blu-chip companies. Aptech has 1100 centres in 20 countries.

**APTECH**
Computer Education

**Alwaye Centre**
**Opp. Private Bus Stand**
**Alwaye. 683 101**
**Phone: 623779**



## ആലുവ ദേശാഭിവർദ്ധിനി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 946, ആലുവ-1

ESTD 1925

PH: H.O.: 626285, TOWN BRANCH : 624278, MAIN BRANCH : 626285

**സ്വർണ്ണപ്പണയ വായ്പ**

പവന് 2400 രൂപ വച്ച് 50,000 രൂപവരെ നൽകുന്നു. കൂടാതെ സ്വയം തൊഴിൽ ചെയ്യുന്നതിനും, വിദേശത്ത് പോകുന്നതിനും, വീട് നന്നാക്കുന്നതിനും, കുട്ടികളുടെ വിദ്യാഭ്യാസത്തിനും വായ്പ നൽകുന്നു. ബിസിനസ്സ് കാർക്ക് 50,000/- രൂപ ഓവർഡ്രാഫ്റ്റ്

കെ.സി. പൗലോസ് (പ്രസിഡന്റ്)

**നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശനിരക്ക്**

| | |
|---|---|
| 30 ദിവസം സ്ഥിരം 8% | 37 മാസം സ്ഥിരം 12.5% |
| 12 മാസം സ്ഥിരം 12% | 25 മാസം സ്ഥിരം 12.5% |

എം.എൻ. രാമപ്പൻ (സെക്രട്ടറി)



New **Boots**

| | |
|---|---|
| K.A.P CENTRE<br>R.S. ROAD, ALUVA<br>TEL: 624811 | MUKKATH PLAZA<br>BRIDGE ROAD<br>BYE. PASS. JUN. ALUVA<br>TEL: 620 569 |

# കഥ

മാടശ്ശേരി, രണ്ടാംവർഷ സാമ്പത്തികശാസ്ത്രബിരുദം



കഥ, ഒരു കഥയെഴുതണം, അങ്ങനെ ഒരു കഥാകൃത്താവണം. ഒരു വലിയ കഥാകൃത്ത്. ഈ മോഹം എന്റെ മനസ്സിൽ അങ്കുരിച്ചിട്ട് നാളുകൾ ഏറെയായിരിക്കുന്നു. പക്ഷെ, രണ്ടുമൂന്നു ദിവസമായി ഇത് എന്നിൽ ഏറെ ശക്തമായിരിക്കുകയാണ്. അതിനും കാരണമുണ്ട്.

അങ്ങേതിലെ ശോശാമ്മ കഥയെഴുതി... 'ഞാൻ സഹിച്ചു.' പിന്നെ... വടക്കേതിലെ ഉണ്ണി കഥയും കവിതയുമൊക്കെയെഴുതി... 'ഞാൻ അതും സഹിച്ചു.' ദേ... ഇപ്പോപ്പിന്നെ പറമ്പിലെ കൊച്ചാപ്പീടെ ഒൻപതു വയസ്സുള്ള ചെക്കനും കഥയെഴുതിത്തുടങ്ങിയിരിക്കണൂന്ന്. പിന്നെ എന്തുകൊണ്ട് എനിക്ക് കഥയെഴുതിക്കൂടാ... ഞാൻ കഥയെഴുതാൻതന്നെ തീരുമാനിച്ചു.

അങ്ങനെയാണ് കുറേ വെള്ളപ്പേപ്പറും വാങ്ങി ഒരു പേനയുമെടുത്ത് കഥയെഴുതാനായി ഞാൻ വീട്ടിൽ ഇരുപ്പുറപ്പിച്ചത്... ഇനി... കഥയെഴുതിത്തുടങ്ങണം... എങ്ങനെയാണാവോ കഥയെഴുതുന്നത്? ഞാൻ ചിന്തിച്ചു...

അപ്പോഴെനിക്ക് ഓർമ്മവന്നത് വലിയ കഥയെഴുത്തുകാരനായ ബഷീറിനെയാണ്. പലരും പറഞ്ഞു കേട്ടിട്ടുണ്ട്, ബഷീറ് കഥയെഴുതിയത് ബീഡിയുടെ ബലത്തിലാണെന്ന്. ബഷീർ ബീഡിവലിച്ചിരുന്ന് കഥയെഴുതുന്ന ഒരു ഫോട്ടോ ഞാനും കണ്ടിട്ടുള്ളതാണ്. അങ്ങനെയാണ് എനിക്ക് മനസ്സിലായത് കഥയെഴുതാൻ ബീഡിവലിക്കണം...

എന്തുതന്നെ വന്നാലും ഞാൻ കഥയെഴുതാൻ ഉറപ്പിച്ചു കഴിഞ്ഞിരുന്നു. ബീഡി വാങ്ങാനായി ഞാൻ കടയിലേക്ക് നടന്നു.

"ഒരു കെട്ട് ബീഡിയും ഒരു തീപ്പെട്ടിയും." ഞാൻ കടക്കാരനോട് പറഞ്ഞു...

"ഏത് ബീഡിയാ വേണ്ടത്?" കടക്കാരൻ വറീത് തിരികെ ചോദിച്ചു.

"ഏതെങ്കിലുമൊന്ന് താ... വലിച്ചാൽ കഥ വരണം... ബഷീറ് വലിക്കണ ബീഡിയുണ്ടോ?"

വറീത് ഒന്നും മനസ്സിലാവാതെ എന്നെ തുറിച്ചു നോക്കി... എന്നിട്ട് ഒരു കെട്ട് ബീഡിയും ഒരു തീപ്പെട്ടിയും എടുത്തു തന്നു. ബാക്കി ചില്ലറ തരുന്ന സമയത്ത് 'താനും ബീഡിവലിച്ചു തുടങ്ങിയോ' എന്നർത്ഥത്തിൽ ഒരു കള്ളച്ചിരിയോടെ എന്നോട് ചോദിച്ചു. "ഇതാർക്കാണപ്പ...?"

'ഞാൻ ബീഡിവലിച്ചിട്ട് കഥയെഴുതുന്നതിൽ ഇയാൾക്കെന്താ ചേതം.' എന്ന് ചോദിക്കാനാണ് തോന്നിയതെങ്കിലും ഞാൻ ചിരിച്ചുകൊണ്ട് നടന്നകന്നു.

വീട്ടിൽ വന്ന് ഞാൻ കഥയെഴുതാനിരുന്നു. ബീഡി കത്തിച്ച് ഓരോ പുകയെടുത്തിട്ടും ഞാൻ കുറെനേരം ആലോചിച്ചിരിക്കും.

കഥ വരണുണ്ടോ എന്ന്....

കുറച്ചുനേരം കഴിഞ്ഞിട്ടും കഥ വരാതായപ്പോൾ എനിക്ക് ഏറെ നിരാശ തോന്നിത്തുടങ്ങി...

ബീഡി ഇടയ്ക്കിടെ കെട്ടുപോവാനും തുടങ്ങിയിരിക്കുന്നു. ബീഡി കെടാതിരിക്കാൻ വേണ്ടി ഞാൻ അടിക്കടി പുകയെടുക്കാൻ തുടങ്ങി. ഇനി കഥ വരുന്നത് ഇടക്കെങ്ങാൻ നിന്നുപോയാലോ എന്ന ഭയം കൊണ്ട് ഓരോ ബീഡി തീരുമ്പോഴും ഞാൻ വേറൊന്നിന് തീ കൊളുത്തിക്കൊണ്ടിരുന്നു.

എന്നിലെ നിരാശ ഹൈഡ്രജൻ നിറച്ച ബലൂൺപോലെ ഉയർന്നുയർന്ന് പോകുന്നത് ഞാനറിഞ്ഞു. ഞാൻ ആ കെട്ടിലെ അവസാനത്തെ ബീഡിയുടെ തലക്കൽ തീപ്പെട്ടിക്കമ്പിന്റെ അരുണവെളിച്ചം കാണിച്ചു.

കഥ വേഗം വരാനായി ഞാൻ അത് ആഞ്ഞാഞ്ഞു വലിച്ചു... ആഞ്ഞ് വലിച്ചതുകൊണ്ടാവാം ബീഡിപ്പുക എന്റെ ശിരസ്സിലേക്ക് കയറിയത്...

എനിക്ക് വല്ലാത്തൊരു ചുമ വന്നു... ഹൊ എന്തൊരു ചുമ... ഞാൻ വല്ലാതെ കഷ്ടപ്പെട്ടുപോയി... ചുമച്ചപ്പോൾ പുറത്തേക്ക് തള്ളിവന്ന എന്റെ കണ്ണുകളിൽ നിറഞ്ഞ കണ്ണുനീർ തുടച്ചിട്ട് ഞാൻ വേഗ

പ്പുറത്തേക്ക് നോക്കി. കഥയെഴുതാനുള്ള എന്റെ പേപ്പറിൽ മുഴുവൻ ബീഡിച്ചാരം തൂവിക്കിടക്കുന്നു. അതിന്റെ അരികിലും താഴത്തും കുറ്റിബീഡികളും തീപ്പെട്ടിക്കമ്പുകളും ചിതറിക്കിടക്കുന്നു. ഞാൻ അവയെല്ലാം വാരിക്കൂട്ടി ഒരു പേപ്പറിലാക്കി ജനാലയിലൂടെ പുറത്തേക്കെറിഞ്ഞു... അങ്ങനെ എന്റെ കഥയുടെ ആദ്യത്തെ പേപ്പർ ചാരം വാരാനായി ഉപയോഗിച്ചു...

ബീഡിവലിച്ചിട്ട് കഥ വന്നില്ല...

എന്താണാവോ കഥ വരാതിരുന്നത്...?

ഞാൻ ആലോചിച്ചു.

ഇനിയും വലിച്ചു നോക്കിയാലോ...?

ഹോ...! വേണ്ട. ആ വല്ലാത്ത ചുമ...!

ഇനിയെന്തായാലും ബീഡിവലിച്ചിട്ട് കഥയെഴുതണ്ട. ഞാൻ തീരുമാനിച്ചു.

പക്ഷേ, അപ്പോഴും കഥയെഴുതണമെന്ന മോഹത്തിന് കുറവൊന്നുമുണ്ടായിരുന്നില്ല... 'ഇനിയെന്താണ് ചെയ്യുക...' ഞാൻ ആലോചിക്കാൻ തുടങ്ങി. അപ്പോഴാണ് എനിക്കത് ഓർമ്മവന്നത്. ചിലർ പറഞ്ഞു കേട്ടിട്ടുണ്ട്. നല്ല പ്രകൃതി ഭംഗിയും ഏകാന്തതയുമെല്ലാം കഥയും കവിതയുമെല്ലാം ഉണ്ടാവാൻ പറ്റിയ സാഹചര്യങ്ങളാണെന്ന്.

അപ്പോൾ...!

പ്രകൃതിഭംഗിയുള്ളിടത്തുപോയാൽ എനിക്കും കഥയെഴുതാം...

ഉം... ഏകാന്തതയും ഭംഗിയും... അതിനിനി എവിടെയാ പോവുക...?

ഓ... അരുവിക്കരയിലേക്ക് പോവാം. അവിടം നല്ലതാണ്... ഞാൻ അങ്ങോട്ടുതന്നെ പോകാനുറച്ചു.

പേനയും പേപ്പറുമെടുത്ത് ഞാൻ പുഴക്കരയിലേക്ക് നടന്നു. പെണ്ണുങ്ങൾ കുളിക്കുന്നതിന്റെയും കുറേ മുകളിലേക്ക് മാറി വിജനമായ ഒരു പാറക്കെട്ട് ഞാൻ തിരഞ്ഞെടുത്തു.

നല്ല ഏകാന്തമായ സ്ഥലം... ഇവിടെയിരുന്നാൽ തീർച്ചയായും എനിക്ക് കഥയെഴുതാനാവും. ആ പാറക്കെട്ടിലേക്ക് ഞാൻ വലിഞ്ഞുകയറി. എന്നിട്ട്... എന്നിട്ട് കഥ വരുന്നതും കാത്തിരുന്നു...

അരികിലെങ്ങും മരങ്ങളൊന്നും ഇല്ലാതിരുന്നതിനാൽ ആ പാറപ്പുറത്ത് സാമാന്യം നല്ല വെയിലുണ്ടായിരുന്നു. ഞാനാണെങ്കിൽ ആ വെയിലത്തുതന്നെയാണ് ഇരുന്നിരുന്നതും...

കുറെ നേരം ഇരുന്നിട്ടും കഥ വരാതായപ്പോൾ എനിക്ക് പിന്നെ വിഷമമായി. വെയിലിന്റെ കനത്ത ചൂടുകാരണം ഞാൻ വിയർക്കാനും തുടങ്ങിയിരുന്നു. അങ്ങനെ ആ വെയിലിൽ ഇരിക്കുമ്പോഴാണ് എവിടെയോ വായിച്ചു മറന്നത് എന്റെ മനസ്സിലേക്കോടി വന്നത്.

കഥയെഴുതാൻ നല്ല ആശയങ്ങൾ വേണം. ഞാൻ ആലോചിച്ചു...

കഥയെഴുതാൻ ആശയം വേണം...

എന്റെ മനസ്സിൽ ആശയമുണ്ടോ...?

ഞാൻ എന്നോട് തന്നെ ചോദിച്ചു.

കുറേ കഴിഞ്ഞ് ഉത്തരവും കിട്ടി.

ആശയം... ആശയം ഒന്നും തന്നെയില്ല...

കുറേ ആശകളുണ്ട്. പിന്നെ... പിന്നെയൊരു മുഴുത്ത ആശയും. കഥയെഴുതണമെന്ന ആശ...!

അപ്പോഴേക്കും വെയിലിന്റെ തീജ്വാലകൾ എന്റെ തലയും മേലും ചുട്ടുപൊള്ളിക്കാൻ തുടങ്ങിക്കഴിഞ്ഞിരുന്നു. 'ഇനിയിവിടെയിരുന്നിട്ട് കാര്യമില്ല'! ഞാൻ തീർച്ചയാക്കി. കഥയ്ക്ക് വേണ്ടത് നല്ല ആശയമാണ്. ഞാൻ അവിടെനിന്നും ഇറങ്ങി നടന്നു... ആശയവും തേടി...

വയൽവരമ്പിലൂടെ നടക്കുമ്പോഴാണ് എതിരെ, അവിടത്തെ സ്കൂളിലെ മലയാളം മാഷ് വരുന്നത്... എന്നെ കണ്ടയുടൻ മാഷ് ചോദിച്ചു.

"എങ്ങോട്ടാ പേനയും പേപ്പറുമായിട്ട്"?

"ഒരു കഥയെഴുതാൻ ഇറങ്ങിയതാ...!" ഞാൻ മറുപടി പറഞ്ഞു.

അത്ഭുതം കൂറുന്ന മിഴികളോടെ മാഷ് എന്നെ നോക്കി. പിന്നെ ചിരിച്ചുകൊണ്ട് ചോദിച്ചു.

"കഥയോ...?"

ഉം... ഞാൻ തലയാട്ടി.

മാഷിനോട് ചോദിച്ചാലോ?... എന്തെങ്കിലും ആശയം മാഷിനറിയാതിരിക്കില്ല... ചോദിക്കണോ...? ഞാനൊന്നു മടിച്ചു. പിന്നെ രണ്ടും കൽപ്പിച്ചങ്ങ് ചോദിച്ചു.

"മാഷേ, എനിക്കൊരു കഥയെഴുതണം. മാഷിന്റെ കയ്യിൽ ആശയം വല്ലതുമുണ്ടോ ഒരു കഥയെഴുതാൻ?"

മാഷിന് ആകെയൊരു വിസ്മയം...

"കഥയെഴുതാൻ ആശയം വേണം. അല്ലേ...?

മാഷ് തിരികെ ചോദിച്ചു.

"ആ... അതേ. മാഷിന് വല്ലതുമറിയാമോ?

ഞാൻ തിരികെ മാഷിനോട്...

കുറച്ച് കഴിഞ്ഞ് മാഷ് ചിരിച്ചുകൊണ്ട് പറഞ്ഞു.

"നല്ലൊരു ആശയമുണ്ട് പറയട്ടെ...?"

"ഉം... വേഗം..." ഞാൻ തിടുക്കം കൂട്ടി.

"വിശപ്പ്!" മാഷ് മെല്ലെ പറഞ്ഞു.

'വിശപ്പ്...' എനിക്കിഷ്ടമായി. ഞാൻ വേഗം വീട്ടിലേക്ക് നടന്നു. അങ്ങനെയെനിക്ക് ആശയവും കിട്ടി. ഇനി... ഇനി കഥയെഴുതിയാൽ മതി.

വീട്ടിൽ വന്ന് ഞാൻ പേപ്പറെല്ലാം മേശപ്പുറത്ത് വച്ച് വീണ്ടും എഴുതുവാനിരുന്നു. ഞാൻ കുറേ നേരം ആലോചിച്ചു. 'വിശപ്പ്' നല്ല ആശയമാണ്... പക്ഷേ... വിശപ്പിനെപ്പറ്റി എന്തെഴുതാനാണ്? ഇടക്കിടെ എനിക്കും വിശക്കാറുണ്ട്. ചിലപ്പോഴൊക്കെ ഒരാളെ പിടിച്ചുതിന്നാനുള്ള വിശപ്പുണ്ടാകും. കുറേ വയറു നിറയെ തിന്നാൽ വിശപ്പിന്റെ കഥ കഴിയുകയും ചെയ്യും. എന്തായാലും എന്താണ് വിശപ്പിനെക്കുറിച്ച് എഴുതുക...? എന്റെ ആലോചനകൾ കാടു കയറി.

എന്തായാലും കഥക്കൊരു പേരുവേണം. വിശപ്പ് എന്നു തന്നെയാകട്ടെ... ഞാനുറച്ചു. പേനയെടുത്ത് പേപ്പറിന്റെ മുകളറ്റത്ത് ഒരുമാതിരി വലിയ അക്ഷരത്തിൽ ഞാനെഴുതി. വിശപ്പ്!...

അതുപോരല്ലോ? കഥയെഴുതണ്ടേ... ഞാൻ വീണ്ടും 'കാടുകയറാൻ' തുടങ്ങി.

ഈ വിശപ്പ് എവിടെ നിന്നാണാവോ വരുന്നത്...? എന്നിൽ സംശയത്തിന്റെ തീനാമ്പുകൾ പൊട്ടിയു

ണർന്നു. എവിടെനിന്നു വന്നാലും... എങ്ങോട്ടുപോയാലും... അത് എങ്ങിനെയാണാവോ വരുന്നത്? ആകെ സംശയങ്ങൾ! ചിലപ്പോൾ കാലൻ വരുന്നതു പോലെ വിശപ്പിനും വാഹനങ്ങളുണ്ടാവും... എന്തായാലും കാലന്റെ പോത്തായിരിക്കാൻ വഴിയില്ല... പിന്നെയെന്തായിരിക്കും?...

ഞാനങ്ങനെ വളരെ ഗഹനമായിത്തന്നെ ചിന്തിച്ചിരിക്കുകയായിരുന്നു. അപ്പോഴാണ് എന്റെ ശ്രീമതി അന്നമ്മയുടെ സ്വരം എന്നെ ചിന്തയിൽ നിന്ന് തട്ടിയുണർത്തിയത്.

"അതിയാനിതെന്നാപറ്റി...? വന്നപ്പോൾ തൊട്ട് കസാലയിൻമേലിരിക്കുവാണല്ലോ? ഒരു മിണ്ടാട്ടവുമില്ല." അവൾ ആരോടെന്നില്ലാതെ പറയാൻ തുടങ്ങി. "എന്തായാലും പറയണ്ടേ? അല്ലാതെങ്ങനെയാ..." അവളുടെ വാക്കുകൾക്ക് ദേഷ്യത്തിന്റെ കനത്ത കയ്പനുഭവപ്പെട്ടുതുടങ്ങി...

അവൾ അടുത്തുവന്ന് മേശപ്പുറത്തേക്ക് നോക്കി?. കുറേ വെള്ളക്കടലാസുകൾ.... സൂക്ഷിച്ച് നോക്കിയപ്പോൾ അന്തോ എഴുതിയിട്ടുണ്ടെന്ന് അവൾക്ക് മനസ്സിലായി...

സാക്ഷരതക്കാർ അവൾക്ക് കൊടുത്ത കറുത്ത വട്ടക്കണ്ണട വച്ച് അവളത് വായ്ക്കാൻ ശ്രമിച്ചു. അക്ഷരങ്ങളിലൂടെ തപ്പിയും തടഞ്ഞും അവളത് വായിച്ചു തീർത്തു!.

"വി... ശ... പ്പ്... വിശപ്പ്."!

" ങാ.... ഹാ. വിശക്കുവാണോ? അത് പറയണ്ടേ? അല്ലാതെ പേപ്പറിലെഴുതിയാൽ ഞാനെങ്ങനാ അറിയുന്നേ...?"

അപ്പോഴാണ് ഞാൻ എന്റെ വിശപ്പിനെപറ്റി ഓർത്തത്. എനിക്കും വിശക്കുന്നുണ്ട്.

ഒരാനയെ പിടിച്ചുതിന്നാൻ തോന്നുന്നില്ലങ്കിലും ഒരു വല്ലാത്ത വിശപ്പ്... പാറപ്പുറത്ത് വെയിലുകൊണ്ടിരുന്നിട്ടാണെന്ന് തോന്നുന്നു വല്ലാത്തൊരു തളർച്ചയും.

"എന്തുവാ തിന്നാനുള്ളത്"? ഞാൻ തിരക്കി.

"കപ്പയും മീനുമുണ്ട്. എടുക്കട്ടെ..." പ്രാണസഖി അന്നാമ്മ സ്നേഹത്തോടെ ചോദിച്ചു.

"ആ എടുത്ത് വയ്ക്ക്"...

കപ്പയും മീനും വയറുനിറയെ കഴിച്ചുതിന്നാലാവണം എന്റെ വിശപ്പ് പെട്ടെന്നു തന്നെ എവിടേക്കോ പോയി... ചിലപ്പോൾ മരിച്ചുപോയിട്ടുണ്ടാവണം.

എന്തായാലും കഥയെഴുതണം ഞാൻ വീണ്ടും ചിന്തിരുന്നു. വല്ലാത്ത ക്ഷീണം ഞാൻ എഴുന്നേറ്റ് ചാരുകസേരയിലേക്ക് കിടന്നു. അവിടെ കിടന്ന് കഥക്ക് വേണ്ടി ആലോചിച്ചു.

അങ്ങനെ കിടന്ന് ഞാൻ പതുക്കെയങ്ങ് ഉറങ്ങിപ്പോയി... ഉറക്കത്തിലൊരു സ്വപ്നവും കണ്ടു. ഞാൻ കുറേ കഥകളെഴുതി. അങ്ങനെ വലിയൊരു കഥാകൃത്തായി. വലുതെന്ന് പറഞ്ഞാൽ 'ഇമ്മിണി ബല്ല്യ' ബഷീറിനേക്കാൾ വലിയൊരു കഥാകൃത്ത്. അങ്ങനെ... ആ വർഷത്തെ സാഹിത്യ അക്കാദമി അവാർഡും എനിക്ക് തന്നെ കിട്ടി.

അവാർഡ്ജേതാവായ എനിക്കുവേണ്ടിയുള്ള അനുമോദനച്ചടങ്ങ് നടക്കുന്നു... വേദിയിലിരുന്ന് ഞാൻ ചുറ്റും നോക്കി. വേദിയിലേറെയും വിശിഷ്ടാതിഥികളാണ്. മിക്കവരും തന്നെ പ്രശസ്തരായ എഴുത്തുകാർ... നിറഞ്ഞുനിൽക്കുന്ന സദസ്സ്. എല്ലാവരുടേയും കണ്ണുകൾ എന്റെ നേർക്കാണ്. അവരുടെ കണ്ണുകളിൽ സന്തോഷം കലർന്ന ബഹുമാനം...

മറുപടി പ്രസംഗത്തിനായ് ഞാൻ ക്ഷണിക്കപ്പെട്ടു... ഞാൻ പ്രസംഗപീഠത്തിനരികിലേക്ക് നീങ്ങി...

നിലക്കാത്ത ഹർഷാരവം...

എന്റെ മനസ്സ് നിറഞ്ഞു തുളുമ്പി...

എവിടെ തുടങ്ങണം, ഞാനൊന്നു പതറി...

'നനവൂറുന്ന ജീവിത യാഥാർത്ഥ്യങ്ങളുടെ നിറവൂറുന്ന സ്വപ്നകാവ്യമാണ്' എന്റെ കഥകളെന്ന് അൽപം മുമ്പ് ആശംസാപ്രസംഗകൻ പറഞ്ഞത് ഞാനോർത്തു. അതിൽ തുടങ്ങാം... ഞാൻ തീരുമാനിച്ചു...

"ഇതെന്ത് ഉറക്കമാ മനുഷ്യാ, എണ്ണീറ്റേന്നേ" അന്നമ്മയുടെ ചിലമ്പിച്ച സ്വരം എന്നെ ഉറക്കത്തിൽ നിന്നുണർത്തി.

കണ്ണു തുറക്കുമ്പോൾ...

നിറഞ്ഞ സദസ്സില്ല...! വിശിഷ്ടാതിഥികളുള്ള വേദിയില്ല...! സദസ്യരുടെ നിലയ്ക്കാത്ത ഹർഷാരവവുമില്ല...!

'എല്ലാം... എല്ലാമൊരു സ്വപ്നമായിരുന്നോ?'

ഞാൻ അത്ഭുതത്തോടെ ചുറ്റും നോക്കി.

വിശ്വസിക്കാൻ ആകെയൊരു പ്രയാസം.

അതെ... എല്ലാമൊരു സ്വപ്നമായിരുന്നു. സ്വപ്നം മാത്രം... മുന്നിലിപ്പോൾ അന്നാമ്മ മാത്രം എന്റെ പ്രിയ പത്നി!

അല്പം നീരസത്തോടെ, ആ സുന്ദര സ്വപ്നം തീരുന്നതിനുമുമ്പേ എന്നെ ഉണർത്തിയതിന്റെ പരിഭവത്തോടെ ഞാനവളുടെ മുഖത്തേക്ക് നോക്കി.

"ഇതെന്താ മനുഷ്യനെ ഉറക്കമെണീറ്റിരുന്ന് പകച്ച് നോക്കുന്നത്, ഇതെന്നാ പറ്റി?"

ഞാനൊന്നും മിണ്ടിയില്ല...

"ഒരു കട്ടനെടുക്കട്ടെ...?" അവൾ ചോദിച്ചു.

"ഉം..." ഞാനൊന്ന് മൂളി.

കസേരയിൽ നിന്നും എഴുന്നേറ്റ് മുഖം കഴുകാൻ പുറത്തേക്ക് നടക്കുമ്പോൾ എന്റെ കണ്ണുകൾ മേശപ്പുറത്തേക്ക് പാഞ്ഞു. മേശപ്പുറത്ത് അടുക്കിവച്ചിരിക്കുന്ന വെള്ളപ്പേപ്പറുകൾ... അതിൽ ആറ്റവും മുകളിൽ... ഞാൻ സൂക്ഷിച്ച് നോക്കി.

അതിന്റെ ഏറ്റവും മുകൾഭാഗത്ത് വടിവൊത്ത അക്ഷരങ്ങളിൽ ഭംഗിയായി എഴുതിയിരിക്കുന്നു

'വിശപ്പ്'

ഞാൻ സൂക്ഷിച്ച് നോക്കി... ഇല്ല അതിനടിയിലേക്കൊന്നും തന്നെ എഴുതിയിട്ടില്ല. അവിടം പൂർണ്ണമായും ശൂന്യമായിരുന്നു.... നിറഞ്ഞ വെളുപ്പുനിറം മാത്രം.

മുഖം കഴുകി തിരികെ നടക്കുമ്പോൾ ഞാനോർത്തു... എന്റെ മനസ്സും ശൂന്യമാണ് ആ വെള്ളക്കടലാസുപോലെ... എന്റെ മനസ്സും ശൂന്യമാണ്. അവിടെയും ഒരു വെളപ്പുനിറം മാത്രം... നിറഞ്ഞ... അല്ല.... വിളറിയ ഒരു വെളുപ്പുനിറം, കഥയെഴുതണമെന്ന എന്റെ മോഹവും അതുപോലെ വിളറി വെളുത്തു തുടങ്ങിയിരുന്നു... ●

Success is...

**A Quest**

**Your Search for the ultimate Software Engineering programme ends with**

**QUEST**

3 yeas of
Software Engineering

join

*designed to spell success*

**datapro**

IInd Floor, Municipal Building, Main Road, N. Paravoor
**Phone: 447894**

Ph: 0484 - 522834 (O)
645546 (R)

**MAR BASIL MEDICAL STORES**

**NEAR SANJOE HOSPITAL**
**A.M. ROAD, PERUMBAVOOR - 683 542**

**RENJU TRAVELS**

Mookambika Road, North Paravoor

**All kind of MINI BUS, TATA SUMO AND TEMPO TRAX**

നർമ്മദയുടെ താഴ്‌വരയിൽ ഒരു വലിയ പോരാട്ടം നടക്കുകയാണ്. ഒരു ജനതയും സംസ്കാരവും നിലനില്പിനായി നടത്തുന്ന സമരത്തോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാനായി ഒരു സന്നദ്ധസംഘടനയുടെ പ്രവർത്തകർക്കൊപ്പം പോവുകയുണ്ടായി, ബൈജുഗോപാൽ. വികസനത്തിന്റെ പേരു പറഞ്ഞ് അധീശവർഗ്ഗം നടത്തുന്ന അതിക്രമങ്ങളെ നേരിൽക്കണ്ട് ബൈജു എഴുതുന്നു.

# നർമ്മദയിൽ നിന്നും...

നർമ്മദയിൽ, നമ്മുടെ വികസനസങ്കല്പങ്ങളുടെയും അവ പ്രായോഗികമാക്കുന്ന രീതിയുടെയും ഇരകളായ ഒരു വലിയ സമൂഹത്തിന്റെ നടുവിലേയ്ക്കു ചെന്നപ്പോൾ വിശ്വാസങ്ങൾ പലതും ചോദ്യം ചെയ്യപ്പെടുകയായിരുന്നു. തലമുറകളായി തങ്ങൾ അനുഭവിച്ചുപോന്ന കൃഷിയിടങ്ങളും സമ്പത്തും സ്വന്തം പൈതൃകത്തിന്റെ ഭാഗമായ സകലസംഗതികളും ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ മുങ്ങിമറയുമെന്നറിയുമ്പോഴും അതിനോട് താദാത്മ്യം പ്രാപിക്കാൻ അവർക്കു കഴിയുന്നില്ല. നഷ്ടപ്പെടാൻ പോകുന്ന കൃഷിയിടങ്ങളിൽ അവർ കഠിനമായി അധ്വാനിക്കുകയും കൃഷിയിറക്കുകയും ചെയ്യുകയാണ്. നർമ്മദയിലെ വിമോചനസമരത്തിന്റെ ഏറ്റവും ശക്തമായ മുഖവും, ഒരുപക്ഷേ അതുതന്നെയാണ്.

1960-കളിൽ ആരംഭിച്ച നർമ്മദയിലെ ജനകീയ സമരം നിർണ്ണായകമായ ഒരു വഴിത്തിരിവിലാണിന്ന്. വലുതും ചെറുതുമായ മൂവായിരം ഡാമുകൾ കൊണ്ട് നർമ്മദാനദിയെ എന്നേയ്ക്കുമായി കൊല്ലുന്ന ഒരു വലിയ പദ്ധതിയ്ക്കെതിരെയാണ് പ്രത്യക്ഷത്തിൽ ഈ സമരമെങ്കിലും, പ്രകൃതിയെയും ജീവനെയും അർത്ഥപൂർണ്ണമായി നിലനിർത്താൻ കഴിയുന്ന തരത്തിലുള്ള വികസനത്തിനുവേണ്ടിയുള്ള ഒരന്വേഷണം കൂടിയാണിത്. നർമ്മദയെ അമ്മയായും ദേവിയായും ആരാധിക്കുന്ന ഒരു സംസ്കാരത്തിന്റെ പ്രതിനിധികളാണ് ഇവിടുത്തെ ആദിവാസിഗോത്രങ്ങൾ. സിന്ധുനദീതടസംസ്കാരം രൂപപ്പെടുന്നതിനു മുൻപുതന്നെ നർമ്മദാതീരങ്ങൾ ജനവാസയോഗ്യമായിരുന്നു. ഇവിടെ ഇന്നും അവശേഷിക്കുന്ന നൂറുകണക്കായ ചരിത്രസ്മാരകങ്ങളെയും ഈ സംസ്കൃതിയെത്തന്നെയും എന്നെന്നേയ്ക്കുമായി വെള്ളത്തിനടിയിലേയ്ക്കു താഴ്ത്തുകയാണ് സർദാർസരോവർ പ്രൊജക്ട് ചെയ്യുന്നത്.

സ്വന്തം മണ്ണും വിശ്വാസങ്ങളും മാഞ്ഞുപോകുന്നതിന്റെ വിഷമസന്ധിയിൽപ്പെട്ടു നില്ക്കുന്ന നർമ്മദയിലെ നിസ്സഹായരായ ജനങ്ങളെ പുനരധിവാസത്തിന്റെ പേരു പറഞ്ഞ് കബളിപ്പിക്കുന്നതാണ് കൂടുതൽ ദയനീയം. പ്രൊജക്ടിന്റെ ആദ്യകാല സ്തുതിപാഠകർക്ക് മോശമല്ലാത്ത രീതിയിൽ ഭൂമി കൊടുത്തിരുന്നുവെങ്കിലും പ്രൊജക്ടിനെ എതിർത്തവരിൽ ഭൂരിഭാഗം പേർക്കും ഒരു തുണ്ട് ഭൂമിപോലും ലഭിച്ചിട്ടില്ല. കിട്ടിയവർക്കാകട്ടെ, വരണ്ട പാറക്കെട്ടുകളും കൃഷിക്ക് ഒട്ടും അനുയോജ്യമല്ലാത്ത സ്ഥലങ്ങളും. ഞങ്ങൾ സന്ദർശിച്ച മഹാരാഷ്ട്രയിലെ തലോദ പുനരധിവാസ കോളനിയിലെ രണ്ടായിരം കുടുംബങ്ങളിൽ 500 കുടുംബങ്ങൾക്ക് ഒരു സെന്റ് മണ്ണുപോലും ലഭിച്ചിട്ടില്ല. നിലവിൽ ഈ പ്രദേശം കൈവശം വച്ചിരിക്കുന്നത് മറ്റു ചില ആദിവാസിഗോത്രങ്ങളാണ്. അവർ സ്ഥലം വിട്ടുകൊടുക്കാൻ തയ്യാറല്ലെന്നു മാത്രമല്ല, പുനരധിവസിപ്പിക്കപ്പെട്ടവരുമായി സംഘട്ടനത്തിലേർപ്പെടുകപോലും ചെയ്യുന്നു. ഭൂമി കടലാസിൽ എഴുതിക്കൊടുത്തതുകൊണ്ടെന്തു കാര്യം? മഹാരാഷ്ട്രയിലെ അഞ്ച് പുനരധിവാസ കോളനികളിലെയും കാര്യങ്ങൾ ഇതിലും ശോചനീയമാണ്. ഗുജറാത്തിലെ കോളനികൾ പലതും വെറും ചേരികളാണ്. ഭൂമി ഏറ്റെടുക്കുമ്പോൾ ഏകപക്ഷീയമായി വില നിശ്ചയിക്കുന്ന സർക്കാർ കൊടുക്കുന്നത് ഏക്കറിന് അഞ്ഞൂറ് രൂപയോ മറ്റോ ആണ്. പേരിനു മാത്രമുള്ള ഈ നഷ്ടപരിഹാരം, ആക്ഷേപം പറയുന്നതിനെ സാങ്കേതികമായി തടയാനുള്ള ഒരു അടവാണ്. കോടതിയുടെ കണ്ണിൽ പൊടിയിടാനുള്ള ഒരു സൂത്രവിദ്യ. സർദാർ സരോവർ ഡാമിന്റെ ഉയരം 88 മീറ്ററായി ഉയർത്തിയതോടെ കൂടുതൽ ഗ്രാമങ്ങൾ വെള്ളത്തിനടിയിലായിക്കൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ ഏകപ്രതീക്ഷയായിരുന്ന സുപ്രീംകോടതിവിധിയും അവർക്കാശ്വാസം നല്കാതെവന്നപ്പോൾ ജുഡീഷ്യറിയെയും ചോദ്യം ചെയ്യാൻ അവർ നിർബ്ബന്ധിതരായിരിക്കുന്നു.

വികസനഭ്രാന്ത് തലയ്ക്കുപിടിച്ച ചിലർ നടത്തുന്ന നിന്ദ്യമായ ഈ ചൂഷണം കണ്ടില്ലെന്നു നടിക്കാനാണ് വാർത്താമാധ്യമങ്ങൾക്കും താത്പര്യമെന്നു തോന്നുന്നു. ഇപ്പോൾ നർമ്മദ അവർക്കൊരു വാർത്തയാവുന്നത് അരുന്ധതി റോയിയുടെ സന്ദർശനത്തോടെയാണല്ലോ.

നർമ്മദയിലെ ആദിവാസികളുടെയും ദളിതരുടെയും മുന്നിൽ ഇന്നവശേഷിക്കുന്നത് ഈ തെരഞ്ഞെടുക്കലാണ്-ഒന്നുകിൽ ജീവിക്കുക, അല്ലെങ്കിൽ മരിയ്ക്കുക. അവർ ജീവിതം തെരഞ്ഞെടുത്തുകഴിഞ്ഞു. മരണം വരെ ജീവനുവേണ്ടി പോരാടുക എന്ന മുദ്രാവാക്യവുമായി അവർ മുന്നോട്ടുപോകുന്നു. നഗരത്തിന്റെ തിരക്കിലേക്ക് അവർ കുടിയിറക്കപ്പെട്ടേക്കാം. നാളെ മറ്റൊരു വികസനപ്രക്രിയയുടെ ഭാഗമായി അവിടെനിന്നും പുറന്തള്ളപ്പെട്ടേക്കാം. ഒടുവിൽ ചേരികളിൽ അവർ ചീഞ്ഞുനാറുമ്പോൾ അതിനുമീതെ വേണോ പട്ടണവാസികളും 'പരിഷ്കൃത'രുമായ നമ്മുടെ അന്ധവും നിർലജ്ജവുമായ വികസനസ്വപ്നങ്ങൾ പണിതുയർത്താൻ?

നർമ്മദയിലെ ദരിദ്രസഹസ്രങ്ങൾക്കു വേണ്ടത് സഹതാപപ്രകടനങ്ങളോ കണ്ണീരോ അല്ല; ധീരമായ പിന്തുണയാണ്. അതു നല്കിയില്ലെങ്കിൽ ചരിത്രം നമ്മെ കുറ്റവാളികളായി വിധിക്കും എന്നറിയുക.

**ബൈജു ഗോപാൽ,** മൂന്നാംവർഷ മനഃശാസ്ത്രബിരുദം.

# അന്വേഷണം

മായ പി.എൻ., രണ്ടാം വർഷ ഊർജ്ജതന്ത്രബിരുദം

തിരയുന്നു ഞാനെന്റെ കണ്ണുകൾ...
ഭൂമിയുടെ ആഴങ്ങളിൽ
നഭസ്സിന്റെ വെൺ ചാമരങ്ങളിൽ,
ഇനിയും പിറക്കാത്ത പുലരിയിൽ
ഓർമ്മകൾ വീണ്ടും വിളിക്കുന്ന രാവിൽ
ഒടുങ്ങാത്ത തേങ്ങലായ് ആർത്തലച്ചെത്തുന്ന
പഴമയുടെ ഗന്ധം പുനർജ്ജനിക്കുമൊന്നാരപ്പുതുമഴയിൽ,
പുതുമണം പെയ്യുന്ന രാവിന്റെ അന്ത്യയാമങ്ങളിൽ...
തിരയുന്നു ഞാനെന്റെ കണ്ണുകൾ...
മുത്തച്ഛനുണ്ണിയ്ക്കു തന്ന രാമായണപ്പുസ്തക-
ത്താളിൽ നിന്നിറ്റിറ്റുവീഴുന്ന രക്തബിന്ദുക്കളിൽ,
അമ്മ സമ്മാനമായ്തന്ന മയിൽപ്പീലിത്തുണ്ടിൽ,
ജീവിത ഭാണ്ഡമേറ്റിത്തളർന്ന
സോദരന്റെ പകൽക്കിനാവുകളിൽ
അറിയാതെയറിയാതെ തളിരിട്ട സ്നേഹമൊരു
അനുഭൂതിയാകുന്ന നറുപുഞ്ചിരിയിൽ
ഒടുവിൽ പിരിഞ്ഞ മഹാഗണിച്ചോട്ടിൽ,
ഇനിയും മരിക്കാത്ത സ്നേഹസൗധങ്ങളിൽ...
തിരയുന്നു ഞാനെന്റെ കണ്ണുകൾ...
ഓരോ തെരുവു പിടയുമ്പോഴും
കരളിന്റെ സ്വപ്നങ്ങൾ തകരുമ്പോഴും
വെള്ളിവെളിച്ചം ശവക്കച്ചതീർത്ത
നിശീഥിനി തേങ്ങുന്ന യാമത്തിലും,
തലയോട്ടികൾ പല്ലിളിച്ചു കാട്ടുന്ന
നഗരഗർത്തത്തിന്റെ ആഴത്തിലും,
രക്തം കുടിച്ചു ഫണം വിടർത്തീടുന്ന
നിഴൽ പാമ്പുകളിഴയുന്ന മാളത്തിലും
ബുദ്ധൻ ചിരിക്കുന്ന രാവിലും കരയുന്ന
ബോധികളിൽ, സ്നേഹഗായകരിലും,
അമ്മയെസ്നേഹിച്ചുപോയ കുറ്റത്താൽ
എന്നും വിശക്കും മനസ്സുകളിലും,
തിരയുന്നു ഞാനെന്റെ കണ്ണുകൾ....
ദ്യോവിന്റെ ദിവ്യമാം നീലിമയിൽ,
ആരോഎനിക്കായുപേക്ഷിച്ചു പോയൊരാ
കാലഘട്ടത്തിന്റെ കൃഷ്ണശിലയിൽ,
ഇനിയും സ്മരിക്കാത്ത കണ്ണനെത്തേടുന്ന
രാധയുടെ നീൾമിഴിക്കോണിൽ....
കാലം കുടഞ്ഞ മഷിപ്പൊൻകണികകൾ
പൂത്ത വിശാലമാം താഴ്വരയിൽ...
തിരയുന്നു ഞാനെന്റെ കണ്ണുകൾ...
അണയാത്ത, അറിയാത്ത മേച്ചിൽപ്പുറങ്ങളിൽ...



# വട്ടൻ

എല്ലാവരും എന്നെ
വട്ടനെന്ന് വിളിക്കുന്നു.
ഞാൻ ഒരു ജ്യോതിശാസ്ത്രജ്ഞനാണ്.
കുരിരുട്ടിലെ പ്രകാശഗോളങ്ങളെയാണ്
ഞാൻ നിരീക്ഷിക്കുന്നത്.
സായാഹ്നങ്ങളിൽ വിടരുന്ന
പ്രഭാതങ്ങളെപ്പറ്റി പാടുന്ന
ഒരു കവിയാണ്.
ഞാൻ ഒരു മത്സ്യമാണ്,
ആഴമില്ലായ്മയുടെ അഗാധതയിൽ വസിക്കുന്നു.
കൊടുങ്കാറ്റിലെ നിത്യശാന്തത തേടുന്ന
അന്വേഷിയാണ്.
പണ്ടു മുതലേ നന്നായി നീന്തും
– നിശ്ചലമായ ഒഴുക്കിൽ.
നന്നായി പാടും,
മൗനമുഖരിതഗാനങ്ങൾ.
ഞാൻ ഒരു പെരുമഴയാണ്,
വെയിലായി പെയ്തുതീരാൻ കൊതിക്കുന്നു.
ഇതൊക്കെ പറയുമ്പോൾ
എല്ലാവരും എന്നെ വട്ടനെന്നു വിളിക്കുന്നു.
പക്ഷേ...
ഞാൻ ഒരു പാവം, പാവം പ്രണയി മാത്രമാണ്.

സന്ദീപ് സി.ആർ.
രണ്ടാം വർഷ പ്രീഡിഗ്രി ഫസ്റ്റ് ഗ്രൂപ്പ്

# FACES

Monday morning dawned with unusual excitement. By 8 'O' clock in the morning I found myself standing in the railway station with my dad. After a lapse of 3 years, my beautiful light eyed cousin was arriving from Madras. My heart leaped. But to my greatest disappointment we came to know that the train was 45 minutes late. It was too much.

I slowly went to the platform. The sweet voice of a lady crackled through the loudspeaker announcing the arrival of a train. The atmosphere was cacophonous with all sorts of unpleasant noises. The porters ran here and there shouting in a peculiar dialect. An engine moaned raising the sound occasionally. People trotted in every direction like bees chasing something. In between a Telugu couple argued vigorously with a coolie who tried to overcharge them.

At the time the train arrived, deafening everyone temporarily. It halted with a screech, spreading the smell of diesel which pierced the nostrils. Hosts of people got down, colliding and collapsing, one or two falling in the stampede. Salesmen ran to every window shouting 'Vada Vada', Kappi, Kappi!. People crowded in auxiliary stalls and boys ran selling dailies.

I saw tears of joy in the eyes of many at the sight of their loved ones. I saw tears of sorrow and gloomy faces which were pained to bid farewell to familiar faces while some disappointed eyes tried to conceal dejection. some eyes sparkled dreaming a bright future. Finally after much huss and fuss the hapless witness (train) whistled when a bell clanged. It whined and began to move. Tears rolled, teeth gleamed, hands waved. The station seemed less noisy.

I looked around. Some boastful ladies were trying to picturise themselves as the greatest figures ever born. With uncontrollable laughter, I sat on a bench. There I found myself being a spectator of some fine cricket with a paper ball and log of wood. 'Warne verses Tendulkar' Well, my eyes were feasted with some good strokes and excellent bowling. On the other side of the platform were some guys doing all sorts of pranks, laughing rapturously to capture attention.

As I stood watching them some porters came pushing a wheel barrow with huge sacks on it. It smelled awful. I ran to the other side. But something made me retrace my steps. I saw a dishevelled old lady, whose legs were of no use to her, trying to move, whining with pain. Her mental agony was greater than her physical illness. Her husband with terrifying wounds all over his body was coughing and panting with bronchitis. They begged for a living. Involuntarily, I put a shilling in their begging bowl. Did my eyes go wet? Was my heart burdened? I stood there forgetting everything. The train arrived. But my eyes were fixed on them.

At last my dad accosted me with my cousin. Between her hugs I glanced with empathy at those beggars. Their eyes, expectant of a shilling from a passer-by.... The two pairs of pale sunken eyes... As my cousin pulled me along with her to my home, I kept looking back. I didn't know why. ●

**Mangala Gouri M.S.,**
I PDC I Group

പി.എസ്. ശ്യാംജി
രണ്ടാംവർഷ മലയാളബിരുദം

*ഒന്ന്*

അരമണികിലുക്കി
ഉടവാളും പിടിച്ചോണ്ടുറഞ്ഞു
തുള്ളുന്നു വെളിച്ചപ്പാട്;
കളങ്ങൾ മായ്ച്ചും
ഉരുണ്ടും മറിഞ്ഞും
കരിമ്പനച്ചോട്ടിൽ
വിതുമ്പിക്കരഞ്ഞും
കാറ്റിനെനോക്കിപ്പൊട്ടിച്ചിരിച്ചും
കാട്ടാളഹൃദയങ്ങൾ
മാന്തിത്തുരന്നും
ടാറിട്ടറോട്ടിൽ, കോൺക്രീറ്റ്-
കാട്ടിൽ, കുണ്ടുകുഴികളിൽ
നിന്നുറഞ്ഞുതുള്ളുന്നു-
വെളിച്ചപ്പാട്;

*രണ്ട്*

ഉടവാളുവീശി തലകൾകൊയ്തും
ചോരപ്പുഴയിൽ
നീന്തിക്കുളിച്ചും
ബീഡിപ്പുകയിൽ
കണ്ണുകളടച്ചും
മിന്നാമിന്നിയുടെ നങ്കൂരവെട്ടത്തിൽ
പന്തംതെളിച്ചും
കുയിലിന്റെ പാട്ടിൽ
സിത്താർവായിച്ചും
പെൺവാണിഭക്കേസ്സിൽ പ്രതിയായും
ഭിക്ഷാപാത്രത്തിൽ, കരളിൽ
കുടൽമാലയിൽ നിന്നുറഞ്ഞുതുള്ളുന്നു-
വെളിച്ചപ്പാട്;



# വെളിച്ചപ്പാട്

*മൂന്ന്*

അടവിയുടെയുദരംപിളർന്നു നീ
നാടിന്റെ പാപം തീർക്കുവാൻ വന്നോ
അലറിയും കാറിയും
ഉരുണ്ടും മറിഞ്ഞും
പാലക്കൊമ്പുകളരിഞ്ഞും
മലരിന്റെ പൂമഴ വിതറിയും
നീ നിന്റെ കോപമടക്കുന്നു
ശാന്തിയിൽ ദഹനനിൽ
മൂങ്ങയുടെ പാട്ടിന്റെ
മൊപ്പവും പാടി നീ,
പകലിന്റെ മുന്നിൽ;
ഇരുളിന്റെ മറയിൽ
ചോരക്കറപൂണ്ട മുണ്ടു-
മായ്; കൊലചെയ്ത കൊമ്പനായ്
മകുടിയുടെ മുന്നിലെ പാമ്പായ്
കൂടലിപ്പറവയായ്
വേതാളമായ്, വാവലായ്
തളർന്നൊരു ഭ്രാന്തനായ്
ഇന്നുനീ മാറുന്നു.....

*നാല്*

ചന്ദ്രന്റെ മടിയിൽ
സൂര്യന്റെ മുടിയിൽ
ഭൂമിതൻ പുത്രനായിന്നും
ഉറഞ്ഞുതുള്ളുന്നു, വെളിച്ചപ്പാട്;
ചെണ്ടതൻമേളവും
പാട്ടിന്റെ താളവും
അരമണിയുടെ കിലുക്കവും
ചോപ്പിന്റെ കാമ്പും
നീയറിയാതെ നീ തന്നെ തുള്ളുന്നു.
വാളിന്റെ തുമ്പത്ത്
നാവിന്റെ തുമ്പത്ത്
ഒരുശർക്കരത്തുണ്ടം
വെയ്ക്കുവാൻ വന്നോ...
വീശുന്ന കാറ്റിൽ
മന്ത്രമോതുവാൻ വന്നോ.....

# സ്നേഹം
# ഹൃദയത്തിന്റെ സങ്കീർത്തനമോ?


**മഹേഷ് കെ.എ.**
ഒന്നാം വർഷ എം.എ. മലയാളം


"സ്നേഹവും അലിവുമുള്ള ഒരു ചങ്ങാതിയുണ്ടായിരിക്കുകയെന്നത് ഏതു മനുഷ്യന്റെയും ഭാഗ്യമാണ്. വിശേഷിച്ചും ആരോരുമില്ലാത്ത ഒരാളിന്. വഴിയിൽ കണ്ടുമുട്ടുന്ന എല്ലാവരും അങ്ങനെയുള്ളവരല്ല. ദൈവം മിക്കപ്പോഴും അങ്ങനെയുള്ളവരെ എവിടെയെങ്കിലും ഒളിപ്പിച്ചുവച്ചിരിക്കുകയാവും."

ഹൃദയത്തിൽ ദൈവത്തിന്റെ കൈയൊപ്പു പതിഞ്ഞെന്നു പറയപ്പെടുന്ന ദസ്തയേവ്സ്കി എന്ന വിശ്വവിഖ്യാതനായ നോവലിസ്റ്റിനെക്കൊണ്ട് 'ഒരു സങ്കീർത്തനം പോലെ' എന്ന നോവലിൽ പെരുമ്പടവം ശ്രീധരൻ പറയിക്കുന്നതാണ് മേൽ ഉദ്ധരിച്ച വാക്കുകൾ. നോവലിലൂടെ സഞ്ചരിക്കുമ്പോൾ മുകളിലേക്ക് കയറുവാനുള്ള ചവിട്ടുപടികളാണ് ഈ വാക്കുകളെന്നു തോന്നും. പ്രേമം അഥവാ സ്നേഹം എന്ന അത്ഭുതപ്രതിഭാസത്തിന്റെ ആദ്യപടികൾ ചങ്ങാത്തത്തിൽനിന്നു തുടങ്ങുന്നു എന്നായിരിക്കണം നോവലിസ്റ്റ് ഉദ്ദേശിച്ചിരിക്കുന്നത്. ഇങ്ങനെയൊരു ചിന്ത വരുവാൻ കാരണം മറ്റൊന്നുമല്ല. നാം കണ്ടിട്ടുള്ള ഭൂരിഭാഗം പ്രേമവും ആദ്യം തളിരിട്ടത് ഒരു കൂടിക്കാഴ്ചയിൽനിന്നോ സൗഹൃദത്തിൽനിന്നോ അല്ലാതെ മറ്റെവിടന്നാണ്? നോവലിലും ഇതുതന്നെയാണ്. ഒരു സ്റ്റെനോ ആയ അന്നയോട് ദസ്തയേവ്സ്കി ആദ്യം സൗഹൃദം സ്ഥാപിക്കുന്നതും അവളിലെ ആരാധന സ്നേഹമായി പരിണമിക്കുന്നതും കാണാവുന്നതാണ്.

അപ്പോൾ എന്താണ് സ്നേഹം?

"സ്നേഹമെന്നു പറയുന്നത് മനസ്സിന്റെയും ശരീരത്തിന്റെയും ഉത്സവമാണ്."

ഇവിടെ സ്നേഹത്തിന്റെ നിർവചനഭാഗങ്ങളിൽ ഒന്നു പറഞ്ഞിരിക്കുന്നു. അതായത് ചങ്ങാത്തത്തിൽ തുടങ്ങി മനസ്സിന്റെയും ഒപ്പം ശരീരത്തിന്റെയും ഒരു അനുഭൂതിവിശേഷത്തിൽ ചെന്നു നില്ക്കുന്ന ഒരവസ്ഥ. ഒരു ചടുലസംഗീതം വിരലുകളെ താളം പിടിപ്പിക്കുകയും ഗാനതീവ്രതയിൽ ചുവടുകൾവച്ച് സ്വയം മറന്ന് നൃത്തം ചവിട്ടുകയും ചെയ്യുന്നതുപോലെയാണിത്. മനസ്സും ശരീരവും ഒരേപോലെ സന്തോഷിക്കുകയും ആസ്വദിക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. ഇതുതന്നെയല്ലേ 'ഉത്സവം' എന്ന വാക്കുകൊണ്ട് അർത്ഥമാക്കിയിരിക്കുന്നത്.

സ്നേഹം പലവിധത്തിൽ സംഭവിക്കാം. ഇവിടെ കഥാനായകനായ ദസ്തയേവ്സ്കി തന്റെ ആദ്യഭാര്യയായ മേരിയോട് ഉണ്ടായിരുന്ന സ്നേഹത്തെക്കുറിച്ചു പറയുന്നു. "ആ സ്നേഹം ഞങ്ങൾക്ക് ഇരുവർക്കും ഒരു സാന്ത്വനം പോലെയായിരുന്നു. ജീവിതത്തിന്റെ ദുരിതംകൊണ്ട് പുളയുമ്പോഴും ഞാനെന്റെ സ്നേഹത്തിന്റെ വിശുദ്ധി കാത്തു." ഇത്രയും പറഞ്ഞ് അദ്ദേഹം വീണ്ടും ചോദിക്കുകയാണ് എന്താണ് സ്നേഹം? "വയലിൻകമ്പികളിൽ സംഗീതം ഉണ്ടാക്കുന്നത് ഒരാളുടെ സ്നേഹമാണ്. കളിമണ്ണിലോ മാർബിളിലോ ദേവതയെ സൃഷ്ടിക്കുന്നതും സ്നേഹമാണ്." സ്നേഹത്തിന്റെ മറ്റൊരു വശം. ഇങ്ങനെ കാണുന്നതിലെല്ലാം ഒരു സ്നേഹമയം കലർത്തിയിരിക്കുന്നു.

സ്നേഹത്തെക്കുറിച്ച് നിരവധി മുൻവിധികളോടെയാണ് പെരുമ്പടവം ഈ നോവലെഴുതിയിരിക്കുന്നത്. അന്നയുടെ ഓർമ്മകളിലൂടെ 'പാവങ്ങളിലെ' രംഗം വർണ്ണിച്ചിരിക്കുന്നത് നോക്കുക "ഡെവുഷ്കിനോട് ഇഷ്ടമില്ലാഞ്ഞിട്ടല്ല. ആ സ്നേഹത്തിന്റെ ആഴം കാണാഞ്ഞിട്ടുമല്ല. അതിനെക്കാൾ തീക്ഷ്ണവും അതിനെക്കാൾ ഭ്രാന്തവുമായ സ്നേഹവും കണ്ട് മോഹിച്ചിട്ടാണെന്നും പറയാനാവില്ല. ഒടുവിൽ ബൈക്കോവിന്റെ ഭാര്യയായി വാരങ്കാ സെന്റ്പീറ്റേഴ്സ്ബർഗ്ഗ് വിടുമ്പോൾ ഡെവുഷ്കിന്റെ സ്നേഹം നിഴലിനു കാവലിരിക്കുന്നതുപോലുള്ള അനുഭവമായിത്തീരുന്നു." തീവ്രമായ ഈ സ്നേഹത്തിന്റെ മറ്റൊരുവശംകൂടി കാണാം. അത് ഡെവുഷ്കിന്റെ അവസാന കത്തിലെ വരികൾ. "ഞാൻ നിന്നോടൊപ്പം വരും. എന്നെയും കൂടി നീ കൊണ്ടുപോകുന്നില്ലെങ്കിൽ ആ വണ്ടിയുടെ പിന്നാലെ ഞാൻ ഓടും. ഒരു മനുഷ്യന്റെ ജീവിതം മുഴുവൻ ഇതാ തകർന്നിരി

ക്കുന്നു." ഈ വരികളിലെ സ്നേഹത്തിന്റെ പൂർണ്ണ പ്രതിഫലനം നമുക്ക് കാണുവാൻ കഴിയും. എന്നിട്ടും അവളവനെ ഉപേക്ഷിച്ചു. "സ്നേഹം അങ്ങനെയുമുണ്ട്. ഏതു മുറിവും സഹിച്ചുകൊണ്ട്. ഏതപമാനവും സഹിച്ചുകൊണ്ട്. ചിലപ്പോൾ ഒരിക്കലും തിരിച്ചു കിട്ടുകയില്ല എന്നറിഞ്ഞുകൊണ്ട്."

നോവലിലെ പ്രേമത്തിന് നമുക്ക് മൂന്നു ഘട്ടങ്ങൾ കല്പിക്കാം. ഒന്നാം ഘട്ടം ആരംഭിക്കുന്നത് ഒരു മുടുപടത്തോടെയാണ്. തലേന്ന് അന്നയുടേതല്ലാത്ത കുറ്റത്തിന് ദസ്തയേവ്സ്കി അവളെ വഴക്കുപറഞ്ഞതിന് അയാൾ മാപ്പിരക്കുന്നു. ഒരു ആരാധനാഭാവത്തോടെ അവളത് നിരസിക്കുന്നു. എന്തോ അതുകൊണ്ടും തൃപ്തി വരാഞ്ഞിട്ടായിരിക്കണം തന്റെ പഴയ കാലദുഃഖങ്ങൾ നായകൻ നിരത്തുന്നതും അതുപിന്നെ പുഷ്കിന്റെ മനോഹരമായ കവിതകളിൽ ചെന്നെത്തുന്നതും. ആ കവിതകളുടെ രത്നച്ചുരുക്കമിതായിരുന്നു. "പ്രേമത്തിന്റെ അനന്തമായ കഠിനവേദന എനിക്കു പ്രിയങ്കരമാണ്. എന്റെ പ്രേമം പോലെയാണ് എന്റെ മരണവുമെങ്കിൽ ഞാൻ മരിച്ചുകൊള്ളട്ടെ." ഈ മുൻകൂർ ജാമ്യം എന്തിനാണെന്ന് നമുക്കറിയാം. പൂവിന് ഗന്ധമുണ്ടെങ്കിൽ കാറ്റത് വഹിച്ചിരിക്കും. നായകന്റെ അബോധമനസ്സിലെങ്കിലും ആ ഗന്ധം ഉണ്ടായിരുന്നിരിക്കണം.

"സ്നേഹം അങ്ങനെയുമുണ്ട്. ഏതു മുറിവും സഹിച്ചുകൊണ്ട്. ഏതപമാനവും സഹിച്ചുകൊണ്ട്. ചിലപ്പോൾ ഒരിക്കലും തിരിച്ചു കിട്ടുകയില്ല എന്നറിഞ്ഞുകൊണ്ട്."

രണ്ടാം ഘട്ടത്തിന് ഒരു 'മുൻകാഴ്ച' നോവലിസ്റ്റ് തരുന്നുണ്ട്. 'ചൂതാട്ടക്കാര'നിലെ കഥാപാത്രങ്ങളായ പോളിനയും അലക്സി ഇവാനോവിച്ചും തമ്മിലുള്ള സ്നേഹം. ഈ കഥയിൽ പോളിന അലക്സിയെ കുരങ്ങുകളിപ്പിക്കുമ്പോൾ പകർത്തിയെഴുതുന്ന അന്നയ്ക്ക് സഹിക്കുന്നില്ല. ആരാണീ പോളിന എന്നവൾ കടുത്ത ശബ്ദത്തിൽത്തന്നെ ചോദിക്കുന്നു. അതിനവൾ കാരണം പറയുന്നത് "എനിക്കറിയാം ഈ കഥ വെറും ഭാവനയൊന്നുമല്ല; ഈ പോളിനയുമതേ. പോളിനയോടുള്ള സ്നേഹംകൊണ്ട് അലക്സിയുടെ ഹൃദയം കത്തിക്കാളുന്നു എന്നു പറഞ്ഞില്ലേ. യഥാർത്ഥത്തിൽ കത്തിക്കാളുന്നത് ഫയദോറിന്റെ ഹൃദയം തന്നെയല്ലേ?" ഈ ചോദ്യത്തിനു മുൻപിൽ ഫയദോർ ദസ്തയേവ്സ്കിക്ക് മുട്ടു മടക്കേണ്ടിവന്നു. അതിനു തെളിവ് അടുത്തവരികൾ തന്നെയാണ്. "കുറെനാൾ മുൻപാണ്. ഞാനെന്റെ ഹൃദയം പൂട്ടി അതിന്റെ താക്കോൽ എവിടെയോ വലിച്ചെറിഞ്ഞു കളഞ്ഞു. ഇപ്പോൾ ഓർക്കുന്നില്ല അതെവിടെയാണെന്ന്. എവിടെയെങ്കിലും കിടന്ന് നിനക്ക് കിട്ടിയോ അത്? എന്റെ ഹൃദയത്തിന്റെ താക്കോലും കൊണ്ടാണോ നീ വന്നിരിക്കുന്നത്?"

അന്നയുടെ ഉള്ളിൽ സ്നേഹം വളരുന്നു എന്നതിന് ഒരുദാഹരണം പറയാം. നേവാനദിയുടെ കരയിൽ വച്ച് അദ്ദേഹം (ദസ്തയേവ്സ്കി) അവളുടെ കൈവെള്ളയിൽ ചുംബിച്ചപ്പോൾ – 'ആ നിമിഷമാണ് ജീവിതത്തിലെ ഏറ്റവും നല്ല നിമിഷം. ഏറ്റവും സുന്ദരമായ നിമിഷം, ഏറ്റവും മഹത്തായ നിമിഷം, ഏറ്റവും അമൂല്യമായ നിമിഷം എന്നവൾ ചിന്തിക്കുന്നതും അവളുടെ ഹൃദയം വിങ്ങുന്നതും അവൾക്ക് കരച്ചിൽ വരുന്നതുമെല്ലാം. അവസാനം ഉണ്ടാകുന്നത് ഉത്കണ്ഠയാണ്. അത്, ഫയദോറിന്റെ ആത്മാംശമുള്ള അലക്സി ഇവാനോവിച്ചിനെ മോഹിപ്പിച്ചും നിരാശപ്പെടുത്തിയും ഇട്ടു നീറ്റുന്ന ആ പോളിന. അവൾ ആരാണ്...?

മൂന്നാം ഘട്ടം. മർമ്മപ്രധാനമായ പല രംഗങ്ങളും അടങ്ങുന്ന ഘട്ടം. ജീവിതത്തിന്റെ ഗതിവിഗതികൾ തന്നെ ഒരുപക്ഷെ മാറ്റിമറിക്കാവുന്ന രംഗങ്ങൾ. ഒരു പാട് മുൻധാരണകളും വിശ്വാസങ്ങളും ചീട്ടുകൊട്ടാരംപോലെ തകരാവുന്ന നിമിഷങ്ങൾ. അത് വായനക്കാരനെ മനസ്സിലാക്കിച്ചെടുക്കുകയെന്നത് അല്പം വിഷമംപിടിച്ച പണിയാണ്. ഒരുതരത്തിൽ സ്നേഹത്തിന്റെ 'ക്ലൈമാക്സ്' എന്നു പറയാവുന്ന ഈ രംഗം വളരെ ആയാസരഹിതമായിട്ടാണ് പെരുമ്പടവം പറഞ്ഞിരിക്കുന്നത്.

പാർക്കിലിരുന്ന് തന്റെ പഴയകാല അനുഭവങ്ങളെക്കുറിച്ചു നായകൻ പറയുന്നിടത്ത് ഇത് പെട്ടെന്ന് കടന്നുവരുന്നു. ദസ്തയേവ്സ്കി പറഞ്ഞുവരുന്നതിനിടയിൽ കടന്നുകൂടിയ വാക്കുകൾക്ക് ആയിരം ജന്മത്തിന്റെ വിലയുണ്ടായിരുന്നു. "ഞാനെന്റെ ജീവിതത്തിന്റെ നിർണ്ണായകമായ ഒരു സന്ധിയിലാണ് നിൽക്കുന്നത്. എന്റെ മുൻപിൽ മൂന്നു വഴികളുണ്ട്. ഒന്ന് ജറുസലേമിലേക്ക്. രണ്ട് ചൂതുകളികേന്ദ്രത്തിലേക്ക്. മൂന്ന് കുടുംബജീവിതത്തിലേക്ക്. മൂന്നാമത്തെ വഴി എന്നു പറഞ്ഞത് ഇപ്പോൾ അടഞ്ഞു കിടക്കുകയാണ്. ഞാനെന്തുചെയ്യണം? ഏതുവഴി പോകണം?" മുഴുവൻലോകത്താലും പരിത്യജിക്കപ്പെട്ട് വിങ്ങിപ്പൊട്ടാൻ നിൽക്കുന്ന ഭാവത്തോടെ ഒടുവിൽ തന്റെയരികത്ത് നൽക്കുന്ന ദസ്തയേവ്സ്കിയുടെ വാക്കുകൾ കേട്ട് അന്ന ഒന്നു നടുങ്ങിയെങ്കിലും യുക്തിയും പൊരുളും ഒന്നും നോക്കാതെ അവൾ പറഞ്ഞു. "ആ അടഞ്ഞുകിടക്കുന്ന മൂന്നാമത്തെ വഴി തുറക്കാൻ വല്ല വഴിയുമുണ്ടോന്നു നോക്കിക്കൂടേ." അഗാധമായ ഒരു ഹൃദയഭാവത്തോടുകൂടി ദസ്തയേവ്സ്കി അന്നയുടെ ഇമകളിലേക്ക് നോക്കുമ്പോൾ മൂന്നാംഘട്ടത്തിന് തിരശ്ശീല വീഴുന്നു.

ഈ മൂന്നു ഘട്ടങ്ങളോടെ പ്രശ്നം തീർന്നു എന്നായിരുന്നു കരുതിയിരുന്നത്. അപ്പോഴാണ് നായകന്റെ 'കോംപ്ലക്സ്' തലയുയർത്തുന്നത്. അതിനാലാണ് വൃദ്ധനും ദരിദ്രനുമായ ചിത്രകാരനെയും ചെറുപ്പക്കാരിയായ പെൺകുട്ടിയെയും കുറിച്ചു പറയുന്നത്.

അന്നയുടെ അഭിപ്രായത്തിൽ അയാൾ ചിത്രകാരനും ദരിദ്രനുമാണെന്നത് ഒരു വിഷയമേയല്ല. അങ്ങനെയുള്ളവരെ അറിഞ്ഞ് മനസ്സിലാക്കി സ്നേഹിക്കണം. അല്ലാതെ സൗന്ദര്യവും ധനവും നോക്കിയല്ല സ്നേഹിക്കേണ്ടത്. "സ്നേഹം അന്വേഷിക്കുന്നത് സ്നേഹം മാത്രമാണ്. അല്ലാതെ സൗന്ദര്യവും ധനവും പദവിയുമല്ല. ഇത്രയുമാകുമ്പോൾ നായകന് പിടിച്ചു നിൽക്കാൻ കഴിയുന്നില്ല. അതുകൊണ്ടാണ് 'ചിത്രകാരന്റെ സ്ഥാനത്ത് എന്നെയും പെൺകുട്ടിയുടെ സ്ഥാനത്ത് അന്നയെയും സങ്കല്പിച്ചുനോക്കു' എന്നു പറയുന്നത്. കാരണം അവർ തമ്മിൽ പ്രകടമായ പ്രായവ്യത്യാസം ഉണ്ടല്ലോ എന്ന തോന്നലാണ്. പക്ഷെ, ഒരു നിമിഷംപോലും ശങ്കിച്ചു നിൽക്കാതെ അന്ന പറഞ്ഞു. "സ്നേഹിക്കും, ജീവിതം മുഴുവൻ ഞാൻ സ്നേഹിക്കും." അതുകൊണ്ടാണ് "സ്നേഹിക്കുന്ന ആളിന്റെ ദൗർബല്യങ്ങളും സഹിക്കണം, അതാണ് സ്നേഹം" എന്നു പറയുന്നത്. ഇവിടെ അന്നയുടേത് യഥാർത്ഥ സ്നേഹമാണ്.

തീർന്നില്ല. അടുത്ത വിഷയം എന്തിനാണ് സ്നേഹിക്കുന്നത് എന്നതാണ്. മറുപടി ഇതാണ്. "ആത്മീയമായ ഏകാന്തതയുടെ ദുഃഖം മറക്കുവാനാണ് സ്നേഹിക്കുന്നത്." ദൈവംപോലും ഈ ആത്മീയമായ ഏകാന്തത അനുഭവിച്ചിരുന്നു. അതുകൊണ്ടാണല്ലോ വെള്ളത്തെയും വെളിച്ചത്തെയും ജീവജാലങ്ങളെയും ദൈവം സൃഷ്ടിച്ചത്. ഈ സൃഷ്ടിയുടെ അടിയിൽ പ്രേരണയായിട്ട് സ്നേഹം ഉണ്ട്, അത് തീർച്ച.

ഇങ്ങനെ കഥയും ഉപകഥകളുമായി ധാരാളം സ്നേഹത്തെ പെരുമ്പടവം ഇതിൽ ചേർത്തിരിക്കുന്നു. മാലയിൽ നൂലെന്നവണ്ണം ഇതിലെ ചേരുവകൾ അതീവഹൃദ്യമാകുമ്പോൾ എന്താണ് സ്നേഹമെന്നതിന്റെ അവസാന വശം കൂടി പറയാം. "സ്നേഹമെന്നു പറയുമ്പോൾ അതിന്റെ ഭിക്ഷ പോരാ. സമ്പൂർണ്ണ സമർപ്പണമായിട്ട്. മുഴുവൻ എടുത്തോളാൻ പറഞ്ഞ, അല്ലെങ്കിൽ അതൊരു വഴിപാടോ നിവേദ്യമോ ആയി സങ്കല്പിച്ചാൽ അതു വച്ചിരിക്കുന്ന ആ പാത്രത്തോടെ ആവണം."

ഇത്രയുമൊക്കെ പറഞ്ഞ സ്ഥിതിക്ക് സത്യത്തിനു നേരെ ഞാനെന്തിന് പുറം തിരിയണം. നായകന്റെ 'കോംപ്ലക്സ്' നമുക്കെല്ലാവർക്കുമറിയാവുന്നതാണല്ലോ. അതുകൊണ്ട് എനിക്കത് പറയാതിരിക്കാൻ കഴിയുന്നില്ല. എങ്ങാനും ഈ പ്രേമം അഥവാ സ്നേഹം വഴിപിരിയുമോ എന്നു തോന്നിയാൽ ഈ വരികൾ വായിച്ച് സമാധാനിക്കാൻ ശ്രമിക്കാം. "എവിടെയും പരിത്യക്തനായിരുന്ന തനിക്ക് ജീവിതം അനന്തമായ മരുഭൂമിയിലെ ഒരു യാത്രയായിരുന്നു. ഇടയ്ക്കു കണ്ട മരുപ്പച്ചകൾ, ഈന്തത്തണലുകൾ, ഇതിന്റെയൊക്കെ ഓർമ്മ ഇപ്പോഴും മനസ്സിലുണ്ട്. എങ്കിലും നിത്യമായ അനുഭവം ആ മരുഭൂമിയായിരുന്നു. അന്ത്യന്തവിഹീനമായി തോന്നിപ്പിച്ച മരുഭൂമിയിൽ ഒറ്റയ്ക്കു വല്ലപ്പോഴും കണ്ടെത്തുന്ന ഒരു മരുപ്പച്ചയും ഈന്തത്തണലും കടന്ന്, വഴിനീളെ മോഹിപ്പിക്കുന്ന മൃഗതൃഷ്ണ കടന്ന് ഒടുവിൽ ഞാനെത്തിയതെവിടെയാണ്?"



# Reminiscences

Something in the breeze reminds me of you
As its gentle hands fold me in its cares
The day had drawn to its close
Almost like a withered rose
The vermilion streaked sky
Brings back painful memories of the days gone by
Days filled with laughter and sunshine
when life was like heady wine
You were my hope and delight
Like a beacon bright
Which spread its golden rays
To bring joy to my careworn face
All on a sudden you left me alone
To deal with life under whose burdens I groan.
I wish that you were by my side
But these are mere dreams in which my sorrow I hide
I can only sigh and say
Come back and don't go away.

**Asha Rachel Mohan, IInd BSc. Physics**

The *malayalam* article that appeared in the Magazine at this position is being officially withdrawn as a response to apprehensions that it may hurt the sentiments of a section of the college community.



# അമേരിക്കൻ വിപ്ലവത്തിന്റെ തീപ്പന്തം

**ജയശങ്കർ, ഒന്നാംവർഷ പ്രീഡിഗ്രി തേർഡ്ഗ്രൂപ്പ്**

നാൽപ്പത് വയസ്സ് തികയുന്നതിനുമുമ്പ് അമേരിക്കൻ സാമ്രാജ്യവാദികളുടെയും അവരുടെ ബൊളീവിയൻ കൂലിപ്പടയുടെയും വഞ്ചനക്കും ക്രൂരതയ്ക്കും വിധേയനായി രക്തസാക്ഷിയായിത്തീർന്ന മേജർ "ഏണസ്റ്റോ ചെ ഗുവേര" (1928–67) ഇതിനകംതന്നെ ഇരുപതാം നൂറ്റാണ്ടിലെ ഇതിഹാസ പുരുഷന്മാരിൽ ഒരാളായി മാറിയിരിക്കുന്നു. 1967 ഒക്ടോബർ 9-ാം തിയതിയാണ് നീചന്മാർ ചെയുടെ വിലപ്പെട്ട ജീവൻ അപഹരിച്ചത്. കാലം കൊടുങ്കാറ്റിന്റെ വേഗതയോടെ പാറുകയാണ്. സമകാലീന ജീവിതത്തിൽ അരങ്ങു തകർത്താടിയ പലരും വിസ്മൃതിയുടെ ചക്രവാളത്തിൽ ഒന്നിനു പിറകെ ഒന്നായി മറയുന്നു. എന്നാൽ ചെയുടെ സ്മരണ കാലം ചെല്ലുന്തോറും ഒന്നിനൊന്നു തിളക്കംകൂടി വരികയാണ്. ഇപ്പോഴും ലോകമെങ്ങുമുള്ള സ്വേച്ഛാധിപതികളും യാങ്കികിരാതരും ചെയുടെ നാമസ്മരണ മാത്രയിൽ ഞെട്ടിത്തെറിക്കുന്നു.

"ലോകത്തിലെ സമ്പന്ന രാഷ്ട്രങ്ങൾക്കും പല ദരിദ്രരാഷ്ട്രങ്ങളിലും ഭരണം നടത്തുന്ന അഴിമതി നിറഞ്ഞ സർക്കാരുകൾക്കും മൃതനായ ചെ ഭീകരനും ചൈതന്യവാനുമായ ഒരു ശത്രുവത്രെ."

വിപ്ലവകാരികളുടെ ജീവിതത്തിൽ മരണം അപ്രതീക്ഷിതമല്ല. എന്നാൽ ചെയുടെ മരണം അനിതരസാധാരണമാണ്. വിജയശ്രീലാളിതമായ ക്യൂബൻ വിപ്ലവത്തിനുശേഷം ഭരണത്തിന്റെ അത്യുന്നത ശൃംഗങ്ങൾ തിരസ്കരിച്ചശേഷം മറ്റൊരു രാഷ്ട്രത്തിൽ വിപ്ളവപ്രവർത്തനത്തിനു നേതൃത്വം കൊടുക്കാൻപോയ ചെ മരണത്തെ വെല്ലുവിളിക്കുകയാണ് ചെയ്തത്.

"പതിയിരിക്കുന്ന മരണം എവിടെയെങ്കിലും ചാടിവീണ് ഞങ്ങളെ വിസ്മയിപ്പിച്ചുകൊള്ളട്ടെ. അതിനെ ഞങ്ങൾ സ്വാഗതം ചെയ്യും. പക്ഷെ, ഒന്നുമാത്രം: ഞങ്ങളുടെ ഈ സമരകാഹളം, സ്വീകരിക്കാൻ തയ്യാറുള്ള ഒരു ചെവിയിലെങ്കിലും എത്തണം. മറ്റൊരു കൈ ഈ ആയുധങ്ങളെടുത്തുയർത്തുവാൻ നീളണം. ഞങ്ങളുടെ ചരമഗാനത്തിൽ യന്ത്രത്തോക്കുകളുടെ നിർഘോഷം കലർത്താൻ മറ്റു ചിലരെത്തണം. വിജയത്തിന്റെയും സമരത്തിന്റെയും പുത്തൻ ഘോഷങ്ങളുയരണം."

സാമ്രാജ്യത്വത്തോടും അടിമത്തത്തോടും ഒടുങ്ങാത്ത പക, മാർക്സിസം -ലെനിനിസത്തോടുള്ള അദമ്യമായ ആഭിമുഖ്യം, അദ്ധ്വാനിക്കുന്ന മാനവരാശിയോടുള്ള അടിപതറാത്ത കൂറ്, സമരതന്ത്രങ്ങളിലെന്നപോലെതന്നെ സോഷ്യലിസ്റ്റ് നിർമ്മാണത്തിലും പ്രകടമായ മൗലിക പ്രതിഭ, സങ്കുചിത ദേശീയ ഭിന്നതകളെ തുളച്ചുകയറിയ സാർവ്വദേശീയ വിപ്ലവസാഹോദര്യം-ഇതല്ലാം ഗുവേരയെ അനുപമനായ ഒരു വിപ്ലവകാരിയാക്കി ഉയർത്തി.

1953-ൽ ഗ്വാട്ടിമാല യാങ്കികിങ്കരന്മാർക്കമർന്നു. വെടിയും പുകയും അന്തരീക്ഷത്തിൽ ലയിച്ചു. അപ്പോഴും യുവാവെങ്കിലും കുമാരനെന്നു തോന്നിക്കുന്ന ഒരാൾ, തീപാറുന്ന കണ്ണുകളും കാറ്റിൽ പറക്കുന്ന മുടിയും മുഷിഞ്ഞുലഞ്ഞ ഉടുപ്പുമായി ഒരു പൊട്ടത്തോക്കുയർത്തിപ്പിടിച്ചുകൊണ്ട് ഗ്വാട്ടിമാലാ രാജവീഥികളിൽ യാങ്കികളെ വെല്ലുവിളിച്ചലറിനടന്നിരുന്നു 'ചെ ഗുവേര'

ചെ ഗുവേര അർജന്റീനയിൽ ജനിച്ചു. ക്യൂബയിൽ പടവെട്ടി. ഗ്വാട്ടിമാലയിൽ വച്ച് ഒരു വിപ്ലവകാരിയാകാൻ ആരംഭിച്ചു. ഗ്വാട്ടിമാലായിലെ അട്ടിമറിക്കുശേഷം പിന്നീട് അവിടെ തുടരാൻ ഗുവേരക്കു കഴിഞ്ഞില്ല. സാമ്രാജ്യത്വത്തിനെതിരായി മുൻകയ്യെടുത്ത് കടന്നാക്രമണം നടത്തണമെന്നും സായുധസമരം അനിവാര്യമാണെന്നും ചെയെ അവസാനമായി ബോധ്യപ്പെടുത്തിയത് ഗ്വാട്ടിമാലയിലെ അനുഭവമാണ്.

കൂടുതൽ വിപ്ലവ സിദ്ധാന്തങ്ങളും പ്രാമാണിക ഗ്രന്ഥങ്ങളും പഠിക്കാൻ അദ്ദേഹം മെക്സിക്കോയിലേക്ക് യാത്രതിരിച്ചു. അദ്ദേഹം അവിടെ വച്ച് ലോകചരിത്രവും വിപ്ലവസിദ്ധാന്തങ്ങളും ആർത്തിയോടെ വായിച്ചു. അങ്ങനെയിരിക്കെയാണ് 1955-ൽ മെക്സി

ക്കോയിൽവച്ച് ഫിദൽ കാസ്ട്രോയെയും സഖാക്കളെയും 'ചെ' കണ്ടുമുട്ടിയത്. ക്യൂബയിലെ സർവ്വാധിപതി ഫുൾജെൻസിയോ ബാറ്റിസ്റ്റയുടെ കിരാതവാഴ്ചക്കെതിരായി കലാപം നടത്തി പരാജയപ്പെട്ട് മെക്സിക്കോയിൽ അഭയം തേടിയിരിക്കുകയായിരുന്നു, കാസ്ട്രോയും സഖാക്കളും.

കണ്ടുമുട്ടിയ ഉടനെതന്നെ അവരുടെ ഹൃദയങ്ങൾ ഒന്നിച്ചു. കഠിനമായ പാതത്തിലൂടെയും ചർച്ചയിലൂടെയും അവരുടെ മസ്തിഷ്ക്കങ്ങളും ഒത്തുചേർന്നു. പിന്നീട് തോളോടുതോൾചേർന്ന് ക്യൂബയുടെ വിമോചനത്തിനുവേണ്ടി പടവെട്ടിയ ഇരട്ട സഹോദരന്മാരായി ചരിത്രത്തിൽ അവർസ്ഥാനം പിടിച്ചു. 1959ൽ ജനുവരിയിൽ ഫിദൽ കാസ്ട്രോയുടെ നേതൃത്വത്തിൽ ക്യൂബൻ വിപ്ലവം പൂർണ വിജയത്തിലെത്തിയതുവരെയുള്ള ചരിത്രം ഈ ഇരട്ട സഹോദരന്മാരുടെ നിശ്ചയദാർഢ്യത്തിന്റെയും കഠിനാധ്വാനത്തിന്റെയും വളർച്ചയുടെയും ചരിത്രമാണ്.

ക്യൂബൻ വിപ്ലവത്തിന്റെ വിജയത്തിനുശേഷം വിപ്ലവകരമായ നശീകരണത്തിലെന്നപോലെതന്നെ വിപ്ലവകരമായ നിർമാണത്തിലും വിദഗ്ധനാണ് താനെന്ന് ഗുവേര തെളിയിച്ചു.

ക്യൂബയെന്ന കൊച്ചു രാഷ്ട്രത്തെ ഒറ്റപ്പെടുത്തി നശിപ്പിക്കാനുള്ള അമേരിക്കൻ സാമ്രാജ്യവാദികളുടെ ഗൂഢാലോചനകളും കടന്നാക്രമണങ്ങളും ക്യൂബയെ സോഷ്യലിസ്റ്റു ചേരിയിലേക്ക് അനിവാര്യമായി തള്ളിനീക്കി-ക്രമേണ ക്യൂബൻ കമ്മ്യൂണിസ്റ്റ് പാർടിയിൽ വിജയശ്രീലാളിതമായ വിപ്ലവത്തിന്റെ നേതാക്കന്മാരും അവരുടെ പ്രസ്ഥാനവും ലയിക്കുകയും ഒരൊറ്റ കമ്മ്യൂണിസ്റ്റ് പാർടിയായി രൂപംകൊള്ളുകയും ചെയ്തു. ഈ പ്രക്രിയയ്ക്ക് താത്വികമായ അടിത്തറയും വ്യാഖ്യാനവും പ്രോത്സാഹനവും നൽകിയത് ഗുവേരയായിരുന്നു.

ലാറ്റിനമേരിക്കയിലെ പ്രത്യേക രാഷ്ട്രീയ സാമൂഹ്യ പശ്ചാത്തലത്തിലാണ് ഗുവേര പ്രവർത്തിച്ചതും എഴുതിയതും. അമേരിക്കൻ ഐക്യനാടുകളുടെ പുത്തൻ സാമ്രാജ്യവാഴ്ചയും അതിൽനിന്നുടലെടുത്ത കടുത്ത ദാരിദ്ര്യവും സാമ്പത്തികതകർച്ചയും. ബൂർഷ്വാ ജനാധിപത്യം പോലെയും നിഷേധിക്കുന്ന ക്രൂരമായ പട്ടാളവാഴ്ച. മിതവാദ പ്രവണതകൾകൊണ്ട് നട്ടെല്ലുപോയ വിപ്ലവകക്ഷികളുടെ നിസ്സഹായതയും ജനങ്ങളുടെ നിരാശയും-ഈ സാഹചര്യങ്ങളിൽ നിശ്ചയദാർഢ്യത്തോടെ ഒരു കൂട്ടം വിപ്ലവകാരികൾ കടന്നാക്രമണം നടത്തിയാൽ കാട്ടുപുല്ലിലേക്ക് എറിയുന്ന തീപ്പൊരി പോലെ വിപ്ലവം പടർന്നുപിടിക്കുമെന്ന് ചെ ഗുവേര വിശ്വസിച്ചു.

അതിധീരനായ വിപ്ലവകാരി, ഉന്നതനായ വിപ്ലവതത്വശാസ്ത്രജ്ഞൻ, മാനവപുരോഗതിക്കും മോചനത്തിനും വേണ്ടി രക്തസാക്ഷിത്വം വരിച്ച ഐതിഹാസിക പുരുഷൻ, വിജയകരമായ ക്യൂബൻ വിപ്ലവത്തിൽ കാസ്ട്രോയുടെ വലംകൈയായി പ്രവർത്തിച്ച പോരാളി, വിപ്ലവത്തിനുശേഷം സോഷ്യലിസ്റ്റ് നിർമാണത്തിന് ഗണ്യമായ സംഭാവന നൽകിയ പ്രതിഭാശാലി, അമേരിക്കൻ ഭൂഖണ്ഡത്തിൽ അനുദിനം പടർന്നുകയറുന്ന വിപ്ലവത്തിന്റെ ആദ്യപഥികൻ എന്നീ നിലകളിലെല്ലാം ഇരുപതാം നൂറ്റാണ്ടിന്റെ വിപ്ലവചൈതന്യത്തിന്റെ പ്രതീകമാണ് "മേജർ ഏണെസ്റ്റോ ചെ ഗുവേര."


*Best complements from:*

**EMPIRE LEATHER WORKS**

**T.B. ROAD, KOTTAYAM., PHONE: 563180**



ഒരു വിരൽ മുറിയുമ്പോൾ
അറിയാതെയരികിൽ വ-
ന്നൊരു വട്ടമാർദ്രമായ്
വിതുമ്പുന്ന മുഖമേതോ?

നിറപ്പാടും പൊടിയാത്ത
മുറിപ്പാടും കനക്കാത്ത
വിരൽത്തുമ്പൊന്നെടുത്തു നീ
മാറോടു ചേർത്തുവോ?

നോവിൻ പൂ വിടരുന്ന
നിൻമിഴിച്ചോപ്പിലെൻ
കൺകളി വിസ്മയങ്ങൾ
വെമ്പലാർന്നൊഴുകിയോ?

നിൻ മിഴിച്ചിത്രങ്ങളിൽ
എൻ മിഴിയുടയുമ്പോൾ
പീലിയിൽ നിന്നും ചൂട്
നീർത്തുള്ളിയടരുമ്പോൾ

പഞ്ഞിയും
ബാൻഡേജിന്റെമീതെയ്ക്ക്
പടർന്നൊരീ അന്തിതൻ ചോപ്പും
കാൺകെ-നോവുണ്ടോ

തൊട്ടോട്ടെയെൻ
ജീവനേ സംഗീതമേ-
ചോദ്യം പിടഞ്ഞു വീഴും
നെഞ്ചകം എന്റേതാണോ?

# മുറിവ്

ലിറ്റി ചാക്കോ, രണ്ടാം വർഷ എം. എ. മലയാളം

# അട്ടപ്പാടി യാത്രയുടെ ഓർമ്മക്കുറിപ്പുകൾ

*(യു.സി.കോളേജ് മലയാളം വിഭാഗത്തിനു കീഴിൽ പ്രവർത്തിക്കുന്ന റീജനൽ ഫോക്‌ലോർ സെന്റർ നടത്തിയ ആദിവാസി പഠനക്യാമ്പിന്റെ യാത്രാനുഭവങ്ങൾ മലയാള വിഭാഗത്തിലെ ശ്രീ എം. ഐ. പുന്നൂസ് പങ്കുവയ്ക്കുന്നു)*

**1999** ഫെബ്രുവരി 4-ാം തീയതി വ്യാഴാഴ്ചയാണ് ഞാൻ എം.എ ഫൈനൽ ക്ലാസ്സിലെ വിദ്യാർത്ഥികളെയും കൂട്ടി അട്ടപ്പാടിയിലേക്ക് പുറപ്പെട്ടത്. ആദിവാസിസംസ്കൃതിയുടെ ആത്മാവും അടിവേരുകളുമന്വേഷിച്ചൊരു യാത്ര... കാട്ടുമക്കളുടെ കദനവും കനവും പൂക്കുന്ന മലനിരകളാണ് അട്ടപ്പാടി വനമേഖല. അട്ടപ്പാടിയെന്നു കേൾക്കുമ്പോൾത്തന്നെ നിങ്ങളുടെ മനസ്സിലുണ്ടാകുന്ന വികാരമെനിക്ക് മനസ്സിലാകുന്നുണ്ട്. അട്ടപ്പാടി ആദിവാസിയെന്ന് വിളിച്ച് ആരെയെങ്കിലുമൊക്കെ അപഹസിക്കാനാണ് നമ്മൾ പട്ടണവാസികൾ നിർഭാഗ്യവശാൽ ശ്രമിക്കാറുള്ളത്. പക്ഷേ അട്ടപ്പാടിയിൽ നിന്ന് മടങ്ങിയെത്തിയപ്പോൾ ഞങ്ങളുടെ സംഘത്തിന് അതിലെന്തെങ്കിലും ആക്ഷേപമുള്ളതായി അനുഭവപ്പെട്ടില്ല. മറിച്ച് അവരുടെ പ്രപഞ്ചവീക്ഷണത്തിനും ജീവിതദർശനത്തിനും മുന്നിൽ നമ്മളെത്ര നിസ്സാരന്മാരാണ് എന്ന് കുറ്റബോധം തോന്നുകയും ചെയ്തു.

നാലാം തീയതി വ്യാഴാഴ്ച രാവിലെ പതിനൊന്നു മണിക്ക് പുറപ്പെട്ട് രാത്രി ഒൻപതരയോടെ ഞങ്ങൾ ദോണിഗുണ്ടിൽ എത്തി. അട്ടപ്പാടിയിലെ അനേകം ആദിവാസി ഊരുകളിൽ ഒന്നാണ് അഗളിയ്ക്കടുത്തുള്ള ദോണിഗുണ്ട് എന്ന ചെറുഗ്രാമം. പാലക്കാട്ടു നിന്ന് മണ്ണാർക്കാടു വഴി ഗൂളിക്കടവ് എന്ന സ്ഥലത്തെത്തിയാൽ അവിടെ നിന്ന് ജീപ്പിൽ യാത്രചെയ്തു വേണം ദോണിഗുണ്ടിൽ എത്താൻ. നാലു ദിവസത്തെ ക്യാമ്പാണ്. ഭക്ഷണമൊക്കെ സ്വയം പാകം ചെയ്യാനുള്ള തയ്യാറെടുപ്പുകൾ ഉണ്ടായിരുന്നു.

ഗൂളിക്കടവിൽ നിന്ന് അതിനുള്ള പലചരക്കുസാധനങ്ങളൊക്കെ വാങ്ങി ജീപ്പിൽ വെച്ചു കഴിഞ്ഞപ്പോൾ പിന്നെ മൂന്നുനാലാളുകൾ ജീപ്പിൽ തൂങ്ങി നിന്ന് യാത്രചെയ്യേണ്ട അവസ്ഥ വന്നു. ആ ജീപ്പുയാത്ര അവിസ്മരണീയമായ ഒരു അനുഭവം തന്നെയായിരുന്നു. സമയം ഒൻപതുമണി കഴിഞ്ഞിട്ടുണ്ടാകും. കൂരിരുട്ടുള്ള രാത്രി. കുണ്ടും കുഴിയും നിറഞ്ഞ വഴിയിലൂടെ ജീപ്പ് നീങ്ങുമ്പോൾ ഏതോ നരകകവാടത്തിലേക്കാണ് യാത്രയെന്നു ഭയന്നു. തൂങ്ങിനിന്നുള്ള യാത്ര പരിചയമില്ലാതിരുന്നതിനാൽ താഴെ വീഴാതിരിക്കാൻ വളരെ ബദ്ധപ്പെട്ടു.

ജീപ്പിറങ്ങുമ്പോൾത്തന്നെ ഞങ്ങളുടെ ആതിഥേയനായ മാണിയച്ചൻ (ഫാ. മാണി പറമ്പേട്ട്) ഞങ്ങളെ പ്രതീക്ഷിച്ച് നില്പുണ്ടായിരുന്നു. ഒപ്പം അച്ചൻ നടത്തുന്ന ഗുരുകുലത്തിലെ ആദിവാസികളായ ഇരുപത്തിയഞ്ചോളം കുട്ടികളും. അവർ പാട്ടുപാടി ഞങ്ങളെ എതിരേറ്റു. സ്കൂളിൽ വെച്ച് പഠനം നിർത്തി മടങ്ങിപ്പോകുന്ന ആദിവാസിക്കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക ശിക്ഷണം നല്കുന്ന ആശ്രമമാണ് അച്ചൻ നടത്തുന്ന ശാന്തിഗ്രാം ആശ്രമം.

ഇരുപത്തിയൊന്ന് വർഷമായി ദോണിഗുണ്ട് എന്ന അപരിഷ്കൃത ഗ്രാമീണമേഖലയിൽ സാമൂഹിക സേവനം നടത്തുന്ന ഒരു വ്യക്തിയാണ് മാണിയച്ചൻ. അടിയന്തരാവസ്ഥക്കാലത്ത് പുരോഗമനാശയവും സ്വാതന്ത്ര്യവാഞ്ഛകളും തലയ്ക്കുപിടിച്ച് കാടുകയറിയ വ്യക്തിയാണദ്ദേഹം. ആദിവാസിചൂഷണങ്ങളുടെ കഥകൾ വയനാടൻ നക്സൽ കലാപങ്ങളുടെ ഭാഗമായി പുറത്തുവന്നതും ആദിവാസിമേഖലയിൽ പ്രവർത്തിക്കാൻ അച്ചന് പ്രേരണയായി. ആലുവായിലുള്ള ഒരു ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പലിന്റെ പദവി രാജിവെച്ചാണ് അദ്ദേഹം അട്ടപ്പാടി മലനിരകളിലെത്തിയത്.

ആദിവാസി ക്ഷേമപ്രവർത്തനങ്ങളിൽ അച്ചന്റെ സേവനം വളരെ മാതൃകാപരമാണ്. ചാണകം മെഴുകിയ തറയിൽ കിടന്ന് ആദിവാസികളോടൊപ്പം ഭക്ഷണം കഴിച്ച് വളരെ ലളിതമായ ജീവിതശൈലിയിലൂടെ വാക്കും പ്രവൃത്തിയും ഒന്നാണെന്ന് തെളിയിക്കുകയാണ് അദ്ദേഹം.

ദോണിഗുണ്ട് ഊരിലെ ആദിവാസികളിൽ പ്രമുഖർ ഇരുളരും മുഡുഗരുമാണ്. സിർവാണി പുഴക്കരയിലെ മലനിരകളിൽ ഗ്രാമീണ നിഷ്കളങ്കതയുടെ പ്രതീകങ്ങളായ ഒരുപറ്റം നല്ല മനുഷ്യർ. അറുപതുരൂപ കൂലിക്ക് മാടുകളെപ്പോലെ പണിയെടുത്തും കാലി വളർത്തിയും മലദൈവങ്ങളെ പൂജിച്ചും അവർ പുലരുന്നു, നഗരജീവിതത്തിന്റെ തിരക്കും ഉത്കണ്ഠകളുമില്ലാതെ. ഇവിടെയാണ് ആദിവാസികളുടെ ജീവിതദർശനം പരിഷ്കൃത മനുഷ്യന്റെ യാന്ത്രികസംസ്കൃതികളിൽ നിന്നകന്നു നില്ക്കുന്നത്.

കിട്ടുന്നതുകൊണ്ട് സംതൃപ്തിയടയുന്നവരാണ് ആദിവാസികൾ. നാളെ എന്നത് അവർക്ക് ഉത്കണ്ഠാകുലമായ വിഷയമല്ല. അഞ്ചുവർഷം കൊണ്ട് നിക്ഷേപം ഇരട്ടിപ്പിക്കുന്ന സാമ്പത്തികശാസ്ത്രമോ ആട് മാഞ്ചിയം വാണിഭങ്ങളോ അവർക്ക് വശമില്ല. അവരുടെ ജീവിതത്തിന് സ്വതന്ത്രമായൊരു താളമുണ്ട്. അത് പ്രകൃതിയുടെ താളമാണ്. പരിഷ്കൃതസമൂഹം അവന്റെ വേഗത്തിനനുസരിച്ച് പ്രകൃതിയുടെ താളം മാറ്റാനാണ് ശ്രമിക്കുന്നത്. ഇന്ന് നട്ട് നാളെ വിളവെടുക്കാവുന്ന സസ്യങ്ങളെക്കുറിച്ചാണ് അവൻ അന്വേഷിക്കുന്നത്. ഇവിടെ പ്രകൃതിയുടെ സ്വാഭാവിക താളക്രമം പലവഴികളിലൂടെ നമ്മൾ മാറ്റിമറിക്കുന്നു.

ആദായകരമല്ലെന്ന പേരിൽ പാടശേഖരങ്ങളുടെ മാറുപിളർന്ന് ആഴമുള്ള ഇഷ്ടികക്കുളങ്ങൾ നമ്മൾ സൃഷ്ടിക്കുന്നു. നാടിന്റെ മുഖച്ഛായക്ക് മോടികൂട്ടാൻ എന്ന പേരിൽ വഴിയോരങ്ങളിലുണ്ടായിരുന്ന പാവം നാട്ടുമാവുകളെ വെട്ടിനീക്കി പകരം അക്കേഷ്യ മരങ്ങൾ നടുന്നു. കൃഷി ലാഭകരമല്ലെന്ന പേരിൽ നാടുമുഴുവൻ വിഷം തുപ്പുന്ന യന്ത്രശാലകൾ സ്ഥാപിക്കുന്നു. ആ യന്ത്രങ്ങൾ ചലിപ്പിക്കാനായി മാരകശേഷിയുള്ള തെർമൽ പ്ലാന്റുകൾ പണിയുന്നു.


പഠനസംഘം 'സാരംഗ്' ആശ്രമത്തിലെ ഗോപാലകൃഷ്ണൻ മാഷിനോടൊപ്പം

പ്രകൃതിയുടെ വരദാനങ്ങളായ നീർച്ചാലുകളും കുളങ്ങളും തോടും പുഴയുമൊക്കെ ഒരുക്കിത്തന്നിരുന്ന ജലസേചനവിദ്യകളുടെ സ്വാഭാവികത മറന്ന് കൂറ്റൻ അണക്കെട്ടുകളെക്കുറിച്ച് ആലോചിക്കുന്നു. ഒടുവിൽ വറ്റിവരണ്ട ഭൂമിയുടെ മാറിലൂടെ ആയിരമടിയുള്ള കുഴൽക്കിണറുകളുടെ ആണിയടിച്ചിറക്കുന്നു. ശരിയാണ്. ഇരട്ടിപ്പിക്കലുകളുടെ ലോകത്ത്, ബാങ്കുകളുടെ ലോകത്ത് ഇതുതന്നെയാണ് വികസന സംസ്കാരം. പക്ഷേ ഈ വികസനത്തിന്റെ ആസുരവേഗത്തിൽ ഉൾച്ചേരാനാകാതെ പകച്ചുമാറി നില്ക്കുകയാണ് നമ്മുടെ ഗിരിവർഗ്ഗസഹോദരങ്ങൾ.

അവന് പ്രകൃതി അമ്മയാണ്. അമ്മ കൊടുക്കുന്നതു കൊണ്ട് സുഭിക്ഷമായി കഴിയാനവൻ ശീലിക്കുന്നു. ബാങ്കുകളും ലോക്കറുകളുമില്ലാത്ത ലോകം. ചിലപ്പോൾ പണിയുണ്ടാവില്ല. പട്ടിണിയാകും. പക്ഷേ അവർക്കപ്പോഴും പരിഭവങ്ങളില്ല. ഉണ്ടെങ്കിൽ ഉള്ളതുകൊണ്ട് ആഘോഷമായി കഴിയുക. ഇല്ലെങ്കിൽ പട്ടിണികിടക്കാനും മടിയില്ലാതിരിക്കുക. ഇത് നമ്മുടെ ലോക വീക്ഷണം കൊണ്ടു നോക്കുമ്പോൾ തെറ്റായ സാമൂഹിക ശാസ്ത്രമാകാം. പക്ഷേ പട്ടിണികിടക്കുമ്പോഴും അവരുടെ ജീവിതത്തിന് നാമനുഭവിക്കാത്ത സംതൃപ്തിയുണ്ടെന്ന് നാം മനസ്സിലാക്കുന്നു.

ഇത് വ്യത്യസ്തമായ രണ്ടു ലോകവീക്ഷണങ്ങളുടെ പ്രശ്നമാണ്. ആദിവാസികളുടെ കൃഷിരീതി പോലും പ്രകൃതിയെ അമിതമായി ചൂഷണം ചെയ്യുന്ന തരത്തിലുള്ളതല്ല. നമ്മൾ നീളൻ കലപ്പകളും ട്രാക്റ്ററുകളും ഉപയോഗിച്ച് മണ്ണിളക്കിമറിച്ച് കൃഷിചെയ്യുമ്പോൾ അവർ ചെറിയ കൊത്തുതൂമ്പകൾ കൊണ്ട് മണ്ണിന്റെ പുറംതോട് അല്പം മാത്രമിളക്കി കൃഷി ചെയ്യുന്നു. മലനിരകളിൽ കൂടുതൽ ആഴത്തിൽ മണ്ണിളക്കി കൃഷിചെയ്താൽ മലവെള്ളത്തോടൊപ്പം അത്രയും മണ്ണുംകൂടി ഒലിച്ചുപോകുമെന്ന ശാസ്ത്രജ്ഞാനം അവൻ സ്കൂളിൽ പോയി പഠിച്ചതല്ല. ജീവിതാനുഭവങ്ങളുടെയും ദർശനത്തിന്റെയും ഭാഗമായി സ്വന്തമാക്കിയതാണ്.

പരിഷ്കൃത സമൂഹത്തിന് ആൺകോയ്മയുടെ സ്വഭാവശൈലികളാണുള്ളത്. മത്സരം, ആധിപത്യം, ആക്രമണവാസന, വേഗം തുടങ്ങിയവയൊക്കെയാണ് അതിന്റെ ശീലങ്ങൾ. എന്നാൽ ആദിവാസി സമൂഹത്തിന് പ്രകൃതിയുടെ ഭാവം തന്നെയായ സ്ത്രൈണതയാണ് മുന്നിട്ടുനില്ക്കുന്നത്. സൗമ്യത, താളം, ക്ഷമ, കരുതൽ തുടങ്ങിയവയാണിവിടുത്തെ വാസനകൾ.

സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നൊറ്റപ്പെട്ടവർ, അകറ്റി നിർത്തപ്പെട്ടവർ, ചൂഷണം ചെയ്യപ്പെട്ടവർ, അപകർഷത അടിച്ചേല്പിക്കപ്പെട്ടവർ... ആ ദൈന്യതകളുടെ മുഖം ഞങ്ങളെ വേദനിപ്പിച്ചു. അവരുടെ നിഷ്കളങ്കതയും ചിരിയും മനസ്സിൽ വിശുദ്ധാനുഭവങ്ങളായി. ഏതാനും പകലുകൾ ഞങ്ങൾ അവരോടൊന്നിച്ച് ചെലവഴിച്ചു. അവരുടെ കുടിലുകളിൽ കയറിയിറങ്ങി. അവരോട് സംസാരിച്ചു. അവർ നല്കിയ കാട്ടുപഴങ്ങളും ശുദ്ധജലവും കഴിച്ചു. അവരുടെ ആത്മാവുകളെ തൊട്ടറിഞ്ഞു. അവരുടെ പാട്ടുകൾ കേട്ടു. രാത്രിയിൽ പുറത്ത് തീ കൂട്ടി അവരോടൊന്നിച്ച് നൃത്തം ചെയ്തു. അവിടെ മുഴങ്ങിയ പറയും ചെണ്ടയും മല്ലീശ്വരൻ മലമുടികളിലും പ്രതിധ്വനിച്ചിരിക്കണം.

ദിനരാത്രങ്ങൾ കഴിഞ്ഞുപോയതറിഞ്ഞില്ല. ഞായറാഴ്ച ഉച്ചയ്ക്ക് ഞങ്ങൾക്ക് മടങ്ങണമായിരുന്നു. പുറപ്പെടാനൊരുങ്ങുമ്പോൾ ആദിവാസിഗ്രാമഹൃദയം ഒന്നോടെ ജീപ്പിനടുത്തുവന്ന് സങ്കടത്തോടെ ഞങ്ങളെ യാത്രയാക്കി. നിഷ്കളങ്കമായ സ്വർഗ്ഗീയാനുഭവങ്ങളിൽ നിന്ന് നഗരത്തിന്റെ നരകാവരോഹണത്തിലേക്ക് യാത്ര ചെയ്യുന്ന ഒരു സംഘത്തിലേതെന്ന പോലെ ഒരു മൂകത ജീപ്പിൽ തളം കെട്ടി നിന്നു.

# P.N.V.M. Hospital

## Banerji Road, Ernakulam. Tel: 390 097

Fully equipped multispeciality hospital. First ever hospital in India to provide excellent medical care in Allopathic as well as in all major Alternative Systems of medicine (Ayurveda, Homoeopathy, Unani, Siddha, Acupuncture, Yoga etc) under one roof.

### Departments:

Medicine
Surgery
Gynaecology & Obstetrics
Cardiology
Paediatrics
Skin & V.D.
Psychiatry
Gastroenterology
Ophthalmology
E.N.T.
Dentistry
Orthopaedics
Sexual Medicine
Paediatric Surgery
Anaesthesiology
De-Addiction

**DEPARTMENTS OF AYURVEDA**
**HOMEOPATHY, UNANI**
**SIDDHA, ACUPUNTURE**
**YOGA, MEDICAL-HYPNOSIS**
**BIO ELECTRO - MAGNETIC THERAPY**

**Facilities:**

- 300M, A X -ray
- Full fledged clinical laboratory providing computerised blood testing
- Computerised lung Function Tests
- Computerised E.C.G.
- Treadmill
- 24 hours Holter monitoring
- Full fledged air conditioned operation theatre
- Well equipped and 24 hours functioning ICCU supported by well trained Nursing Staff and Cardiologist
- Premature Baby Incubator
- Short wave Diathenrny
- Mycrolytic therapy for pain relief
- Daily Out patient treatment from 9 A.M. - 6 P.M.
- 24 hour Casualty Service.

റിയാസ് എ. ജെ.
മൂന്നാം വർഷ സാമ്പത്തിക ശാസ്ത്രബിരുദം.

# മേഘങ്ങൾ കീഴടങ്ങുമോ?

*എന്റെയും നിന്റെയുമിടയിൽ കോട്ടകൊത്തളങ്ങൾ തീർത്തതാരാണ്? മൗനമോ അർത്ഥശൂന്യമായ വാചാലതയോ?*



നമ്മുടെ സൗഹൃദങ്ങൾ ഇന്നെവിടെയെത്തി നിൽക്കുന്നു? വരൾച്ചയുടെ വിണ്ടുണങ്ങിയ മരുഭൂമികളിലേക്ക്, സാന്ത്വനത്തിന്റെ ഒരിറ്റെങ്കിൽ ഒരിറ്റ് – അതു വീഴ്ത്താനുള്ള സന്മനസ്സ്, മനസ്സുകളും മനസ്സുകളും തമ്മിലുള്ള സംവേദനത്തിൽ ഇന്നു ബാക്കിയുണ്ടോ? സുഹൃത്ത് വീഴുമ്പോൾ ഒരു കൈത്താങ്ങാവാൻ, അവന്റെ നേട്ടങ്ങളിൽ കുറഞ്ഞപക്ഷം ഒരു 'പെപ്സി ആഹാ'യെങ്കിലും പറഞ്ഞു തീർക്കാൻ – നമ്മുടെ സൗഹൃദങ്ങൾക്ക് അതിനുപോലുള്ള ആത്മാർത്ഥത ഇന്നവകാശപ്പെടാനാവുമോ?

നമുക്കൊരു മുൻകാലമുണ്ടായിരുന്നു. മാരിപ്പെയ്ത്തുപോലൊരു സൗഹൃദക്കാലം. അന്ന് ഞാനും നീയുമല്ലായിരുന്നു – നമ്മൾ; കുറച്ചൊന്നു സ്വാർത്ഥമായാൽത്തന്നെയും – ഞങ്ങൾ. കഴിഞ്ഞുപോയ കാമ്പസ് വർഷങ്ങൾ, അതുമാത്രമായിരുന്നു നല്ല കാലം എന്നീ പ്രസ്താവത്തിനുദ്ദേശ്യമില്ല. അന്നുകൾ സ്വയം പൂർണ്ണങ്ങളെന്ന പൊള്ളവാദങ്ങളുമില്ല. എങ്കിൽത്തന്നെയും ഇന്നിന്റെ ദാരിദ്ര്യത്തിലേക്കൊന്നെത്തിനോക്കാതെ വയ്യ.

സമൂഹത്തിലെ വ്യതിയാനങ്ങൾ കാമ്പസിലും നിഴലിക്കാറുണ്ട്. അടിയന്തരാവസ്ഥയെത്തന്നെ ചൂടെന്നറിഞ്ഞിട്ടും രുചിച്ചുനോക്കാനും ചിലരുടെയെങ്കിലും നാവു പൊള്ളിക്കാനും കാമ്പസിനു കഴിഞ്ഞത് അങ്ങനെയാണല്ലോ. 'തല്ലല്ലേ കൊല്ലല്ലേ പൊന്നമ്മച്ചീ' എന്നു വിളിച്ചുകൂവാൻ മാത്രം തന്റേടം അന്നത്തെ കാമ്പസിനുണ്ടായിരുന്നു. ഒരു കാലത്ത് നക്സലിസത്തിലേക്ക് ഒരു സുകപ്രസവം നടത്തിയതിൽ കാമ്പസിനുള്ള പങ്കും വിസ്മരിച്ചുകൂടാ.

സാമൂഹികവ്യതിയാനങ്ങളുടെ കണ്ണാടിക്കാഴ്ചകൾ തന്നെയാണ് ഇന്നും കാമ്പസിൽ എന്നതിനും മാറ്റമൊന്നുമില്ല. മാറിയത് സാമൂഹികസങ്കല്പങ്ങളും ദർശനങ്ങളുമാണ്. വേഗതയുടെ കണക്കുകളാണെങ്ങും. ചുരുങ്ങിയൊരു സമയത്തിനപ്പുറം ആരെയും 'സഹിക്കുവാൻ' ഒരാളും തയ്യാറല്ല. മറ്റെന്തൊക്കെയോ തീർക്കാനുണ്ട്. ഒഴിവാക്കാവുന്നത് 'അനാവശ്യമായ' ചില സെന്റിമെന്റ്സ്. ഇവിടെ കാലം പുറന്തള്ളിയത് പവിത്രമെന്നു പഴമ കരുതിയ ചില സങ്കല്പങ്ങളാണ്.

മാർക്ക്ലിസ്റ്റുകളിൽ അക്കാഡമിക് നിലവാരം ഉയർന്നതോടെ പ്രതിഭയുടെ വസ്ത്രത്തിലക്കമേറ്റവൻ യൂസ്‌ലെസായി മാറുന്ന പ്രവണത. അല്ലെങ്കിൽ അതവന് ഗ്രേസ്മാർക്ക് പോംവഴി മാത്രം.

എന്റെയും നിന്റെയുമിടയിൽ കോട്ടകൊത്തളങ്ങൾ തീർത്തതാരാണ്? മൗനമോ അർത്ഥശൂന്യമായ വാചാലതയോ? വാചാലതയാവാതെ തരമില്ല. സൗഹൃദങ്ങൾ ആഴങ്ങൾ വെടിഞ്ഞ് ഏറെപ്പരക്കാൻ തുടങ്ങിയിട്ട് കുറച്ചുകാലമായി. ലോകമെമ്പാടും സുഹൃത്തുക്കൾ. പക്ഷേ, ഒരു 'ഹായ്ബായ് ഫ്രണ്ട്ഷി'പ്പിനപ്പുറം ഇവയ്ക്കുവെറും പൊലിമ മാത്രമല്ലേയുള്ളൂ.

ചങ്ങാത്തം കാമ്പു നശിച്ചൊടുങ്ങിത്തീരുന്ന ഈ പശ്ചാത്തലത്തിൽ ആൺപെൺ സൗഹൃദങ്ങൾ

എങ്ങനെ മുന്നേറുന്നു? ആശയുടെ നെയ്ത്തിരിക്ക് ഇവിടെയും തിളക്കം കുറവ്. ഫെമിനസവും പെൺകോയ്മയുമൊക്കെ കത്തിപ്പടർന്നാലും സങ്കോചമില്ലാതെ കൂട്ടുകാരനെ കാണുന്ന പെൺമിഴികൾ വിരളം. വളരെ അർത്ഥവത്തും ഫലപ്രദവുമാണിത്തരം സൗഹൃദങ്ങളെന്നു തിരിച്ചറിയാൻ പലരും മടിക്കുന്നു. നോവുകളും നൊമ്പരങ്ങളും ഒരു ഈഗോ ക്ലാഷുമില്ലാതെ കൂട്ടുകാരനോട് (കൂട്ടുകാരിയോട്) പറയാം. സാന്ത്വനിപ്പിക്കാൻ വാക്പ്രവാഹമൊന്നുമുണ്ടാവില്ലായിരിക്കാം. എങ്കിലും നിന്റെ ദുഃഖത്തിൽ എനിക്കുമിത്തിരി നോവുണ്ടെന്ന ഒരു നോട്ടം - അതിനേറെ വിലയുണ്ട്. ഇരുളിലും വെളിച്ചമുണ്ടെന്ന തിരിച്ചറിവാകുന്നു സൗഹൃദം.

സൗഹൃദങ്ങളിൽ ആൺപെൺ തരം തിരിവുകൾ കാണാത്ത ആദിവാസികളെക്കുറിച്ചു കേട്ടിട്ടുണ്ട്. പരസ്പരം കൈ കോർത്തും പൊട്ടിച്ചിരിച്ചും കൗമാരക്കാർവരെ ഇടപഴകുന്നതിന് പഴമയുടെ കണ്ണുകളിൽപോലും വിലക്കില്ല. പരസ്പരം ഒളിവുകാലങ്ങളില്ലാത്തിടത്തോളവും അവരുടെ ജീവിതം തടസ്സമില്ലാതെ മുന്നേറുകയും ചെയ്യുന്നു.

സൗഹൃദങ്ങൾ യുവസികളിന്നന്യമാവുകയാണോ? ഇവിടെയും പക്ഷേ ചങ്ങാത്തങ്ങളെ നെഞ്ചടക്കം പുണരുന്നവരെ ഞാൻ കണ്ടെത്താറുണ്ട്. ഞാനെന്റെ സമാനഹൃദയനെക്കണ്ടെത്തുമ്പോൾ അവൻ അവന്റെ സൗഹൃദങ്ങളെക്കൂടി എനിക്കു സമ്മാനിക്കുന്നു. ഞാൻ എന്റെ ലോകം അവനും.

സൗഹൃദങ്ങളുടെ പിന്തുണ നഷ്ടപ്പെടുമ്പോഴല്ലേ നമ്മുടെ പ്രതികരണശേഷിയും നശിച്ചൊടുങ്ങുന്നത്? പരസ്പരമുണ്ടാകേണ്ട ഈ we-feeling അഥവാ ഒരു social cohesion നഷ്ടമാവുമ്പോഴാണ് നാം നമ്മിലേക്കൊതുങ്ങുന്നത്.

ഇന്നിനി സൗഹൃദങ്ങളുടെ പെരുമഴയെന്നും പ്രതീക്ഷിക്കേണ്ടതില്ല. ഇനിയും കാത്തുനിന്നാൽ കാലത്തിന്റെ ഒഴുക്കിൽനിന്നും ഈ പാതയോരത്തു ഞാൻ ഒറ്റപ്പെട്ടുപോയേക്കാം. എങ്കിലുമെന്റെ പ്രിയപ്പെട്ട കൂട്ടുകാരാ,

'നമ്മൾ ചേർത്ത കൈകൾ
നമ്മൾ അഴിയാതെ പിടിക്കുകതന്നെ വേണം-
നമ്മളുൾച്ചേർത്ത ഹൃദയതാളങ്ങൾ ഊർന്നുപോകാതെ
തന്നെ നമുക്കു പാർത്തിരിക്കാം.
ഒരുൾച്ചൂടിന്റെ കനിവുറവുമായി നമുക്ക്,
ഈ ഇരുളിൽ ഉരുൾ പൊട്ടാൻ തുടങ്ങുന്ന മൺതട്ടിൽ,
ഇറുകെപ്പിടിച്ചിരിക്കാം.
തരിവെട്ടം കണ്ടാൽ ഉടൻ നങ്കൂരമായി മിഴിയാഴ്ത്തി
ഉച്ചം വിളിക്കുവാൻ.
കാരണം - ഇനി നാം തനിച്ചാണല്ലോ.'

*('മേഘങ്ങളെ കീഴടക്കുവിൻ' - വി. മധുസൂദനൻ നായർ')*


**വിവാഹം, വിനോദം, തീർത്ഥാടന യാത്രയ്ക്ക് ലക്ഷ്വറി കോച്ച് - 49 സീറ്റുകൾ**
**ലക്ഷ്വറി മിനി ബസ് - 32, 28, 17 സീറ്റുകൾ**

**സോണാ ട്രാവത്സ്**

**സാന്റോ കോംപ്ലക്സ്, ആലുവ**
**ഫോൺ: 623984**

**ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേക്ക് ദിവസേന ലക്ഷ്വറി ബസ്സുകൾ പുറപ്പെടുന്നു**

PAN AMERICA - dH - CAMBRIDGE - OXEMBERG-GP COLLECTION - PAN AMERICA - dH - CAMBRIDGE
AIRMAIL - REPUBLIC
RUF & TUF - LIVE IN - TRIGGER

Classic
MEN'S WEAR

Aluva Road, Angamaly, **Ph: 454614**

PREMIER-PASSION-STURDY-KILLER - LIVE IN - HOLYWOOD - PREMIER - PASSION - STURDY - KILLER

# പവർകട്ട്



പവർകട്ട്, ഞാൻ നിന്നെ പ്രകീർത്തിയ്ക്കട്ടെ;
സങ്കീർണ്ണജീവിതയാത്രതൻ
തിരക്കിലൊരിത്തിരി ആശ്വാസമായ്,
ഒരു അരമണിക്കൂർ ഞങ്ങൾക്ക് ദാനമേകുന്നു നീ.
ദൂരദർശൻ മുന്നിൽ കണ്ണിമയ്ക്കാതിരിയ്ക്കുന്നതിൽ നിന്ന്
ഒരു അരമണിക്കൂർ മുക്തിയും നൽകുന്നു നീ.
വീട്ടുകാരുമൊത്ത് അൽപ്പം വെടിവട്ടത്തിനും
ഞങ്ങൾക്ക് അവസരമൊരുക്കുന്നു നീ.
മുറിയിലെ ഇരുട്ടിന്റെ തണുപ്പിൽ
തുറന്നിട്ട ജാലകത്തിന്നരുകിൽ എന്റെ കട്ടിലിൽ കിടന്ന്,
മുറ്റത്തനങ്ങാതെ, മങ്ങിയവെട്ടത്തിൽ നിൽക്കും
തെങ്ങും പേരയും പുളിമരവും നോക്കാൻ അനുവദിക്കുന്നു നീ.
അനങ്ങും വാഴയിലയെ കള്ളനായ് തോന്നിച്ച്
ചിലപ്പോഴെന്നെ ഭയപ്പെടുത്തുന്നു നീ.
നീ നൽകുന്ന ഇരുട്ടിൽ ഞാൻ സ്വസ്ഥമായ് കിടക്കുന്നു.
വിഡ്ഢിപ്പെട്ടിതൻ മായകൾക്കും പഠനഭാരത്തിനും
മനസ്സിൻ വേദനകൾക്കും അരമണിക്കൂർ വിട.
അലസമായ്, സ്വസ്ഥമായ്, ചീവിടിൻ രാരീരം കാതോർത്ത്
ഞാനെൻ കട്ടിലിൽ വൃഥാ കിടക്കുന്നു.
നേരമില്ലാനേരത്ത് അരമണിക്കൂർ ദാനമേകുന്നു നീ.
ജീവിത ചക്രത്തിന്നൊടുങ്ങാപ്രയാണത്തിൽ,
അൽപ്പസാന്ത്വനമാകുന്നു നീ.
പക്ഷേ, അരമണിക്കൂർ പല മണിക്കൂറാക്കി
പലപ്പോഴും ഞങ്ങളെ കബളിപ്പിക്കാറുണ്ട് നീ.
പവർകട്ട്, അരമണിക്കൂർ തന്നെയാണ് നിനക്കിണങ്ങുന്നത്.
അരമണിക്കൂർ തന്നെയാണ് ഞങ്ങൾക്കും ഇണങ്ങുന്നത്.

**മീര ആന്റണി**
രണ്ടാംവർഷ ജന്തുശാസ്ത്രബിരുദം



നീണ്ട ഉറക്കത്തിന് ശേഷം കണ്ണുതിരുമ്മി എഴുന്നേറ്റപ്പോൾ മുന്നിൽ കണ്ടത് മാതൃഭൂമിയുടെ കലണ്ടറാണ്. ദിവസം വ്യാഴം ആണെന്ന് മാത്രം അറിയാമായിരുന്നു. പക്ഷേ, വ്യാഴാഴ്ചയുടെ നേരേ ചുവന്ന മഷികൊണ്ട് അടയാളപ്പെടുത്തിയിരിക്കുന്നു.

എന്തായിരിക്കും കാര്യം?

അപ്പോഴാണ് എനിക്ക് ഒരു കാര്യം ഓർമ്മവന്നത്. കഴിഞ്ഞ ഞായറാഴ്ച ഏഷ്യാനെറ്റിലെ 'അനന്തം അജ്ഞാതം' പരിപാടിയിലൂടെ ഒരു മഹാനായ ജോത്സ്യൻ വാരഫലപ്രകാരം എനിക്ക് സാമ്പത്തിക പുരോഗതിക്ക് പാതതെളിയുന്ന ദിവസമായി പറഞ്ഞിരിക്കുന്നത് ഈ വ്യാഴാഴ്ചയാണ്.

ഉൻമേഷത്തോടെ കുളിക്കുവാനായി കുളിമുറിയിലേക്ക് കാലെടുത്തുവച്ചതും ഫോൺ ശബ്ദിച്ചതും ഒരുമിച്ചായിരുന്നു. ഉടനെ എനിക്ക് എന്റെ സാമ്പത്തിക സ്ഥിതിയാണ് ഓർമ്മവന്നത്. ജോത്സ്യന്റെ പ്രവചനം എന്റെ മനസ്സിൽ തിളങ്ങി. കെയർലെസ്സ് ആയിരുന്നാൽ തല ഹെയർലെസ്സ് ആകും എന്ന പരസ്യം വിശ്വസിച്ച് ഞാൻ വാങ്ങിയ കൃതിക ഹെയർ ഓയ്ലിന്റെ കുപ്പി ദൂരെയെറിഞ്ഞ് ഫോൺ എടുക്കാനായി പാഞ്ഞു.

റിസീവർ ചെവിയോടടുപ്പിച്ചപ്പോൾ കേട്ടത് ജിനുവിന്റെ പരിചിതമായ ശബ്ദമായിരുന്നു.

'ഹലോ'

ഈ കാലമാടന്റെ ഫോണെടുക്കാനാണോ ഞാൻ ഇത്രയും പാടുപെട്ടതെന്നോർക്കുമ്പോൾ എനിക്ക് ഒന്നും ശബ്ദിക്കാൻ കഴിഞ്ഞില്ല.

എന്റെ ശബ്ദം കേൾക്കാഞ്ഞിട്ട് അവൻ അങ്ങേത്തലക്കൽ നിന്ന് അലറിവിളിക്കുകയായിരുന്നു. സഹികെട്ട് ഞാൻ ഉത്തരം പറഞ്ഞു. 'എന്താടാ രാവിലെ തന്നെ ഇങ്ങനെ അലറി വിളിക്കുന്നത്? അല്പം സമാധാനമായി പറഞ്ഞാൽ മതി. എന്റെ ചെവിക്ക് കുഴപ്പമൊന്നുമില്ലെന്ന് നിനക്ക് അറിഞ്ഞുകൂടെ?"

"പിന്നെ നിന്റെ വായിലെന്താ പഴമാണോ തിരുകിവച്ചിരിക്കുന്നത്?" അവനും തിരിച്ചടിച്ചു.

"നീ ചൂടാകാതെ കാര്യം പറയ്."

"അ... അതേ ..... നിനക്കൊരു കോളുണ്ട്. സമയം കളയാതെ വേഗം വാ", ഇത്രയും പറഞ്ഞ് അവൻ ഫോൺ താഴെവച്ചു. ഒരിക്കലും അരമണിക്കൂറെങ്കിലും കത്തിവയ്ക്കാതെ അവൻ ഫോൺ കട്ട് ചെയ്യാറില്ലായിരുന്നു.

എന്നെ വിളിച്ചത് എന്തോ ദുരുദ്ദേശത്തോടെ ആയിരിക്കുമെന്ന് എനിക്ക് തോന്നി. പക്ഷേ, അപ്പോഴും ജോത്സ്യന്റെ വാക്കുകൾ എന്റെ മനസ്സിൽ തിളങ്ങുകയായിരുന്നു.

അവൻ എനിക്കുവേണ്ടി എന്താണാവോ ഒപ്പിച്ചിരിക്കുന്നത്?

എന്റെ മനസ്സിൽ വലിയ ഒരു സംശയം. എന്തായാലും പോവുകതന്നെ. നഷ്ടമൊന്നും വരാനില്ലല്ലോ.

ഞാൻ വേഗം കുളിച്ചൊരുങ്ങി. ജീൻസും ഷർട്ടും ബാറ്റയുടെ 499.95 രൂപയുടെ ഷൂസും ഇട്ട് കണ്ണാടിയുടെ മുന്നിൽ വന്നു നിന്നു നോക്കി.

"ഉം... മോശമില്ല." എനിക്ക് പറയേണ്ടിവന്നു.

ഇറങ്ങി ഗേറ്റിനടുത്തെത്തിയപ്പോഴാണ് അവൻ എവിടെ എത്തണം എന്നകാര്യം പറഞ്ഞില്ലല്ലോ എന്ന് ഓർത്തത്. ഞാൻ ആകെ ചിന്താക്കുഴപ്പത്തിലായി. എന്തായാലും ആദ്യം അവന്റെ വീട്ടിലേക്ക് പോകാം.

ബസ്സ്റ്റോപ്പിലെത്തിയപ്പോൾ ഒരു പള്ളിപ്പെരുന്നാളിന്റെ ആൾക്കൂട്ടമുണ്ടായിരുന്നു. നിന്ന് നിന്ന് വേരിറങ്ങാറായപ്പോൾ ആ കുഗ്രാമത്തിലേക്കുള്ള ബസ് വരുന്നതുകണ്ടു. ബസിനുള്ളിലും നല്ല തിരക്ക്. ആദ്യം കയറാൻ വേണ്ടി, ബസ് വേഗതകുറച്ചപ്പോൾ ഞാൻ ബസിന്റെ പ്രവേഗത്തിനൊപ്പം ഓടിത്തുടങ്ങി. ഫുട് ബോർഡിൽ നിന്ന കിളി ഡോർ തുറന്നതും

അത് എന്റെ പുറത്ത് വന്നിടിച്ചതും ഞാൻ മൂക്കും കുത്തി റോഡിൽ വീണതും ഒരുമിച്ചു കഴിഞ്ഞു.

പൊടിയും തട്ടി മൂക്കും തടവി എഴുന്നേറ്റ ഞാൻ കിളിയുടെ കരണക്കുറ്റിക്ക് രണ്ട് പൊട്ടിക്കാമെന്ന് കരുതി അയാളുടെ മുഖത്തേക്ക് നോക്കി. ആജാന ബാഹു ആയ കിളിയെ കണ്ടപ്പോൾ ഞാൻ തീരുമാനം മാറ്റി. ആളുകൾക്കിടയിലൂടെ ബസിനുള്ളിൽ കയറിപ്പറ്റി.

കുറച്ചുകഴിഞ്ഞപ്പോൾ കണ്ടക്ടർ അടുത്തുവന്നു. ഞാൻ പോക്കറ്റിൽ തപ്പി. അതിലുണ്ടായിരുന്നത് നൂറ് രൂപയുടെ ഒരു നോട്ട്.

"മൂന്നേ തൊണ്ണൂറ്," നൂറ് രൂപാകൊടുത്ത് ഞാൻ പറഞ്ഞു.

"ചില്ലറയില്ലേ ചേട്ടാ കൈയ്യിൽ"?

"ഇല്ല" ഞാൻ പറഞ്ഞു.

"രാവിലെ തന്നെ ഓരോ കെട്ടു നോട്ടുമായി വന്നോളും. ഞാനെവിടുന്നാ എല്ലാവർക്കും ചില്ലറയുണ്ടാക്കുന്നത്?"

കേട്ടിട്ട് എനിക്കങ്ങോട്ട് ചൊറിഞ്ഞുകയറി. പക്ഷേ, നല്ല ദിവസം മുന്നിൽ കണ്ടുകൊണ്ട് ഞാൻ സഹിച്ചു.

"പ്രിയപ്പെട്ട സുഹൃത്തേ,

10ന് മുമ്പായി റെയിൽവേ സ്റ്റേഷനിലേക്ക് വരിക.

എന്ന് സ്വന്തം ജിനു."

ഞാൻ വാച്ചിലേക്ക് നോക്കി. സമയം 9.30. ഉടനെ പോയില്ലെങ്കിൽ എത്തില്ല. ബസിൽ പോയാലും കുറഞ്ഞത് ഒരുമണിക്കൂറെങ്കിലും എടുക്കും. നേരേ ഓട്ടോ സ്റ്റാൻഡിലേക്ക് പോയി. നോക്കിയപ്പോൾ ഒരു ഓട്ടോ പോലും കണ്ടില്ല. ആലോചിച്ചു നിൽക്കാൻ സമയവുമില്ല. ആ വഴി വന്ന ഒരു ടാക്സി കാറിൽ കയറി. "റെയിൽവേ സ്റ്റേഷൻ," ഞാൻ പറഞ്ഞു.

റെയിൽവേ സ്റ്റേഷനിലെത്തിയപ്പോൾ സമയം 10.05. കാറിൽ നിന്നിറങ്ങിയപ്പോൾ ഡ്രൈവർ പറഞ്ഞു. "75 രൂപ." എന്റെ കണ്ണ് തള്ളിപ്പോയി. എങ്കിലും ജോത്സ്യന്റെ വാക്കുകൾ എന്റെ മനസ്സിനുള്ളിൽ തത്തിക്കളിക്കുകയായിരുന്നു. രൂപാ കൊടുത്ത് ഞാൻ റെയിൽവേ സ്റ്റേഷനിലേക്ക് ചെന്നു. അവിടെ ചെന്നപ്പോൾ മറ്റൊരു സുഹൃത്തിനെ കണ്ടു.

"ജിനു ഇത്രയും നേരം നിന്നെക്കാത്ത് ഇവിടെ ഉണ്ടായിരുന്നു. നീവന്നാൽ ഒരു എഴുത്ത് തരാൻ പറഞ്ഞിരുന്നു," അവൻ പറഞ്ഞു.

# അനന്തം അജ്ഞാതം

**ശ്രീനാഥ് ജി.** മൂന്നാം വർഷ രസതന്ത്രബിരുദം

ദേഷ്യം കടിച്ചമർത്തി ഞാൻ ഇരുന്നു. ചടപടാന്നിളകുന്ന സീറ്റിലിരുന്ന് ഞാൻ വരാൻ പോകുന്ന സൗഭാഗ്യം സ്വപ്നം കണ്ടു.

സമയം പോയതറിഞ്ഞില്ല.

പെട്ടെന്ന് സ്ഥലമെത്തിയതു പോലെ തോന്നി. ഞാൻ കണ്ടക്ടറോട് ബാക്കി ചോദിച്ചു.

"അങ്ങോട്ടിറങ്ങിനിൽക്കൂ, തരാം!"

ഞാൻ നിശ്ശബ്ദനായി പുറത്തേക്കിറങ്ങി. കുറെ കീറിയ നോട്ടുകളും ചില്ലറത്തുട്ടുകളും കൈയ്യിലേക്ക് എറിഞ്ഞു തന്നു. തുട്ടുകളെല്ലാം താഴെ ഗട്ടറിലുള്ള ചെളിയിൽ വീണു. ബസ്സു വിടുകയും ചെയ്തു. എണ്ണി നോക്കിയപ്പോൾ രണ്ടുരൂപാ നാൽപതു പൈസ കാണുന്നില്ല. ചെളിയിൽ തപ്പണമെന്നുണ്ടായിരുന്നു. പക്ഷേ, ഡ്രസ്സ് അഴുക്കാകുമെന്നുള്ള പേടികൊണ്ട് അതു ചെയ്തില്ല.

കൈയിലേക്ക് വരാനുള്ളതോർത്ത് ഞാൻ പോയത് ഉപേക്ഷിച്ചു. കുറച്ചു നടന്നപ്പോൾ ഞാൻ ജിനുവിന്റെ വീട്ടിലെത്തി. പക്ഷേ വീടടച്ചിട്ടിരിക്കുന്നു. ബെല്ലടിച്ചപ്പോൾ ജിനുവിന്റെ അമ്മ വാതിൽ തുറന്നു.

"ജിനുവുണ്ടോ?" ഞാൻ ചോദിച്ചു.

ഇല്ല കുറച്ചുനേരമായി പുറത്തേക്കിറങ്ങിയിട്ട്. തനിക്കൊരു കത്തെഴുതിത്തന്നിട്ടാണ് പോയത്". ഇതും പറഞ്ഞ് അവന്റെ അമ്മ അകത്തേക്ക് പോയി. ഒരു എഴുത്തുമായി തിരിച്ചുവന്നു.

ഞാൻ കത്ത് വാങ്ങിനോക്കി.

"പ്രിയ സുഹൃത്തേ,

ബുദ്ധിമുട്ടിച്ചതിൽ ക്ഷമിക്കണം. ഞാൻ നിന്റെ വീട്ടിലേക്ക് പോവുകയാണ്. അവിടെ വച്ച് കാണാം. വേഗം എത്തണം. അല്ലെങ്കിൽ ഞാൻ പോകും.

സ്വന്തം ജിനു."

ഉടനെ വീട്ടിലേക്ക് തിരിച്ചു. ഓട്ടോയിലായിരുന്നു യാത്ര. അവിടെയെത്തിയപ്പോൾ ഓട്ടോക്കാരനും കൊടുത്തു 18 രൂപ.

കൈയിലെ പൈസയെല്ലാം തീർന്നു. ആകെ ക്ഷീണിച്ച് നിരാശനായി വീട്ടിലേക്ക് കയറിയപ്പോൾ വാതിലിൽ എഴുതി ഒട്ടിച്ചിരിക്കുന്നു.

APRIL FOOL.

എല്ലാ കഷ്ടനഷ്ടങ്ങളും മനസ്സിൽ കിടന്ന് തിളച്ചുമറിഞ്ഞു. ദേഷ്യത്തോടെ അകത്തു കടന്ന് സോഫയിൽ പോയി ഇരുന്നു. അപ്പോഴാണ് ഞായറാഴ്ചയിലെ മാതൃഭൂമി വാരാന്തപ്പതിപ്പ് എന്റെ ശ്രദ്ധയിൽപ്പെട്ടത്. അതിനുള്ളിൽ എന്റെ വാരഫലത്തിൽ എഴുതിയിരിക്കുന്നു: 1,2,3 തിയ്യതികൾ ശോഭനമല്ല. ധനനഷ്ടം, മാനഹാനി എന്നിവ സംഭവിക്കാം... ജോത്സ്യൻമാരെയെല്ലാം മനസാ ശപിച്ചുകൊണ്ട് ഞാൻ കലണ്ടറിലേക്ക് നോക്കി.

എപ്രിൽ ഒന്ന് എന്നെ നോക്കി ആർത്തുചിരിക്കുന്നുണ്ടായിരുന്നു.

# CRIME AND POLITICS

**P.M. Rejimon,**
Research Scholar, Dept. of Economics.

In the game of politics, for politics as practised in the country is a game, criminality has been present all the while, covert and behind the scenes, going unexposed many a time, nevertheless corrupting public life and the polity. Political morality and rectitude had not received severe jolts and there had been some ethics left in politics. The phenomenon had not reached such proportions as of today and the people, set against heavy odds in fighting the trends, took it for granted as a way of life. With the passage of time, the criminal trends have been getting stronger and stronger, reaching such sensational levels as to cause ripples in the polity, with the wielding of more and more power by politicians, widening the chasm between ethics and politics, leading to patently corrupt practices.

Power depends upon the politician's success in the elections, with sometimes incredible amounts of money spent on campaigns which involve extensive canvassing including often systematic bribing. The money comes from large contributions, both free and forced, by industrialists and business houses. Black money operators, smugglers, boot-legging profiteers, hoarders, mafia dons, estate racketeers and the like also provide the wherewithal and a nexus has been established between criminals and politicians. Because of the patronage extended by politicians in power to criminals, crime thrived. Recently, instances have come to notice in UP of a former ruling politician having extensivèly rewarded with large cash grants persons and groups who had earlier supported him or his party, from discretionary funds. The police and the bureaucracy on the one hand and the politicians on the other are the key players. It has been said that in a certain state everyone from the level of the chief secretary down to the collector of the district would toe the line of the politicians. This vicious link promotes the growth of the nexus between politicians and criminals. The Former chief Election commissioner, T.N. Seshan has referred to this ignominious relationship as a mix of three M's: "Minister power, Muscle power and Money power."

The Vohra Committee Report which was tabled in the parliament states: "there has been a rapid growth and spread of criminal gangs, drug peddlers and economics lobbies in the country which have over the years developed an extensive

*"Many political leaders become the leaders of criminal gangs/ armed senas and, over the years, get themselves elected to local bodies, state Assemblies and the National Parliament. In a state legislature about 45% of the members are those with history sheets on police records"* - **Vohra Commission Report.**

network of contacts with bureaucrats/govt-functionaries at the local levels, politicians, media persons and local strategically located individuals in the non-state sector. Some of the syndicates have international linkages, including foreign intelligence agencies. These gangs enjoy the patronage of local level politicians cutting across party lines and the protection of govt functionaries. Some political leaders become the leaders of these gangs / armed senas and, over the years, get themselves elected to local bodies, state Assemblies and the National Parliament." It has been stated that in a state legislature about 45% of the members were those with history sheets on police records.

The Report goes on to say. "Money power is used to develop a network of muscle power which is also used by the politicians during elections". Not long ago we used to witness during elections widespread rigging, booth capturing, kidnapping and even murder. It was only on 24th July, 1995 that in a North Eastern State in poll violence two candidates were shot.

In respect of the prolification of the activities of the criminals the Vohra Committee Report states. "Certain elements of the Mafia have shifted to narcotics, drugs and weapon smuggling and established narco-terrorism networks, especially in Jammu and Kashmir, Punjab, Gujarat and Maharashtra. The cost of contesting elections has thrown the politicians into the lap of these elements and led to a grave compromise by the officials of the preventive and detective systems."

Muscle power in the conduct of elections is not a new feature. Strong arm methods have been adopted by political leaders to keep their flocks together or poach in rival camps. Defections, the bane of public life, are yet another facet though a minor form of criminality in politics. Members elected on the tickets of one party would just cross over to another like "Aya Rams" becoming "Gaya Rams" in violation of party policies and principles to which they had earlier sworn allegiance to earn the party tickets, in order to cause a fall of that very party in power. Such crossings - over have been engineered on many occasions by intimidation, the use of force and bribing.

It is even said that the criminal judicial system too was not immune to the influence of the criminal elements. The administration of criminal justice has been adversely affected. Major culprits accused of serious offences such as murder, homicide, grievous hurt, intimidation and kidnapping escape criminal action against them because of interference by political bosses. Effective investigation takes a back seat. It is tragedy that the police and investigating officers who are at the Mercy of politicians for their survival are prevented from applying correctives or making use of acquired information/intelligence to curb the perpetration of crime in its multifarious forms and effectively prosecuting and bribing to justice criminals, many of whom are acquitted for failure of the prosecution to prove the case beyond reasonable doubt.

To sum up, the govt. should set up suitable machinery to eradicate the compulsive influence and pressure political bosses wield over the civil services. "The classical doctrine of neutrality and objective and lawful functioning based on a clear cut demarcation of governance between politics and administration" and "public confidence in the administration against political influence" should be restored.

ഒരിക്കലും തിരിച്ചു വരില്ല എന്നു കരുതിയാണ് ഞങ്ങൾ ഈ കോളേജിനോട് വിട പറഞ്ഞത്.

കൗമാരപ്രായത്തിൽ ചിത്രശലഭങ്ങളെപോലെ പറന്നു നടന്നു-പ്രണയത്തിന്റെ താമരനൂലിൽ, മഹാഗണി മരങ്ങളുടെ ചുവട്ടിൽ. ക്ലാസ് കട്ട് ചെയ്ത് പ്രിൻസിപ്പാളിന്റെ വരവ് നോക്കി പാത്തും പതുങ്ങിയും സിനിമയ്ക്കു പോയി. കുളിർകാറ്റ് പോലെ അന്നു പാറി നടന്നപ്പോൾ ഞങ്ങൾക്ക് ലോകത്തിലെ യാതനകളും ദാരിദ്ര്യവും യുദ്ധവുമെല്ലാം ഒരു കുട്ടിക്കളി മാത്രമായിരുന്നു.

ഇന്നു ഞങ്ങളുടെ മനസ്സാകെ മരവിച്ചുപോയിരിക്കുകയാണ്. ജീവിച്ചിരുന്നപ്പോൾ ഞങ്ങളാണ് ലോകത്തിലെ ഏറ്റവും ദുഃഖിതരെന്ന് തോന്നിയിരുന്നു. പക്ഷേ, ഇന്നാ ധാരണകളെല്ലാം തുത്തെറിയപ്പെട്ടിരിക്കുന്നു. ഞങ്ങൾ മരിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു.

ഞങ്ങൾ എങ്ങനെ കഴിഞ്ഞവരാണ്. ഇപ്പോൾ അവളുടെ അവസ്ഥ കണ്ട് എന്റെ മനസ്സ് വിതുമ്പുന്നു.

ഈ നശ്വരമായ ലോകത്തു നിന്ന് അനശ്വരമായ ഞങ്ങളുടെ ലോകത്തിലേക്ക് അവൾ ഇതുവരെയും വന്നില്ലല്ലോ. സ്നേഹവും സന്തോഷവും മാത്രമുള്ള വിശാലമായ ഞങ്ങളുടെ ലോകം.

ഞാൻ മരണക്കിടക്കയിൽ കിടക്കുമ്പോഴാണ് അവളെ അവസാനമായി കണ്ടത്.

ഞാൻ അവളുടെ അടുത്തേക്ക് ഓടിച്ചെന്നു അവളെ വാരിപുണരാൻ. പക്ഷേ...

എനിക്ക് അവളെ തൊടുവാൻപോലും കഴിയുന്നില്ല.

ദുഃഖങ്ങളുടെ കടലിൽ നിന്നു സന്തോഷത്തിന്റെ തീരത്തിലേക്ക് അവൾ വരാത്തതെന്ത്?

ആഴിയുടെ ചുഴികളിൽ പെട്ട് അവൾ മുങ്ങിത്താഴുന്നു. അവൾ തീരമണയുന്നതും കാത്ത് ഞാൻ

# പരേതരുടെ തിരിച്ചുവരവ്

ഞങ്ങൾ ഈ ലോകത്തിലേക്ക്, ഈ ക്യാംപസിലേക്ക് തിരിച്ചു വരുകയാണ്. പുതുമയുടെ ക്ലോണിങ്ങ് യുഗത്തിലേക്ക്. അതെ, പരേതരുടെ തിരിച്ചു വരവ്.

വട്ടമിട്ടു പറക്കുന്ന പൂവാലൻമാരുടെ ഇടയിലൂടെ, നിറങ്ങളുടെ ആഘോഷങ്ങളുടെ ഇടയിലേക്ക് ഞങ്ങൾ കടന്നു വന്നിരിക്കുന്നു. വീണ്ടും ആ മഹാഗണിമരങ്ങളുടെ തണൽ വീണു കിടക്കുന്ന ആ പാവനമണ്ണിലൂടെ ആരെയൊക്കെയോ അന്വേഷിച്ചു കൊണ്ട് ഞങ്ങൾ രണ്ടു പേരും നടക്കുകയായിരുന്നു.

ഞങ്ങൾക്ക് ഇപ്പോൾ എവിടെയും കടന്നുചെല്ലാം ആരും അറിയാതെ. വി.എം.എച്ച്.ന്റെ മുന്നിൽ പുകച്ചുരുളുകളുടെ അകമ്പടിയോടെ, അതിലെ കടന്നു പോകുന്ന ഒരു ഈച്ചയെപ്പോലും വിടാതെ കമന്റടിക്കുന്ന ചുള്ളൻമാർ. അവരുടെ ഇടയിൽ ചെന്നു നിന്നപ്പോൾ പഴയ ജീവിതം തിരിച്ചു കിട്ടിയ ഒരു പ്രതീതി. ഉള്ളൊന്നു തണുത്തു. അപ്പോഴാണ് അവൻ എന്നെ ഒരു കാര്യം ചൂണ്ടി കാണിച്ചത്.

"എടാ നിന്റെ ലൈൻ അതാ പോകുന്നു, അവൾ ഇപ്പോഴും പഠിത്തം നിർത്തിയില്ലേ?"

എനിക്ക് എന്തെന്നില്ലാത്ത ഒരു ആനന്ദം. എന്തു ചെയ്യണം എന്ന് അറിയാത്തതുപോലെ. പെട്ടന്നാണ് എനിക്ക് ആ സത്യം മനസ്സിലായത്. എന്നെ അവൾക്ക് തിരിച്ചറിയാൻ കഴിയില്ല. ആർക്കും എന്നെ കാണുവാൻ കഴിയില്ലല്ലോ.

കടൽക്കരയിൽ ഏകനായി നിൽക്കുന്നത് പോലെ.

പെട്ടന്ന് ആരോ എന്റെ തോളിൽ തട്ടി. ഞെട്ടിത്തിരിഞ്ഞു നോക്കിയപ്പോൾ പൊട്ടിച്ചിരിക്കുന്ന ജയലിൽ.

ഞാൻ തെല്ലൊന്നമ്പരന്നു, അവൻ എന്നെ എങ്ങനെ കണ്ടു?

"എന്താടാ ഇങ്ങിനെ നോക്കുന്നത്?!!"

"നീ...??"

"അതേടാ ഞാനും മരിച്ചു, ഇന്ന് പതിമൂന്നാമത്തെ ദിവസമേയായുള്ളൂ!!"

"എങ്ങിനെ?"

"അതൊക്കെ പറയാം; നീ ഒന്ന് അടങ്ങ്."

"എങ്ങിനെ ഉണ്ടടാ ഈ പുതിയ ലോകം."

"പണ്ടേ ഞാൻ വരേണ്ടതായിരുന്നു."

"ജീവിച്ചിരിക്കുന്നവർക്ക് അറിയില്ലല്ലോ ഇവിടുത്തെ സുഖങ്ങൾ."

"എന്തെടാ നീ ഇപ്പോഴും പഴയ കക്ഷിയുടെ പുറകെ തന്നെ ആണല്ലോ."

"എന്തു ചെയ്യാം, സ്നേഹിച്ചു പോയില്ലേ?"

"ചത്താലും വെറുതെ വിടരുത്."

"ഈ പറയുന്ന ആള് എന്താ മോശം?"

"നമ്മളാര്, ഒരു പാവം."

"അത് നേരാ, മൂന്നുവർഷം പുറകേ നടന്നു ചെരുപ്പ് തേഞ്ഞു തേഞ്ഞു തീർന്നത് മിച്ചം അല്ലേ? അത് പറഞ്ഞപ്പോഴാ, അവൾ എന്തിയേ?"

"ആ വഞ്ചകിയെക്കുറിച്ചൊന്നും പറയരുത്. അവളുടെ കല്യാണത്തിന്റെ അന്നാ ഞാൻ ഇവിടെ എത്തിയത്!!"

"അവൾ കെട്ടിയത് കാരണം നീ രക്ഷപ്പെട്ടില്ലേടാ മണ്ടാ!"

അവന്റെ നോട്ടം കണ്ട് ഞാൻ തരിച്ചു നിന്നു. എനിക്ക് അങ്ങിനെ നിൽക്കാനേ പറ്റുന്നുള്ളു. കാരണം ജീവിച്ചിരുന്നപ്പോൾ അവന്, അവളെന്നാൽ ജീവനായിരുന്നു , ആത്മാവായിരുന്നു, എല്ലാം, എല്ലാമായിരുന്നു. സ്നേഹിക്കാൻ മാത്രം അറിയാവുന്നവൻ; ഇപ്പോൾ അവൻ വഞ്ചിക്കപ്പെട്ടിരിക്കുന്നു.

* * *

ജയലാലിൽ നിന്നാണ് ഞങ്ങൾ ആ വാർത്ത അറിയുന്നത്. ഞങ്ങൾ ഉണ്ണിമേരി എന്നു വിളിക്കുന്ന ശ്രീനാഥ് എം.എസ്.സിക്ക് ചേർന്നിരിക്കുന്നു. വാട്ടർ കൂളറിന്റെ സമീപത്തുള്ള ക്ലാസ്മുറിയിൽ അവൻ ലൂട്ടന്റെ അവറിൽ ചക്രശ്വാസം വലിച്ചിരിക്കുന്നു. ആ ഇരിപ്പ് കണ്ട് പൊട്ടിച്ചിരിക്കാനാണ് ഞങ്ങൾക്ക് തോന്നിയത്.

ഞങ്ങൾക്ക് പഠിക്കണ്ടാ, അസൈൻമെന്റ് ചെയ്യണ്ടാ, എക്സാമിന്റെ ടെൻഷൻ വേണ്ടാ, അത് കഴിഞ്ഞ് മാർക്ക് ലിസ്റ്റ് വരുമ്പോൾ ഉണ്ടാവുന്ന പനി പിടിക്കില്ല. എന്തു സുഖം.

യാതൊരു നൂലാമാലയുമില്ലാതെ എവിടെയും യഥേഷ്ടം അപ്പൂപ്പൻ താടി കണക്കെ ചുറ്റി നടക്കാം. ബന്ധങ്ങളില്ല. കടപ്പാടുകൾ ഇല്ല.

ഞങ്ങളുടെ ലോകത്ത് പകലും രാത്രിയുമില്ല. എപ്പോഴും പകൽ മാത്രം. അതും വസന്തകാലം എന്നും. രണ്ടു കഷണം കറൻസിക്കും ഇത്തിരി സ്നേഹത്തിനും അല്പം ചൂടിനും വേണ്ടി ജീവിതം ഹോമിക്കുന്ന മനുഷ്യനെ കാണുമ്പോൾ ഞങ്ങൾക്ക് സങ്കടം തോന്നുന്നു.

പീഡനങ്ങളും അഴിമതികളും എവിടെയും പെരുകിയിരിക്കുന്നു. ദുഷിച്ച ഈ സമൂഹത്തിൽ ജീവിക്കാൻ വേണ്ടി നെട്ടോട്ടം ഓടുന്നവർ.

മരിക്കാൻ മടിയുള്ളവർ 'മണ്ടൻമാർ'.

മരിച്ചു കഴിയുമ്പോൾ 'അയ്യോ, നേരത്തെ മരിക്കേണ്ടതായിരുന്നു' എന്നു പുലമ്പുന്ന വിഡ്ഢികൾ.

ഞങ്ങൾക്ക് ശ്രീനാഥിനോട് പുച്ഛമാണ് തോന്നിയത്. ഒന്നിനും ഒരു നട്ടെല്ലില്ലാത്ത ജീവി. ചീക്കപ്പോത്ത്.

പക്ഷേ, എല്ലാ കൊല്ലവും അവൻ മുടങ്ങാതെ മാഗസിനിലേക്ക് കഥ എഴുതും. ഈ കൊല്ലവും കാണും. മാഗസിൻ എഡിറ്റർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാൻ ഓരോരുത്തൻമാർ ഇറങ്ങിക്കൊള്ളും. പാവം എഡിറ്റർ ഇതെല്ലാം സഹിക്കണമല്ലോ.

എന്താണെന്ന് അറിയില്ല. അങ്ങകലെ വൈകുന്നേരങ്ങളിലെ ഇളം കാറ്റ് അടിക്കുമ്പോൾ കൊഴിഞ്ഞു പോയ ദിവസത്തിന്റെ ദുഃഖസൂചകമായി മഹാഗണി മരങ്ങൾ ഇല പൊഴിക്കുന്നു.

ഞങ്ങൾ തിരിച്ചു വന്നിരിക്കുന്നതിന്റെ ലക്ഷ്യം ഒന്നു മാത്രം. ഞങ്ങളുടെ കൂട്ടുകാരനെ ഞങ്ങളുടെ ലോകത്തിലേക്ക് കൊണ്ടു പോകണം. അതും എത്രയും പെട്ടന്ന്.

ഞങ്ങൾക്ക് ഒരു കഴിവുണ്ട്. ആരുടെയും മനസ്സിൽ കയറിപ്പറ്റാൻ കഴിയും എളുപ്പത്തിൽ. അതുപോലെ സ്വപ്നത്തിലും.

ഇന്നു ഞങ്ങൾക്ക് അവന്റെ മനസ്സിലേക്ക് യാത്ര ചെയ്യണം, അവനേയും ഈ ദുഷിച്ച ലോകത്തിൽ നിന്നു മോചിപ്പിക്കാൻ.

എന്നേക്കുമായി ഞങ്ങളുടെ ഒപ്പം ചേർക്കാൻ.

"ഈ സുന്ദരമായ ലോകത്തിലേക്ക് നീയും ഒരിക്കൽ വരില്ലേ?"

"തീർച്ചയായും."

ശ്രീനാഥിന്റെ മനസ്സ് മന്ത്രിച്ചു:

"മരണമേ സ്വാഗതം!!!"

ഒരു ഇരുണ്ട അദ്ധ്യായത്തിന്റെ അവസാന വരികൾ.

MARGIN FREE SHOE MARKET
Sylcon
The best dressed feet in town
Sylcon Margin Free Shoe Market

| | | | |
|---|---|---|---|
| WOODLAND | LOTASBAWA | GAITONDE | POWER |
| FLORINA | SWEETLINE | MISSINDIA | POPY |



# DCA

**DIPOLOMA IN COMPUTER APPLICATIONS**

## For Arts and Science students

A course that has been designed, considering specific workplace needs and relevant computer instructions, in this course, have been designed around Microsoft's Windows and MS-Office suite of software and cover **Word, Excel, PowerPoint, Access, MS-Project, Visual Basic, SQL 7.0, Windows NT, FrontPage,** and **Internet**. With an emphasis on computer applications in different functional areas, including sharply focussed computer laboratory exercises - to make you work-fit from day one of starting on your career. In fact, First Computers will even help you find placement in a manufacturing or service organisation.

***Enrol today!***

**FIRST COMPUTERS** 1st c

*Aluva Centre*: Above Baloons, Bye-pass Junction
Phone: 621744 www.fivstc.com

# കലാലയത്തിലൂടെ...



ശ്രീനാഥ് കെ. രണ്ടാംവർഷ ഇംഗ്ലീഷ് ബിരുദം

ലോകത്തെപ്പോലെയൊരു ഇടത്താവളമാണ് കലാലയം എന്ന് കുറച്ചുമുമ്പിവിടെയെത്തുമ്പോഴേ അറിഞ്ഞിരുന്നു. എന്നിട്ടും ഇവിടെയാകെ പരന്നൊഴുകാൻ വെമ്പിയിരുന്നു, ചെറിയ... തീരെ ചെറിയ... ഒരു ഹൃദയം. ശരം പോലെ കുതിച്ചും, ഇടയ്ക്ക് മുടന്തിയും ചിലപ്പോൾ ആലുവാപ്പുഴയേക്കാൾ ശാന്തമായൊഴുകിയും അതിവിടെയാകെ പടർന്നു...

മുന്നിൽക്കണ്ട പലതും വിവേചിച്ചറിയാനുള്ള അപക്വതയും മുൻവിധികളും ഒരുപാട് അതിന്റെ ഗതിയെ കടിഞ്ഞാണിട്ടു. ലോകം വളരെ മോശമാണെന്ന് ആരോ ഉള്ളിൽ നിന്ന് മന്ത്രിച്ചു. വൈവിധ്യങ്ങളുടെ, വൈപുല്യങ്ങളുടെ പൊലിമയ്ക്കു മുന്നിൽ ഹൃദയം പകച്ചില്ല–തളർന്നു; തകർന്നില്ല. അത് പ്രവഹിച്ചു–നിശ്ശബ്ദപ്രവാഹം... കണ്ണീർക്കലക്കങ്ങളുമായി ശുഷ്കിച്ചൊഴുകുന്ന പൂർണ്ണാനദി പോലെ... ഗതകാലത്തെ ശിവരാത്രികളുടെ ഓർമ്മകളുമായി, പുതിയ മാമാങ്കങ്ങളുടെ ക്ഷതങ്ങളേറ്റുവാങ്ങിക്കൊണ്ടവൾ മന്ദഗമനം ചെയ്യുന്നു – ആയിരം പാദസരങ്ങൾ കിലുക്കാതെ; എങ്കിലും വറ്റാതെ – ആംഗലേയപ്പടവുകളിലൂടെ ഹരിതാഭമായ സി.സി.യിലൂടെ, ഏകാന്തതയെയും ഏതോ അജ്ഞാതതമോമണ്ഡല സ്മൃതികളെയും ഉണർത്തിവരുന്ന ഇളംതെന്നൽ വരവേൽക്കുന്ന വീതി കുറഞ്ഞ വഴികളിലൂടെ, ബി.ബി.സിയിലൂടെ, നിസ്സാരത മണക്കുന്ന പുൽമേട്ടിലൂടെ, നിഗൂഢതയുടെ രാജകീയപ്രൗഢി സ്ഫുരിയ്ക്കുന്ന മഹാഗണികൾക്കിടയിലൂടെ, നിശ്ശബ്ദതയുടെ ദേവാലയമായ വായനശാലയിലൂടെ...

സായിപ്പിന്റെ കലാബോധം തുളുമ്പുന്ന ചാപ്പൽ–അതാദ്യമേ ഹൃദയമുൾക്കൊണ്ടു; ഒരിക്കൽപ്പോലുമതിൽ കയറാതെ. പുറത്തുനിന്നു കൊണ്ട് ക്രിസ്തുദേവന്റെ രക്തമിറ്റുന്ന തിരുഹൃദയത്തെ നോക്കി അത് സ്നേഹപൂർവ്വം പുഞ്ചിരിച്ചു. ചാപ്പലിന്റെ പടവിലിരുന്നൊരിക്കൽ മുന്നിലുള്ള വൃക്ഷത്തിന്റെ മുകളിലേക്ക് നോക്കി. പേരറിയാത്ത ആ വൃക്ഷസുന്ദരിയെ ആത്മസഖിയാക്കിയിരുന്നു. ഉള്ളിലെവിടെയൊക്കെയോ നീറ്റുന്നുണ്ടായിരുന്നു. വൃക്ഷസുന്ദരി മുകളിൽ നിന്ന് വയലറ്റ് നിറത്തിലുള്ള നീണ്ട വസ്ത്രങ്ങളുടുത്ത മാലാഖമാരെ സാന്ത്വനഗാനങ്ങളുടെ അകമ്പടിയോടെ അയച്ചുകൊണ്ടേയിരുന്നു...

കോളിളക്കങ്ങളുടെ കൊലവിളികൾ കെട്ടടങ്ങിയപ്പോഴത്തെ ആലസ്യത്തിൽ നിന്ന് പതുക്കെപ്പതുക്കെ സൗഹൃദത്തിന്റെ പച്ചത്തുരുത്തുകൾ ഫീനിക്സ്പക്ഷികളെപ്പോലെ ഉയർന്നുപൊന്തുന്നതായി കണ്ടു. സമ്പത്തിന്റെയും മലയാളത്തിന്റെയും ഗണിതത്തിന്റെയും ജന്തുക്കളുടെയും പിന്നെ ആംഗലേയത്തിന്റെയും സമ്മിശ്രസുഗന്ധം അവിടങ്ങളിലെ മലർവാടികളിൽ നിന്നും സദാ ഉയർന്നുകൊണ്ടിരുന്നു. സ്പർശിയ്ക്കാതെ ചുംബിച്ചുകൊണ്ട് ഹൃദയം ആ വർണ്ണരാജിക്കിടയിലൂടെ സദാ നീങ്ങിക്കൊണ്ടിരുന്നപ്പോൾ ദൂരെ അറേബ്യയിൽ നിന്ന് അനശ്വരപ്രണയഗായകന്റെ വാക്കുകൾ:

"He who has a thousand friends has not a friend to spare

And he who has one enemy shall meet him everywhere."

സ്വർഗ്ഗ–സ്വപ്നതുല്യമായ അവസ്ഥ കൈവിടാനുള്ള വൈമനസ്യത്തിൽ ഹൃദയം കവിയെ സൗകര്യപൂർവ്വം തഴഞ്ഞു, തികച്ചും അന്ധമായി. പിന്നീടെപ്പോഴോ പൂക്കളുടെ ഗന്ധം കിട്ടാതായി; അവയുടെ ഭംഗിയും അറിയാതായി. സൗഹൃദങ്ങൾ വേദനിപ്പിച്ചു തുടങ്ങുകയായി. അറിയാതെ ആരെയൊക്കെയോ ഇഷ്ടപ്പെട്ടുപോയോ? അറിയാതെ ആരുടെയൊക്കെയോ സ്നേഹം ഏറ്റുവാങ്ങിയോ? തിരിച്ചറിവുകൾ വേദന മാത്രം തന്നു–അറിവ് വേദനയാണെന്ന് പറഞ്ഞതാര്?

പെരിയാറിന്റെ തീരത്തെ കൽപ്പടവുകളിൽ നിന്നുകൊണ്ട് വലിയ കണ്ണുകൾ വിടർത്തിക്കൊണ്ട് കൂട്ടുകാരി പറഞ്ഞു: 'ഇവൾ എത്ര സുന്ദരിയാണ്! ആ കണ്ണുകളിലെ ജഢത ഹൃദയത്തെ വല്ലാതെ നൈരാശ്യത്തിലാഴ്ത്തിയപ്പോൾ ധമനികളിലെ ഭ്രാന്തൻ പ്രവാഹങ്ങളെ മംഗലപ്പുഴസെമിനാരിയും മന്ദമാരുതനും ഏറ്റുകൊണ്ടു.

യാതൊന്നുമറിഞ്ഞില്ലെന്ന മട്ടിൽ ദുർബ്ബലമായ മരപ്പാലം കുലുക്കിക്കൊണ്ട് നിസ്സാമുദ്ദീൻ എക്സ്പ്രസ്സ് കടന്നുപോയപ്പോൾ ഒരുൾക്കിടിലം–ഇവിടത്തെ വർഷങ്ങളും അവസാനിക്കുകയായല്ലോ. നേട്ടങ്ങളും നഷ്ടങ്ങളും ഇഴതിരിയ്ക്കാനാവാതെ ചുർണ്ണി മന്ദം മന്ദം ഒഴുകിയെത്തുന്നതും കാത്ത് പടിഞ്ഞാറൊരു സായംസന്ധ്യ. വൻകടലിലേക്കിനി എത്ര ദൂരം? ഇവിടെ നിന്നാൽ സമുദ്രത്തിന്റെ കലർപ്പിന്റെ കാർക്കശ്യമറിയാം, നൈരന്തര്യങ്ങളുടെ വിരസതയും.

# കൊടുങ്ങല്ലൂർ: സാംസ്കാരകേരളത്തിന്റെ പൊൻതൂവൽ

◆

ആദർശ് കൊടുങ്ങല്ലൂർ,
രണ്ടാംവർഷ മലയാള ബിരുദം

പൊയ്പ്പോയ നൂറ്റാണ്ടുകളിൽ നമ്മുടെ സംസ്കാരത്തെ സമ്പന്നമാക്കിയ കൊടുങ്ങല്ലൂരിന് കോൾമയിർ കൊള്ളിക്കുന്ന അനേകം ചരിത്രസംഭവങ്ങളും ഐതിഹ്യങ്ങളും നിറഞ്ഞ കഥകളാണ് പറയാനുള്ളത്. ക്രിസ്തുവർഷാരംഭത്തിനുമുമ്പ് പ്രശസ്തമായ തുറമുഖം എന്ന നിലയ്ക്കും മതസംഗമഭൂമി എന്ന നിലയ്ക്കും ഇന്നത്തെ കൊടുങ്ങല്ലൂർ പ്രശസ്തിയാർജിച്ചിരുന്നു. സംഘകാലത്തും അതിനുശേഷവും കൊടുങ്ങല്ലൂർ പല പേരുകളിലും കേരളചരിത്രത്തിൽ മുഖ്യസ്ഥാനം പിടിച്ചിട്ടുണ്ട്.

## പ്രാചീനതുറമുഖം

ക്രിസ്തുവർഷത്തിനു മൂവായിരം വർഷങ്ങൾക്കു മുമ്പു തന്നെ കേരളത്തിലെ പ്രധാന തുറമുഖങ്ങളുമായി നിനേവക്കാർ, അസീറിയക്കാർ, അറബികൾ മുതലായവർക്ക് കച്ചവടബന്ധമുണ്ടായിരുന്നു. പ്രാചീന കേരളത്തിലെ ഏറ്റവും പ്രധാന തുറമുഖ പട്ടണമായിരുന്നു മുസിരിസ്.മുസിരിസ് കൊടുങ്ങല്ലൂരാണെന്ന് മിക്കവാറും എല്ലാ ചരിത്രകാരന്മാരും സമ്മതിക്കുന്നു. 'മുരചിപത്തന'മെന്ന് വാത്മീകിരാമായണത്തിലും 'മുചിറി' എന്ന് തമിഴ് കൃതികളിലും 'മുയിരിക്കോട്' എന്ന് ഭാസ്കരരവിവർമ്മന്റെ ജൂതശാസനത്തിലും പറഞ്ഞിട്ടുള്ളതിന്റെ രൂപഭേദം തന്നെയാണ് മുസിരിസ്. ക്രിസ്ത്വബ്ദം 45-ാ മാണ്ടോടുകൂടി ഈജിപ്തുകാരനായ ഹിപ്പാലസ് കാലവർഷക്കാറ്റ് കണ്ടുപിടിച്ചതിനെത്തുടർന്ന് മുസിരിസ് റോമാനഗരവുമായുള്ള വാണിജ്യത്തിന്റെ കേന്ദ്രമായിത്തീർന്നു. ഭാരതത്തിലെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖമായിട്ടാണ് മുസിരിസിനെ പറ്റി പ്ലിനി പറയുന്നത്. സ്വർണ്ണം നിറച്ചുകൊണ്ട് യവനകപ്പലുകൾ ഐശ്വര്യസമൃദ്ധമായ മുയിരിപട്ടണത്തിൽ എത്തുന്നതായും പകരം കറുത്തപൊന്നു (കുരുമുളക്) മായി തിരിച്ചു പോകുന്നതായും പുറനാനൂറിൽ പറയുന്നു.

മുസിരിസിനെ ഒരു വലിയ വാണിജ്യസങ്കേതമായിട്ടാണ് ക്രിസ്ത്വബ്ദം രണ്ടാംനൂറ്റാണ്ടിനോടടുപ്പിച്ച് എഴുതപ്പെട്ട ടോളമിയുടെ വിവരണത്തിലും സൂചിപ്പിക്കുന്നത്. മുസിരിസിനടുത്തുള്ള അഗസ്റ്റസിന്റെ ദേവാലയത്തിൽ റോമൻ കച്ചവടത്തിന്റെ രക്ഷക്കുവേണ്ടി 1200 റോമൻ സൈനികരെ പാർപ്പിച്ചിരുന്നതായി പെറ്റിഗർ ടേബിൾസ് (petiger tables)ന്റെ പ്രാമാണ്യത്തെ ആധാരമാക്കി പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ക്രിസ്ത്വബ്ദം അഞ്ചാംനൂറ്റാണ്ടോടുകൂടി റോമൻ വാണിജ്യബന്ധം അവസാനിച്ചെങ്കിലും മറ്റു വിദേശീയരുടെ, പ്രത്യേകിച്ചും ചീനരുടെ ശ്രദ്ധ കൊടുങ്ങല്ലൂരിലേക്ക് ആകർഷിക്കപ്പെട്ടിരുന്നതിനാൽ അതിന്റെ വാണിജ്യപ്രശസ്തി തുടർന്നും നിലനിന്നു പോന്നു. എ.ഡി. 1341ൽ പെരിയാറിലുണ്ടായ വെള്ളപ്പൊക്കത്തോടുകൂടി ഈ തുറമുഖം അടയുകയും കൊച്ചിക്കു പ്രാധാന്യം ലഭിക്കുകയും ചെയ്തു. മഹത്തായ ചരിത്രബന്ധങ്ങളുടെ സമ്പന്നത അവകാശപ്പെടാവുന്ന ഒരു വിസ്മൃത തുറമുഖമായി ഇന്ന് കൊടുങ്ങല്ലൂർ നിലകൊള്ളുന്നു.

## സംഘകാലഘട്ടത്തിൽ

ക്രിസ്തുവർഷത്തിന്റെ ആരംഭത്തിൽത്തന്നെ കൊടുങ്ങല്ലൂർ ചേരരാജതലസ്ഥാനമെന്നറിയപ്പെ

ട്ടിരുന്നു. മുചിറി, വഞ്ചി എന്നീ പേരുകളിലായിരുന്നു അന്ന് കൊടുങ്ങല്ലൂർ. ക്രിസ്തുവർഷം രണ്ടാം നൂറ്റാണ്ടിൽ ഇളങ്കോവടികൾ ചിലപ്പതികാരം രചിച്ചത് കൊടുങ്ങല്ലൂരിനടുത്തുള്ള തൃക്കണാമതിലകത്ത് (ഇന്നത്തെ മതിലകം) വെച്ചായിരുന്നു. ക്രിസ്തുവർഷം 800 മുതൽ 1102 വരെയുള്ള കാലഘട്ടത്തിൽ കൊടുങ്ങല്ലൂർ മഹോദയപുരമെന്ന പേരിൽ രണ്ടാം ചേരസാമ്രാജ്യമെന്ന് വിളിക്കപ്പെടുന്ന കുലശേഖര ചക്രവർത്തിമാരുടെ തലസ്ഥാനമായിരുന്നു.

**മതസംഗമഭൂമി**

മിക്ക മതങ്ങളുടെയും ഉത്ഭവകാലത്തു തന്നെ അവ ഇവിടെ പ്രവേശിച്ചത് ഈ പ്രശസ്ത തുറമുഖത്തിലൂടെയായിരുന്നു. എ.ഡി. 68-ൽ ജറുസലേമിലെ പള്ളി നശിപ്പിക്കപ്പെട്ടതിനെ തുടർന്ന് ജൂതന്മാരുടെ ഒരു സംഘം കേരളത്തിൽ താമസമാക്കിയെന്നാണ് ഐതിഹ്യം. കൊടുങ്ങല്ലൂരിനടുത്തുള്ള പറവൂർ, ചേന്ദമംഗലം, മാള തുടങ്ങിയ സ്ഥലങ്ങളിൽ ജൂതപ്പള്ളികൾ ഉണ്ട്. മുസിരിസിലൂടെയാണ് ഈ സംസ്കാരം ഇവിടെ എത്തിച്ചേർന്നത്.

ക്രിസ്തുവിന്റെ സ്നേഹസന്ദേശവുമായി എ.ഡി. 52ൽ മാർ തോമാശ്ലീഹാ അഴീക്കോട് തുറമുഖത്ത് എത്തി എന്നാണ് ചരിത്രം പറയുന്നത്. അവിടെ സെന്റ് തോമസിന്റെ ഒരു പള്ളിയും ഉണ്ട്. കൊടുങ്ങല്ലൂരിൽ നിന്ന് അഞ്ചു കിലോമീറ്റർ അകലെയുള്ള തീരപ്രദേശമാണ് അഴീക്കോട്.

കേരളത്തിലെ പ്രശസ്തമായ ദേവീക്ഷേത്രങ്ങളിൽ ഒന്നാണ് കൊടുങ്ങല്ലൂർ ശ്രീ കുരുംബ ഭഗവതി ക്ഷേത്രം. ഇത് ബുദ്ധവിഹാരമായിരുന്നു എന്നാണ് ചരിത്രകാരന്മാർ പറയുന്നത്. ആര്യാധിനിവേശമാണ് അതിനെ ദേവീക്ഷേത്രമാക്കി മാറ്റിയത്. ഇന്നും കൊടുങ്ങല്ലൂരിനെപ്പറ്റി പറയുമ്പോൾ ആദ്യം ഓർമ്മവരിക, കോമരങ്ങൾ ഉറഞ്ഞുതുള്ളുന്ന മീനഭരണിയും തെറിപ്പാട്ടുമാണ്. ബുദ്ധമതക്കാരെ ഇവിടെ നിന്നും ഓടിക്കുന്നതിനായിട്ടായിരുന്നു ഈ തെറിപ്പാട്ടും അതിനോടനുബന്ധിച്ച കോഴിവെട്ടും ആരംഭിച്ചതും തുടർന്ന് ആഘോഷിക്കുന്നതും എന്ന് ജോസഫ് ഇടമറുക് അദ്ദേഹത്തിന്റെ 'കേരളസംസ്കാര'ത്തിൽ അഭിപ്രായപ്പെടുന്നു. കേരളത്തിന്റെ നാലതിർത്തികളിലായി ഭാർഗവരാമൻ പ്രതിഷ്ഠിച്ച നാല് അതിപ്രധാന ദേവീക്ഷേത്രങ്ങളിൽ ഒന്നാണ് ഈ ക്ഷേത്രം എന്ന ഐതിഹ്യവും ഉണ്ട്. കേരളത്തിന്റെ വടക്ക് കൊല്ലൂരിൽ മൂകാംബികയായും കിഴക്ക് കരിമലയിൽ ഹേമാംബികയായും തെക്ക് കന്യാകുമാരിയിൽ ബാലാംബികയായും പടിഞ്ഞാറ് കൊടുങ്ങല്ലൂരിൽ ലോകാംബികയായുമായിട്ടാണ് പരശുരാമൻ പ്രതിഷ്ഠിച്ചതെന്നാണ് വിശ്വാസം. 'ചിലപ്പതികാര'ത്തിലെ കണ്ണകിയാണ് ദേവി എന്ന അഭിപ്രായവും ഉണ്ട്. എന്തുതന്നെയായാലും വിശ്വാസികൾക്ക് കൊടുങ്ങല്ലൂരമ്മ ശോകനിവാരിണിയായ അമ്മ തന്നെയാണ്.

ഇന്ത്യയിലെ ആദ്യത്തെ മുസ്ലിംപള്ളി കൊടുങ്ങല്ലൂരിലെ ചേരമാൻ പള്ളിയാണ്. ഇതിനെ ചുറ്റിപ്പറ്റിയും ധാരാളം ഐതിഹ്യങ്ങൾ നിലവിലുണ്ട്. ചേരരാജാവായ ചേരമാൻ പെരുമാൾ മതം മാറി മക്കയ്ക്കുപോയി വന്ന് പള്ളി പണിതതാണെന്നും മറ്റും പറഞ്ഞു വരുന്നു. ബുദ്ധമതം ക്ഷയിച്ചു കഴിഞ്ഞപ്പോൾ ഇസ്ലാംമതത്തിന്റെ പ്രോത്സാഹനാർത്ഥം ഒരു ചേരരാജാവ് അത് ഇസ്ലാം മതക്കാർക്ക് വിട്ടുകൊടുത്തതാകാം. കൊടുങ്ങല്ലൂരിന്റെ സംസ്കാരിക ചരിത്രത്തിന്റെ ഒരു പൊൻതൂവൽ തന്നെയാണ് ചേരമാൻ പള്ളി.

**കൊടുങ്ങല്ലൂർ കളരി**

പഴയ കാലങ്ങളെ വിട്ട് പുതിയ കാലങ്ങളിലേക്കു വരുമ്പോൾ നാം കാണുന്നത് സാഹിത്യലോകത്ത് അമൂല്യങ്ങളായ സംഭാവനകൾ തന്നിട്ടുള്ള കൊടുങ്ങല്ലൂർ കോവിലകത്തെ തമ്പുരാക്കന്മാരെയും കൊടുങ്ങല്ലൂർ കളരി(ഗുരുകുലം)യെയുമാണ്. കൊടുങ്ങല്ലൂരിന്റെ സംസ്കാരികവേദിയിലെ ഒരു സുവർണ്ണ കാലഘട്ടമായിരുന്നു ഗുരുകുല കാലഘട്ടം. നൂറുവർഷക്കാലം പ്രശ്സ്തമായ രീതിയിൽ നടന്നുവന്ന ഈ സർവ്വകലാശാലയുടെ സ്ഥാപകൻ 1800ൽ ജനിച്ച വിദ്വാൻ ഇളയതമ്പുരാനാണ്. വിദ്വാൻ കുഞ്ഞിരാമവർമ്മ തമ്പുരാൻ, ചക്രം തമ്പുരാൻ, വലിയ കൊച്ചുണ്ണിതമ്പുരാൻ, കുഞ്ഞൻ തമ്പുരാൻ, ചെറിയ കൊച്ചുണ്ണിതമ്പുരാൻ, ഗോദവർമ്മഭട്ടൻ തമ്പുരാൻ, ആറ്റൂർ കൃഷ്ണപ്പിഷാരടി തുടങ്ങിയവർ ഇവിടെ നിന്നു പഠിച്ചുവളർന്നവരാണ്.

മലയാള സാഹിത്യത്തിന് അനർഘങ്ങളായ കാവ്യങ്ങൾ സമ്മാനിച്ച കുഞ്ഞിക്കുട്ടൻ തമ്പുരാനാണ് കൊടുങ്ങല്ലൂർ തമ്പുരാൻമാരിൽ വെച്ചേറ്റവും പ്രസിദ്ധനായ കവി. കേവലം മൂന്നുവർഷക്കാലം കൊണ്ട് മഹാഭാരതത്തിന്റെ വൃത്താനുവൃത്ത തർജ്ജമ നടത്തി കേരളവ്യാസനെന്ന പേരുനേടിയ അദ്ദേഹത്തെക്കുറിച്ച് പറയാതെ കൊടുങ്ങല്ലൂരിന്റെ സംസ്കാരികചരിത്രം പൂർണ്ണമാവുകയില്ല.

ഇതൊരു ചുരുക്കം മാത്രമാണ്. കൊടുങ്ങല്ലൂരിന്റെ ചരിത്രം-അത് കേരളത്തിന്റെ ചരിത്രം തന്നെയാകുന്നു.

***One can be pretty sure about the end of world now-that is, if something other than a meteor were to destroy earth, it would surely be the nuclear weapons, probably American-made.***

# THE WAY OF THE POLICEMAN

Suppose the Bishop is drunk. This merely for the sake of an example, and not because I have any personal grudge against the whole community of Bishops. Our Bishop has a very good collection of liquors, of various brands and while drunk, he abuses each and every man who crosses his way. Now we might ask ourselves a logical question - can this Bishop preach sermons regarding the ill-effects of drinking to a group of drunkards? That's the question that we now feel like asking to the Super-power, namely the United States.

Just think of the irony. America herself is stacked with tonnes of weapon, and without doubt, they contain chemical as well as biological weapons. Then can anybody explain what on earth is America doing by 'checking' whether Iraq has got such weapons? If a war comes each and every country, no matter how she believed till then, will do anything and cross any barrier to succeed in the battle, even if she had to do any cold blooded acts. So, if some country was unfortunate enough to be in war with the U.S. we can be sure of the fact that sooner or later, the other country will end up in a pile of ashes. This is no exaggeration; America has proved it, during the I world war. If she were so anxious to stop the war, why kill millions of innocent civilians, that too, twice? So the only reason behind this ruthless killing, is that the U.S. wanted no other power in the world to be a threat to herself.

This is just what we see now, and that will explain her anxiety regarding India's nuclear tests and the so-called 'ant-terrorists' stand. It is a well known secret that America herself has got the largest bio-weapon collection in the world. The controversy regarding the origin of the AIDS virus is still there. (It is rumoured that this virus has originated from a

**Kishor Kumar K**., II BSc. Physics

particular U.S. bio-lab. At present, 'scientists' are working furiously to prove that the origin is some unfortunate African gorilla.) Without doubt, America is one of the richest and prosperous countries in the globe. What made her rich? This is something beyond the hard work of the Americans. In spite of being rich, what is behind the rotten outlooks of the country? This is worth thinking.

SOME HISTORY: If you ask the Americans, history began in the 18th century, and it began with the "Mayflower". 'May flower' is the ship by which the early settlers sailed to the continent. As we go through the pages of American history, we see how the brave Americans fought and overcame colonial rule. The old memories of colonialship might not have died out when they started owning 'nigger slaves', whom they believed to be made for their own pleasure. If it had not been for the work of good old Abe, the slaves will not have got freedom. For that, Lincoln had to use his powers as the President. Apart from the civil War, 19th century was uneventful. But the 20th century was quite eventful. That's when the world wars occurred.

The Word Wars: When the murderer and a petty thief fight, the public, if they had to obviously will favour the thief. That's what happened in the world wars. Both times, the murderer was Germany. Had it not been for Germany, both the wars would not have occurred. The United States, at that time supplied all necessary armaments to the fighter and watched them in action with glee. Those without the aid of the U.S., in the first world was would not have lasted that long. In the end, they too joined the war, and defeated Germany and her helpers. Once the war was done with, it was America's turn to see that Germany will not stand on her feet again. But the calculations went wrong and Germany once again rose as a threat to other countries.

If Hitler concentrated on teaching the old enemies, instead of terminating the Jews, Germany would without doubt have succeeded in it. But it didn't happen so. Like a mad bull, Germany attacked every other country, which resulted in her own destruction. Once again, the U.S. kept 'Adolf' from the mess, providing all moral support for the allies. When Japan joined in it was almost as if thing would go out of Allies' hand forever. Thus, the Pearl Harbour episode was merely an excuse for the U.S. to join in. When the rest of the Axis powers were destroyed and Japan still had not surrendered, U.S. had to take drastic measure - the use of the nuclear bombs. So far only America had done so. They might as well ask themselves whether they ought to have done that. Without doubt, the killing of the civilians ended the world war, but not the greed of the U.S.

The Cold WAR: The end of the world wars gave way to the cold war between the two super powers-Communist Russia and Capitalist America. Both began piling weapons and aiming ICBMs at each other. The U.S. openly resisted the growth of the communism. The Vietnam war (1954-1965) and the conflict in Laos (1970) are merely examples. Both times, she had to face severe set backs. Now that the US has succeeded in the dissolution of the USSR, there is nothing she has to fear about.

In the name of anti-terrorism, the US now has access to all part of world, attaching the so-called terrorist centers. What happens in Iraq is just the repetition of the history of America. If they are so anxious as to disarm Iraq, will they agree on disarming themselves? Before urging the neo-nuclear powers not to conduct any nuclear tests or not to make any nuclear weapons, would they be kind enough to destroy all their, or even a part of their nuclear ammunition?

The USA offers a secure and prosperous future for many, especially the many young Indian fortune-seekers. What's behind their prosperity is that they have got all this from weapons sale. Right from the beginning in each and every war that has occurred in the globe, American weapons have been used. One can be pretty sure about the end of world now-that is, if something other than a meteor were to destroy earth, it would surely be the nuclear weapons, probably American-made.

●

# അയാൾ കഥയെഴുതുകയാണ്...

ഗിരീഷ് കെ.

രണ്ടാം വർഷ എം.എ. മലയാളം

തിരക്കഥാകൃത്ത് : "ഈ കഥയിലെ നായകൻ കഥാകാരനാണ്, കവിയാണ്, ഗായകനാണ്. 'എത്രയോ ജൻമമായ് നിന്നെ ഞാൻ തേടുന്നു' എന്ന വരികൾ സിനിമയിൽ ഇടയ്ക്കിടയ്ക്ക് നായകൻ പാടുന്നുണ്ട്. പതിനൊന്നാമത്തെ സീനിൽ നായകന്റെ അമ്മ, മകൻ കോളേജ് മാഗസിനിൽ എഴുതിയ 'കലികാല പ്രണയകഥ' എന്ന മിനിക്കഥ തെല്ലുറക്കെ വായിച്ചാസ്വദിക്കുന്നുണ്ട്. എന്നാൽ പതിനാലാമത്തെ സീനിൽ മേൽപറഞ്ഞ കഥ ഒരു കഥയല്ലെന്നും പിൽകാലമാഗസിനിൽ പ്രത്യക്ഷപ്പെട്ട 'ഹൃദയപൂർവ്വം' എന്ന കവിത കവിതയേ അല്ലെന്നും കിളരം കൂടിയ ഒരു യുവ മലയാളം അദ്ധ്യാപകൻ തറപ്പിച്ചു പറയുന്നുണ്ട്. പേടിക്കേണ്ട സാർ, നായകന്റെ മഹത്വം ഇടിച്ചു താഴ്ത്തുന്ന ഈ 'സത്യസന്ധമായ' പ്രസ്താവന വെറും നർമോക്തിയാക്കാൻ മേൽപറഞ്ഞ അദ്ധ്യാപകനെ ഒരു കൊമേഡിനായാണ് രംഗപ്രവേശം ചെയ്യിപ്പിക്കുന്നത്. സർ, ഒരുപക്ഷേ, പ്രണയാഭ്യർത്ഥന നിരസിച്ച പെൺകുട്ടിയെ സ്മരിച്ചുകൊണ്ട് നായകൻ കൂട്ടുകാരനോട് മുപ്പത്തിയൊന്നാമത്തെ സീനിൽ പറയുന്ന ഒരു ഡയലോഗ് കേട്ടാൽ എന്റെ പ്രതിഭയുടെ ആഴവും തിളക്കവും മനസ്സിലാക്കാൻ സാധിക്കും. ശ്രദ്ധിക്കൂ..."

നായകൻ : "ഇഷ്ടമാണ് എന്നു പറഞ്ഞപ്പോൾ കരഞ്ഞ പെൺകുട്ടിയെ വെറുപ്പാണ് എന്നു പറഞ്ഞ് സന്തോഷിപ്പിക്കുവാൻ എനിക്കാവില്ല."

സംവിധായകൻ: "അപ്പോൾ കൂട്ടുകാരൻ എന്തു മറുപടിപറയും?"

തിരക്കഥാ : " സോറി സർ, ഒരു കാര്യം പറയാൻ വിട്ടു. ഈ കൂട്ടുകാരൻ എന്ന കഥാപാത്രം പ്രതികരണശേഷി നഷ്ടപ്പെട്ട യുവതലമുറയുടെ പ്രതീകമാണ്... ഒന്നും മിണ്ടില്ല, കമാന്നൊരക്ഷരം മറുപടി പറയില്ല-അവൻ പുഴയിലേയ്ക്ക് കല്ലുമെറിഞ്ഞ് അങ്ങനെ നിശ്ശബ്ദനായിരിക്കും."

സംവിധായകൻ : "ഓഹോ... (അല്പനേരത്തെ നിശ്ശബ്ദതയ്ക്കു ശേഷം) നായകന്റെ പേര് പറഞ്ഞില്ല."

തിരക്കഥാകൃത്ത് : "തികച്ചും വ്യത്യസ്തമായ ഒരു സിനിമയാണല്ലോ നമ്മുടേത്. അതുകൊണ്ടു തന്നെ പേരും പുതുമയുള്ളതാകട്ടെ എന്നുകരുതി. "ശാർദ്ദൂലവിക്രീഡിതൻ." എങ്ങനെയുണ്ട് സാർ?"

സംവിധായകൻ : "കൊള്ളാം. അപ്പോ നായികയുടെ പേരിലും കാണുമല്ലോ ഈ പുതുമ."

തിരക്കഥാ : "ഉണ്ട് സാർ. നായികയുടെ പേരിലുമുണ്ട് സാർ പുതുമ. നമ്മുടെ നായികയുടെ പേര് Sin8 (SinTeeta)"

സംവി : "ആഹാ!! മനോഹരം തന്നെ. ചോദിക്കട്ടെ, ഈ നായകൻ നായികയെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നോ? സ്നേഹിച്ചിരുന്നു എന്നിരിക്കട്ടെ, അതെങ്ങിനെ സ്ഥാപിക്കും? എന്തിനും ഒരു ലോജിക്ക് വേണമല്ലോ."

തിരക്കഥാ : "സാറിനെന്നെ ശരിക്കും മനസ്സിലായിട്ടില്ല. പതിനാറാമത്തെ സീനിലും പത്തൊൻപതാമത്തെ സീനിലും ഇരുപത്തിഒന്നാമത്തെ സീനിലും നായകനോട് പ്രണയാഭ്യർത്ഥന നടത്തുന്ന മൂന്നു സ്ത്രീകഥാപാത്രങ്ങൾ രംഗപ്രവേശം ചെയ്യുന്നത് സാറ് ശ്രദ്ധിച്ചിരിക്കും... സത്യത്തിൽ അവരുടെ പ്രണയാഭ്യർത്ഥന നായകൻ 'സ്നേഹപൂർവ്വം' നിരസിക്കുന്നതിന് കാരണം SinTeeta യോടുള്ള സ്നേഹാധിക്യം തന്നെ."

സംവിധാ : "ഓഹോ... അപ്പൊ ഒരു പ്രേമകവിത എന്നു തന്നെ നമുക്കീ സിനിമയെ വിശേഷിപ്പിക്കാം. അല്ലേ?"

തിരക്കഥാ : " സാർ, നമ്മുടെ നായകൻ വെറും റൊമാന്റിക് ഹീറോ അല്ല. സത്യസന്ധനായ ഒരു രാഷ്ട്രീയ പ്രവർത്തകനാണ്. അതു തെളിയിക്കാനാണ് കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ രാഷ്ട്രീയ പാനലിൽ തന്നെ മൽസരിക്കുന്നത്. 'ബുദ്ധിമാനായ' നമ്മുടെ നായകൻ തികഞ്ഞ സമാധാന പ്രേമിയാണ് എന്നു തെളിയിക്കാൻ മുപ്പതാമത്തെ സീനിൽ നടക്കുന്ന സംഘട്ടനവും മറ്റും മതിയാകും. തന്റെ പ്രിയപ്പെട്ട സുഹൃത്തുകൾ തമ്മിൽ ഘോരസംഘട്ടനം നടക്കുമ്പോൾ നമ്മുടെ നായകൻ B.B.C യിലെ കൽപ്പടവിൽ മുട്ടുകുത്തിയിരുന്ന് പരസ്പരം തല്ലുകൂടുന്ന സുഹൃത്തുക്കൾക്കിടയിൽ സ്നേഹം വളർത്തണേയെന്ന് പ്രാർത്ഥിക്കുന്നു. ഒരു ലോങ് ഷോട്ടിൽ ഇതു പറയാം സാർ."

സംവിധായകൻ : "തിരക്കഥാകൃത്തേ, നിലനില്ക്കുന്ന ട്രെൻഡ് അനുസരിച്ച് ഒരു 'അടിപൊളി' ഡയലോഗ് വേണ്ടേ സിനിമയിൽ?"

തിരക്കഥാ : "ഉണ്ട് സാർ, അടിപൊളി ഡയലോഗ് ഉണ്ട് സാർ. നോക്ക്. നാല്പത്തിയൊന്നാമത്തെ സീനിൽ തന്നെ കാലുവാരിയ സഹപ്രവർത്തകരോട് നായകൻ പറയുന്ന ഡയലോഗ്."

നായകൻ : മഹാനായ ക്രിസ്തുവിന് ഒരു മരക്കുരിശും ധർമ്മം പുഃസ്ഥാപിക്കാനവതരിച്ച കൃഷ്ണന് വിഷം പുരട്ടിയ ശരമ്പും ഭാരതസ്വാതന്ത്ര്യത്തിന് വേണ്ടി പോരാടിയ മഹാത്മാഗാന്ധിയ്ക്കു മൂന്നു വെടിയുണ്ടകളും സമ്മാനിച്ച നിങ്ങൾ മഹാത്മാഗാന്ധി നട്ട ഒരു മാവു മാത്രമുള്ള ഈ കലാലയത്തിലെ ഒരു പാവം വിദ്യാർത്ഥിയ്ക്ക് ഒരു കൈബോംബു കരുതിയിട്ടുണ്ടെങ്കിൽ അതിലദ്ഭുതപ്പെടാനില്ല." ഇത്രയും പറഞ്ഞ് സ്ലോമോഷനിൽ നായകൻ തിരിഞ്ഞു നടക്കുമ്പോൾ സീൻ കട്ട് ചെയ്യാം."

സംവിധാ : "സബാഷ്, സബാഷ്, പിന്നെ ഒരു കാര്യം കൂടി. ഈ ശാർദ്ദൂലവിക്രീഡിതൻ ഭക്തനാണോ? വേറൊന്നും കൊണ്ടല്ല, ഭക്തി എന്നത് യുവതലമുറയെ സംബന്ധിച്ചിടത്തോളം ഒരു ഫാഷനാണ്. അതുകൊണ്ട് ചോദിച്ചതാണ്..."

തിരക്കഥ : "ഹ ഹ ഹ... (ചിരിക്കുന്നു) എന്ത് ചോദ്യമാണ് സാർ? നമ്മുടെ നായകൻ ശാർദ്ദൂലവിക്രീഡിതൻ പരമഭക്തനാണ് സാർ. അൻപത്തിരണ്ടാമത്തെ സീനിലെ ഉള്ളുരുകി പ്രാർത്ഥിക്കുന്ന ഈ നായകനെ നമുക്ക് ഭക്തിയോടെ മാത്രമേ സ്മരിക്കാനാവൂ. നോക്കൂ സാർ, ഇതൊരു ക്രെയിൻ ഷോട്ട് ആണ്. ഇലകൾക്കിടയിലൂടെ കാണാവുന്ന 'യു.പി' ബ്ലോക്കിൽ നിന്ന് ക്യാമറ താഴുമ്പോൾ മുകളിൽ നിന്ന് രണ്ടുമൂന്നു പടികൾ താഴോട്ടിറങ്ങി പടിഞ്ഞാറോട്ട് തിരിഞ്ഞു നിന്ന്. "എന്റെ ദൈവമേ എന്റെ ദൈവമേ, എന്റെ ജീവിതം ഈ മുരടിച്ച ഗാന്ധിമാവു പോലാക്കല്ലേ" എന്ന് ഉച്ചത്തിൽ പ്രാർത്ഥിക്കുന്ന നായകനെ കാണുമാറാകുന്നു. ക്യാമറ സൂം ചെയ്ത് നനവ് പടർന്ന കണ്ണുകളെ കാഴ്ച്ചപ്പുറത്തു കൊണ്ടു വരുന്നു, കട്ട് ചെയ്യുന്നു".

സംവിധാ : "കൊള്ളാം, എനിക്കിഷ്ടപ്പെട്ടു... ആട്ടെ, എത്ര സീനെഴുതി?

തിരക്കഥാ : "അറുപത് സീനെഴുതി സാർ. അൻപത്തിയൊൻപതാമത്തെ സീനിൽ യു.സി.കോളേജിന്റെ പൊന്നോമനപ്പുത്രനായ വില്ലൻ കഥാപാത്രം മാഗസിൻ എഡിറ്റർ നായകന്റെ വീട്ടിൽ വന്ന് മാഗസിനിലേയ്ക്ക് ഒരു പുതിയ കഥ എത്രയും പെട്ടന്ന് തരണമെന്നും അല്ലെങ്കിൽ ഈ ഭവനത്തിൽ ഒരു ഗുണ്ടാവിളയാട്ടം നടക്കുമെന്നും ഭീഷണിപ്പെടുത്തുന്നുണ്ട്."

സംവിധാ : ഈ ഭീഷണിയ്ക്കു മുന്നിൽ നായകൻ പതറുന്നുണ്ടോ?

തിരക്കഥാ : "കൊള്ളാം... നായകനീ ഭീഷണിയെ പുച്ഛിച്ചുതള്ളുകയാണ് ചെയ്യുന്നത്."

സംവിധാ : "ഹായ്! ഹായ്! ആട്ടെ. അറുപതാമത്തെ സീനെന്താണ്?"

തിരക്കഥാ : "രാത്രിയാണ് സാർ. നായകന്റെ കിടപ്പുമുറി. ടേബിൾ ലാമ്പിന്റെ വെളിച്ചത്തിലിരുന്ന് നായകൻ എഴുതുകയാണ്."

സംവിധാ : അയാളെന്താണ് എഴുതുന്നത്?

തിരക്കഥാ : അയാൾ കഥയെഴുതുകയാണ് സാർ.

●

# ഗ്രാംഷിയൻ ചിന്ത

സന്തോഷ്.കെ.പി.
അവസാന വർഷ എം.എ. ചരിത്രം

മാർക്സിസം-ലെനിനിസത്തിന്റെ വളർച്ചക്ക് മൗലിക സംഭാവനകൾ നൽകിയ മഹാനായ വിപ്ലവകാരിയാണ് അന്റോണിയോ ഗ്രാംഷി. ഇറ്റലിയിലെ അലെസ് എന്ന സാർദീനിയൻ ഗ്രാമത്തിൽ 1891 ജനുവരി 23-നാണ് അന്റോണിയോ ജനിച്ചത്. ദുരിതപൂർണ്ണമായ ബാല്യകാലം, ഗ്രാംഷി എന്ന തൊഴിലാളിവർഗ്ഗ വിപ്ലവകാരിയെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കു വഹിച്ചുവെങ്കിൽ ഗ്രാംഷി എന്ന സൈദ്ധാന്തികനെ രൂപപ്പെടുത്തുന്നതിൽ പ്രധാനമായും സഹായകമായത് ടൂറിൻ സർവ്വകലാശാലയിലെ ജീവിതമാണ്. ഇറ്റാലിയൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപക നേതാക്കളിൽ ഒരാളാണ് ഗ്രാംഷി. ഫാസിസത്തിനെതിരെ നിരന്തരം പോരാടി, മുസ്സോളിനിയുടെ ആധിപത്യത്തെ ചെറുത്തതിന് ഗ്രാംഷിക്ക് കിട്ടിയത് ഇരുപത് വർഷത്തെ തടവു ശിക്ഷയായിരുന്നു. ഗ്രാംഷിയെ വിചാരണ ചെയ്തുകൊണ്ട് ഫാസിസ്റ്റ് ഗവൺമെന്റിന്റെ അഭിഭാഷകൻ ആവശ്യപ്പെട്ടത് ഇങ്ങനെ: "ഈ തലച്ചോറിനെ ഇരുപത് വർഷത്തേക്ക് പ്രവർത്തിക്കാതാക്കണം." പ്രസ്തുത ആവശ്യം അംഗീകരിച്ച കോടതി ഗ്രാംഷിയെ ജയിലിൽ അടച്ചു. ജയിലിലായിരുന്ന കാലത്ത് ഗ്രാംഷി കുറെയേറെ കുറിപ്പുകൾ എഴുതുകയുണ്ടായി. ഗ്രാംഷിയുടെ മരണത്തിനുശേഷം 10 വർഷം കഴിഞ്ഞ് 1947ൽ ആണ് ഈ കുറിപ്പുകൾ പുറത്തുവരുന്നത്.

മാർക്സിസ്റ്റ് - ലെനിനിസ്റ്റ് സിദ്ധാന്തത്തെ ഇറ്റലിയുടെ മൂർത്ത സാഹചര്യങ്ങളുമായി ഇണക്കി അവതരിപ്പിക്കുന്നതാണ് ഗ്രാംഷിയൻ ചിന്തയുടെ കാതൽ. ഇറ്റലിയിലെ ഫാസിസത്തെ പരാജയപ്പെടുത്താൻ ജനങ്ങൾക്കു കഴിയും എന്ന വിശ്വാസമുണ്ടായിരുന്നു ഗ്രാംഷിക്ക്. കാരണം അദ്ധ്യാ

നിക്കുന്ന ബഹുജനങ്ങളും അവരുടെ സമരങ്ങളുമാണ് ചരിത്രത്തിന്റെ ഗതി നിർണ്ണയിക്കുന്നത് എന്ന ഭൗതികവാദത്തിന്റെ കാതൽ ഗ്രാംഷി മനസ്സിലാക്കിയിരുന്നു. ഗഹനമായ ചിന്തയിൽ വ്യാപരിക്കുമ്പോഴും ഗ്രാംഷി പ്രായോഗിക ബുദ്ധി കൈവിട്ടിരുന്നില്ല. പക്ഷേ, ആ പ്രായോഗികബുദ്ധി അനവസരത്തിലെ ഒത്തുതീർപ്പോ അപകടങ്ങളിൽ നിന്ന് ഓടിയൊളിക്കുന്ന അവസരവാദമോ ആയിരുന്നില്ല. ഗ്രാംഷിയുടെ കൃതികൾ ഇന്നും ലോകമെങ്ങുമുള്ള ചരിത്രകാരൻമാർ അവലോകനം ചെയ്തു കൊണ്ടിരിക്കുന്നു. ഗ്രാംഷിയുടെ കൃതികളിൽ കൂടെക്കൂടെ പ്രത്യക്ഷപ്പെടുന്ന പ്രയോഗങ്ങളാണ് 'സിവിൽ സൊസൈറ്റിയും' 'പൊളിറ്റിക്കൽ സൊസൈറ്റിയും'. 'സിവിൽ സൊസൈറ്റി' എന്നത് പൗരസമൂഹം എന്നും 'പൊളിറ്റിക്കൽ സൊസൈറ്റി' എന്നത് രാഷ്ട്രീയ സമൂഹം എന്നും വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു. രാഷ്ട്രീയ സമൂഹത്തെ നിലനിർത്തുന്ന മുഖ്യ ശക്തികൾ കോടതി, ജയിൽ, പോലീസ്, പട്ടാളം തുടങ്ങിയവയാണെങ്കിൽ പൗരസമൂഹം നിലനിൽക്കുന്നത് ബലപ്രയോഗമില്ലാതുള്ള നേതൃശക്തിയിലാണ്. പൗരസമൂഹത്തിൽ തൊഴിലാളി വർഗ്ഗ ഹെജിമനി(മേൽക്കോയ്മ) സ്ഥാപിക്കാനുള്ള ഉപാധിയാണ് പ്രത്യയശാസ്ത്രം. പ്രത്യയശാസ്ത്ര സങ്കല്പം ഗ്രാംഷിയൻ ചിന്തയിൽ വളരെ പ്രധാനമാണ്. പ്രത്യയമെന്നാൽ അർത്ഥം ആശയം.

ഗ്രാംഷിയുടെ ദർശനത്തിന് പൊതുവായി പറയുന്ന പേര് 'ഫിലോസഫി ഓഫ് പ്രാക്ടീസ്' (പ്രായോഗിക പ്രവർത്തനത്തിനുള്ള ദർശനം) എന്നാണ്. ഇത് ലാബ്രിയോളയുടെ ആശയങ്ങളിൽ നിന്നും ഗ്രാംഷി കടമെടുത്തതാണ്. മാർക്സിസ്റ്റ് ആശയങ്ങളുടെ അടിസ്ഥാനത്തിൽ പ്രായോഗിക പ്രവർത്തനങ്ങളിൽ നിന്ന് ഉയർന്നു നിൽക്കുന്ന ദാർശനിക നിലപാടിനെയും ദാർശനികവീക്ഷണത്തിൽ നിന്ന് അകന്നു നിൽക്കുന്ന പ്രായോഗിക പ്രവർത്തനത്തെയും തിരസ്കരിക്കേണ്ടത് തൊഴിലാളി വർഗ്ഗത്തിന്റെ കടമയാണെന്ന് ഗ്രാംഷി മനസ്സിലാക്കി. സമൂഹത്തിൽ ധൈഷണികരുടെ പ്രാധാന്യം ഗ്രാംഷി ഉൾക്കൊണ്ടു. സമൂഹത്തിന്റെ പുരോഗതിക്ക് നേതൃത്വം നൽകുന്ന വർഗ്ഗത്തിന്റെ വീക്ഷണങ്ങളുമായി സാമ്യം പ്രകടിപ്പിക്കുന്ന ധൈഷണികരെ ഗ്രാംഷി 'ഓർഗാനിക്' അല്ലെങ്കിൽ 'ജൈവം' എന്നു വിശേഷിപ്പിക്കുന്നു. മറിച്ചുള്ളവരെ 'പരമ്പരാഗത' മെന്നും. ഈ രണ്ടു വർഗ്ഗങ്ങൾ തമ്മിലുള്ള പോരാട്ടം വർഗ്ഗസമരത്തിന്റെ അവിഭാജ്യഘടകമായി ഗ്രാംഷി കണക്കാക്കുന്നു.

ധൈഷണികരെ സൃഷ്ടിച്ചെടുക്കുന്ന പ്രധാനരൂപമാണ് വിദ്യാഭ്യാസം. നല്ലൊരു വിദ്യാഭ്യാസരീതിയില്ലാതെ ധൈഷണികരെ സൃഷ്ടിക്കാനാകുകയില്ല. പൊതു വിദ്യാഭ്യാസത്തിനുള്ള അധ്യാപനത്തെ രണ്ട് ഘട്ടമായി ഗ്രാംഷി വിഭജിച്ചു. ആദ്യഘട്ടത്തിൽ കണക്ക്, ഭൂമിശാസ്ത്രം, ചരിത്രം തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കുന്നു. ഈ ഘട്ടത്തിൽ കാണാതെ പഠിക്കുന്ന രീതിയാണ് അഭികാമ്യം. രണ്ടാം ഘട്ടത്തിൽ അധ്യേതാക്കൾ സ്വയം പഠിക്കാൻ കഴിവുള്ളവരായിരിക്കണം. സർവ്വകലാശാലാ ഘട്ടമെത്തുമ്പോൾ വിദ്യാർത്ഥികളുടെ ധൈഷണിക നിലവാരം ഉയരുകയും സ്വയം ചിന്തിക്കാനുള്ള കഴിവ് വളർന്നിരിക്കുകയും വേണം.

ഇന്ത്യയിലെ ഗാന്ധിയൻ സമരമുറയെപ്പറ്റിയും ഗ്രാംഷി പരാമർശിക്കുന്നുണ്ട്. ബ്രിട്ടീഷ് ഭരണത്തിനെതിരെ ഗാന്ധി അംഗീകരിച്ച സമരമുറകളിൽ മൂന്ന് പ്രധാനരൂപങ്ങളുണ്ടെന്ന് ഗ്രാംഷി പറയുന്നു. ഒന്ന്- ആത്മരക്ഷയുടേത്. ഉദാ: വിദേശവസ്തു ബഹിഷ്കരണം, രണ്ട് - നേരിട്ടുള്ള സമരം. ഉദാ: പണിമുടക്കുകൾ, മൂന്ന് - രഹസ്യമായ ആയുധശേഖരണം (ഇത് ഗാന്ധിയൻ സമരത്തിന്റെ ഭാഗമല്ല. പക്ഷേ, ദേശീയ വിപ്ലവകാരികൾ സംഘടിപ്പിക്കുന്നതായതിനാൽ അതിനെ ഗാന്ധിയൻ സമരമുറയുടെ ഭാഗമായി ഗ്രാംഷി മനസ്സിലാക്കുന്നു).

ഗ്രാംഷിയൻ കുറിപ്പുകളിൽ ചിലത് കൈകാര്യം ചെയ്യുന്നത് അമേരിക്കൻ മുതലാളിത്തത്തിലെ ചില പ്രവണതകളെയാണ്. മുതലാളിത്തത്തിന്റെ ചില രൂപങ്ങൾ ഇറ്റലിയടക്കമുള്ള യൂറോപ്യൻ രാജ്യങ്ങളിലും പ്രകടമായിരുന്നു. പക്ഷേ, അമേരിക്കയും യൂറോപ്പും തമ്മിലുള്ള അന്തരം ഗ്രാംഷി പൂർണ്ണമായും ഉൾക്കൊണ്ടു. ഫ്യൂഡലിസത്തിന്റെ അംശങ്ങൾ യൂറോപ്യൻ രാജ്യങ്ങളിൽ പ്രകടമായിരുന്നപ്പോൾ അമേരിക്കയിൽ ഫ്യൂഡലിസത്തിന്റെ സൂചനപോലുമില്ലായിരുന്നു. അവിടെ മുതലാളിത്തം അതിന്റെ പൂർണ്ണ രൂപത്തിൽ വളർന്നു. ഫ്യൂഡൽ സമൂഹത്തിനില്ലാതിരുന്ന കാര്യക്ഷമത അമേരിക്കയിലെ മുതലാളിത്ത സമൂഹത്തിനുണ്ടായിരുന്നു. ഇറ്റലിയിലും ജർമ്മനിയിലും ഫാസിസം കൊടികുത്തിവാണ കാലത്ത് അമേരിക്ക സാമ്പത്തിക രംഗത്ത് പല പരീക്ഷണങ്ങൾ നടത്തുകയായിരുന്നുവെന്ന് ഗ്രാംഷി ചൂണ്ടിക്കാണിച്ചു. ഫാസിസ്റ്റ് മുന്നേറ്റത്തെപ്പോലെ തന്നെ ലോകതൊഴിലാളി വർഗ്ഗത്തിന് ആപത്ക്കാരിയാണ് അമേരിക്കൻ മുതലാളിത്തമെന്ന് ഗ്രാംഷി മനസ്സിലാക്കി.

നാൽപ്പത്തിയാറാം വയസ്സിൽ, 1937 എപ്രിൽ മാസത്തിൽ റോമിൽ വച്ച് അന്റോണിയോ ഗ്രാംഷിയുടെ ജീവിതം അവസാനിച്ചു. മുസ്സോളിനിയുടെ തടവിൽ ഗ്രാംഷി വളരെയേറെ പീഡനങ്ങൾക്ക് വിധേയനായി. ശാരീരികമായും മാനസികമായും തളർന്ന ഗ്രാംഷി ഇനി തനിക്ക് ഭീഷണിയല്ലെന്നു കണ്ട മുസ്സോളിനി തടവ് 10 വർഷമായി കുറച്ചു. പക്ഷേ, ശിക്ഷയിളവ് പ്രഖ്യാപിച്ച് ഒരാഴ്ച കഴിയുമ്പോഴേക്കും ഗ്രാംഷി ഈ ലോകത്തു നിന്ന് യാത്രയായി. മാർക്സ്, എംഗൽസ്, ലെനിൻ എന്നീ ത്രിമൂർത്തികൾക്ക് ശേഷം മാർക്സിസ്റ്റ് ദർശനത്തിന് ഇത്രയേറെ സംഭാവനകൾ നൽകിയ മറ്റൊരു വ്യക്തിയുണ്ടായിട്ടില്ല. അന്റോണിയോ ഗ്രാംഷി എന്ന മഹാനായ വിപ്ലവകാരിയുടെ ദർശനങ്ങൾ ഇനിയും വിശദമായി പഠനവിധേയമാക്കേണ്ടത് നമ്മുടെ സമൂഹത്തിന്റെ ആവശ്യമാണ്.

Source: ഗ്രാംഷിയൻ വിചാര വിപ്ലവം (ഇ.എം.സ്, പി. ഗോവിന്ദപ്പിള്ള)

Reference: കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ (കാറൽ മാർക്സ്, ഫെഡറിക് എംഗൽസ്).

# STRESS PROTEINS: MOLECULAR

**Dr. T. Thomas Philip,** Dept. of Zoology

All cells-from the simplest bacterium to the most specialised neuron-increase the production of a certain class of proteins immediately after encountering a stressor. These proteins protect the cells from the harmful effects of the stressor. The stressor may be an increase in temperature, a metabolic poison, an environmental contaminant, or any such noxious stimulus. Because so many different stressors elicit the expression of these proteins, they are called stress proteins (Sps).

Sps were first noticed in the 1960s by biologists studying gene expression in the fruitfly, *Drosophila melanogaster*, in response to heat shock. When the ambient temperature was increased, certain genes were deferentially activated to produce specific proteins. Hence, These proteins were called heat-shock proteins. Later studies showed that the same proteins were produced when stressors such as alcohol, heavy metals and other harmful substances were used instead of heat shock. The name, "Stress Proteins", was increasingly being used by scientists to describe these unique proteins. SP expression has since been demonstrated in cells growing in culture, in the tissues of feverish children, and in the organs of heart-attack victims, and cancer patients receiving chemotherapy.

An intriguing feature of SPs is that they are highly conserved across the wide array of organisms. For example, the DNA sequences for certain SPs are more than 70% similar among bacteria, yeast, and man. it is thought that Nature had conserved such high degree of similarity because of the immense advantage conferred upon organisms in coping with stress.

The naming of SPs is generally based on their molecular mass in kilodaltons. Basically, SPs are grouped into families; thus we have SP70, SP90, SP 100 families, as well as low molecular mass families such as SP 20.

Initially, it was thought that SPs were produced only in response to a stressor. But it is now known that several SPs are expressed in unstressed cells as well. The SPs, thus, are far more than just defensive molecules. Throughout the life of a cell, many of these proteins participate in essential metabolic processes such as protein assembly, protein trafficking, interactions between hormones and their receptors, and so on. Some SPs appear to orchestrate the activities of molecules that regulate cell growth and differentiation.

The exact mode of action of SPs in enabling cells to cope with stress is not quite clear. According to a prevalent model, it is the accumulation of denatured or abnormally folded proteins within cells following a stress event that initiates a stress response. The SPs, through various mechanisms, facilitate the identification and removal of such abnormal proteins from the traumatized cell. Some SPs (e.g. SP 60) serve as "work benches" to bring back the abnormally folded proteins to their correct three-dimensional configuration. Some others (e.g. Ubiquitin) are involved in "marking" those irretrievably damaged proteins for removal from the cell.

Scientists are only beginning to realize the practical applications of the SPs. One area is Medicine. Victims of heart-attack or stroke suffer from ischaemia, a condition where the delivery of blood

# CHAPERONES OF THE STRESS RESPONSE

to the heart or brain is compromised. This causes deprivation of oxygen to these organs. When blood flow is restored, the ischaemic organ is rapidly reoxygenated- but this too can be harmful, as there is generation of highly reactive molecular species known as free radicals that can do further damage to the tissues. Researchers have observed the induction of SPs in both the heart and brain after brief episodes of ischaemia and reperfusion. The magnitude of the response appears to correlate directly with the relative severity of the damage. Clinicians are therefore examining the utility of using changes in SP levels as early indications for tissue and organs injury. Also, raising the levels of appropriate SPs, perhaps by pharmacological agents, may provide protection to injured tissues and organs. Such a therapeutic approach might reduce the trauma of tissue damage during surgery, or help to safeguard isolated organs for transplantation which often suffer form ischaemia and reperfusion injury.

Another exciting application concerns the role of SPs in immunity and infectious diseases. Immunologists have found that the SPs produced by a variety of infectious agents such as the malarial parasites, tuberculosis bacterium, and leprosy bacterium, are often the major antigens that trigger the immune response of the host. If the SPs of these pathogens can be produced in the laboratory by recombinant DNA techniques, they may have enormous potential as vaccines that protect against such diseases.

Immunologists are also intrigued by a connection between SPs and certain auto immune diseases such as rheumatoid arthritis and systemic lupus erythematosus. In such diseases antibodies against the patients' own SPs are sometimes observed. If these observations are confirmed on a large number of patients, they may prove helpful in the early diagnosis and successful treatment of these diseases. Toxicologists are exploring the potential use of SPs in their own field. Changes in the levels of SPs in traumatized cells may be helpful for assessing the toxicity of drugs, cosmetics, food additives and other products.

Molecular biologists have constructed "stress-reporter" cells, and organisms (e.g. worms and fruitflies) whose DNA sequences activating SP expression are linked to a reporter gene that encodes an enzyme. When such cells or organisms experience stress and produce SPs, the reporter enzyme is also produced, which can be detected easily by colour reactions. Since the intensity of the colour developed is directly proportional to the level of the enzyme in the cell, it is also an indicator of the intensity of the stress response. Such cells and organisms are now being used to assess teratogens (substances that cause abnormal foetal development) and environmental pollution levels. It is amazing that the SPs, discovered rather serendipitously in the 1960s as mere molecular oddities, have, in the subsequent three decades, become the focal point for such active and vital research. I think we have only just begun to realize the importance and implications of these molecules in the day-to day lives of organisms.

●


A Shop for men
AERO-LINE
NEW BASIC
THE HIGH OF PASSION
Jeans,
T. Shirts,
Cotton Shirts
Cotton pants
Track pants etc...
CAMPUS
COLLECTIONS
St. George Shopping Complex, Pump Junction, R.S. Road.
Aluva- 683 101., Ph: Res: 626176, Shop: 622183 P.P.

# Come Together

**Ben Larson, USA**

*[Ben Larson served at U.C. College for one year in '98-'99 as a Young Adult Volunteer of the Presbyterian Church (USA). He came to the college through the Community Development Internship Programme of the CHP&CD. While here, he was an office assistant to the Principal, working with the NAAC self-study process and helping to establish connections with the Association of Presbyterian Colleges and Universities (USA). While not in the office, he could be seen preaching in the Chapel, singing in the Christmas Carol Choir, or enjoying with the guys in Chacko Hostel.]*

*My one year here at U.C. College is just about over. During that time, several of you have asked me how I feel about this college, and I have been accused of soaping more than once as I simply smile and say, "Fine." So, now I would like to take this opportunity to elaborate on that 'fine.' It's damn fine. I firmly believe that this college earned every point on each of its NAAC five stars. No doubt about it. Of course, it isn't perfect. (I'm not sure anything human is.) But, there are some great things happening here. This is a college where teachers are trying to breathe life into a traditional and restrictive curriculum. This is a college where the administration is trying to find innovative areas of education in the midst of a rigid, beaurocratic system. This is a college where excellent students are striving to learn and find their meaning in life.*

*Of course, there is always room for improvement. When NAAC comes back in five years, you all will have to work extra hard to keep those five stars. But, forget about NAAC. Why not do it for yourselves? This is your college, after all. What does this college need – what can you help the college achieve – that will enable it to provide a better education for all the students?*

*So many people have shared with me the glorious past of the college, when the hostels were full and when the campus was bursting with activity. I understand that much has changed in the college and the society since that day, but the college is trying to hold onto its hostels to capture some of that early campus spirit. It seems like the college should evaluate whether its hostels are actually contributing to the lives of the students and to the campus community as a whole. How are the girls supposed to grow and contribute to the campus if they are so over-supervised that they need permission or an escort to go anywhere, except for class? Seemingly on the other extreme, how are the boys supposed to grow and contribute to the campus if they are given little supervision or opportunities for constructive socializing? How can both groups be expected to learn when they are housed in old or cramped buildings? The college must make a decision. If the college wants to keep the hostels, there should be a financial commitment from the administration and a personal commitment from the faculty. If the commitment is not there, then there is no use in keeping them. By keeping them open with such minimal commitment, the college may actually be doing the opposite of what it intends.*

*Of course, the teachers and administrators are busy with a number of responsibilities. How can you – the students – help them in improving the college community? You have to come together. It's as simple as that. Come together. As an organized group, you can make things better here. All it takes is commitment and people coming together to make their voices heard.*

*And, the great thing about coming together is that it is fun. Not only will you make this place better, but also you can enjoy. Why rush back to your homes*

*immediately after class is over? Stick around for a while. Enjoy your friends here. Better yet, make a few new friends. Why not play a sport or join a club? Why not start a new sport or club here? For example, this college is chock full of talent. Why is this celebrated only during the Arts Festival? Why not start an Arts Club that has performances throughout the year? Why not find other ways to share and learn from each other? What about a discussion group to debate the latest hot topics in our world? Vajpayee, Clinton, Sharif, Lewinsky. What about a regular college newspaper to publish your thoughts? But, forget about my ideas, you know what this college needs. Come together – to have fun, to share your ideas, to make a change, to enrich the community. Whether it is in the Chapel, the Cricket Court, or the Canteen, come together. In fact, that's what community means.*

*Those are some of my perspectives which are, hopefully, a fresh way of looking at things. By coming here – coming together with you – I have been given all kinds of new perspectives and experiences. You have told me, more than once, what you think about my culture. As negative as some of your opinions are, I appreciate them as they give me a new perspective on my culture, as well as the values of your culture. I've also learned a brand new sport – cricket. If only the national team could live up to its country's enthusiasm! I have learned so many new tastes from Upuma to Pazhampori to Gobi Manchuri...yum! And, I have met many new people. I have had so many opportunities to learn and share. I have made so many strong relationships, and that is probably the most important thing about my time here at the college. I will keep them in my heart until the day I die. They have broadened my horizons and given me new perspectives. And, as I walk along the campus or down the street at our little junction, it is quite a feeling to share 'hellos' with all of the people I have connected with in some way or another.*

*Speaking of walking down the street, allow me to shift topics, just slightly. The other day, I came upon a scene I had never seen before – a goat had just given birth to a kid, right in the street in front of the college gate. The baby was struggling to stand, and the momma was licking the afterbirth, as the two were still connected by the umbilical cord. As this was my first time seeing such a thing (only farmers get this opportunity back home), I was in awe watching this miracle of life unfolding. All of a sudden, the scene abruptly ended as owner of the goat dumped the baby in an old box and took it home.*

*Born on the street, thrown in a box, welcome to Life.*

*Seeing the miracle/harshness of life for that goat, I couldn't help but think how many children – in this land and throughout the world – are born on the streets everyday. (With no one to throw them into a box and take them home.) Being born, struggling to live, and dying...on the street.*

*Does our world come together to help solve these problems?*

*No. We would rather stay apart. In fact, we will kill to stay apart. Instead of finding solutions to these challenges, it seems our world is too busy fighting wars. People are fighting everywhere. I can't simply point the finger at the U.S., as so many around the world do. Sure, we are the biggest war machine. No doubt about it. Just look at Iraq, Kosovo, Somalia, Panama, Viet Nam, etc. But there are lots of other people in lots of different places around the world busy killing each other. Sri Lanka, Colombia, Northern Ireland, the Congo...Kargil. As of this writing, it seems as though India has won the Kargil conflict, and the whole country is swelling with pride and praising the valor and patriotism of the jawans. Despite all the praise and support for these heroes, we can't help but see the faces of mourning widows and refugees in the papers. Yep, that is war for you...men die, women cry, and people still sleep on the street.*

*Why am I – a volunteer office assistant from the U.S.A. – sharing these thoughts with you? Well, because it is our world – both yours and mine – and we have to decide what kind of world we want it to be. Sometimes we can get a little insulated, comfortably secluded in the difficulties and problems of our own little worlds. It's as true for the U.S. as it is here. Yep, in that land of milk and honey, the land of endless money, we got problems (and they aren't funny). Drugs, racial issues, family problems, gang*

# വീഥി


**മീര എ. എസ്.**
അവസാനവർഷ ഊർജതന്ത്രബിരുദം


പൊയ്പ്പോകും കാലത്തിന്റെ
പിന്നാലെപ്പായും നമ്മൾ
കാലത്തിൻ പോക്കിൽ, നോക്കിൽ
വഴിയരികിൽ കാണാതാവും.
ആൽത്തറയിൽ കൂടിച്ചേരാം
സ്മൃതികളുമായ് വിശ്രമിക്കാം.

*violence, guns in our schools, and, yes...people living on the streets. The problems that we face may be as challenging and difficult as the problems you face.*

*But, it is becoming more and more clear to me that our lives are intricately, but intimately, connected with others around our world. Whether we know it or not, every tree that is cut, every woman that is raped, every child that dies of starvation affects our lives. And, the lifestyles we lead and the decisions we make affect people all over the world. We, the American people, who have much more power than we actually realize, have an important part to play in this equation. We can influence the world; in fact we are influencing the world. The question is, how? I'm sure that some of you have some strong opinions about this. But, what about India? India can't help but affect the current world situation. Is India blindly following the U.S.? How are our choices – for cars, TV's, comforts (things, things, things) – affecting our families, our communities, our world?*

*As I write this, I recognize that, ultimately, words mean very little. It's what we do that matters...what we choose, how we live, what we work for. But, we can only act on our perspectives. That's where words matter a lot. Our perspectives come from our experiences – our interactions. If our interactions are limited, so will be our perspectives. And, if our perspectives are limited, so will be our ability to face the challenges of our increasingly complicated world. If we want to make this campus a little better, we have to come together. If we want to make our world a little better, we have to come together. It's as simple as that.*

*This is where you are lucky. In a few months, you will have the chance to come together with students from the U.S. You will have a rare chance to learn new perspectives and broaden their horizons by sharing your perspectives. Talk with them. Learn from them. Share with them. Come together.*

*Who knows? Your campus and your world might be a little better for it.*

# അവസ്ഥാന്തരം

ഒരു പഴയരാവ് കൂടൊഴിയുന്നു, പിന്നെയും
ഇരുളുറയുന്ന പകലുകൾ മാത്രം...
അടച്ചിട്ട വാതിലുകളിൽ കാലത്തിന്റെ കരച്ചിൽ
പിന്നിട്ട വഴികളിൽ ഹൃദയത്തിന്റെ ഞരക്കം.
നിരർത്ഥമായ വിശ്വാസപ്രമാണങ്ങൾ
പരാജയപ്പെട്ട ജീവിതാദർശങ്ങൾ
എല്ലാം ചേർന്ന് ഹൃദയത്തിൽ–
ഒരു കുരുക്കാകുന്നു, ഹൃദയം കേഴുന്നു.
മാറാല പിടിച്ച ജീവിതത്തിൽ
നരിച്ചീറുകൾ ചിലയ്ക്കുന്നു.
പുലരി, മനസ്സിലുണരുന്ന കിനാവിന്റെ
ചിതലരിച്ച വെളിച്ചം മാത്രം.
ശൂന്യമായ വരാന്തകളുടെ മൂലയിൽ
മൗനം മണം നിറയ്ക്കുന്ന മുറികളിൽ
ചിന്തകൾ വലയം ചെയ്യുന്ന ഒറ്റപ്പെടലുകളിൽ
എന്റെ നഷ്ടജന്മത്തെ പഴിയ്ക്കുകയാണു വൃഥാ.
ആത്മാവിന്റെ നീറ്റലുകളിൽ, മനസ്സ്
ഈയാംപാറ്റയെപ്പോൽ പിടയുമ്പോൾ
വ്യർത്ഥമാണെങ്കിലും ഓർമ്മിക്കുവാനായ്
ഒരു തലോടലിനായ് ഞാൻ കാത്തിരിക്കുന്നു.
ഒരു തന്തുവിനാൽ ഞാനെന്റെ
പിടയുന്ന മനസ്സു ബന്ധിക്കാം.
എന്റെ ഹൃദയത്തിലുണരുന്ന കിനാക്കളെ
കരിയാതെ, കൊഴിയാതെ കാക്കാം.
അപ്പോഴും,
ഹൃദയങ്ങളിലല്പം കുളിരേകുവാൻ,
ഒരേകാന്തപഥികനായ്,
തുടരുമീ യാത്ര, ഞാനെന്റെ
ആത്മാവണയും വരെ.

ശ്രീജ എസ്., രണ്ടാം വർഷ പ്രീ-ഡിഗ്രി

# SHE ...?

**Lals Oommen M.,** I PDC, III Group.

She was in love with me from childhood. I think I have spent more than one fourth of my life in her sweet company. She is so bold that she often comes to meet me at home. But I told her not to come to me during day time. She agreed and after that she started coming only during night. One day I was very surprised when she came to me in the classroom, our teacher Mr. Tom said to me" If you cannot live without her you should go out of the classroom" and I decided not to give any lift to her. So I turned towards the canteen and ordered a cup of tea. She tried to persuade me, but all in vain. She had to go away.

At night, I was waiting for her. I missed her very much. I thanked God when she came, she came very late. so I did not allow her to leave me early in the morning. It was 9.30 AM. My father caught me red-handed in her sweet company. He got angry and slapped my face hard. She had to go at once. I felt very ashamed and could not say anything.

Can you guess her identity? She was not someone in flesh and blood. She was my dear... Sleep.

---

# PADDY

**Rejeesh Georgre,**
II PDC, I Group

Strolling through the paddy fields,
Glancing the dancing dainty plants,
Farming curly waves on waves,
Playing symphony in the blowing breeze,
Sparkling and glittering in the debonair rays.
Bathed in the golden beams of an orange sun.
A big green carpet sprinkled with golden dust
Showered rays of peace and love.
Stand they as embodiment of fellow-feeling
Chanting songs of love unstained with hate
Germinating, nourishing and decaying
For satisfaction and perfection of all.

HOLLYWOOD™
JEANS

SUNNEX
JEANS

STURDY™
JEANS

Live-In
JEANS

LF

TRIGGER

# Lucky Fabrics

DEALERS IN MEN'S WEAR

CARMEL CENTRE, R.S. ROAD, ALUVA - 683 101.
PH: (SHOP): 623462, RES: 624548

Premier™

Live Italia

Van Basten™
EUROPEAN

Best WAIST
BASIC JEANS

# ചെയർമാൻ എഴുതുന്നു...

## എത്രയും സ്നേഹം നിറഞ്ഞ യു.സി.യിലെ വിദ്യാർത്ഥികളോട്

പ്രിയപ്പെട്ട കാംപസ് നിമിഷങ്ങളും നിങ്ങൾ നൽകിയ അംഗീകാരങ്ങളും എല്ലാം മനസിൽ സൂക്ഷിച്ചുകൊണ്ട് നിങ്ങളോടുള്ള തീർത്താൽ തിരാത്ത കടപ്പാടുമായി ഞാൻ ഈ കാംപസിന്റെ പടിയിറങ്ങുകയാണ്. ഇവിടത്തെ തണലുകളിലൂടെ, വെയിലുകളിലൂടെ, ചിരികളിലൂടെ, വേദനകളിലൂടെ മൂന്നുവർഷം ഞാനും നിങ്ങളോടൊപ്പം -

പ്രിയരേ, ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഒരു കാര്യം തുറന്നെഴുതേണ്ട സമയമായി. ഇന്റർനെറ്റിനെയും എൻട്രൻസിനെയും സ്നേഹിക്കുന്ന നമ്മുടെ സഹപാഠികൾ അടുത്തിരിക്കുന്ന കൂട്ടുകാരനെയോ കൂട്ടുകാരിയെയോ സ്നേഹിക്കുമ്പോൾ മാത്രമേ പാരമ്പര്യത്തിന്റെ മഹത്വം അവകാശപ്പെടുന്ന നമ്മുടെ കാംപസിന് അത് നിലനിർത്താൻ കഴിയൂ.

ചിരികളെ മാത്രം സ്നേഹിക്കാതെ നമ്മുടെ രാജ്യത്ത് നിറഞ്ഞുനിൽക്കുന്ന വിദ്യാഭ്യാസപ്രശ്നങ്ങളെയും പ്രതിസന്ധികളെയും കുറിച്ച് ചർച്ച ചെയ്യാൻ കുറച്ചുസമയം നീക്കിവയ്ക്കണം.

വിദ്യാർത്ഥി യൂണിയനിലേക്കുള്ള തിരഞ്ഞെടുപ്പുകൾ ഒരിക്കലും നിറഞ്ഞ പുഞ്ചിരിയുമായി ഐസ്ക്രീം വിളമ്പുന്ന വേദികളാവരുത്. ഇത് ഗൗരവമായിത്തന്നെ കാണണം. തിരഞ്ഞെടുപ്പുകളിൽ വിദ്യാർത്ഥികളുടെയും രാജ്യത്തിന്റെയും സമൂഹത്തിന്റെയും പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഇത്തരം വേദികളിൽ വിദ്യാർത്ഥിസംഘടനകളുടെ അഭിപ്രായങ്ങൾ തുറന്നുപറയുക തന്നെ വേണം.

നിങ്ങൾക്കെല്ലാം ഒത്തിരി ആശംസകൾ നേരുന്നു.

*എന്ന് ചെയർമാൻ*
***മനോജ് ജി. കൃഷ്ണൻ***



# മഹാത്മാവിന്റെ ചിത്രം

**വിപിൻചന്ദ്,** മൂന്നാം വർഷ രസതന്ത്രബിരുദം

**ഞാൻ** യു.സി. കോളേജിലേയ്ക്ക് ആദ്യമായി കയറിവന്ന ദിവസം – ഒരു അസായ്പ്വേഷത്തിൽ എന്റെ കൂട്ടുകാരനോടൊപ്പം ചരിത്രങ്ങൾക്ക് സാക്ഷിയായി, ഒട്ടേറെ പ്രമുഖരെ ദർശിച്ചിട്ടുണ്ടെന്ന അഹങ്കാരത്തോടെ തലയുയർത്തിനില്ക്കുന്ന കച്ചേരിമാളികയ്ക്ക് മുന്നിൽ വന്നുനിന്നു. യു.സിയിൽ പ്രീഡിഗ്രി വിദ്യാഭ്യാസം പൂർത്തിയാക്കിയ സുഹൃത്തിനോട് ഞാൻ ചോദിച്ചു: 'എവിടെയാണ് ഗാന്ധിജി നട്ടമാവ് നില്ക്കുന്നത്?' അവൻ എന്നെ ഒരു മാവ് ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു: 'അതാണ് ഗാന്ധിമാവ്'. ഞാൻ അതിശയത്തോടെ ചോദിച്ചു: 'അതോ'? അതെ, ഞാൻ വിചാരിച്ചതുപോലെ പടർന്നു പന്തലിച്ച മാവായിരുന്നില്ല അത്. പക്ഷേ ഇന്നും യാതൊരുവിധ കേടുപാടുകളും സംഭവിക്കാതെ ആ മാവ് അവിടെ നില്പുണ്ട്. ഗാന്ധിജിയുടെ ആദർശങ്ങൾ ഇന്നും നമ്മുടെയെല്ലാം മനസ്സിൽ യാതൊരുവിധ കേടുപാടുകളും സംഭവിക്കാതെ നില്ക്കുന്നു. പക്ഷേ സ്വാർത്ഥതയുടെ പുകമറ ആ ആദർശങ്ങളുടെ വളർച്ചയെ മുരടിപ്പിച്ചിരിക്കുന്നു. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കൈപ്പിടികളിൽ നിന്ന് എഴുപതുകോടിയോളം വരുമായിരുന്ന ജനപദത്തേയും അവരുടെ ഭൗതികാദ്ധ്യാത്മികസമ്പത്തുകളേയും മോചിപ്പിക്കാൻ സഹിച്ച ആ ആദർശങ്ങളെ പുകമറയിൽനിന്നു മോചിപ്പിക്കാൻ ആധുനികഭാരതത്തിന് കഴിയുമോ?

ആദർശങ്ങളും തത്വചിന്തകളും പുസ്തകങ്ങളിലും പ്രസംഗങ്ങളിലും ഒതുക്കുന്ന തത്വചിന്തകന്മാരുടെ കൂട്ടത്തിലായിരുന്നില്ല ഗാന്ധിജി. അദ്ദേഹം തന്റെ ആദർശങ്ങളെ തന്റെ ജീവിതത്തിലൂടെ കാട്ടിത്തരുകയായിരുന്നു. അതുകൊണ്ടുതന്നെയാണ് ഗോപിനാഥ് ദീക്ഷിത് അഭിപ്രായപ്പെട്ടത് – 'മാർക്സ് കമ്മ്യൂണിസത്തിന്റെ തത്വജ്ഞാനി മാത്രമാണെങ്കിൽ ഗാന്ധിജി തന്റെ തത്വശാസ്ത്രത്തിന്റെ പ്രണേതാവും പ്രയോക്താവുമായിരുന്നു'. തന്റെ 25-ാം വയ

സ്സിൽ തുടങ്ങിയ സമരനിബിഡമായ ജീവിതം ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കുശേഷവും അവസാനിച്ചിരുന്നില്ല. 1947 ആഗസ്റ്റ്-14 ന് അർദ്ധരാത്രി ന്യൂഡൽഹിയിലെ പാർലമെന്റ് മന്ദിരത്തിൽ അധികാരക്കൈമാറ്റച്ചടങ്ങുകൾ ആഡംബരപൂർവ്വം നടക്കുന്ന സന്ദർഭത്തിൽ പോലും ഗാന്ധിജി അന്ധകാരത്തിൽ അകപ്പെട്ട, വർഗ്ഗീയ കലാപമുണ്ടായ കൽക്കട്ടയിലെ നവഖാലി തെരുവുകളിലൂടെ ആശ്വാസത്തിന്റെ അമൃതരശ്മികൾ വർഷിച്ചുകൊണ്ട് സഞ്ചരിക്കുകയായിരുന്നു. അധികാരത്തിന്റെ പുറകേ പോകാൻ ആ മഹാത്മാവ് ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. അധികാരലഹരിയും മദ്യലഹരിയും വർജ്ജ്യമാണ് എന്ന് അദ്ദേഹം തന്റെ പെരുമാറ്റത്തിലൂടെ കാണിച്ചുതരികയായിരുന്നു. രണ്ട് ഭൂഖണ്ഡങ്ങളിൽ ഒരേ ശക്തിക്കെതിരായി യുദ്ധം നയിച്ച് വിജയം കൈവരിച്ച ഗാന്ധിജി തെക്കേ ആഫ്രിക്കയിലും ഭാരതത്തിലും ഉപയോഗിച്ച യുദ്ധായുധങ്ങൾ ഒന്നുതന്നെയായിരുന്നു, സത്യവും അഹിംസയും. ഗാന്ധിജിക്കെതിരെ അണിനിരന്നത് സായുധരായ വെള്ളക്കാരുടെ ശമ്പളം പറ്റുന്ന പട്ടാളക്കാരായിരുന്നെങ്കിൽ ഗാന്ധിജിയോടൊപ്പം ഉണ്ടായിരുന്നത് ശമ്പളം പറ്റാത്ത, ജീവൻ ബലികഴിക്കാൻ യാതൊരു മടിയുമില്ലാത്ത സന്നദ്ധഭടന്മാരായിരുന്നു. അവരുടെ കൈയിലുണ്ടായിരുന്ന ആയുധങ്ങൾ സത്യവും അഹിംസയും മാത്രമായിരുന്നു. അവരെയാണ് നാം ഗാന്ധിയന്മാരെന്ന് വിളിച്ചതെങ്കിൽ ഇന്ന് ആ വിളികൾക്ക് പുതിയ അവകാശികൾ ഉണ്ടായിരിക്കുന്നു. സർക്കാരോഫീസുകളിൽ ഇവരുടെ എണ്ണം ദിനം പ്രതിവർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഇവരുടെ ഇടയിൽ ചിലർ വലിയ ഗാന്ധിയന്മാരെന്നും ചിലർ കൊച്ചുഗാന്ധിയന്മാരെന്നും അറിയപ്പെടുന്നു. വലിയ ഗാന്ധിയന്മാരെക്കൊണ്ട് എന്തെങ്കിലും കാര്യം സാധ്യമാക്കാൻ ഗാന്ധിച്ചിത്രം പതിഞ്ഞ വലിയ നോട്ട് വേണ്ടിവരും (500 രൂപ). കൊച്ചുഗാന്ധിയന്മാർക്ക് ഗാന്ധിചിത്രം പതിഞ്ഞ ചെറിയ നോട്ട് മതിയാവും (100 രൂപ).

ഗാന്ധിയൻ രീതികളിലൂടെ സഞ്ചരിക്കാൻ ബുദ്ധിമുട്ടാണ് എന്നത് ഒരു ന്യായീകരണമല്ല. കാരണം അദ്ദേഹം തന്റെ രീതികൾ പ്രവൃത്തിയിലൂടെയാണ് കാട്ടിത്തന്നത്. പക്ഷേ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം നാം ഗാന്ധിയൻ ദർശനങ്ങളെ പരിപൂർണ്ണമായി ഉപേക്ഷിച്ചു. ഗാന്ധിജിയുടെ പ്രിയതോഴനായ ജവഹർലാലിനു പോലും ഗാന്ധിമാർഗ്ഗത്തിൽ നിന്ന് വ്യതിചലിക്കേണ്ടിവന്നു. രാഷ്ട്രപുരോഗതി നേടുന്നതിന് ഗാന്ധിയൻ മാർഗ്ഗങ്ങളിൽ നിന്ന് വ്യതിചലിക്കണം എന്ന് അദ്ദേഹം വിശ്വസിച്ചിരിക്കണം. പിന്നീട് നമ്മുടെ അയൽരാജ്യങ്ങളിൽ നിന്നുള്ള ഭീഷണികൾ നമ്മെ അണ്വായുധനിർമ്മാണത്തിലേക്കും ഒന്നാംകിട രാജ്യമാകാനുള്ള വ്യഗ്രതയിൽ ഉപഭോഗസംസ്കാരത്തിലേക്കും എത്തിച്ചു. അങ്ങനെ ഗാന്ധിദർശനങ്ങളിൽ നിന്നുള്ള വ്യതിയാനങ്ങൾക്ക് നാം കാരണങ്ങൾ കണ്ടുപിടിക്കുകയായിരുന്നു. പക്ഷേ ഗാന്ധിജിയുടെ സ്വപ്നമായിരുന്ന അധികാരവികേന്ദ്രീകരണവും അതുവഴിയുള്ള ഗ്രാമപുരോഗതിയും ഇന്നും രാജ്യത്ത് നടപ്പാക്കാനാവാത്തതിന് നാം എന്തുകാരണമായിരിക്കും കണ്ടുപിടിക്കുക? കേരളംപോലുള്ള സംസ്ഥാനങ്ങൾ അധികാര വികേന്ദ്രീകരണം നടപ്പാക്കിയപ്പോൾ യഥാർത്ഥത്തിൽ നടപ്പാക്കിയത് അഴിമതിയുടെ വികേന്ദ്രീകരണമല്ലേ? അഴിമതി സാർവ്വത്രികമായി മാറിയതിന് നാം എന്തു കാരണമാണ് പറയുക? ഒരു ഡസനോളം അഴിമതിക്കേസുകളുമായി ഒരു മുൻപ്രധാനമന്ത്രി പ്രതിക്കൂട്ടിൽ നിൽക്കുന്നു. അഴിമതിക്കാരെക്കൊണ്ട് രാഷ്ട്രീയം നിറഞ്ഞിരിക്കുന്നു. സിംഹങ്ങൾ മാത്രമായിരുന്ന രാഷ്ട്രീയസാമ്രാജ്യത്തിൽ ഇന്ന് എലികളും കുറുക്കന്മാരും പെരുകുമ്പോൾ സിംഹങ്ങൾ വിരലിലെണ്ണാൻ മാത്രമായി മാറുന്നു. കാർഷികമായി ഇനിയും സ്വയം പര്യാപ്തത നേടാനാകാത്ത കേരളം പോലുള്ള സംസ്ഥാനങ്ങൾ മദ്യോല്പാദനരംഗത്ത് സ്വയം പര്യാപ്തത നേടാൻ ശ്രമിക്കുമ്പോൾ അതിന് നാം എന്തുകാരണമാണ് ചൂണ്ടിക്കാണിക്കുന്നത്? മദ്യവിമുക്തഭാരതത്തിനു വേണ്ടി നിലകൊണ്ട, അഴിമതിരഹിതരാഷ്ട്രീയത്തിനായി പ്രവർത്തിച്ച ഗാന്ധിജിക്കുവേണ്ടി അദ്ദേഹത്തിന്റെ 50-ാം ചരമവാർഷികം ആചരിക്കുമ്പോൾ ഭാരതമക്കൾ സമർപ്പിക്കുന്ന ആദരാഞ്ജലിയാണോ ഇതെല്ലാം?

ഇന്ന് ഗാന്ധിസത്തിന്, എന്തിന് ഗാന്ധിജിക്ക് തന്നെ വിലയില്ലാതായി മാറിക്കൊണ്ടിരിക്കുന്നു. ചരിത്രങ്ങൾ മാറ്റിയെഴുതാൻ വെമ്പൽ കൊള്ളുന്നവർ ഗാന്ധിജിക്ക് പുതിയ പരിവേഷങ്ങൾ നൽകി ഇന്ത്യൻ സ്വാതന്ത്ര്യചരിത്രത്തിൽ നിന്നുതന്നെ മാറ്റിനിർത്താൻ ശ്രമം നടത്തിയേക്കാം. നാളത്തെ തലമുറയുടെ മനസ്സിൽ അവർ വരച്ചു കൊടുക്കുന്ന ചിത്രങ്ങൾ ഒരു രാജ്യദ്രോഹിയുടേതായിരിക്കാം. ഇന്ന് ഇന്ത്യയുടെ പലഭാഗങ്ങളിലും ഗാന്ധിജിയെ രാജ്യദ്രോഹിയായി ചിത്രീകരിച്ചും ഗാന്ധിജിയുടെ ഘാതകനായ നാഥുറാം ഗോഡ്സെയെ ന്യായീകരിച്ചും ലേഖനങ്ങൾ പുറത്തിറങ്ങുകയും തെരുവുനാടകങ്ങൾ അരങ്ങേറുകയുമാണല്ലോ.

വർത്തമാന കാലസത്യയുഗത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഗാന്ധിസത്തെ ഇഷ്ടമുള്ളവർ സ്വീകരിക്കട്ടെ, ഗാന്ധിയൻ മാർഗ്ഗങ്ങളെ പുരോഗതിക്ക് തടസ്സമായിക്കണ്ട് ഭരണവർഗ്ഗം മാറ്റിനിർത്തിക്കൊള്ളട്ടെ, ഗാന്ധിയെ രാഷ്ട്രപിതാവായി അംഗീകരിക്കാൻ മടിയുള്ളവർ അംഗീകരിക്കാതിരിക്കട്ടെ. പക്ഷേ, ഗാന്ധി എന്ന മഹാത്മാവിനെ, അദ്ദേഹം മോചിപ്പിച്ചെടുത്ത ഈ ഭാരതമണ്ണിൽ വച്ച് തേജോവധം ചെയ്യുവാനുള്ള ശ്രമത്തെ എന്തുവിലകൊടുത്തും തടഞ്ഞേ മതിയാവൂ. അദ്ദേഹത്തിന്റെ ജീവൻ സംരക്ഷിക്കാൻ നമുക്ക് കഴിഞ്ഞില്ല. പക്ഷേ, വ്യക്തിത്വത്തെ നിറംമങ്ങിപ്പിക്കാനുള്ള ഏതു ശ്രമത്തെയും നമുക്ക് തടയണം. വരാൻ പോകുന്ന തലമുറകളെ നമുക്ക് വിശ്വസിപ്പിക്കാൻ കഴിയണം 'ഗാന്ധിയെന്ന മഹാത്മാവ്' ഇവിടെ ജീവിച്ചിരുന്നെന്ന്. അദ്ദേഹമാണ് ഇന്ത്യയെ അടിമത്തത്തിൽ നിന്ന് മോചിപ്പിച്ചതെന്ന്.

# സോഷ്യലിസത്തിന് ഒരു വിയോജനക്കുറിപ്പ്

**ലിഷ ജോസ്,** ഒന്നാം വർഷ പ്രീഡിഗ്രി തേർഡ് ഗ്രൂപ്പ്

ദാരിദ്ര്യം തലയിലെഴുത്താണെന്ന് വിശ്വസിച്ചു മയങ്ങിയിരുന്ന തലമുറകൾ മൺമറഞ്ഞു. സമുദായത്തിന്റെ സിംഹഭാഗവും പട്ടിണിയിലും പരാധീനതയിലും നട്ടംകറങ്ങുന്നതു സമുദായസംഘടനയുടെ വൈകല്യത്താൽ ആണെന്നും സമുദായത്തിന്റെ ഉറുവം ഉടച്ചുവാർത്താൽ സമൃദ്ധിയും സമത്വവും സമാഗതമാകുമെന്നുമത്രേ ഇന്നത്തെ വിശ്വാസം. ഈ വിശ്വാസം പുലർത്തുന്നതിലും പരത്തുന്നതിലും ഏറിയ പങ്കും വഹിച്ച പ്രസ്ഥാനം സോഷ്യലിസമാണ്. ചാഞ്ഞോ ചരിഞ്ഞോ ഒളിവിലോ വെളിവിലോ സോഷ്യലിസത്തെ സ്നേഹിക്കാത്തവർ ആരും ഇല്ല. ഇന്നത്തെ സാമ്പത്തിക വ്യവസ്ഥിതിയിലെ നീതികേടിനേയും നിരപ്പുകേടിനേയും വെറുക്കാത്ത ചെറുപ്പക്കാർ ചുരുങ്ങും. സ്വാർത്ഥ പ്രേരിതനായി സഹജീവിയെ ചൂഷണം ചെയ്തു ജീവിക്കുന്ന മുതലാളിയുടെ കണ്ഠത്തിലേക്കുയർത്തിയ കോടാലി എന്ന നിലയിൽ സോഷ്യലിസത്തോട് മർദ്ദിതർക്ക ഒരു പ്രത്യേക മമതയുണ്ട്. സാമൂഹ്യനീതി, സാമ്പത്തിക ഭദ്രത, അസമത്വോച്ചാടനം ഈ ഉത്തമാദർശങ്ങൾ ഉയർത്തിപ്പിടിക്കുന്ന സോഷ്യലിസത്തിന്റെ ചേരിയിലേയ്ക്ക് അവശന്മാർ, ആർത്തന്മാർ, ആലംബഹീനർ എല്ലാവരും ഇരമ്പിക്കയറുന്നത് അത്ഭുതമല്ല.

സോഷ്യലിസത്തിന് പ്രതികൂലമായ വാദങ്ങളും ലോകത്തിനു മുമ്പിലുണ്ട്. അവ മുതലാളിമാരുടേയോ അവരുടെ പിണിയാളുകളുടേയോ തൽപരജല്പനങ്ങൾ മാത്രമായി അവഗണിക്കപ്പെടാവുന്നവയുമല്ല. സോഷ്യലിസ്റ്റു ആദർശങ്ങൾ നിരുപാധികം അംഗീകരിക്കാവുന്നവരും സോഷ്യലിസ്റ്റു മാർഗ്ഗങ്ങൾ തിരസ്ക്കരിക്കുന്നവരും ആയി പ്രാമാണികന്മാരായ പല ചിന്തകന്മാരുമുണ്ട്.

നമ്മുടെ പൊതുപ്രശ്നങ്ങൾ ഏറ്റവും യുക്തിപൂർവ്വം കൈകാര്യം ചെയ്യണമെന്നും അതിൽ ആവുന്നിടത്തോളം മുൻകരുതൽ ഉണ്ടായിരിക്കണം എന്നും നാം എല്ലാവരും ആശിക്കുന്നു. അതുകൊണ്ടാണ് സാമ്പത്തികാസൂത്രണത്തിന് വളരെ ജനസമ്മതി സിദ്ധിച്ചിട്ടുള്ളത്. സോഷ്യലിസം വിഭാവനം ചെയ്യുന്ന ആസൂത്രണം വളരെ കടന്നതാണ്. സാമ്പത്തിക മണ്ഡലത്തിൽ സർവ്വാധിപതിയായ ഒരു കേന്ദ്രസമിതിയുടെ സമ്പൂർണ്ണ നിയന്ത്രണത്തിൽ സാമ്പത്തിക വ്യാപാരങ്ങൾ നടക്കുക എന്നതാണ് അത്.

ഇതിന് അപകടങ്ങൾ ചില്ലറയല്ല .അതിസങ്കീർണ്ണങ്ങളാണ് ഇന്നത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ. അവ എല്ലാം ഒരു കേന്ദ്രത്തിൽ നിന്നു നിയന്ത്രിക്കണമെങ്കിൽ എല്ലാറ്റിനേയും സംബന്ധിക്കുന്ന സകല വിവരങ്ങളും അറിയേണ്ടി വരും. കടലുപോലെ പരന്നുകിടക്കുന്ന വസ്തുതകൾ എല്ലാം ഗ്രഹിച്ചു വയറ്റിലാക്കാൻ പ്രാഗൽഭ്യമുള്ള അഗസ്ത്യമുനികൾ ഇന്നു ജീവിച്ചിരിക്കുന്നില്ല. ഭിന്നരുചിയായ ലോകത്തിൽ ഉപഭോക്താക്കളുടെ ആവശ്യങ്ങൾ വ്യത്യസ്തങ്ങൾ ആണല്ലോ. അതുപോലെ ഉൽപാദകരുടെ കഴിവുകളും വ്യത്യസ്തങ്ങളാണ്. ഇഷ്ടമുള്ളത് അനുഭവിക്കാനും സൗകര്യമുള്ളത് ഉല്പാദിപ്പിക്കാനും രണ്ടുകൂട്ടർക്കും സ്വാതന്ത്ര്യം ലഭിക്കുക, ഇരുകൂട്ടരുടേയും താൽപ്പര്യങ്ങൾ തമ്മിൽ പൊരുത്തം വരുക, ഇതെല്ലാം സാധിക്കുന്നതിന് വിലപേശൽ ആവശ്യമാണ്. ആസൂത്രണത്തിൽ വിലപേശലിന് സ്ഥാനമില്ല. മത്സരവ്യവസ്ഥിതിയിൽ മാത്രമേ സാധനവില അതിന്റെ പൂർണ്ണധർമ്മം അനുഷ്ഠിക്കുകയുള്ളൂ.

അതിനാൽ എന്ത് ആശയമായാലും പ്രയോഗികമായി അത് നടപ്പിൽ വരുത്താൻ സാധിക്കുമെങ്കിൽ മാത്രമേ അതിനു വിലയുള്ളൂ. റഷ്യയ്ക്കു സംഭവിച്ചത് ഓർക്കുമല്ലോ. അതിനാൽ സോഷ്യലിസവും മുതലാളിത്തവും എല്ലാം അതിന്റെ നല്ല രീതിയിൽ സമന്വയിപ്പിച്ച് പ്രയോഗികമായി നടപ്പിലാക്കി ഒരു നവലോകം സൃഷ്ടിക്കാം. അതിനുള്ള യജ്ഞത്തിൽ കലാലയവിദ്യാർത്ഥികളായ നമുക്കും പങ്കുചേരാം.

# LIFE
# AN ADVERTISEMENT PARADE

**Merry Mariam Mathews,** Ist BSC Mathematics

Time is 7 'O clock on the 'V-GUARD' clock. I woke from 'DUROFLEX' bed and cleaned the teeth with 'CLOSE-UP' tooth paste. After drinking a 'TATA KAAPY' and eating some 'PILLSBURY' chappathi, I took bath with water pumped with 'SINTEX' tank by 'V–GUARD' monoblock pumpset, using 'REXONA' soap. I used 'FAIR&LOVELY' and 'REXONA' deodorant. Then I wore my 'V-STAR' churidar, regularly washed by 'ARIEL' detergent powder in 'BPL' washing machine, and ironed by 'VIJAY' electric iron. I wore my 'TITAN' watch. After drinking a 'YERA' glass of water from my 'WHIRLPOOL' refrigerator, I went to the bus-stop, on my 'ACTION' sandals. When I reached there, I was in a veritable whirlpool. It was difficult to choose a bus, without the guidance of advertisements. After sometime however I got into a 'KSRTC' bus whose advertisement has never been seen in the television.

When I reached the college, I used 'REYNOLDS' pen to write, 'CAMEL', pencil and scale to draw and 'CAMEL' eraser to erase my spelling mistakes in 'UNION CHRISTIAN COLEGE CO-OPERATIVE SOCIETY book.

When I reached the bus-stop to go home, I got that old 'KSRTC' bus. It punctured its tyre when it had run a kilometer and it was replaced by 'MRF' tyres. However I reached home and ate 'baji' prepared in 'EDAYAM' Nallenna Ah! Super! and drank a cup of 'AGNI' tea. Not-bad. After a bath with 'CINTHOL' soap, in water coming through the 'HYCOUNT' pipe, I sat before the 'ONIDA' TV to select the new brands of things for the next day.

# NATURE ACTION GROUP
## Silver Jubilee

The U.C College Nature Action Group was established in 1972 by a team of staff and students of who had a common interest in, and concern for, our environment. It started as an adventure group, but soon acquired a conservationist and activist orientation. The Nature Action Group has been consistently active and effective in developing ecological consciousness among the students and the public.

The Nature Action Group has carried out a number programmes with the following over-arching objectives: 1)inter-disciplinary research which has a bearing on environmental protection, ecosystem management and wildlife studies; 2)environmental education to the staff and students of U.C. College, other institutions, and the general public; 3)adventure training through its wing the Mountaineering Club, and 4)training of student investigators for wildlife surveys and environmental research studies. To implement these, a specific group within the Nature Action Group has been created for each objective.

The Wildlife Survey Research Project Division has conducted two statistical surveys of wildlife at Periyar Wildlife Sanctuary (1974-75 & 1980-81), sponsored by the UGC, both reports being published subsequently. The work was acclaimed by many including the Prime Minister of India, Mrs. Indira Gandhi. The division conducted a Census of Nilgiri tahr at Eravikulam National Park (1984) which was sponsored by the UBCHEA, published, and well received by the Kerala State Forest Department. In 1993, a Pilot Survey was conducted at Periyar Tiger Reserve, Thekkady, as an evaluation of survey techniques for implementation in the state level wildlife census in Kerala. Dr.Rajan Varuhese and Dr.K.V.Kunhikrishnan assisted the Kerala State Forest Department as resource persons in the training of investigators for this census during 1993. Also, several wildlife census have been undertaken at Silent Valley National Park during 1988, 1989, 1990, and 1991.

The Environmental Education Division has carried out many programmes over the years, benefiting a large number of people. Environmental awareness classes for the students of Union Christian College have been conducted from 1972 onwards, covering a variety of topics from the problems of deforestation to ecosystems to organic farming. A Club for star watching was formed in the college in 1987. Several environmental training camps have been held from time to time to educate students of other colleges. As a community outreach programme, nine Nature Action Groups were established in and around Alwaye during 1980-88, as well as a Children's Nature Action Group. This division has also taken an activist stance over the years. In 1980, the Nature Action Group gave leadership in resisting the indiscriminate dredging of the Periyar river resulting in damage to the river eco-system. The division organized a programme of seed collection and distribution to local farmers in an aforestation drive on wastelands. Probably the most significant achievement of the activism of the Nature Action Group was the popular education movement to protect Silent Valley which was later declared a National Park.

The Adventure Training Division (Mountaineering Club) has conducted a number of exciting programmes that have been both challenging and educational. It organized nature camps and trekking expeditions in the Western Ghats during 1973-98. The areas covered include Silent Valley, Munnar, Kodiakannal, Kakkayam Dam, Thattekadu Bird Sanctuary, Eravikulam National Park, Parambikulam, and Kundoormedu. Also, an All India Trekking was carried out by two members of the club in 1975-76. An Inter State Cycling expedition and four Western Ghat Crossing Expeditions covering Kerala and Tamil Nadu

were carried out. There have also been boating expeditions and mountaineering training. In one special event, a select team of 10 students and 3 teachers conducted an expedition to the source of the River Periyar in April, 1997. The hazardous trek through dense evergreen and leech infested jungle was completed when the team discovered the source and crossed over to Tamil Nadu.

The Wildlife Survey Investigator Training Division has trained a number of people, not only at U.C. College, but also of other institutions, in the valuable skills of wildlife investigation. In 1992, 30 students and 5 teachers of U.C. College successfully completed field training at Periyar Tiger Reserve, sponsored by the United Board for Christian Higher Education (UBCHEA). Students and staff have also been trained from Trivandrum, Palghat, and Trichur. Members of the Group participated in the State Level Wildlife Census of Kerala during April May 1993 at various stations. Also, members of the Group assisted the U.C. College Computer Centre in the data entry of the Tiger pug mark data and the census data of Nilgiri tahr which was analyzed using the software prepared in the U.C. College Computer Centre. A number of publications have been published using the data collected by these investigators of Nature Action Group.

The Nature Action Group has kept a reasonably well-maintained record of the entire activities and programs. It has also preserved with care documents like photographs, tiger pug marks, and similar items for later consultations. A good number of former members of the Nature Action Group are working in various government and private Departments related to environmental studies, eco-development and related areas. Many of them have started nature study cells in their work places and still keep contact with the U.C. College Nature Action Group. The U.C. College Nature Action Group served as a source of inspiration to various Colleges in the State with regard to the propagation of environmental awareness. The spirit and tempo generated by the activities of the Club has inspired a large number of students of this college and the nearby institutions. The nature clubs organized by the ex members of the club in the villages near the college are active organizations propagating the ideas of nature conservation.

As a culmination of the efforts of the Nature Action Group, the Centre for Cultural and Ecological Studies (CCES) was established in July, 1996. It was an official organization to combine the efforts of the Nature Action Group with the Archaeological Museum. The Centre has been set up to develop and spread environmental and ecological consciousness, to impart knowledge and awareness about the major environmental problems, and to kindle enthusiasm among the students and public about preserving the country's rich cultural heritage.

